

# യഹൂദ

## ഒരു കമ്മ്യൂണിസ്റ്റിന്റെ കഥ



ജോസ് കെ. മാനുവൽ

**ഡോ. ജോസ് കെ. മാനുവൽ**

കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്ക് സ്വദേശി. മദിരാശി സർവകലാശാലയിൽനിന്ന് എം.എ., എം.ഫിൽ., പിഎച്ച്.ഡി. ബിരുദങ്ങൾ. മഹാത്മാ ഗാന്ധി സർവകലാശാലയിൽ നിന്ന് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്. കൃതികൾ: തിരക്കഥാരചന കഥയും സിദ്ധാന്തവും, സിനിമയുടെ പാഠങ്ങൾ: വിശകലനവും വീക്ഷണവും, സിനിമയിലെ ശരീരഭാഷ: ഒരു രസാനുഭവ സിദ്ധാന്തപഠനം, നാടകവും സിനിമയും: ഒരു താരതമ്യ വിശകലനം, കഥയും തിരക്കഥയും, മലയാളഭാഷയും സാഹിത്യവും, തിരക്കഥാ സാഹിത്യം: സൗന്ദര്യവും പ്രസക്തിയും, ന്യൂജനറേഷൻ സിനിമ (പഠനങ്ങൾ) അഭിലോഷിക, യഹൂര - ഒരു കമ്യൂണിസ്റ്റിന്റെ കഥ (നോവലുകൾ) കാലത്തിനൊപ്പം ഒരു പെൺകുട്ടി, കഥയ്ക്കുമുകളിലൂടെ ഡൈവു ചെയ്ത് കഥാകൃത്ത്, ഹർത്താൽ ഒരു കേരളീയോത്സവം (ചെറുകഥാസമാഹാരങ്ങൾ). നവമാധ്യമങ്ങൾ: ഭാഷ സാഹിത്യം സംസ്കാരം, ബൈബിളും മലയാളസാഹിത്യവും, മാറുന്ന മലയാള സിനിമ: ഭാഷ സംസ്കാരം സമൂഹം, അന്വേഷണം പഠനം ഗവേഷണം (എഡിറ്റർ), മികച്ച ചലച്ചിത്രഗ്രന്ഥത്തിനുള്ള കേരളസംസ്ഥാന ചലച്ചിത്ര അവാർഡും (2003, 2010) ഫിലിം ക്രിട്ടിക്സ് അവാർഡും (2003, 2005) ലഭിച്ചിട്ടുണ്ട്. സാംസ്കാരിക സഹകരണസമിതി യുടെ മികച്ച വൈജ്ഞാനിക ഗ്രന്ഥത്തിനുള്ള അവാർഡ്, പൊൻകുന്നം വർക്കികഥാ അവാർഡ്, തകഴി കഥാ അവാർഡ്, കാവ്യവേദി നോവൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. വിലാസം: അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് ലെറ്റേഴ്സ്, മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം, ഫോൺ:9446924323. ഇ-മെയിൽ: kjosemanuel@gmail.com

Malayalam Language
Yahoora
(Novel)
by
Jose K. Manual
Published in November 2010
by Kairali Books Private Limited
Thalikkavu Road, Kannur.
Ph : 0497 2761200
E-Mail : kairali_knr@yahoo.co.in
Cover Design
Sunil Jose
Printed at
Printing Park, Tly
All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher.

Price Rs:115.00

# യഹൂദ

## ഒരു കമ്മ്യൂണിസ്റ്റിന്റെ കഥ

ജോസ് കെ. മാനുവൽ

കൈരളി ബുക്സ്

പ്രത്യയശാസ്ത്രതത്ത്വങ്ങളിൽ നിന്നും
താത്ത്വികൻമാരിൽനിന്നും ഊർജ്ജം ഉൾക്കൊണ്ട്.......
വിപ്ലവത്തിന്റെ അഗ്നിസ്ഫുലിംഗങ്ങൾ
ഉള്ളിലേയ്ക്ക് ആവാഹിച്ചെടുത്ത്......
സമൂഹത്തിന് നന്മയും വളർച്ചയും ഉണ്ടാകണമെന്ന്
ആത്മാർത്ഥമായി ആഗ്രഹിച്ച്...
പ്രവർത്തിക്കുന്നതിനിടയിൽ പാർശ്വവൽക്കരിക്കപ്പെട്ട
സഖാക്കൾക്ക്........

# നോവലിലേക്ക്

എല്ലാവർക്കും അറിയാവുന്ന സത്യങ്ങളുടെ ലിഖിത പ്രഖ്യാപനമാണ് ഈ നോവൽ. ഇതിലെ സംഭവങ്ങൾ ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നിരന്തരം സമൂഹത്തിൽ നടക്കുന്നവയാണ്. കഥാപാത്രങ്ങൾ പലരുടെയും പ്രതിനിധികളാണ്. സംഭവങ്ങൾ ഏതെന്നും കഥാപാത്രങ്ങൾ ആരെന്നും തീരുമാനിക്കേണ്ടത് വായനക്കാരാണ്.

ഏതു കാലഘട്ടത്തിലായാലും സംസ്കാര പശ്ചാത്തലത്തിലായാലും സമൂഹത്തിൽ അധികാരകേന്ദ്രങ്ങളുണ്ട്. ഈ കേന്ദ്രങ്ങളെ നിയന്ത്രിക്കുന്ന ഭരണാധികാരികളായാലും നേതാക്കളായാലും ഒപ്പം നിറുത്താൻ ആഗ്രഹിക്കുന്നത് പൊതുജനങ്ങളെയാണ്.

പൊതുജനത്തിന്റെ മന:സാക്ഷി ഒരിക്കലും ഉറച്ചതല്ല. അവർ ഒന്നിനെപ്പറ്റിയും ആഴത്തിൽ പഠിക്കുന്നില്ല.

ജനങ്ങൾ ഇഷ്ടപ്പെടുന്ന ഭരണാധികാരികളുടെയും നേതാക്കളുടെയും കൊലപാതകങ്ങൾക്ക് ചില പൊതു സ്വഭാവങ്ങളുണ്ട്. പലപ്പോഴും തന്ത്രശാലികളായ കൊലയാളികൾ വെളിപ്പെടുത്തുന്ന കെട്ടുകഥയാണ് സത്യമായി ജനം വിശ്വസിക്കുന്നത്. സത്യം വെളിപ്പെടാത്ത വസ്തുതയായി മറഞ്ഞു കിടക്കുന്നു.

ഗായത്രിയെന്ന കഥാപാത്രത്തിലൂടെ ആവർത്തിക്കുന്ന ചരിത്ര സത്യത്തിന്റെ ഒരു ഭാഗം അവതരിപ്പിക്കുകയാണ്. ഈ അവതരണത്തിന് കേരളം പശ്ചാത്തലമായെന്നു മാത്രം. വായിക്കുന്ന കൃതികളും കാണുന്ന കലാരൂപങ്ങളും അറിയുന്ന സത്യങ്ങളുമാണ് ഗായത്രിയെ രൂപപ്പെടുത്തിയത്. അവരുടെ അസ്വസ്ഥതകൾ, പ്രതികരണങ്ങൾ, പ്രതിഷേധങ്ങൾ, വൈകാരിക ചിന്തകൾ തുടങ്ങിയവയിലൂടെയാണ് നോവൽ സജീവമായി പുരോഗമിക്കുന്നത്. വിജയിക്കുന്ന പല വിപ്ലവങ്ങളുടെയും മത്സരങ്ങളുടെയും അന്ത്യത്തിൽ നേതാവിന് സംഭവിക്കുന്നത് ഗായത്രിക്കും സംഭവിക്കുന്നു. സരോജിനിയമ്മ, മാളവിക, അരുൺ ശങ്കർ, ശ്രീലാൽ, സതീശൻ, പവിത്രൻ, ഗോപീകൃഷ്ണൻ, വർഷ സാമുവൽ, പ്രതാപൻ, ശിവശങ്കർ, തുടങ്ങിയ കഥാപാത്രങ്ങളിലൂടെയാണ് നോവൽ വളരുന്നത്.

# 1

# പറുദീസയിൽ നിന്നും പറന്നുപോയ പൂവ്

യഹൂര കേരളത്തിലെ ഒരു ഗ്രാമമാണ്. ഭരണത്തിലിരിക്കുന്ന വിപ്ലവപാർട്ടിയുടെ സജീവവും ശക്തവുമായ ഗ്രാമം.

യഹൂരയിൽ അഭയം തേടേണ്ടിവന്ന ഒരു സഖാവാണ് ഗായത്രി. യൂണിവേഴ്സിറ്റിയിലെ ജീവനക്കാരിയായിരുന്ന ഗായത്രി മുപ്പതുകളിൽ എത്തിനിൽക്കുന്ന ചന്ദനനിറമുള്ള സുന്ദരിയാണ്. പരേതനായ മേലേടത്ത് കൃഷ്ണകൈമളെന്ന എം.കെ.കെയുടെ മകളെന്ന നിലയിലാണ് ഗായത്രി അറിയപ്പെടുന്നത്. പാർട്ടിക്കുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുകയും പാർട്ടിയിലെ അശരണർക്ക് സ്വത്ത് മുഴുവൻ ദാനം ചെയ്യുകയും ചെയ്ത സഖാവാണ് എം.കെ.കെ.

പാരമ്പര്യമായി പകർന്നു കിട്ടിയ സ്വാതന്ത്ര്യബോധവും സാമൂഹ്യ നീതിക്കുവേണ്ടിയുള്ള ആഗ്രഹവും ഗായത്രിയുടെ അസ്തിത്വ നിർണ്ണയത്തിന്റെ ഭാഗമാണ്. താനെന്ന വ്യക്തി ഏകയായിരിക്കുമ്പോഴും സാമൂഹ്യഘടനയുടെ ഭാഗമാണെന്ന അടിയുറച്ച വിശ്വാസമാണ് ഗായത്രിക്കുള്ളത്. ഈ വിശ്വാസം ഗായത്രിയെ നിരന്തരം കർമ്മ നിരതയാക്കിയിരുന്നു. വിപുലമായ വായനയും അല്പം എഴുത്തും ഗായത്രിയുടെ സജീവമായ കൗതുകമാണ്.

യഹൂരയിൽ ഇന്ന് ആഘോഷത്തിന്റെ രാത്രിയാണ്. പാർട്ടിയുടെ നിർണ്ണായകമായ എല്ലാ തീരുമാനങ്ങളും, വിജയങ്ങളും ആഘോഷത്തിനുള്ള കാരണങ്ങളാണ്. മദ്യവും രുചിയുള്ള ഭക്ഷണവും നൃത്തവും സംഗീതവുമെല്ലാം ആഘോഷത്തിന് തീക്ഷണത കൂട്ടുന്നു. ഇന്നത്തെ ആഘോഷം ജയിലിൽ നിന്നും പരോളിൽ ഗ്രാമത്തിലെത്തുന്ന ഗൗതമിനുവേണ്ടിയുള്ളതാണെന്ന് കാർത്തി പറഞ്ഞാണ് ഗായത്രി അറിയുന്നത്.

ഗായത്രി ആഘോഷങ്ങളിൽ നിന്നും അകന്ന് റെഡ് റോസ് എന്നു പേരിട്ടിരിക്കുന്ന വീടിനുള്ളിൽ ഒതുങ്ങിക്കൂടി മാളുവെന്നു വിളിക്കുന്ന

മൂന്നര വയസുകാരി മാളവികയെ കഥപറഞ്ഞ് ഉറക്കി. ഗായത്രിയെ സംബന്ധിച്ചിടത്തോളം വായന ഒരു ദാർശനിക കർമ്മമാണ്. ഏകാഗ്രമായ പ്രാർത്ഥനയിലെന്നപോലെ മനസിനെ ശാന്തമാക്കുവാനും അവിടെ നന്മയുടെ കർമ്മവേഗത നിറയ്ക്കുവാനും വായനയിലൂടെ ഗായത്രിക്ക് കഴിഞ്ഞു.

വിജയ് ശങ്കർ സമ്മാനമായി കൊടുത്ത പുസ്തകങ്ങൾക്കിടയിൽ നിന്നും ഗായത്രി ഒരു പുസ്തകമെടുത്തു. ജോസ് കെ. മാനുവൽ എഴുതിയ കാലത്തിനൊപ്പം ഒരു പെൺകുട്ടിയെന്ന കഥാ സമാഹാരമായിരുന്നു അത്. പുസ്തകത്തിന്റെ പേരുതന്നെ യായിത്തീർന്ന ആദ്യത്തെ കഥ വായിച്ചുതുടങ്ങി. ക്ലോക്കിൽ ഒൻപതുമണി അടിക്കുന്നത് വായനയ്ക്കിടയിൽ കേട്ടു.

കഥയുടെ അവസാനഭാഗം ആകാംഷയൊതുക്കി തെല്ല് ശബ്ദത്തിലാണ് വായിച്ചത്. .......അവൾ ആകാശിനെ നോക്കി ചിരിച്ചു. എന്നിട്ടു ലാഘവത്തോടെ തിരക്കി. നിന്നെ ഏതെങ്കിലും സ്ത്രീകൾ മാനഭംഗപ്പെടുത്തിയിട്ടുണ്ടോ?

ചോദ്യം കേട്ട് വല്ലായ്കയോടെ നിന്ന ആകാശിനെ നോക്കി കൗതുകത്തോടെ ആഷിത പറഞ്ഞു അനുഭവമില്ലാത്തതുകൊണ്ടാണ് ആ സംഭവത്തെപ്പറ്റി നല്ലൊരു കംപ്യൂട്ടർ പ്രസന്റേഷൻ ഉണ്ടാക്കാൻ നിനക്കു കഴിയാഞ്ഞത് .

പതറിനിന്ന ആകാശിന്റെ അടുത്തേക്ക് ആഷിത ചേർന്നുനിന്ന് ശബ്ദം താഴ്ത്തി പറഞ്ഞു: ഞാൻ നിനക്ക് അനുഭവമുണ്ടാക്കിത്തരുവാൻ പോകുകയാണ്.

ആഷിത അവനെ നഗ്നനാക്കി മണൽപ്പരപ്പിൽ നിറുത്തി. പ്രതികരിക്കുവാൻ കൂടി കഴിയാതെനിന്ന അവനെ നോക്കിക്കൊണ്ടു പറഞ്ഞു: ജീവിതത്തിൽ ധീരകൃത്യങ്ങൾ ചെയ്യുവാൻ മനസ്സുറപ്പുള്ളവർക്കേ കഴിയൂ. എന്റെ ബോസ് എന്നെ പഠിപ്പിച്ചതാണീ പാഠം. ഇപ്പൊഴെനിക്കു മനസ്സുറപ്പുണ്ട്. എന്തു ധീരകൃത്യം ചെയ്യുവാനും കഴിയും.

കഥ വായിക്കുന്നതിനിടയിൽ ടി. പത്മനാഭന്റെ പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി യെപറ്റി ഓർമ്മിച്ചു. സ്നേഹത്തിലൂടെ ഒരപരിചിതനെ ആത്മഹത്യാ മുനമ്പിൽനിന്നും രക്ഷിച്ചതുകൊണ്ടാണ് അവൾ അപരിചിതനും സമൂഹത്തിനും മുന്നിൽ പ്രകാശം പരത്തിയത്. അങ്ങനെ ചിന്തിക്കുന്നതിനിടയിലാണ് കമലിന്റെ സിനിമയായ മഞ്ഞുപോലൊരു പെൺകുട്ടിയെപറ്റി ഓർമ്മിച്ചത്. അമ്മയുടെ ഭർത്താവായി കടന്നുവന്ന രണ്ടാനച്ഛനിൽനിന്ന് ശരീരവും ചാരിത്രവും

സംരക്ഷിക്കുവാൻ പാടുപെടുന്ന നിധിയെന്ന മിടുക്കി പെൺകുട്ടി. അവൾക്ക് പ്രഭാതമഞ്ഞിന്റെ പ്രസരിപ്പും സൗന്ദര്യവുമാണുള്ളത്.

സ്വാതന്ത്ര്യത്തോടെ പ്രകാശം പരത്തുന്ന ഒരു പെൺകുട്ടിയിൽ നിന്നും ഭിന്നമായി സ്വന്തം സ്ത്രീത്വം സംരക്ഷിക്കുവാൻ ഏറെ പാടുപെടുന്ന മഞ്ഞുപോലൊരു പെൺകുട്ടിയിൽ നിന്നും വ്യത്യസ്തയായി മാനഭംഗപെട്ടതിനുശേഷം ആ അവസ്ഥയോട് കാലികമായ സാമൂഹ്യനീതിക്കനുസരിച്ച് പ്രതിഷേധിക്കുന്നതാണ് കാലത്തിനൊപ്പം ഒരു പെൺകുട്ടിയിലെ ആഷിത. ഈ കഥകളിലൂടെ കടന്നുപോകുമ്പോൾ കാലാനുസൃതമായി കേരളീയ സമൂഹത്തിന് സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റമാണ് ഗായത്രിക്ക് ദർശിക്കുവാൻ കഴിഞ്ഞത്.

ഓർമ്മകൾക്കും ചിന്തകൾക്കുമിടയിൽ ഗായത്രി ഒരു ചെറു മയക്കത്തിലേക്ക് തെന്നിവീണു. അപ്പോൾ പറുദീസയിൽ നിന്നും ആഹ്ലാദത്തിന്റെ കാഹളധ്വനി മുഴങ്ങി. വിവിധ പ്രായത്തിലും സംസ്കാരത്തിലും പെട്ട മനുഷ്യരുടെ സംഘങ്ങൾ ആഹ്ലാദം ആഘോഷിച്ചു തുടങ്ങി.

സംഗീതം ആലപിച്ചും നൃത്തം ചവിട്ടിയും പുഞ്ചിരികൾ വിരിയിച്ചും സ്നേഹത്തിന്റെ മാർദ്ദവമുള്ള മൃദുസ്പർശനങ്ങൾ നൽകിയും ചെറു ചുംബനങ്ങൾ പങ്കുവെച്ചും മൊബൈൽ ഫോണിന്റെ ക്യാമറയിൽ ചിത്രങ്ങളെടുത്തുമാണ് ആഹ്ലാദം ആഘോഷിക്കുന്നത്.

അവിടെ സംഘം ചേർന്നിരിക്കുന്ന മനുഷ്യരെല്ലാവരും സുന്ദരന്മാരും സുന്ദരികളുമാണ്. അവരുടെ ഉടയാടകൾ നാനാവർണ്ണങ്ങളോടു കൂടിയതും വൈവിധ്യമുള്ളതും ഉടലിന്റെ വശ്യമായ സൗന്ദര്യം പ്രദർപ്പിക്കുന്നതുമാണ്. സ്ത്രീശരീരങ്ങളുടെ മാർദ്ദവമുള്ള സൗന്ദര്യം. പുരുഷശരീരങ്ങളുടെ ബലിഷ്ഠമായ സൗന്ദര്യം.

ഉദ്യാനത്തിൽ നാനാതരം പുഷ്പങ്ങൾ വിരിഞ്ഞ് പുഞ്ചിരിച്ച് നിൽക്കുകയാണ്. അവയ്ക്കിടയിലൂടെ മൃദൃ സ്പർശവുമായി കുഞ്ഞിക്കാറ്റ് നൃത്തമാടിക്കൊണ്ടിരുന്നു. പൂവുകളുടെ ചൈതന്യമുള്ള വാസന അവിടെയെല്ലാം വ്യാപിച്ച് ഉന്മാദമുണർത്തിക്കൊണ്ടിരുന്നു.

സംഗീതത്തിന് ശബ്ദമേറി. നൃത്തത്തിന് വേഗതകൂടി. വാനമേഘങ്ങളിൽ നിന്നും ശുഭകരമായൊരു നാദം. ആ ഇടി നാദത്തിന്റെ മുഴക്കം നീണ്ടു നീണ്ടു നിന്നു. മഴമേഘങ്ങൾ കിഴക്ക് ദിക്കിലേക്ക് മെല്ലെപോയിക്കൊണ്ടിരുന്നു. പെട്ടെന്ന് കാറ്റിന് ശക്തിയേറി. കണ്ണഞ്ചിപ്പിക്കുന്ന മിന്നൽപ്പിണർ ആകാശമേഘങ്ങൾക്കിടയിലൂടെ

പാഞ്ഞു. കാതടപ്പിക്കുന്ന മേഘനാദം മുഴങ്ങി. സംഗീതവും നൃത്തവും വഴിമാറി. മഴത്തുള്ളികൾ മാനത്തുനിന്നും ചാറിവീണു. ഒപ്പം ആലിപ്പഴങ്ങളും. നിലത്തെ പൊടിമണ്ണ് മഴത്തുള്ളിക്കും ആലിപ്പഴത്തിനുമൊപ്പം ഉരുണ്ടുകൂടി. മഴയ്ക്ക് ശക്തിയേറി. ഉരുണ്ടുകൂടിയ പൊടിമണ്ണ് ജലത്തിലലിഞ്ഞ് ലക്ഷ്യമില്ലാതെ ഒഴുകിത്തുടങ്ങി.

നിലച്ച സംഗീതവും നൃത്തവും പൂർവ്വാധികം ഉത്സാഹത്തോടെ തുടങ്ങി. കാറ്റിൽ ഇലകളും പുഷ്പങ്ങളും നിലത്തേക്ക് പാറിവീണു. അവയിൽ ചിലത് ജലത്തിനുമേൽ ഒഴുകിനടന്നു. മറ്റുചിലത് പിന്നെയും പറന്നു. അതിലൊരു പൂവ് ലക്ഷ്യമില്ലാതെ അവിടെനിന്നും വേഗത്തിൽ പറന്നു പറന്ന് പോകുകയാണ്.

ആ പൂവ് ലക്ഷ്യമില്ലാതെ പറന്നതല്ല. വന്യമായ കാറ്റ് ബോധപൂർവ്വം അതിനെ പറപ്പിച്ചുകൊണ്ടു പോകുന്നതാണ്. സൂക്ഷിച്ച് നോക്കിയപ്പോൾ ഒരു കാര്യം വ്യക്തമായി. ആ പൂവിന് മറ്റുപുക്കളെക്കാൾ സൗന്ദര്യമുണ്ട്. നല്ല ചുവപ്പ് നിറം. വടിവൊത്ത ആകൃതി. വശ്യമായ ചലനരീതി. കാറ്റുമാത്രമല്ല മഴയും ശക്തമായിത്തന്നെ ആ പൂവിനൊപ്പമുണ്ട്. പെട്ടെന്നാണ് ഒരു കാര്യം വ്യക്തമായത്. ആ പൂവിനെ തന്ത്രപൂർവ്വം പറുദീസയിൽ നിന്നും അകറ്റുകയാണ്.

മനോഹരമായ ആ പൂവിനെ പറുദീസയിൽ നിന്നും പൂർണ്ണമായും അകറ്റിക്കഴിഞ്ഞു. കാറ്റ് പൂവിന്റെ ദളങ്ങൾ വന്യമായി ചിതറിക്കുവാൻ ശ്രമിക്കുമ്പോൾ മഴത്തുള്ളികൾ കാറ്റിന്റെ സഹായത്തോടെ ചീറി അതിനിടയിലേക്ക് കയറുവാൻ ശ്രമിക്കുകയാണ്. പൂവ് മറിഞ്ഞും ചെരിഞ്ഞും മലക്കം മറിഞ്ഞും അതിൽ നിന്നും രക്ഷപെടുവാൻ തീവ്രമായി ശ്രമിക്കുകയാണ്. ആ പ്രവൃത്തി ഏറെ സമയം തുടർന്നു. ജയപരാജയങ്ങൾ നിർണ്ണയിക്കുവാൻ കഴിയാത്ത ഒരവസ്ഥയിൽ പൂവ് തെറിച്ച് ഒരു ചതുപ്പിലേക്ക് വീണു. വന്യമായ ഒരട്ടഹാസം കേട്ടാണ് ഗായത്രി മയക്കത്തിൽ നിന്നും ഉണർന്നത്. വീടിനു പുറത്തുനിന്നാണ് ശബ്ദം കേട്ടത്.

ഈറൻമുടി കെട്ടിയിരുന്ന ടൗവ്വലെടുത്ത് മുഖം തുടച്ചു. നനവോടെ ചിതറിക്കിടന്ന മുടിയിഴകൾ കൈകൾകൊണ്ട് കോതിയൊതുക്കി . ഉലഞ്ഞുകിടന്നിരുന്ന സാരിനേരെയിട്ടു. നടന്നുചെന്ന് വീടിന്റെ മുൻവശത്തെ വാതിൽ തുറന്നു. മുന്നിൽ വിയർത്ത് മദ്യലഹരിയിൽ നിൽക്കുന്ന ഒരു പുരുഷൻ.

താനാരാ? ഗായത്രിഅനിഷ്ടത്തോടെ ചോദിച്ചു. എന്തുവേണം?

ഞാൻ ഗൗതം കാർക്കശ്യത്തോടെ പറഞ്ഞു. വേണ്ടത് നിന്നെ.

ഗായത്രിയുടെ സിരകളിലൂടെ ഭയത്തിന്റെ വിറയൽ പടർന്നുകയറി. മസ്തിഷ്കത്തിലൂടെ വല്ലായ്കയുടെ കൊള്ളിയാൻ പാഞ്ഞു. ഗൗതമിനെപറ്റി മുമ്പുകേട്ട പല വാർത്തകളും ഓർമ്മയിൽ തെളിഞ്ഞു വന്നു. പാർട്ടിക്കുവേണ്ടി കൊലപാതകങ്ങൾ നടത്തുകയും ബോംബ് നിർമ്മിക്കുകയും ചെയ്യുന്ന ബുദ്ധിശാലിയും ബലിഷ്ഠനുമായ ക്രിമിനൽ. ക്രിമിനൽ പട്ടികയിൽ കയറിയതുകൊണ്ട് അതൊരു അലങ്കാരമായികൊണ്ടു നടക്കുന്ന പഴയ എഞ്ചിനിയർ. വിലകൂടിയ മദ്യവും ആഗ്രഹിക്കുന്ന സ്ത്രീകളെയും ആർത്തിയോടെ അമിതമായി ഉപയോഗിക്കുന്നവൻ. മൃഗതുല്യമായ വാസനകളാണ് ഗൗതമിൽ മുന്നിട്ടു നിൽക്കുന്നത്.

ഇട്ടിരുന്ന നിറംമങ്ങിയ ചുവപ്പ് ഷർട്ട് വലിച്ചൂരി ഗൗതം അട്ടഹസിച്ചു. പറഞ്ഞറിഞ്ഞതിലും സുന്ദരിയാണ് നീ.

ഗായത്രിയുടെ സിരകളിലെ ഭയം രോഷത്തിന് വഴിമാറി. മസ്തിഷ്കത്തിലെ വല്ലായ്ക ഒരു ദൃഡനിശ്ചയത്തിലേയ്ക്ക് തെന്നിമാറി. അവൾ കണ്ണുയർത്തി ചുറ്റും നോക്കുമ്പോൾ ആകാംക്ഷയൊതുക്കി കാത്തു നിൽക്കുന്ന ഗ്രാമത്തിലെ സ്ത്രീപുരുഷന്മാർ. പാർട്ടി നിയമം അനുസരിക്കാൻ മാത്രം വിധിക്കപ്പെട്ടവരെന്ന് ദൃഡമായി വിശ്വസിക്കുന്നവർ. അതിനുവേണ്ടി ജീവിതവും പ്രാണനും ദാനംപോലെ ഉഴിഞ്ഞുവച്ചവർ. അവരുടെ മനസിലെ പാർട്ടിനിയമങ്ങൾ അധികാരവും പണവും ഉപയോഗിച്ച് പാർട്ടി പിടിച്ചെടുക്കുന്നവരുടെ വാക്കുകളാണ്.

മാനത്തുകൂടി മിന്നൽപിണർ പാഞ്ഞു. ശക്തമായ മേഘനാദം മുഴങ്ങി. രാത്രിമഴയ്ക്ക് മുന്നോടിയായി കാറ്റ് തെല്ല് ശക്തിയോടെ വീശി.

ആൾരൂപത്തിൽ നിൽക്കുന്ന അപകടത്തിനുമുന്നിലും ഗായത്രിയിലെ മാതൃസ്നേഹം ജ്വലിച്ചു. അവൾ വീടിന്റെ വാതിൽ പുറത്തുനിന്നും അടച്ച് മാളുവിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തി.

പുറത്തേയ്ക്ക് പോകുവാനല്ല, ഗൗതം നയം വ്യക്തമാക്കിക്കൊണ്ട് പറഞ്ഞു. അകത്തേയ്ക്ക് കയറുവാനാണ് വന്നത്.

നീ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സ്ത്രീയെ കാണുകയും അറിയുകയും ചെയ്തിട്ടുണ്ടോ?തെല്ല് പരിഹാസത്തോടെ ഗായത്രി ചോദിച്ചു.

ഗൗതം ചിരിച്ചുകൊണ്ട് ഗായത്രിയുടെ നേർക്കടുത്തു. ഗായത്രി സർവ്വശക്തിയും സംഭരിച്ച് ഗൗതമിനെ പിന്നിലേക്ക് തള്ളി.

ഒരു നിമിഷം. ഉടുത്തിരുന്ന സാരി വലിച്ചു പറിച്ച് ദൂരെയ്ക്ക് എറിഞ്ഞു. ഗൗതമിന്റെ, കണ്ണുകളിലേയ്ക്ക് രൂക്ഷമായി നോക്കി.

ഗ്രാമത്തിലെ ജനങ്ങൾ അങ്ങനെ തന്നെ ശ്വാസമടക്കി നിൽക്കുകയാണ്. മഴയ്ക്ക് മുന്നോടിയായി മിന്നലും ഇടിയും ഇടയ്ക്കിടെ വന്നുപൊയ്ക്കൊണ്ടിരുന്നു.

ഗായത്രി തുടർന്ന് ബ്ലൗസ് വലിച്ചൂരി ചുരുട്ടി ഗൗതമന്റെ കാൽച്ചുവട്ടിലേയ്ക്ക് എറിഞ്ഞു.

ഇവിടെ ഇവരുടെയെല്ലാം മുന്നിൽവച്ച് മൈഥുനം ആഘോഷിക്കാനുള്ള പ്രാപ്തിയും ശക്തിയും നിനക്കുണ്ടോ? ഗായത്രി രോഷത്തോടെ ചോദിച്ചു. ഉണർന്നു നിൽക്കുന്ന നിറഞ്ഞ പുരുഷത്വം നിനക്കുണ്ടോന്ന്?

ഗായത്രിയുടെ ജ്വലിക്കുന്ന ചോദ്യത്തിനു മുന്നിൽ ഉത്തരംമുട്ടി ഗൗതം നിശബ്ദനായിരുന്നു.

ഗ്രാമീണർ ശ്വാസമടക്കി അങ്ങനെതന്നെ മഴ നനഞ്ഞ് നിൽക്കുകയാണ്. ഗൗതം ചുറ്റുവട്ടം നിൽക്കുന്ന ഗ്രാമീണരെ നോക്കി. അവരുടെ മുഖത്തെ വല്ലായ്മ ഗൗതമിലേക്കും പരന്നു. മഴ ശക്തിയോടെ പെയ്യുകയും കാറ്റ് ആഞ്ഞടിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഗൗതം രണ്ടടി മുന്നോട്ടുവച്ച് ഗായത്രിയുടെ മുഖത്തേയ്ക്കും ശരീരത്തിലേയ്ക്കും നോക്കി.

മദ്യപിച്ചതുകൊണ്ടും വ്യഭിചരിച്ച് നടന്നതുകൊണ്ടും ആരും പുരുഷനാകുന്നില്ല. ഗായത്രി ന്യായീകരണത്തോടെ പറഞ്ഞു. സ്ത്രീയെ അറിയാനും അവളെ തൃപ്തിപ്പെടുത്തുവാനുള്ള ശാരീരികവും മാനസികവും ലൈംഗികവുമായ കഴിവുള്ളവൻ മാത്രമേ യഥാർത്ഥ പുരുഷനാകൂ.

ഗായത്രി പാവാട വലിച്ചഴിച്ച് നിലത്തെ ചെളിവെള്ളത്തിലേക്കിട്ടു. അടിവസ്ത്രങ്ങൾ വലിച്ചൂരി ഗൗതമിന്റെ മുഖത്തേയ്ക്ക് എറിഞ്ഞു.

വാനമേഘങ്ങളിലൂടെ മിന്നൽ പിണർ പാഞ്ഞു. അതിശക്തമായ ഇടിനാദം ഭീതിപരത്തുന്ന രീതിയിൽ മുഴങ്ങി. മഴത്തുള്ളികൾ കെട്ടിക്കിടന്ന ജലത്തിനു മുകളിൽ ചടുല നൃത്തം ചെയ്തുകൊണ്ടിരുന്നു.

ഗൗതം ചുറ്റുവട്ടം നോക്കി. തുറിച്ച കണ്ണുകളുമായി നിൽക്കുന്ന ഗ്രാമത്തിലെ ജനങ്ങൾ, സമൂഹം കല്പിക്കുന്ന സ്ത്രീത്വം തട്ടിയെറിഞ്ഞ് ഒരു പോരാളിയെപ്പോലെ വിശ്വരൂപത്തിൽ നിൽക്കുന്ന ഗായത്രി. ഗൗതം തെല്ല് സമയം തന്റെ പുരുഷത്വത്തെപറ്റി ചിന്തിച്ചു. തുടർന്ന് ഒരു പരാജിതനെപ്പോലെ ഗായത്രിക്കു മുമ്പിൻനിന്നും തിരിഞ്ഞു നടന്നു.

മഴയിൽക്കുളിച്ച് ഏകയായി നിൽക്കുന്ന ഗായത്രിയ്ക്കരികിലേയ്ക്ക് എഴുപതുകൾ പിന്നിട്ട സരോജിനിയമ്മ ഓടിയെത്തി. എം.എൽ.എയും എം.പി യുമായിരുന്ന സഖാവ് ചിത്രഭാനുവിന്റെ ഭാര്യയായിരുന്നു സരോജിനി. ഭർത്താവ് മരിച്ചതോടെ സരോജിനിയുടെ ആശ്രയം ഈ ഗ്രാമമാകുകയായിരുന്നു. ഗ്രാമീണർ സ്നേഹപൂർവ്വം അവരെ സരോജിനിയമ്മേയെന്നാണ് വിളിക്കുന്നത്.

സരോജനിയമ്മ ഒരു തുണികൊണ്ട് ഗായത്രിയെ മൂടിപ്പുതപ്പിച്ചു. ചുറ്റും നോക്കിനിൽക്കുന്നവരെ രോഷത്തോടെ നോക്കിക്കൊണ്ട് പറഞ്ഞു. സദാചാരബോധവും പ്രതികരണശേഷിയും നഷ്ടപ്പെട്ട നിങ്ങളെയൊക്കെ എന്തിനുകൊള്ളാം. മിഴിച്ചുനിൽക്കാതെ ഇവിടെനിന്നും പോകുന്നുണ്ടോ.

സരോജനിയമ്മ ആശ്വസിപ്പിച്ചുകൊണ്ട് ഗായത്രിയോടു പറഞ്ഞു. എം.കെ.കെയുടെ മോൾക്ക് ഇ ൗ പാർട്ടിക്കാരിൽനിന്നുതന്നെ തിരസ്ക്കരണം അനുഭവിക്കേണ്ടിവന്നല്ലോ. മോള് തളരരുത്. എല്ലാം ഒരു പ്രതിവിപ്ലവമുണ്ടാകും. അതാ ഈ പ്രസ്ഥാനത്തിന്റെ ഒരു രീതി.

ഗായത്രി ഒന്നും പ്രതികരിക്കാതെ അവിടെ അങ്ങനെ തന്നെ നിശ്ചലം നിന്നു. മഴ ശക്തിയോടെ പെയ്തുകൊണ്ടേയിരുന്നു.

സ്വന്തം രക്തത്തെപ്പോലും തിരിച്ചറിയാത്ത വ്യഭിചാരികളായ പാർട്ടിക്കാര് . സരോജിനിയമ്മ പൊട്ടിത്തെറിച്ചു. വെട്ടും കൊലയും നടത്തുവാൻ ഒരുത്തനും ഒരു മടിയുമില്ല. കൂടപ്പിറപ്പിന്റെ തുണി കണ്ടവനൊക്കെ ഉരിയുന്നത് നോക്കിനിന്ന് ആസ്വദിക്കും പോലും.

കൂടി നിന്നവർ അവിടെനിന്നും പിൻവലിഞ്ഞുതുടങ്ങി. കോരിച്ചൊരിയുന്ന മഴയിൽ ഗായത്രിയും സരോജിനിയമ്മയും തനിച്ചായി. വീടുകളിൽനിന്നും എത്തുന്ന അരണ്ടവെളിച്ചം മാത്രമാണ് കാഴ്ചയെ പിടിച്ചു നിറുത്തുന്നത്.

സമാധാനിക്ക്. ഒന്നും സംഭവിച്ചില്ലല്ലോ. സരോജിനിയമ്മ തുടർന്നു. മാളു മാത്രമേ വീടിനുള്ളിലുള്ളൂ. ഇടിയുടെയും മഴയുടെയും ശബ്ദം കേട്ടുണർന്നാൽ അവൾ ഭയപ്പെടും.

സരോജിനിയമ്മ വാത്സല്യപൂർവ്വം ഗായത്രിയെ ചേർത്തുപിടിച്ചു സമാധാനിപ്പിച്ച് തോളിൽ മെല്ലെ തട്ടി.

കൈയ്ക്കുപിടിച്ച് ഗായത്രിയെ വീടിനുള്ളിലേക്ക് കയറ്റി. അവിടെ ഒരു കട്ടിലിൽ ഒന്നുമറിയാതെ ശാന്തമായി ഉറങ്ങുന്ന മാളു. മാളുവിനെ കണ്ടപ്പോൾ ഗായത്രിയുടെ വല്ലായ്കയും പ്രതിഷേധവുമെല്ലാം മെല്ലെ

അലിയുന്നതായി സരോജിനിയമ്മയ്ക്ക് മനസ്സിലായി. അങ്ങനെതന്നെ മാളുവിനെ നോക്കി നിന്നപ്പോൾ ഗായത്രിയുടെ കണ്ണുകൾ നിറയുന്നതും സരോജിനിയമ്മ കണ്ടു.

സരോജനിയമ്മ എടുത്തുകൊടുത്ത നൈറ്റി ധരിച്ച് ഗായത്രി വായനാമുറിയിലേക്കു കയറി. കണ്ണുകൾ അടച്ച് അല്പസമയം ധ്യാനിച്ചതിനുശേഷം ടേബിൾലാമ്പിട്ടു. ഷെൽഫിൽനിന്നും ഒരു പുസ്തകം മെല്ലെ എടുത്തു. പൗലോകൊയ്ലോയുടെ ആൽകെമിസ്റ്റായിരുന്നു ആ പുസ്തകം.

പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോഴും മനസ്സ് അസ്വസ്ഥമാകുമ്പോഴും നല്ല പുസ്തകങ്ങൾ വായിക്കുന്നത് ഗായത്രിയുടെ ശീലമാണെന്ന് സരോജിനിയമ്മയ്ക്കറിയാം.

# 2

# വലിയ ആഗ്രഹങ്ങളും ചെറിയ പ്രവൃത്തികളും

ആവേശത്തോടെ കൈയ്യടിക്കുന്ന യഹൂരയിലെ ജനങ്ങൾ. അവരുടെ കൈയ്യടിക്കൊപ്പം ഇമ്പത്തിലുള്ള ആർപ്പുവിളികൾ അന്തരീക്ഷ ത്തിലുയർന്നു. പിന്നെ പ്രതിധ്വനിച്ചു. ഗായത്രിയെ അവർ കൈകളിൽ ഉയർത്തിപ്പിടിച്ച് ആനന്ദനൃത്തം വയ്ക്കുകയാണ്.

ജനങ്ങളുടെ മർദ്ദനമേറ്റ് തളർന്ന ഗൗതം നിലത്ത് മലർന്നു കിടക്കുകയാണ്. ശരീരത്തിന്റെ പല ഭാഗത്തുന്നും രക്തം ഒലിക്കുന്നുണ്ട്. ഗായത്രി ആജ്ഞാപിച്ചപ്പോൾ ജനം ശാന്തമായി. ജനങ്ങളുടെ കൈകളിൽനിന്നും ഗായത്രി താഴെയ്ക്കിറങ്ങി. നിലത്തു കിടന്ന ഗൗതമിനെ പരിഹാസത്തോടെ നോക്കി. അവനെ കൈകൾകൊണ്ട് വലിച്ചുയർത്തി. ഇരുകാലുകളിൽ നിൽക്കുവാൻ ക്ലേശിക്കുന്ന അവന്റെ കരണത്തിനിട്ട് ഒന്നു പൊട്ടിച്ചു.

വായനാമുറിയിലെ മേശമേൽ തലവച്ച് ഉറങ്ങിക്കൊണ്ടിരുന്ന ഗായത്രി ഞെട്ടിയുണർന്നു. അമ്പരപ്പോടെ ചുറ്റുവട്ടം കണ്ണോടിച്ചു. പ്രഭാതസൂര്യന്റെ കിരണങ്ങൾ സ്വർണ്ണവർണ്ണത്തോടെ ആ മുറിയിലേയ്ക്ക് പതിച്ചുകൊണ്ടിരിക്കുന്നു. ജനാലയിലൂടെ പുറത്തേയ്ക്കു നോക്കിയപ്പോൾ ചില വീടുകളുടെ മുകളിൽ കെട്ടിയിരിക്കുന്ന ചെങ്കൊടികൾ നരച്ചുതുടങ്ങിയിരിക്കുന്നതു കണ്ടു. അവ പ്രഭാതസൂര്യന്റെ ഊഷ്മള രശ്മികൾ ഏറ്റുവാങ്ങി ചെറുകാറ്റിൽ ഇളകിയാടി തീക്ഷ്ണത നിലനിറുത്തുവാൻ ശ്രമിക്കുകയാണ്.

രാത്രിയിൽ വായിച്ചുതീർത്ത ആൽകെമിസ്റ്റ് അപ്പോഴും ഗായത്രിയുടെ കൈയ്യിൽതന്നെ ഇരിപ്പുണ്ടായിരുന്നു. നോവലിനെത്തന്നെ നോക്കി അല്പസമയം നിന്നപ്പോൾ അസാധാരണമായൊരു ശക്തി അതിനെ

വലയം ചെയ്തിരിക്കുന്നതായി അനുഭവപ്പെട്ടു. ആ ശക്തിയാണ് സ്വപ്നം കാണിച്ചതെന്ന് ഗായത്രിയുടെ മനസ്സ് മന്ത്രിച്ചുകൊണ്ടിരുന്നു.

മരണവുമായി അടുത്ത് മുഖാമുഖം നിൽക്കുമ്പോഴാണ് ഒരു വ്യക്തിയിൽ ആത്മബോധമുണരുന്നത്. കാരണം സ്വന്തം ജീവിതത്തെക്കുറിച്ച് അപ്പോൾ മാത്രമാണവൻ ചിന്തിക്കുന്നത്. ആൽകെമിസ്റ്റിന്റെ ഈ വാക്കുകൾ പലവട്ടം ഗായത്രിയുടെ ചിന്തയിലേയ്ക്കു കടന്നുവന്നു.

യഥാർത്ഥത്തിൽ ഇന്നലെ തന്റെ മരണമാണ് മുന്നിൽ വന്നുനിന്നതെന്ന് ഗായത്രി ആത്മാർത്ഥമായി വിശ്വസിച്ചു. വസ്ത്രങ്ങൾ വലിച്ചെറിഞ്ഞ് സമൂഹത്തിനു മുന്നിൽനിന്ന് ഗൗതമിനോടു നടത്തിയ രോഷപ്രകടനത്തിൽ ആരാണ് വിജയിച്ചത് ? ഉത്തരത്തിനായി ഗായത്രി പലരീതിയിലുള്ള യുക്തിയും ചിന്തിച്ചുനോക്കി.

ജീവിതം നിരന്തരമായ മത്സരമാണ്. അതിൽ വിജയിക്കുന്നവർക്കേ സമൂഹത്തിൽ സ്ഥാനവും മാന്യതയു മുള്ളൂ. എല്ലാമത്സരങ്ങളിലും കുറെക്കാലമായി താൻ പരാജയപ്പെടുകയാണെന്നുള്ള തിരിച്ചറിവ് ഗായത്രിയെ അസ്വസ്ഥയാക്കി.

ഒരാൾ പൂർണ്ണമനസോടെ എന്തെങ്കിലും നേടിയെടുക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചാൽ ആ ആഗ്രഹം പൂർണ്ണമാക്കുവാൻ ലോകം മുഴുവൻ അവന്റെ സഹായത്തിനെത്തും. ആൽകെമിസ്റ്റിന്റെ വാക്കുകൾ ഗായത്രിയുടെ മനസിൽ ക്ഷോഭക്കടൽ തീർത്തു.

ഈ ഗ്രാമത്തിന്റെ നിയന്ത്രണം ഏറ്റെടുക്കണം. മെല്ലെ തന്നെ പാർശ്വവൽക്കരിച്ച പാർട്ടിയുടെ നിയന്ത്രണം കൈപ്പിടിയിലൊതുക്കണം. അകാരണമായി തന്നെ ഉപദ്രവിച്ചവരെ അതെ നാണയത്തിൽ തിരിച്ചടിക്കണം. കലഹിച്ചിറങ്ങിപ്പോയ ഭർത്താവിനെ തിരികെ കൊണ്ടുവരണം. ഗായത്രിയുടെ ആഗ്രഹങ്ങൾ ചിന്തയിലൂടെ രൂപപ്പെടുകയും അനുനിമിഷം അതിന് ശക്തിയേറുകയും ചെയ്തുകൊണ്ടിരുന്നു.

ചിന്തയിൽനിന്നുമുണർന്ന ഗായത്രി യാഥാർത്ഥ്യത്തിന്റെ മിഴിച്ച കണ്ണുകൾക്കു മുന്നിൽ വല്ലായ്കയോടെ നിന്നു. ഒരു ഗ്ലാസിൽ കട്ടൻകാപ്പിയുമായി സരോജിനിയമ്മ ഗായത്രിയുടെ അടുത്തേയ്ക്കു വന്നു. മോള് രാത്രിയിൽ ഒട്ടും ഉറങ്ങിയില്ലല്ലോ? സരോജിനിയമ്മ വല്ലായ്കയോടെ ചോദിച്ചു.

ഗായത്രി അതിന് ഉത്തരമൊന്നും പറയാതെ ദീർഘമായിട്ടൊന്നു നെടുവീർപ്പെട്ടു.

ഇത് കുടിക്ക് കാപ്പി ഗായത്രിയുടെ നേരെ നീട്ടിക്കൊണ്ട് സരോജിനിയമ്മ പറഞ്ഞു.

ഗായത്രി കാപ്പി കൈയ്യിൽ മേടിച്ചപ്പോൾ സരോജിനിയമ്മ പറഞ്ഞു: മാളൂ ഒന്നുരണ്ടു പ്രാവശ്യം ഉണർന്നിട്ട് പിന്നെയും കിടന്നുറങ്ങി.

മരണം ഒരു നല്ല വികാരമാണ്. സ്വയം ഇല്ലാതായി സമാധാനത്തിന്റെ ആഘോഷങ്ങൾ ആർഭാടത്തോടെ നടത്താൻ മരണത്തിനു കഴിയും. ഗായത്രി ആലോചനയോടെ പറഞ്ഞു. മോളെപ്പറ്റി ഓർമ്മിക്കുമ്പോഴെ മരണം ഒരാധിയായി മുന്നിൽ നിൽക്കുന്നത്.

മരണത്തെ ഭയപ്പെടരുത് . അതുപോലെ അതിനെ ആഗ്രഹിക്കയുമരുത്. സരോജിനിയമ്മ തുടർന്നു പറഞ്ഞു മാളവികയ്ക്ക് ഞാനുണ്ട്. അവളെ അല്ലലില്ലാതെ വളർത്തുവാനുള്ള ശേഷിയൊക്കെ എനിക്കുമുണ്ട്. മരണത്തെപ്പറ്റിയല്ലാതെ ജീവിതത്തെപ്പറ്റിയും ഒന്നു ചിന്തിച്ച് നോക്ക്. ഒരാലോചനയ്ക്കുശേഷം സരോജിനിയമ്മ തുടർന്നു. ഗായത്രിക്ക് അതിനുകഴിയും. അതിനുള്ള ബുദ്ധിയും നെഞ്ചുറപ്പുമുണ്ടെന്ന് എനിക്കറിയാം. ഇനിവേണ്ടത് തളരാത്ത ഒരു മനസാണ് .

ചൂടുകാപ്പി അല്പം ഊതിക്കുടിച്ചിട്ട് ഗായത്രി സരിജനിയമ്മയുടെ കണ്ണുകളിലേയ്ക്ക് ആഴത്തിൽ നോക്കി.

വാതിലിൽ അരോമുട്ടുന്ന ശബ്ദം കേട്ടു. സരോജിനിയമ്മ ഒന്നു സംശയിച്ചതിനുശേഷം മെല്ലെ ചെന്ന് വാതിൽ തുറന്നു. അരുൺ ശങ്കർ.

നരച്ച ജീൻസും നിറം മങ്ങിയ ടീഷർട്ടുമാണ് അരുൺ ധരിച്ചിരിക്കുന്നത്. മുടി നീട്ടിവളർത്തി പിന്നിലേയ്ക്കിട്ടിരിക്കുന്നു. കുറ്റിരോമങ്ങൾ ഇരുപത്തിനാലുകാരനായ അരുണിന്റെ മുഖത്തിന് പ്രായത്തിൽ കവിഞ്ഞ ഗൗരവം നൽകുന്നുണ്ട്. മെല്ലെ ഇമവെട്ടിക്കൊണ്ടിരിക്കുന്ന കണ്ണുകളുടെ ആഴങ്ങളിൽ വിപ്ലവത്തിന്റെ തീക്ഷ്ണതയാണുള്ളത്.

ചേച്ചിയെവിടെയാണ്? അരുൺ ആകാംക്ഷയോടെ തിരക്കി.

സരോജിനിയമ്മ ഉത്തരമൊന്നും പറയാതെ നിന്നപ്പോൾ ഗായത്രി അവിടെയ്ക്കു വന്നു.

ഗൗതമിനെ നഗരത്തിലിട്ട് ഒരു പറ്റം ആൾക്കാർ ചേർന്നു വെട്ടി. അരുൺ തെല്ല് ശബ്ദം താഴ്ത്തി പറഞ്ഞു.
സരോജിനിയമ്മയുടെയും ഗായത്രിയുടെയും മുഖത്ത് ഭയത്തിൽ കലർന്ന ആകാംക്ഷ വളർന്നുകൊണ്ടിരുന്നു.

കഴുത്തിലും കൈയ്യിലുമെല്ലാം വെട്ടേറ്റിട്ടുണ്ട്. പ്രാണൻ കാര്യമായിട്ടൊന്നും ശരീരത്തിലില്ലെന്നാ പറയുന്നത്. അരുൺ പറഞ്ഞു നിറുത്തി.

ആരാണ് ആക്രമിച്ചതെന്ന് വല്ലസൂചനയുമുണ്ടോ? ഗായത്രി ചോദിച്ചു.

ഒന്നു സംശയിച്ചിട്ട് അരുൺ പറഞ്ഞു. പലരും ഒളിഞ്ഞും തെളിഞ്ഞും സംശയിക്കുന്നത് ഗായത്രി ചേച്ചിയുടെ നിർദ്ദേശപ്രകാരം ആരോ...

അതുകേട്ടപ്പോൾ ഗായത്രിക്ക് ഒന്നുറക്കെ ചിരിക്കുവാനാണ് തോന്നിയത്. പാർട്ടിക്കെതിരെയാകുമ്പോൾ പ്രതികരിക്കുന്നതുപോലും സൂക്ഷിച്ചുവേണമെന്നുള്ള അലിഖിത തത്ത്വം ഓർമ്മയിലേക്കുവന്നു. പ്രതികരിക്കണമെന്ന ആഗ്രഹത്തെ ഉള്ളിൽ ശാസിച്ചൊതുക്കി നിർത്തികൊണ്ടിരുന്നു. അങ്ങനെ നിൽക്കുമ്പോൾ നാരായണി അവിടേയ്ക്കുവന്നു.

യഹൂരയെന്ന ഗ്രാമത്തെ എല്ലാ അർത്ഥത്തിലും ഭരിക്കുന്നത് നാരായണിയാണ്. ജില്ലാ സെക്രട്ടറിയെയും ചില മന്ത്രിമാരെയും വരെ ഫോണിൽ വിളിച്ച് അനായാസമായി കാര്യങ്ങൾ നടത്തുന്നവൾ. കള്ളിമുണ്ടും കടുപ്പമുള്ള കളർ ബ്ലൗസുമാണ് സാധാരണവേഷം. എളിയിൽ നോക്കിയായുടെ വിലക്കൂടിയ ഒരു ടച്ച് സ്ക്രീൻ മൊബൈൽ ഫോണുമുണ്ട്. തലമുടി എപ്പോഴും തന്നെ തെല്ല് ധിക്കാരത്തോടെ ഉയർത്തിക്കെട്ടിയിരിക്കും.

നാരായണിയെ കാണുമ്പോൾ ഗായത്രിക്ക് അസ്വസ്ഥതയാണ്. ദുശ്ശകുനത്തിന്റെ രൂപമായിട്ടാണ് ഗായത്രി അവരെ കണ്ടിരുന്നത്.

ഉറക്കച്ചടവോടുകൂടി അവിടേക്കുവന്ന മാളുവിനെ നാരായണി വാത്സല്യഭാവം അഭിനയിച്ച് ലാളിക്കുവാൻ ശ്രമിച്ചു. മാളു പരുങ്ങലോടെ ഗായത്രിക്കുപിന്നിൽ ഒളിച്ചുനിന്നു. തെല്ല് അധികാരഭാവത്തോടെ നാരായണി അവിടെയെല്ലാം പരിശോധിക്കുവാൻ തുടങ്ങി.

എന്താ നോക്കുന്നത്? ഗായത്രി അസംതൃപ്തിയോടെ തിരക്കി നാരായണി ധിക്കാരത്തോടെ ഗായത്രിയുടെ കണ്ണുകളിലേക്കുനോക്കി. എളിയിലിരുന്ന മൊബൈൽഫോണെടുത്ത് ഗായത്രിയുടെ നമ്പർ ഡയൽ ചെയ്തു. ഷെൽഫിൽ പുസ്തകങ്ങളുടെ സൈഡിലായിട്ടിരുന്ന ഗായത്രിയുടെ മൊബൈൽ ഫോൺ ശബ്ദിച്ചു തുടങ്ങി. നാരായണി അവിടേയ്ക്കു ചെന്ന് ആ മൊബൈൽ കൈയ്യിലെടുത്ത് അതിൽനിന്നു പോയ കോളുകൾ പരിശോധിക്കുവാൻ തുടങ്ങി.

ഗായത്രിയുടെ രോഷം നിയന്ത്രണം വിട്ടു. അവൾ നാരായണിയുടെ അടുത്തേയ്ക്കു ചെന്ന് മൊബൈൽഫോൺ ബലമായി പിടിച്ചുമേടിച്ചു.

എന്റെ വീടിനു പുറത്തേയ്ക്കുപോകു ഗായത്രി ശബ്ദമുയർത്തി പറഞ്ഞു.

ഇ ൗ ഭൂമിയിൽ നിനക്ക് തലചായ്ക്കുവാൻ കിട്ടിയ ഏക സ്ഥലമാണി ഗ്രാമം. ഇവിടെ കഴിയണമെങ്കിൽ എന്റെ ഔദാര്യം കൂടിയേ തീരൂ. ധിക്കാരത്തോടെ നാരായണി പറഞ്ഞു. ഗൗതമിനെ വെട്ടിയൊതുക്കിയെന്ന് അഹങ്കരിക്കേണ്ട. ഒന്ന്.... രണ്ട്.....മൂന്ന് എണ്ണിക്കോ നിന്റെ ശരീരത്തിൽ കൊടുവാൾ വീഴുന്ന ദിവസം.

ഗായത്രി അടക്കാനാവാത്ത രോഷത്തോടെ നാരായണിയുടെ അടുത്തേയ്ക്കു ചെന്ന് കരണത്തിനിട്ട് ഒന്ന് പൊട്ടിച്ചു. തുടർന്ന് സർവ്വശക്തിയുമെടുത്ത് വീടിനു പുറത്തേക്കു തള്ളി.

ഇതെല്ലാം കണ്ടുനിന്ന മാളവിക ഭയന്ന് ശബ്ദത്തിൽ കരയുവാൻ തുടങ്ങി. സരോജിനിയമ്മയും അരുണും എങ്ങനെ പ്രതികരിക്കണമെന്നറിയാതെ ഭയം ഉള്ളിലൊതുക്കി നിന്നു.

വീടിനു പുറത്തേയ്ക്കു തെറിച്ചുവീണ നാരായണിയുടെ അടുത്തേയ്ക്ക് ഗായത്രി ചെന്നു. നിന്റെ കൊഴുത്തുരുണ്ട ശരീരത്തിൽ നീ മുമ്പുപറഞ്ഞ കൊടുവാൾ നൃത്തംവയ്ക്കുവാൻ ഒരു പാടുമില്ല. ഒരു ഫോൺകോൾ മാത്രം മതി.

ബഹളംകേട്ട് ഗ്രാമത്തിലെ ജനങ്ങൾ അവിടേയ്ക്കു ഓടിയെത്തിക്കൊണ്ടിരുന്നു.

മാളവികയുടെ ഏങ്ങിനെയുള്ള കരച്ചിൽ വീടിനുള്ളിൽ നിന്നുമുയരുന്നത് ഗായത്രിയുടെ കാതുകളിലെത്തി. അവൾ വേഗം തന്നെ വീടിനുള്ളിലേയ്ക്കു കയറി മാളവികയെയെടുത്ത് നെഞ്ചോട് ചേർത്തുപിടിച്ച് ആശ്വസിപ്പിച്ചു. ഗായത്രിയുടെ കണ്ണുകൾ നിറഞ്ഞൊഴുകിക്കൊണ്ടിരുന്നു.

മോളെ സരോജിനിയമ്മ വല്ലായ്കയോടെ തുടർന്നു, ഇനിയെന്താണ് സംഭവിക്കാൻ പോകുന്നതെന്ന് എനിക്കൊരു നിശ്ചയവുമില്ല. ഗൗതമിനെ ആരോ ആക്രമിച്ചിട്ട് അത് മോളുടെ തലയിൽ വയ്ക്കുന്നതിൽ ഒരു ചതി ഒളിഞ്ഞിരിപ്പുണ്ട്. ജില്ലാ സെക്രട്ടറിയോട് നേരിൽ സംസാരിച്ച് പ്രശ്നങ്ങൾ പരിഹരിച്ചില്ലെങ്കിൽ..

കൊല്ലും. അവരെന്നെ കൊല്ലും. ഗായത്രി തുടർന്നു. മരണം ആഗ്രഹിക്കുന്ന ഒരാളെ കൊല്ലുന്നതിൽ ആർക്കാണ് പ്രശ്നം.

അരുണിന്റെ മുഖത്തേയ്ക്കു നോക്കി ഗായത്രി പറഞ്ഞു. നീ എനിക്ക് സഹോദരനെ പോലെയാണ്. നിന്റെ കൂടെ നിൽക്കുന്നവരോട് നീ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കണം. ചിലപ്പോൾ നിനക്കെന്നെ സഹായിക്കുവാൻ കഴിഞ്ഞേക്കും.

പാർട്ടിയെപ്പറ്റി നല്ലതുപോലെ അറിയാവുന്നതുകൊണ്ട് ഗായത്രിയുടെ വാക്കുകൾ കേട്ടിടും അരുണിന് ഒന്നും തോന്നിയില്ല. എങ്കിലും ഗായത്രിയെ എങ്ങനെയും സഹായിക്കണമെന്ന ആഗ്രഹം അവന്റെയുള്ളിൽ വളർന്നു. കാരണം ന്യായം മുഴുവൻ ഗായത്രിയുടെ പക്ഷത്താണ്.

നാരായണിയുടെ ആജ്ഞാനുവർത്തികളായ മധുവും തങ്കപ്പനും അടങ്ങുന്ന സംഘം കൈയ്യിൽ വെട്ടുകത്തിയും സൈക്കിൾ ചെയിനുമായി അവിടേയ്ക്കു വന്നു. അവർ ഗായത്രിയുടെ അടുത്തേയ്ക്കു നിശ്ചയദാർഢ്യത്തോടെ നീങ്ങിക്കൊണ്ടിരുന്നു.

അപകടം മണത്ത അരുൺ അവരെ തടയുവാൻ ശ്രമച്ചുകൊണ്ട് പറഞ്ഞു. ഇത് പാർട്ടിക്കാർ തമ്മിലുള്ള പ്രശ്നമാണ്. എം.കെ.കെയുടെ മകൾ ഗായത്രിയും നാരായണിയും തമ്മിലുള്ള മത്സരം. എല്ലാത്തിനും ഒടുവിൽ പാർട്ടി അതിലെ ശക്തർക്കൊപ്പമേ നിൽക്കൂ. നാരായണി എങ്ങനേയും രക്ഷപെടും. പക്ഷെ നിങ്ങൾ... ആരുണ്ട് കൂടെ നിൽക്കുവാൻ. ആരുണ്ട് രക്ഷിക്കുവാൻ?..

ഗായത്രി രണ്ടും കല്പിച്ച് വിടിനുള്ളിലേക്ക് ഓടിക്കയറി മൊബൈൽഫോണെടുത്ത് വിജയമോഹനെ വിളിച്ചു.

ഗായത്രിയുടെ ക്ലാസ്സ്മേറ്റും സുഹൃത്തുമാണ് വിജയമോഹൻ. ഇപ്പോൾ മലയാളദേശം പത്രത്തിലെ സബ് എഡിറ്ററാണ്.

വിജയമോഹൻ മലയാളദേശം ന്യൂസ് ചാനലുമായി ബന്ധപ്പെട്ട് ഗായത്രിയുടെ ഫോണിലൂടെയുള്ള പ്രതികരണങ്ങൾ ലൈവായിക്കാണിക്കുവാനുള്ള ഏർപ്പാടുകൾ നിമിഷങ്ങൾ കൊണ്ട് ശരിയാക്കിയെടുത്തു.

മേലേടത്ത് കൃഷ്ണകൈമളുടെ മകളെ യഹൂരയിലെ പാർട്ടിക്കാർ തന്നെ വേട്ടയാടുകയും പ്രാണൻ എടുക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നതായി വാർത്തയിൽ പറഞ്ഞു. തുടർന്ന് ഗായത്രിയുടെ പ്രതികരണം ഫോൺ സന്ദേശത്തിലൂടെ ലൈവായി അവതരിപ്പിച്ചു തുടങ്ങി.

എന്റെ വീടിനുമുമ്പിൽ വാളും സൈക്കിൾചെയിനുമായി പാർട്ടിയിലെ ചില ഗുണ്ടകൾ കാത്തുനിൽക്കുകയാണ്. ഞാനും എന്റെ മകൾ മാളവികയും സഖാവ് ചിത്രഭാനു സാറിന്റെ ഭാര്യ സരോജിനിയമ്മയും വീടിനുള്ളിൽ ഏതു നിമിഷവും മരണവും പ്രതീക്ഷിച്ച് ഭയന്നു വിറച്ചിരിക്കുകയാണ്. ഗായത്രി ഫോണിലൂടെ

പറഞ്ഞു. ഇ ൗ ജില്ലയിലെ സെക്രട്ടറി ഉൾപ്പെടെയുളള ചില നേതാക്കളുടെ നിർദേശപ്രകാരമാണ് പാർട്ടി ഗുണ്ടകൾ ആക്രമണം നടത്തുന്നത്..

ഗായത്രി ഫോണിലൂടെ സംസാരിച്ചുകൊണ്ട് അടുത്തമുറിയിലേക്ക് കയറി. ആ മുറിയുടെ ജനാലകൾ തുറന്ന് പുറത്ത് എന്താണ് നടക്കുന്നതെന്ന് ശ്രദ്ധിച്ചു. അരുണും സുഹൃത്തുക്കളായ ആനന്ദും വേണുഗോപാലും മറ്റും ചേർന്ന് ഗുണ്ടകളുമായി വാക്കുതർക്കത്തിനൊപ്പം ഉന്തും തളളും നടത്തുകയാണ്. ഗായത്രി ആ ദൃശ്യങ്ങളെല്ലാം മൊബൈയിൽ ക്യാമറയിൽ പകർത്തി. മലയാളദേശം ന്യൂസിലേക്ക് മൊബൈയിൽ ഫോണിൽനിന്നും മെയിൽ ചെയ്തു.

ഗായത്രിയുടെ വീടിന്റെ മുൻവാതിൽ ആഞ്ഞു ചവിട്ടുന്നതിന്റെ ശബ്ദം ഗായത്രി ഫോണിലൂടെ പറഞ്ഞുകൊണ്ടിരുന്നു. എന്റെ വീടിന്റെ മുൻവാതിലുകൾ പാർട്ടിയിലെ ഗുണ്ടകൾ ചവിട്ടിത്തകർക്കുകയാണ്. ഏതു നിമിഷവും എന്റെയും കൂടെയുളളവരുടെയും കൊലപാതകം സംഭവിക്കാം. എനിക്ക് നിങ്ങളോട് പലതും പറയുവാനുണ്ട്. പക്ഷെ... ഒന്നിനും പാർട്ടിയിലെ ഒരു വിഭാഗം അനുവദിക്കുന്നില്ല... ഗായത്രി ഫോണിലൂടെ തുടർന്നു. എന്റെ വീടിന്റെ വാതിൽ ചവിട്ടിപ്പൊളിച്ചു കഴിഞ്ഞു......

ഗായത്രി ആ മുറിയിൽനിന്നും നടന്ന് ഗുണ്ടകൾക്കു മുന്നിലേയ്ക്കു ചെന്നു. നിങ്ങൾ ടെലിവിഷനിലെ വാർത്ത കണ്ടോ.. എന്നു ചോദിച്ചുകൊണ്ട് ടെലിവിഷൻ ഓൺ ചെയ്തു. ചാനൽ സെലക്ട് ചെയ്ത് മലയാളദേശം ന്യൂസാക്കി. ടെലിവിഷന്റെ സ്ക്രീനിൽ ഗായത്രി മെയിൽ ചെയ്ത ചിത്രങ്ങൾ വാർത്തകൾക്കൊപ്പം തെളിഞ്ഞു.

ചിത്രങ്ങൾ കണ്ടും വാർത്തകൾ കേട്ടും മധുവും തങ്കപ്പനും അടങ്ങുന്ന ഗുണ്ടാസംഘം ഞെട്ടി.

അവരങ്ങനെ ഞെട്ടിനിൽക്കുമ്പോൾ ഗ്രാമത്തിന്റെ തെക്കുവശത്തു നിന്നും കാതടപ്പിക്കുന്ന സ്ഫോടന ശബ്ദം കേട്ടു. ഒന്നിനുപിറകേ ഒന്നായി നാലു സ്ഫോടനങ്ങൾ. തുടർന്ന് ആരുടെയെല്ലാമോ രോദനത്തിന്റെ ശബ്ദവുമുയർന്നു.

കാര്യങ്ങൾ മനസിലാകാതെ തെല്ല് പകപ്പോടെ മധുവും തങ്കപ്പനും വേഗം തിരിഞ്ഞു നടന്നു തുടങ്ങി. അവർക്കൊപ്പം കൂടെവന്നവരും.

ഗായത്രി ഫോണിലൂടെ ഹലോ ഹലോ എന്നു പറഞ്ഞിട്ടും പ്രതികരണമൊന്നുമുണ്ടായില്ല. അപ്പോഴാണ് ലൈൻ കട്ടായ വിവരം അറിയുന്നത്. അടുക്കളയിൽനിന്നും ഉയർന്ന ഏങ്ങൽ ഗായത്രിയിലെ

മാതൃത്വത്തെ ജ്വലിപ്പിച്ചു.

ഗായത്രി അടുക്കളയിലേക്കു കുതിച്ചു. അതിന്റെ ഒരു മൂലയിൽ സരോജിനിയമ്മയുടെ മാറോടു ചേർന്നിരുന്ന് ഭയന്ന് ശബ്ദമൊതുക്കി ഏങ്ങിക്കരയുന്ന മാളവിക. ഗായത്രി മാളവികയെ സരോജിനിയമ്മയുടെ കൈകളിൽനിന്നും വാങ്ങി നെഞ്ചോട് ചേർത്ത് പിടിച്ച് ഓരോന്നു പറഞ്ഞ് ആശ്വസിപ്പിച്ചുകൊണ്ടിരുന്നു. അവിടേയ്ക്ക് അരുണും സുഹൃത്തുക്കളുമെത്തി.

ചേച്ചി തൽക്കാലം ഇവിടെനിന്നും മാറിനിൽക്കുന്നതാണ് ബുദ്ധി. അരുൺ പറഞ്ഞു.

ഇല്ല ഞാനിനി എങ്ങോട്ടുമില്ല. ഉറച്ചതീരുമാനത്തോടെ ഗായത്രി തുടർന്നു. ഞാനീ ഗ്രാമത്തെ ഇഷ്ടപ്പെട്ടു തുടങ്ങി. ജീവിക്കുന്നെങ്കിലും മരിക്കുന്നെങ്കിലും അത് ഇവിടെതന്നെയായിരിക്കും. നിങ്ങളെയെല്ലാം വിട്ട് പുറത്തേയ്ക്കുപോയാൽ എനിക്കു പിന്നെയാരാണുള്ളത്.

അവർക്കിടയിൽ വല്ലായ്കയുടെ മൗനം വളർന്നു. അപ്പോൾ ടെലിവിഷനിലൂടെ പറയുന്നതു കേട്ടു. ഗായത്രിയുമായിട്ടുള്ള ഫോൺ ബന്ധം കട്ടായിരിക്കുന്നു.. അവർക്ക് എന്താണ് സംഭവിക്കുന്നതെന്ന് ഒരറിവുമില്ല. അവരെപ്പറ്റി കൂടുതൽ അറിയുന്നതിന് ഇവിടെനിന്നും ഒരു സംഘം ആളുകൾ യഹൂരയിലേയ്ക്ക് പുറപ്പെടുകയാണ്. ഒരു ചെറിയ ഇടവേളയ്ക്കുശേഷം വാർത്തകൾ തുടരുന്നതാണ്.

ടെലിവിഷൻ സ്ക്രീനിൽ തുടർന്ന് തെളിഞ്ഞത് ഒരു കാറിന്റെ പരസ്യമായിരുന്നു. സുന്ദരിയുടെ ഭാഗികമായ നഗ്നശരീരത്തിന്റെ ഊഷ്മള ചലനങ്ങൾക്കനുസരിച്ച് വളഞ്ഞും തിരിഞ്ഞും ചടുലമായി ഓടിക്കൊണ്ടിരിക്കുന്ന ചുവന്ന കാർ.!

# 3

## മാധ്യമങ്ങളുടെ ഇടപെടൽ

ഒന്നിനു പിറകെ ഒന്നായി വിവിധ മാധ്യമങ്ങളിലെ പ്രവർത്തകരുടെ വാഹനങ്ങൾ ഗ്രാമത്തിലേയ്ക്ക് വന്നുകൊണ്ടിരുന്നു.

യഹൂരയിലെ ശക്തരായ പാർട്ടിപ്രവർത്തകർ മുദ്രാവാക്യങ്ങൾ മുഴക്കി മാധ്യമപ്രവർത്തകരുടെ വാഹനങ്ങൾ തടഞ്ഞുനിറുത്തി. വന്നതുപോലെതന്നെ വാഹനങ്ങളിൽ തിരിച്ചുപോകുവാൻ മാധ്യമപ്രവർത്തകരോട് രോഷാകുലരായ പാർട്ടിപ്രവർത്തകർ നിർദ്ദേശിച്ചു.

ആവേശമുണർത്തുന്ന പുതിയ വാർത്തകൾ കിട്ടിക്കൊണ്ടിരിക്കുന്നതിന്റെ കൗതുകത്തോടെ വാഹനത്തിലിരുന്ന ചില മാധ്യമ പ്രവർത്തകർ ആ രംഗങ്ങൾ ക്യാമറയിൽ പകർത്തിത്തുടങ്ങി.

മധുവും തങ്കപ്പനും നേതൃത്വം നൽകുന്ന ഗുണ്ടാസംഘം കൈകളിൽ ആയുധങ്ങളുമായി എന്തിനും തയ്യാറായി അവിടേക്കെത്തി. അവർക്കൊപ്പം തെല്ല് പിന്നിലായി ആരോടോ മൊബൈലിൽ സംസാരിച്ചുകൊണ്ട് നാരായണിയുമുണ്ട്.

ചോദ്യവും പറച്ചിലുമില്ലാതെ മധുവിന്റെയും തങ്കപ്പന്റെയും കൂടെവന്നവർ മാധ്യമപ്രവർത്തകരുടെ വാഹനങ്ങളുടെ ചില്ല് അടിച്ചുതകർത്തു. അവരുടെ കൈകളിൽ നിന്നും ക്യാമറായും മറ്റ് ഉപകരണങ്ങളും പിടിച്ചുമേടിച്ച് തല്ലി ഉടച്ചുകൊണ്ടിരുന്നു.

ഗ്രാമത്തിലെ ഒരു പറ്റം ആൾക്കാർ ഇതെല്ലാം ശ്വാസമടക്കി കണ്ടുകൊണ്ടിരിക്കുകയാണ്. അവർക്കിടയിൽ അരുൺ ശങ്കറും ചില സുഹൃത്തുക്കളുമുണ്ട്.

മാധ്യമപ്രവർത്തകരും തിരിച്ച് പ്രതികരിക്കുവാൻ തുടങ്ങിയതോടെ അവിടം ചെറിയൊരു യുദ്ധക്കളമായി മാറി.

അരുണിന്റെ ചിന്തയിലൂടെ ഓർമ്മയുടെ ഒരു മിന്നൽപിണർ പാഞ്ഞു. ഗായത്രിയുടെ ശരീരത്തിൽ പ്രാണൻ നിലനിന്നാൽ പലസത്യങ്ങളും മറനീക്കി പുറത്തുവരുകതന്നെചെയ്യും. മാധ്യമപ്രവർത്തകരും പാർട്ടിപ്രവർത്തകരും തമ്മിലുള്ള ഏറ്റുമുട്ടലിനിടയിൽ ഗായത്രിയുടെ പ്രാണൻ ആരെങ്കിലും എടുക്കുവാനുള്ള സാധ്യത തള്ളിക്കളയാനുമാവില്ല.പാർട്ടിക്കെതിരെ പ്രതികരിക്കുകയോ ശബ്ദിക്കുകയോ ചെയ്യുന്നവരെ നിശബ്ദരാക്കുവാൻ പാർട്ടി ഏതറ്റംവരെ വേണമെങ്കിലും പോകുന്ന ചരിത്രമാണുള്ളത്.

അരുൺ സുഹൃത്തുക്കളെയും കൂട്ടി ഗായത്രിയുടെ വീട് ലക്ഷ്യമാക്കി പാഞ്ഞു. അവന്റെ ഉള്ളിൽ അരുതായ്കയുടെ സംഘർഷം വളരുകയും അത് ബോംബായി രൂപാന്തരപ്പെട്ട് പൊട്ടിത്തെറിക്കുകയും ചെയ്തുകോണ്ടേയിരുന്നു.

അടഞ്ഞുകിടന്ന ഗായത്രിയുടെ വീടിനു മുന്നിൽ അരുണും സുഹൃത്തുക്കളായ വേണുവും ഗോപാലുമെത്തി. റെഡ്റോസ് എന്ന് എഴുതിയിരിക്കുന്ന നെയിം ബോർഡിലേയ്ക്ക് വല്ലായ്കയോടെ നോക്കി. ഭിത്തിയിലെ കോളിംങ്ങ് ബെല്ലിന്റെ സ്വിച്ചിൽ വിരലമർത്തിയപ്പോൾ ഉള്ളിൽ നിന്നും ഒരു വിപ്ലവഗാനമുയർന്നു കേട്ടു. നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ഗായത്രി വാതിൽ തുറന്ന് പുറത്തേയ്ക്ക് വന്നു. ഒപ്പം മാളവികയുമുണ്ടായിരുന്നു.

അരുൺ സമാധാനത്തോടെ ഒരു നെടുവീർപ്പിട്ടു. ആശ്വാസത്തോടെ സുഹൃത്തുക്കളെ നോക്കി. ഗ്രാമത്തിന്റെ കവാടത്തിൽ മാധ്യമ പ്രവർത്തകരെ തടഞ്ഞുനിർത്തി മർദ്ദിച്ചുകൊണ്ടിരിക്കുന്ന കാര്യം ഗായത്രിയോടു പറഞ്ഞു. അവർ സംസാരിക്കുന്നിടത്തേയ്ക്ക് വീടിനുള്ളിൽനിന്നും സരോജിനിയമ്മയുമെത്തി.

ഒരു ബൈക്ക് പാഞ്ഞ് വീടിന് മുന്നിലേയ്ക്കു വന്നു. അത് ഓടിച്ചിരുന്നത് കോട്ടും ഹെൽമറ്റും വച്ചിരുന്ന ഒരാളാണ്. അയാൾ ബൈക്കിൽനിന്നുമിറങ്ങി. അപകടം ആൾരൂപത്തിൽ മുന്നിൽ നിൽക്കുകയാണെന്നുള്ള അറിവ് അരുണിന്റെ മസ്തിഷ്ക്കത്തിലൂടെ പാഞ്ഞു.

വിടരുത്, അവനെ പിടിക്ക്. അരുൺ ശബ്ദമുയർത്തി സുഹൃത്തുക്കൾക്ക് നിർദേശം നൽകി. ഗായത്രിയുടെ നേരെ നോക്കി പറഞ്ഞു: നിങ്ങൾ വീടിനുള്ളിൽ കയറി കതകടയ്ക്ക്.

കോട്ടും ഹെൽമറ്റും ധരിച്ച അക്രമി ഒരു ബോംബ് വീടിനുനേരെയെറിഞ്ഞു. അത് വീടിന്റെ ഭിത്തിയിൽകൊണ്ട് നിലത്തേയ്ക്കു വീണു.

അരുണും സുഹൃത്തുക്കളും സ്തബ്ധരായി നിന്നുപോയി. ഗായത്രി മാളവികയേയും സരോജിനിയമ്മയേയും കൂട്ടി വീടിനുമുന്നിൽ നിന്നും പുറത്തേയ്ക്ക് ഇറങ്ങിയോടി. അക്രമി ബൈക്കിൽ കയറി പാഞ്ഞുപോയി. അവൾ അങ്ങനെ ഓടിക്കൊണ്ടിരിക്കുമ്പോൾ ശബ്ദത്തോടെ എന്തോ പൊട്ടിത്തെറിക്കുന്നതു കേട്ടു. തിരിഞ്ഞ് നോക്കുമ്പോൾ ബൈക്കിലിരുന്ന വ്യക്തി അന്തരീക്ഷത്തിൽ ഉയർന്നു പൊങ്ങുന്നത് കണ്ടു. കട്ടിയുള്ള പുകപടലം അവരുടെ കാഴ്ചയെ മറച്ചു. പുകപടലങ്ങൾ അവിടെയെല്ലാം വ്യാപിച്ചുകൊണ്ടിരുന്നു.

ക്രൂരമായ ഒരാക്രമണത്തിൽനിന്നും തൽക്കാലം രക്ഷപെട്ടതിന്റെ ആശ്വാസത്തിൽ ഗായത്രിയും സരോജിനിയമ്മയും അരുണും സുഹൃത്തുക്കളും ഭയം ഉള്ളിലൊതുക്കിനിന്നു. അവരുടെ കണ്ണുകൾ വീടിന്റെ ഭിത്തിയോടു ചേർന്നു കിടക്കുന്ന, എപ്പോൾ വേണമെങ്കിലും പൊട്ടാവുന്ന ബോംബിൽ എത്തിനിന്നു.

ഇനിയും ഇവിടെ നിൽക്കുന്നത് അപകടമാണ്. അരുൺ ഭയത്തോടെ തുടർന്നു: എങ്ങനെയും ഇ ൗ പ്രദേശത്തുനിന്നും മാറിനിൽക്കണം.

എന്നെ വേട്ടയാടുന്ന ശത്രു അതിശക്തനാണ്. മാറിനിന്നതു കൊണ്ടോ ഒളിച്ചിരുന്നതുകൊണ്ടോ കാര്യമില്ല. ഗായത്രി തിരിച്ചറിവോടെ പറഞ്ഞു. എന്നെ സഹായിക്കാൻ ഇപ്പോൾ മാധ്യമങ്ങൾക്കേ കഴിയൂ. എങ്ങനെയും അവരുടെ മുമ്പിലാണ് എത്തേണ്ടത് . ഞാൻ അവരോട് സംസാരിച്ചുതുടങ്ങിയപ്പോൾ തന്നെ, എന്റെ മൊബൈലിലേക്കുള്ള സർവ്വീസുകൾ നിറുത്തുവാൻ മാത്രം ബുദ്ധിയും വേഗതയും കാണിക്കുന്ന ശത്രുപക്ഷത്തുനിന്ന് എന്തും എപ്പോഴും പ്രതീക്ഷിക്കാം.

അക്രമി വീടിനുനേരെയെറിഞ്ഞ ബോംബ് ഇപ്പോഴും അങ്ങനെതന്നെ കിടക്കുകയാണ്.

ഭാഗ്യത്തിന്റെ ഒരു കരം നമ്മളെ സംരക്ഷിക്കുന്നുണ്ട്. സരോജിനിയമ്മ പറഞ്ഞു. അല്ലെങ്കിൽ ഓരോ ആക്രമണങ്ങളിൽനിന്നും നൂലിഴയ്ക്ക് രക്ഷപ്പെടുകയില്ലായിരുന്നു.

മരണത്തെ ഭയപ്പെടാത്തവരെ പുൽകുവാൻ അതിനും ചില ബുദ്ധിമുട്ടുകളൊക്കെയുണ്ട്. ഗായത്രി പ്രസരിപ്പോടെ പറഞ്ഞു. അരുൺ, ആ മൊബൈലൊന്നു തരൂ വിജയമോഹനനുമായി ബന്ധപ്പെടുവാൻ പറ്റുമോയെന്നു നോക്കട്ടെ..

ഗായത്രി മൊബൈലിൽ പലവട്ടം പരിശ്രമിച്ചിട്ടും വിജയ

മോഹനനുമായി ബന്ധപ്പെടാൻ കഴിഞ്ഞില്ല. ഈ നമ്പർ നിലവിലില്ലെന്ന പ്രതികരണമാണ് ഫോണിലൂടെ ലഭിച്ചുകൊണ്ടിരുന്നത്.

ശ്രീലാൽ അവിടേയ്ക്ക് ബൈക്കിൽ വന്നു. മുണ്ടും കളർ ഷർട്ടുമാണ് വേഷം. മുപ്പതുകൾ കഴിഞ്ഞ ശ്രീലാൽ പാർട്ടിയുടെ ശക്തനായ പ്രവർത്തകനാണ്. പാർട്ടിക്കുവേണ്ടി എന്തും ചെയ്യുവാൻ കഴിവും ആരോഗ്യവുമുള്ള വ്യക്തികൂടിയാണ് ശ്രീലാൽ.

നമ്മളുടെ ആൾക്കാരും ചില മാധ്യമപ്രവർത്തകരും തമ്മിൽ ഗ്രാമത്തിന്റെ കവാടത്തിൽ കിടന്ന് അടിപിടികൂടുകയാണ്. ആമുഖമില്ലാതെ ശ്രീലാൽ പറഞ്ഞു തുടങ്ങി. ഗായത്രി വേണം അവരെ പറഞ്ഞു മനസിലാക്കുവാൻ. ഇവിടെ ഒരു പ്രശ്നവുമില്ലെന്ന് പറയണം. പാർട്ടിയുടെ ഭാഗത്തുനിന്നും ഗായത്രിക്ക് എന്തുസഹായവും ആവശ്യപ്പെടാവുന്നതാണ്.

താൻകൂടി വിശ്വസിക്കുന്ന ഒരു വലിയ വിപ്ലവപാർട്ടി സന്ധിക്കായി മുന്നിൽ ദൂതനെ നിറുത്തിയിരിക്കുന്നു. ആ ദൂതന്റെ ഭാവചലനങ്ങൾ കണ്ടും സഹായ വാഗ്ദാനം കേട്ടും ഗായത്രി ചിരിച്ചുപോയി.

പാർട്ടി എന്തു സഹായമാണ് എനിക്കു ചെയ്യുന്നത്.? ഗായത്രി ചോദിച്ചു. ആരാണ് വാഗ്ദാനവുമായി തന്നെ ഇവിടേയ്ക്ക് പറഞ്ഞയച്ചത്?.

ശ്രീലാൽ അതിന് ഉത്തരം പറയാതെ ഗായത്രിയുടെ കണ്ണുകളിലേയ്ക്ക് വന്യമായി നോക്കി.

സരോജിനിയമ്മ മാളുവിനേയുംകൊണ്ട് വീട്ടിലേയ്ക്ക് പോയ്ക്കൊള്ളൂ. ഗായത്രി തുടർന്നു പറഞ്ഞു: ബഹളം നടക്കുന്നിടംവരെ പോയിവരാം. അതാണല്ലോ പാർട്ടിയുടെ തീരുമാനവും.

സരോജിനിയമ്മ വല്ലായ്കയോടെ ഗായത്രിയുടെ മുഖത്തേയ്ക്കു നോക്കി. വലതുകൈയ്യിൽ പിടിച്ച് ധൈര്യം പകർന്നുകൊടുത്തു. മാളവികയേയുംകൂട്ടി സരോജിനിയമ്മ അവരുടെ വീട്ടിലേയ്ക്കു നടന്നു.

ഗായത്രി ശ്രീലാലിന്റെ കൈയ്യിൽനിന്നും മൊബൈൽ തട്ടിമേടിച്ചു. അതുകൊണ്ട് അവന്റെ മൂക്കിനിട്ട് ശക്തമായി ഇടിച്ചു. ഗായത്രിയുടെ പക്കൽനിന്നും ശക്തമായ മൂന്നുനാലു പ്രഹരങ്ങൾ ഏറ്റുവാങ്ങിയ ശ്രീലാൽ ഭയന്ന് അവിടെ നിന്നും ഓടി.

ഗായത്രി അരുണിനോട് ശ്രീലാൽ വന്ന ബൈക്ക് എടുക്കാൻ നിർദ്ദേശിച്ചു. അരുൺ എതിർപ്പൊന്നുമില്ലാതെ അത് സ്റ്റാർട്ടാക്കി. ഗായത്രി ഇട്ടിരുന്ന നൈറ്റി അല്പം ഉയർത്തികുത്തി. ബൈക്കിന്റെ

പിന്നിൽ കവച്ചിരുന്നു.

മാധ്യമപ്രവർത്തകരുമായി സംഘട്ടനം നടക്കുന്നിടത്തേയ്ക്ക് വണ്ടി വിട്. ഗായത്രി ഉറച്ച ശബ്ദത്തോടെ പറഞ്ഞു.

അരുൺ ബൈക്ക് മുന്നോട്ടെടുത്തു. അപ്പോൾ ഗായത്രി പിന്നിലേയ്ക്ക് തിരിഞ്ഞു വേണുവിനോടും ഗോപാലിനോടുമായി പറഞ്ഞു. നിങ്ങളും ഉടൻതന്നെ ഗ്രാമത്തിന്റെ കവാടത്തിലേയ്ക്ക് വരണം.

ബൈക്കിന്റെ പിന്നിലിരുന്ന് അങ്ങനെ യാത്ര ചെയ്യുമ്പോൾ ഗായത്രിക്ക് അസാധാരണമായ ആത്മവിശ്വാസം അനുഭവപ്പെട്ടു. ശക്തനും പ്രമാണിയുമായ ശ്രീലാലിനെ എന്തു ധൈര്യത്തിലാണ് അടിച്ചിടാൻ കഴിഞ്ഞതെന്ന് ചിന്തിച്ചുനോക്കി. അങ്ങനെ ചിന്തിക്കുന്നതിനിടയിൽ മാർക്സിസ്റ്റ് പാർട്ടിയെ ക്ഷ...ണ്ണ....... ണ്ട വരപ്പിച്ചുകൊണ്ടിരിക്കുന്ന ബംഗാളിന്റെ സിംഹമെന്ന് വിശേഷിപ്പിക്കാവുന്ന മമതബാനർജിയെപറ്റി ഓർത്തു. ടെലിവിഷൻ ചാനലുകളിൽ ആത്മവിശ്വാസത്തോടെ സംസാരിക്കുന്ന അവരുടെ രൂപവും ഭാവവും ഒന്നിനുപിറകേ ഒന്നായി മനസിൽ ചലനാത്മകമായ ദൃശ്യഭാവത്തോടെ തെളിഞ്ഞുകൊണ്ടിരുന്നു. ഗ്രാമങ്ങളിൽ നിന്ന് ഗ്രാമങ്ങളിലേക്ക് ബൈക്കിന് പിന്നിലിരുന്ന് പോകുന്ന മമതയുടെ മുഖം തന്നെ നോക്കി പുഞ്ചിരിക്കുകന്നതായി ഗായത്രിക്ക് തോന്നി.

ഗായത്രി ഗ്രാമകവാടത്തിലേയ്ക്ക് ബൈക്കിനു പിന്നിലിരുന്നു വരുന്നത് ഗ്രാമവാസികളും സംഘട്ടനത്തിൽ ഏർപ്പെട്ടിരിക്കുന്ന പാർട്ടിപ്രവർത്തകരും മാധ്യമപ്രവർത്തകരും ആശ്ചര്യത്തോടെ കണ്ടു. പിടിച്ചുനിറുത്തിയതുപോലെ സംഘട്ടനം നിന്നു. രക്തമൊലിപ്പിച്ച് നിൽക്കുന്ന മാധ്യമപ്രവർത്തകരും പാർട്ടിപ്രവർത്തകരും വേദനയും രോഷവും വിസ്മരിച്ച ഗായത്രിയെത്തന്നെ ശ്രദ്ധിച്ചു. ഗായത്രി തികഞ്ഞ ആത്മവിശ്വാസത്തോടെ ബൈക്കിന് പിന്നിൽനിന്നുമിറങ്ങി. അല്പം നടന്ന് എല്ലാവർക്കും മധ്യത്തിലായി നിന്നു. തുടർന്ന് ചുററുവട്ടം കണ്ണോടിച്ച് പരിസരം വിലയിരുത്തി.

തെല്ല് അകലെനിന്നും കുറെയധികം വാഹനങ്ങൾ അവിടേയ്ക്കു വരുന്നത് എല്ലാവരും ശ്രദ്ധിച്ചു. അടുത്തേയ്ക്കുവന്ന വാഹനങ്ങളിൽ നിന്നും പോലീസുകാരും മാധ്യമപ്രവർത്തകരും ജനങ്ങളും പുറത്തേയ്ക്കിറങ്ങി. മാധ്യമ പ്രവർത്തകർ ഗായത്രിയെ വലയം ചെയ്തുനിന്നു. ചോദ്യങ്ങൾകൊണ്ട് അവരെ ശ്വസം മുട്ടിച്ചു. അല്പം ക്ഷമയും അടക്കവും കാണിച്ചാൽ എല്ലാം തുറന്ന് പറയാമെന്ന് ഗായത്രി മാധ്യമപ്രവർത്തകരോട് പറഞ്ഞു. അവർക്കിടയിൽ വിജയമോഹനനു

ണ്ടോയെന്ന് ഗായത്രിയുടെ കണ്ണുകൾ തിരഞ്ഞുകൊണ്ടേയിരുന്നു. കാണാത്തതിൽ തെല്ലൊരസ്വസ്ഥത തോന്നി.

ഗൗതമിനെ ആക്രമിച്ച് കൊലപ്പെടുത്താൻശ്രമിച്ചതിന്റെ കുറ്റം എന്റെ തലയിൽ കെട്ടിവച്ച് എന്നെ ഇല്ലാതാക്കുവാനുള്ള ഗൂഢശ്രമമാണ് ഇവിടെ നടന്നു കൊണ്ടിരിക്കുന്നത്. ഗായത്രി ആത്മവിശ്വാസത്തോടെ പറഞ്ഞു. ഒരു സ്ത്രീ ആയതിന്റെ പേരിൽ, സുന്ദരമായ ഒരു ശരീരം ഉള്ളതിന്റെ പേരിൽ, അഭിപ്രായസ്വാതന്ത്ര്യം പ്രകടിപ്പിച്ചതിന്റെ പേരിലെല്ലാമാണ് എന്നെ കൊല്ലാൻ പലരും ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങളോട് അനുഭാവപൂർവ്വം പുഞ്ചിരിച്ച്നിന്നുകൊണ്ട് തലേദിവസം ഗൗതം ആക്രമിക്കാൻ വന്ന സംഭവം വിശദീകരിച്ചു. വീടു കയറി ആക്രമിച്ച മധുവിനേയും തങ്കപ്പനേയും പറ്റി പറഞ്ഞു: തുടർന്ന് ബോംബ് എറിഞ്ഞതും പാർട്ടി സന്ധിക്കായി ശ്രീലാലിനെ വിട്ടതും വിശദീകരിച്ചു.

ഇ ൗ ഗ്രാമത്തിൽ സമത്വവും സമാധാനവും സൃഷ്ടിക്കുവാൻ യഥാർത്ഥ മാർക്സിയൻ രീതിയിൽ ശ്രമിച്ചതാണ് എനിക്ക് എതിരെയുള്ള കുറ്റം. ഗായത്രി തുടർന്നു പറഞ്ഞു. എന്റേത് മാർക്സിസ്റ്റ് രക്തമാണ്. മേലേടത്ത് കൃഷ്ണകൈമളുടെ രക്തം......

മാധ്യമപ്രവർത്തകർ രേഖപ്പെടുത്തിയെടുക്കുന്നത് അപ്പോൾതന്നെ ലൈവായി ടെലിവിഷനിലൂടെ പ്രദർശിപ്പിച്ചു. സാധാരണ ജനങ്ങൾ വല്ലായ്കയൊതുക്കി അതെല്ലാം കണ്ടുകൊണ്ടിരുന്നു.

എന്റെ അപ്പൻ ഒന്നം സമ്പാദിച്ചില്ല. അതുകൊണ്ടാണ് ഞാൻ സാധാരണക്കാരോടൊപ്പം അവരിലൊരാളായി ജീവിക്കുന്നത്. ഗായത്രി തുടർന്നു: ഇവിടെ സാധാരണക്കാരോടൊപ്പം ജീവിക്കുന്ന ഏതെങ്കിലും നേതാവുണ്ടോ? എത്ര നേതാക്കന്മാരുടെ മക്കൾക്ക് സാധാരണക്കാരുടെ പ്രശ്നങ്ങളറിയാം? യഥാർത്ഥ പാർട്ടിക്കാരേയും പ്രവർത്തകരെയും പാർട്ടിവിരുദ്ധരായി ചിത്രീകരിക്കുന്ന സംസ്കാരമാണ് ഇപ്പോഴുള്ളത്.

സ്കൂപ്പ് ന്യൂസ് കിട്ടുന്നതിന്റെ ആവേശത്തിലാണ് മാധ്യമപ്രവർത്തകർ. ഗായത്രിക്കെതിരെ പാർട്ടി തിരിയുവാനുള്ള യഥാർത്ഥകാരണമാണ് അവർക്കറിയേണ്ടത്.

ഗായത്രി ഇതിനു നൽകിയ ഉത്തരം വിവേകപൂർവ്വമായിരുന്നു. നാട്യങ്ങളില്ലാത്ത പ്രവർത്തനമാണ് എന്നെ ഒറ്റപ്പെടുത്തുന്നതിനുള്ള പ്രധാനകാരണം.

എന്റെ സിരകളിലൊഴുകുന്ന രക്തം ചുവപ്പാണ്. സത്യമുള്ള

കമ്മ്യൂണിസ്റ്റിന്റേതാണ്. ഗായത്രി തീക്ഷ്ണതയോടെ പറഞ്ഞു. ഗ്രാമത്തിനുള്ളിൽ പൊട്ടിയ ബോംബുകൾ എന്നെ കൊല്ലുവാനുള്ള തായിരുന്നു. പക്ഷേ വിധി എന്നെ വീണ്ടും ജീവിച്ചിരുത്തി. എന്റെ കൊലയ്ക്കുപിന്നിൽ ആരാണെന്നത് കണ്ടെത്തുവാനുള്ള ഉത്തരവാദിത്വം ഇവിടുത്തെ നിയമവ്യവസ്ഥയ്ക്കുണ്ട്. അവരിൽനിന്ന്. ഞാൻ നീതി പ്രതീക്ഷിക്കുന്നില്ല.. ആ നീതി അന്വേഷിച്ച് കണ്ടെത്തി നടപ്പാക്കേണ്ടത് നിങ്ങളാണ്. പ്രതികരിക്കുന്ന, സത്യത്തെ അംഗീകരിക്കുന്ന മാധ്യമപ്രവർത്തകരാണെങ്കിൽ അത് കണ്ടെത്തുവാൻ നിങ്ങൾക്കു കഴിയും.

ഒരു സ്ത്രീയോട് ഈ ലോകം ചെയ്യരുതാത്തത് പലതും ലൈവായി ടെലിവിഷനിലൂടെ കാണുകയും കേൾക്കുകയും ചെയ്ത് കേരളത്തിലെ പ്രതികരിക്കുന്ന സാധാരണ ജനങ്ങൾ വല്ലാതായി. അവരുടെ വല്ലായ്ക ചുണ്ടുകളിൽനിന്ന് ചുണ്ടുകളിലേയ്ക്ക് പ്രതിക്ഷേധത്തോടെ യാത്ര തുടങ്ങി.

# 4

# ഗ്രാമവിശേഷങ്ങൾ

പാർട്ടിഗ്രാമത്തിന്റെ സ്വഭാവവിശേഷങ്ങളെപറ്റി കേരളത്തിലെ പത്രമാധ്യമങ്ങൾ പഠനപരമ്പരകൾ ഇറക്കി. ടെലിവിഷൻ ചാനലുകൾ ഈ ഗ്രാമങ്ങളുടെ ബോംബ് സംസ്ക്കാരത്തെപ്പറ്റിയും ഗുണ്ടാപ്രവർത്തന രീതികളെപ്പറ്റിയുമുള്ള വിശേഷങ്ങൾ വിവരിച്ചുകൊണ്ടിരുന്നു. ഭരണപക്ഷത്തിന്റെ അക്രമരാഷ്ട്രീയത്തെപ്പറ്റി പ്രതിപക്ഷം പ്രതിഷേധത്തോടെ സംസാരിച്ചു. ഭരണപക്ഷത്തെ നേതാക്കളും മന്ത്രിമാരും ഇതെല്ലാം കണ്ടില്ലെന്നു നടിക്കുകയും ചെയ്തു.

ഗായത്രി കേരളത്തിലാകെ ശ്രദ്ധിക്കപ്പെടുന്ന വ്യക്തിയായി. സാധാരണ ജനങ്ങൾക്കിടയിൽ അവരോടുള്ള സഹതാപം വർദ്ധിച്ചു. ഗായത്രിയുടെ പ്രാണൻ ശരീരത്തിൽ നിലനിറുത്തേണ്ടത് പാർട്ടിയുടെ ആവശ്യമായിത്തീർന്നു. ഗായത്രിക്ക് എന്തെങ്കിലും സംഭവിച്ചാൽ മന്ത്രിസഭ തകർന്നുവീഴുമെന്ന് അതിലെ തന്ത്രശാലികൾക്ക് അറിയാമായിരുന്നു.

പാർട്ടിപത്രം മാത്രം വായിച്ചിരുന്ന ഗ്രാമത്തിലെ ജനങ്ങൾ മറ്റുപത്രങ്ങളും വായിച്ചുതുടങ്ങി. കാരണം ആ ഗ്രാമത്തെപ്പറ്റിയുള്ള വാർത്തകളാണ് പത്രങ്ങളിൽ വന്നുകൊണ്ടിരുന്നത്. പാർട്ടിയുടെ ചാനലുകൾ മാത്രം കണ്ടിരുന്നവർ മറ്റ് ചാനലുകളും കണ്ടു തുടങ്ങി.

ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ ഒരു കൂട്ടായ്മ ഗ്രാമത്തിൽ രൂപപ്പെട്ടു കഴിഞ്ഞു. അവർക്കിടയിൽ ചർച്ചകളും സംവാദങ്ങളും നടന്നു കൊണ്ടിരുന്നു. പാർട്ടിയുടെ നിലപാടുകളെ തലനാരിഴകീറി വിശകലനം ചെയ്തു.

അധികാരത്തിലിരിക്കുന്ന ഏതൊരു പാർട്ടിയ്ക്കും പല വിട്ടുവീഴ്ചകൾ ചെയ്യേണ്ടിവരുന്നത് സ്വാഭാവികമാണെന്ന നിഗമനത്തിലെത്തി. വിട്ടുവീഴ്ചയുടെ പേരിൽ പല നേതാക്കളും മന്ത്രിമാരും കാട്ടിക്കൂട്ടുന്ന പ്രവൃത്തികൾ പാർട്ടിയുടെ തത്ത്വസംഹിതകൾക്കും നയരേഖകൾക്കും വിരുദ്ധമാണെന്ന് വിലയിരുത്തി.

ഗായത്രിക്ക് പറയാനുള്ളത് ഗ്രാമത്തിലെ ജനങ്ങൾ കേൾക്കണമെന്ന് പുതിയ കൂട്ടായ്മ തീരുമാനിച്ചു.

എപ്പോഴും പുരോഗതിയെക്കുറിച്ചും ഉയർന്ന വിദ്യാഭ്യാസത്തെ ക്കുറിച്ചുമാണ് പാർട്ടിയിലെ ഏറെ നേതാക്കളും സംസാരിക്കുന്നത്. പാർട്ടിക്കാർ തിങ്ങിപാർക്കുന്ന ഈ ഗ്രാമത്തിന് എന്തു പുരോഗതിയാണുള്ളത്. ഉയർന്ന വിദ്യാഭ്യാസം എത്ര പേർക്കുണ്ട്.? എന്തിന്, പേരിനെങ്കിലും പറയാൻ കൊള്ളാവുന്ന തൊഴിൽ ആർക്കൊക്കെയുണ്ട് ........? ഗായത്രിയുടെ ചോദ്യങ്ങൾ യഹൂരയിലെ ജനങ്ങളുടെ ചിന്തകളെ അസ്വസ്ഥതപ്പെടുത്തി.

വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ഗായത്രി യഹൂരയിലെ ജനങ്ങളുടെ ഉള്ളിലേയ്ക്ക് കയറിത്തുടങ്ങി.

എം.കെ.കെയുടെ വാക്കുകളും ആത്മാർത്ഥതയുമാണ് ഗായത്രിയിൽ കാണുവാൻ കഴിയുന്നതെന്ന് യഹൂരയിലെ ജനം പറഞ്ഞുതുടങ്ങി.

പാർട്ടിക്കാർക്കുവേണ്ടി ഗുണ്ടാപണി നടത്തുന്നവരും വിവാഹിതരാകാതെ ശരീരം പങ്കുവെക്കുന്ന സ്ത്രീകളും അധികാരമോഹികൾക്കും ആഭാസന്മാർക്കുംവേണ്ടി ജീവിതം ഹോമിക്കുകയാണ്. ഇവർക്ക് പാർട്ടിയുടെ തത്ത്വശാസ്ത്രത്തിലും നിയമാവലിയിലും ഇടമില്ല. ചിലപ്പോൾ ഇടമുള്ളത് ചില ആഭാസന്മാരായ നേതാക്കളുടെ മനസ്സിൽ താല്ക്കാലികമായി മാത്രമാണ്. ഗായത്രിയുടെ ഈ സത്യപ്രഖ്യാപനത്തെ നിശബ്ദം അവർക്ക് അംഗീകരിക്കേണ്ടിവന്നു.

ഗായത്രി പ്രഖ്യാപിച്ച തിരിച്ചറിവിന്റെ വാക്കുകൾ ഗ്രാമീണർക്കു മുകളിൽ അഗ്നിയായി പടർന്നുകത്തി. ചൂഷണത്തിൽനിന്നും ഒരു മോചനം സാധ്യമാണോയെന്ന ചോദ്യത്തിന്റെ ഉത്തരത്തിനായി പലരും അന്വേഷിച്ചുകൊണ്ടിരുന്നു.

ഗ്രാമത്തിൽ രൂപപ്പെട്ട കൂട്ടായ്മ ഗായത്രിയുടെ നേതൃത്വത്തിൽ ഒത്തുകൂടി. അവരുടെ സംഭാഷണത്തിൽ ഗ്രാമത്തിലെ ചില പ്രശ്നങ്ങൾ ഉയർന്നുവന്നു. അതിൽ ഏറ്റവും പ്രധാനം തൊഴിൽ രഹിതരായ യുവാക്കളുടെ പ്രശ്നങ്ങളും അവിവാഹിതരായ യുവതികളുടെ അവസ്ഥയുമായിരുന്നു.

പാർട്ടിക്കുവേണ്ടി മുദ്രാവാക്യം വിളിച്ചും പോസ്റ്റർ ഒട്ടിച്ചും ഗുണ്ടാപണി നടത്തിയും കഴിയുന്ന യുവാക്കൾക്ക് മാന്യമായ എന്തുപണിയാണ് ഇനിചെയ്യുവാൻ കഴിയുന്നത് ? ഗ്രാമത്തിലെ യുവതികൾക്ക് വിവാഹം നടക്കാതിരിക്കുന്ന അവസ്ഥയ്ക്ക് എങ്ങനെയാണ് പരിഹാരം കാണുവാൻ കഴിയുന്നത്?. ഈ ചോദ്യങ്ങളുടെ പരിഹാരത്തിനായി ആലോചനകൾ ശക്തിപ്പെട്ടു.

ഗ്രാമത്തിലെ യുവതികളുടെ വിവാഹം നടത്തുന്നത് പാർട്ടിക്ക് ഇഷ്ടമില്ല. പാർട്ടിയെ എതിർത്ത് ആരെങ്കിലും വിവാഹം കഴിച്ചാൽ വിവാഹം കഴിക്കുന്നവരെയും അവരുടെ കുടുംബത്തെയും പാർട്ടി ശത്രുവായി കാണും.

പാർട്ടി ഗ്രാമത്തിലെ സ്ത്രീകൾക്ക് പരപുരുഷ സംഗമം സാധാരണ മാണെന്നുള്ള വിശ്വാസം പറഞ്ഞു പരത്തുന്നത് ചില പാർട്ടിക്കാർ തന്നെയാണ്. വിവാഹം കഴിക്കാതെ നിൽക്കുന്ന സ്ത്രീകൾ കാലക്രമത്തിൽ പല പുരുഷന്മാരുമായി ലൈംഗികത ആഘോഷിക്കുന്നു. പിന്നീട് ആ ഗ്രാമത്തിലെത്തുന്ന പാർട്ടിക്കാർക്കുവേണ്ടിയും അവരുടെ ഗുണ്ടകൾക്കുവേണ്ടിയും സഹശയനം നടത്തുന്നു.

ഗ്രാമത്തിൽ രൂപപ്പെട്ട പുതിയ കൂട്ടായ്മ ആ ഗ്രാമത്തെ സംബന്ധിച്ചിടത്തോളം ചില വിപ്ലവകരമായ തീരുമാനങ്ങളെടുത്തു. യുവാക്കൾ മാന്യമായ തൊഴിൽ ചെയ്ത് പണം സമ്പാദിക്കണം. ഗ്രാമത്തിലെ യുവതികളെ തന്നെ അവരുടെ ഭൂതകാലം പരിഗണിക്കാതെ വിവാഹം കഴിക്കണം. യുവതികൾ ഇന്നലെകളെപ്പറ്റി ചിന്തിക്കാതെ ഭർത്താവും മക്കളുമുള്ള കുടുംബത്തെപ്പറ്റി ആത്മാർത്ഥമായി സ്വപ്നം കാണണം.

ഗ്രാമത്തിലെ ഒരു വിഭാഗം ജനങ്ങൾ എടുത്ത തീരുമാനം എസ്. എം. എസിന്റെ വേഗത്തിൽ മാധ്യമങ്ങളിലൂടെ കേരളത്തിലാകെ പരന്നു. ശക്തമായ ഈ തീരുമാനത്തിനു പിന്നിലെ പ്രചോദന ഘടകം ഗായത്രിയാണെന്നുള്ള അറിവ്, ഏവരെയും അത്ഭുതപ്പെടുത്തി. എം.കെ.കെയുടെ കർമ്മകുശാഗ്രതയും വിശാലദർശനവും ഗായത്രിക്കുമുണ്ടെന്ന് പലരും ആത്മാർത്ഥമായി വിലയിരുത്തി.

ഗായത്രിയുടെ തീരുമാനങ്ങൾ അസ്വസ്ഥതപ്പെടുത്തിയത് പാർട്ടിയിലെ ഒരു വിഭാഗത്തെയാണ്. പാർട്ടിയെ നശിപ്പിക്കുവാൻ വേണ്ടി ബൂർഷ്വാ മാധ്യമങ്ങളുടെ സഹായത്തോടെ ഗായത്രി ബോധപൂർവ്വം ശ്രമിക്കുകയാണെന്ന് അവർ വിലയിരുത്തുകയും വിളിച്ചു പറയുകയും ചെയ്തു. മാധ്യമസിൻഡിക്കേറ്റിന്റെ ചതിക്കുഴിയിൽ പഴയ പാർട്ടിസഖാവ് എം.കെ.കെയുടെ മകൾ വീഴുകയായിരുന്നുവെന്നും അവർ പ്രമേയം പാസാക്കി.

ആഗസ്റ്റ് പതിനഞ്ചാം തിയതി ഗ്രാമത്തിലെ സ്വാതന്ത്ര്യ ദിനാഘോഷങ്ങളോടൊപ്പം തന്നെ ലളിതമായ ചടങ്ങുകളോടെ സമൂഹവിവാഹം നടത്തുവാനും നിശ്ചയിച്ചു. ഇരുപത്തിയാറ് ജോഡികളാണ് വിവാഹിതരാകുന്നത്.

ഗ്രാമത്തിൽ രൂപപ്പെട്ട പുതിയ കൂട്ടായ്മയുടെ നേതൃത്വത്തിൽ താല്പര്യമുള്ളവർക്ക് ജോലി ചെയ്യുവാനുള്ള അവസരങ്ങൾ ഒരുക്കിക്കൊടുത്തു. ഹൈവേയുടെ സൈഡിലായി വാഹനങ്ങൾ കഴുകി

വൃത്തിയാക്കുന്ന ഒരു മോട്ടോർ സർവ്വീസിങ് സെന്റർ തുടങ്ങി. ബേക്കറി, ഹോട്ടൽ, വീടുകൾ തുടങ്ങിയവയ്ക്ക് ആവശ്യാനുസരണം പലഹാരങ്ങളും ഭക്ഷണങ്ങളും തയ്യാറാക്കിക്കൊടുക്കുന്ന സംരംഭം, രുചിയെന്ന പേരിൽ നല്ല നിലയിൽ ആരംഭിച്ചു.

പാർട്ടിയുടെ ജില്ലാ സമ്മേളനത്തിന് പോസ്റ്ററുകൾ ഒട്ടിക്കുന്നതിനും ബാനറുകൾ കെട്ടുന്നതിനും കൊടിതോരണങ്ങൾ തൂക്കുന്നതിനും ആളെ അന്വേഷിച്ച് പതിവുപോലെ യഹൂരയിൽ വാഹനങ്ങളെത്തി. പതിമൂന്ന് ആൾക്കാർമാത്രമെ അതിനൊപ്പം പോകുവാൻ തയ്യാറായി എത്തിയുള്ളൂ.

നാരായണിയും തങ്കപ്പനും മാധുവും ചേർന്ന് പലരോടും വാഹനത്തിൽ കയറുവാൻ ഇണങ്ങിയും കലഹിച്ചും പറഞ്ഞു. മാന്യമായ തൊഴിൽ ചെയ്യുന്നതിന്റെയും പണം സമ്പാദിക്കുന്നതിന്റെയും തിരക്കുകൾക്കും സുഖകരമായ ക്ലേശത്തിനുമിടയിൽ മറ്റൊന്നിനും സമയമില്ലെന്നാണ് ഏറെപ്പേരും പറഞ്ഞത്. പാർട്ടിയുടെ പേരിൽ ആർക്കെങ്കിലുമൊക്കെ അടിമപ്പണിചെയ്യുവാൻ ഇല്ലെന്ന് മറ്റുചിലർ കാർക്കശ്യത്തോടെ പ്രതികരിച്ചു.

സായാഹ്നം. ചിലമാധ്യമപ്രവർത്തർ യഹൂരയിലെത്തി. തൊഴിൽ ചെയ്ത് ജീവിക്കുവാൻ തുടങ്ങിയവരോട് അവരുടെ അനുഭവങ്ങൾ ചോദിച്ചറിഞ്ഞു. ഗ്രാമത്തിലെ പുതിയ അന്തരീക്ഷം എന്തെന്ന് ആരാഞ്ഞു. ശാന്തിയുണ്ട്, നാളെകളെ പറ്റി പ്രതീക്ഷയുണ്ട്. പെൺകുട്ടികൾക്ക് വിവാഹം നടക്കുമെന്ന വിശ്വാസവുമുണ്ട്. ഗ്രാമത്തിലെ പുതിയ അന്തരീക്ഷത്തെപ്പറ്റി വിവരിക്കുവാൻ പലർക്കും നൂറ് നാവായിരിന്നു.

യഹൂരയിലെ പുതിയ വിശേഷങ്ങൾ മാധ്യമങ്ങൾ ആഘോഷമാക്കി. സന്ധ്യമയങ്ങിയ സമയം ഗായത്രി കമ്പ്യൂട്ടറിനു മുന്നിലിരുന്ന് മെയിലുകൾ പരിശോധിച്ചുകൊണ്ടിരുന്നു. മുൻപരിചയമില്ലാത്തവർവരെ കത്തുകൾ അയച്ചിരിക്കുന്നു. പലതും ഗായത്രിയുടെ മനസ്സുറപ്പിനെയും ധൈര്യത്തെയും പ്രശംസിക്കുന്നവയായിരുന്നു. പെട്ടെന്നാണ് ജോൺ ആന്റിണിയുടെ മെയിൽ ഗായത്രിയുടെ ശ്രദ്ധയിൽപെട്ടത്. ഗായത്രിയുടെ സഹപാഠിയും സുഹൃത്തുമായിരുന്ന ജോൺ ആന്റണി ഇപ്പോൾ വൈദികനാണ്. ഗായത്രി ആകാംക്ഷയോടെ മെയിൽ വായിച്ചു.

പ്രിയ ഗായത്രി, നിങ്ങളെപ്പറ്റിയുള്ള വർത്തമാനങ്ങൾ ചാനലുകളിലൂടെയും പത്രങ്ങളിലൂടെയും അറിയുന്നുണ്ട്. വിശ്വസിക്കാൻ കഴിയുന്നില്ല. ഈ സമൂഹത്തിന് ഒരു സ്ത്രീയോട് ഇങ്ങനെയെല്ലാം ചെയ്യുവാൻ എങ്ങനെയാണ് കഴിയുന്നത്? കാറ്റും കോളും നിറഞ്ഞ ഈ ജീവിതത്തിൽ തളരരുത്. പ്രവർത്തിക്കണം. നന്മ ആഗ്രഹിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ സഹായത്തിന് ഒരു

അദൃശ്യ ശക്തിയുടെ സാന്നിദ്ധ്യമുണ്ടാകും. വിശ്വാസമുണ്ടെങ്കിൽ ആ ശക്തിയെ ഈശ്വരൻ എന്നു വിളിക്കാം. എനിക്കിപ്പോൾ ഗായത്രിക്കു നന്മകൾ വരുവാൻ വേണ്ടി നിശബ്ദം പ്രാർത്ഥിക്കുവാനെ കഴിയൂ....
ഞാനിപ്പോൾ അരമനയിലാണ്. പിതാവിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്നു.

മെയിൽ വായിക്കുന്നതിനിടയിൽ ഗായത്രിയുടെ മനസ്സ് ഭൂതകാലത്തിലേക്ക് സഞ്ചരിച്ചു.

എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ജോണിനെ പരിചയപ്പെട്ടത്. ക്ലാസ്സിലെ ഒന്നാം സ്ഥാനത്തിനു വേണ്ടി ജോണും ഗായത്രിയും തമ്മിൽ കടുത്ത മത്സരമായിരിന്നു. മത്സരത്തിൽ ഏറെ പ്രാവശ്യവും വിജയിച്ചത് ജോണായിരുന്നു. പത്താംക്ലാസ്സിലെ പരീക്ഷയ്ക്ക് ആ സ്കൂളിലെ ഏറ്റവും ഉയർന്ന മാർക്ക് ജോണിനും രണ്ടാം സ്ഥാനം ഗായത്രിക്കുമായിരുന്നു. ഓരേ വേദികളിൽ വച്ച് മികച്ച വിജയത്തിന് അവർക്ക് പല പ്രാവശ്യം സമ്മാനങ്ങൾ ലഭിക്കുകയുമുണ്ടായി.

ഒരേ കോളേജിലാണ് തുടർന്ന് പഠിച്ചതെങ്കിലും രണ്ടുപേരും രണ്ട് ഗ്രൂപ്പുകളാണ് എടുത്തത്. ജോൺ ഫസ്റ്റ് ഗ്രൂപ്പും ഗായത്രി സെക്കൻഡ് ഗ്രൂപ്പും. ജോണിന്റെ ആഗ്രഹം എഞ്ചിനിയറാകാനായിരുന്നു. ഗായത്രിയുടെ ആഗ്രഹം ഒരു നല്ല ഡോക്ടറാകണമെന്നും.

കോളേജിലെത്തിയപ്പോൾ അല്പം രാഷ്ട്രീയം ഗായത്രിയുടെ പ്രവർത്തനങ്ങളെ സ്വാധീനിച്ചു തുടങ്ങി. മികച്ച പ്രസംഗക എന്ന സ്ഥാനവും അല്പ സ്വല്പം കവിതകൾ കുത്തിക്കുറിച്ചതുകൊണ്ട് കവയിത്രിയെന്ന വിശേഷണവും കിട്ടി. ജോൺ പഠനത്തിൽ ആത്മാർത്ഥമായി ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഇതിനിടയിലെല്ലാം കണ്ടുമുട്ടുവാനും സൗഹൃദം ഊഷ്മളമായി നിലനിറുത്തുവാനും ഗായത്രിയും ജോണും മറന്നില്ല.

ജോൺ രണ്ടാം റാങ്കോടെ പ്രിഡിഗ്രി പാസ്സായപ്പോൾ ഗായത്രിക്ക് സെക്കന്റ് ക്ലാസ്സോടെ പ്രിഡിഗ്രി പാസാകുവാനേ കഴിഞ്ഞുള്ളൂ.

ഒരു ദിവസം ജോൺ വർദ്ധിച്ച ഉത്സാഹത്തോടെ ഗായത്രിയുടെ അടുത്തെത്തി. ആമുഖങ്ങളും വളച്ചുകെട്ടുമില്ലാതെ അവൻ കാര്യം വെളിപ്പെടുത്തി. ഗായത്രിയെ ആത്മാർത്ഥമായി ഇഷ്ടപ്പെടുന്നെന്നു പറഞ്ഞു.

പരിഭവമൊന്നും വിചാരിക്കരുതെന്ന് ജോണിനോട് ഗായത്രി പറഞ്ഞു. അവൾ ഇഷ്ടപ്പെടുന്നത് പി.കെ. സതീശനെയാണെന്ന് തുറന്നു പറയുകയും ചെയ്തു.

ഗായത്രി ബി.എ. ഇക്കണോമിക്സിന് അതേ കോളേജിൽ തന്നെ ചേർന്നു. എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് ജോൺ സെമിനാരിയിലേക്കും പോയി.

പുറത്തുനിന്നും ഉയർന്നുകേട്ട ബഹളം ഗായത്രിയെ ഓർമ്മകളിൽനിന്നും ഉണർത്തി. കലാലയ ജീവിതത്തിലെ ഊഷ്മളമായ ഓർമ്മകൾകൊണ്ട് ആർദ്രമായ മനസ് നിമിഷനേരംകൊണ്ട് അസ്വസ്ഥമായി. ഗ്രാമത്തിൽനിന്നും ഉയരുന്ന ഓരോ ബഹളങ്ങളും ഏതെങ്കിലുമൊക്കെ മനുഷ്യജീവിതങ്ങൾക്കുമേൽ കനൽക്കട്ടകൊണ്ടുള്ള പൊള്ളിക്കുന്ന പോറലുകളാണ്.

വീടിന്റെ വാതിൽ തുറന്ന് ഗായത്രി ആകാംക്ഷയോടെ പുറത്തേയ്ക്കു നോക്കി. അരുണും കൂടെ പത്തുപന്ത്രണ്ട് ആൾക്കാരും കൂടി ഓടി അവിടേയ്ക്കു വരുന്നു. ഗായത്രിയുടെ ഉള്ളിലൂടെ അരുതായ്കയുടെ തീക്ഷ്ണമായ ഒരു വൈദ്യുതി പ്രവാഹം.

മദ്യപിച്ച് എട്ടുപത്തുപേര് ഇവിടെയെത്തിയിട്ടുണ്ട്. അരുൺ രോഷത്തോടെ പറഞ്ഞു. യുവതികളെ തേടി വന്നതാ. അടുത്ത ദിവസം വിവാഹം നടക്കേണ്ട ശാരദചേച്ചിയുടെ മകൾ ശ്രീലതയെ കയറി ഒരുത്തൻ പിടിച്ചു .

ഗായത്രിയുടെ ഉള്ളിൽ രോഷക്കടൽ ഇരമ്പി. അവൾക്കു മുന്നിൽ ഇരുട്ട് ഭീകരരൂപത്തിൽ താണ്ഡവമാടി.

ആഭാസന്മാരെ അടിച്ച് പുറത്താക്കണം. ഗായത്രി രോഷത്തോടെ ആജ്ഞാപിച്ചു. ഇനി ഒരുത്തനും പുലിംഗവും ഉയർത്തിപ്പിടിച്ച് ഇവിടേയ്ക്ക് വരരുത് .

ഗായത്രി അവരെ നയിച്ച് മുന്നോട്ടു നടക്കുവാൻ തുടങ്ങിയപ്പോൾ അരുൺ വല്ലായ്കയോടെ പറഞ്ഞു. സതീശേട്ടനും അവർക്കൊപ്പമുണ്ട്. .

ചില നിമിഷങ്ങൾ ഗായത്രി സ്ഥലകാലങ്ങൾ വിസ്മരിച്ച് തപ്പിതടഞ്ഞ് നിന്നു. ഞാൻ അവിടേയ്ക്കു വരുന്നില്ല. ഗായത്രി തീരുമാനിച്ചുറപ്പിച്ച് പറഞ്ഞു. നിങ്ങൾ അവരെ കൈകാര്യം ചെയ്ത് പുറത്താക്കിയാൽ മതി. സൂക്ഷിക്കണം. ഈ പ്രവൃത്തിക്കുപിന്നിലും പാർട്ടിതന്നെയാണ് .

ഗായത്രി വല്ലായ്കയോടെ വീടിനുള്ളിലേക്ക് തിരിച്ചു നടന്നു. വാതിൽ അടച്ച് വായനാമുറിയിലേക്കു കടന്നു. അപ്പോൾ അകാരണമായ ഒരു അശാന്തി ഗായത്രിയെ വലയം ചെയ്തു. നാലു ചുമരുകളുള്ള വീടിനുള്ളിൽ തളച്ചിടപ്പെട്ട പാരതന്ത്ര്യത്തിന്റെ അശാന്തിയും ചവിട്ടിയരയ്ക്കപ്പെട്ട സ്ത്രീത്വത്തിന്റെ സംഘർഷവം തമ്മിൽ പോരടിച്ചുകൊണ്ടിരുന്നു.

ഗായത്രി വീടിന്റെ വാതിലുകളും ജനാലകളും ഒന്നൊന്നായി തുറന്നിട്ടു. വായനാമുറിയിൽ നിന്നും കൈയ്യിലെടുത്ത പുസ്തകത്തിലേയ്ക്ക് അപ്പോഴാണ് ശ്രദ്ധിച്ചത്. എൽഫ്രഡ് യല്നക്കിന്റെ

ലസ്റ്റ്. എൽഫ്രഡ് യല്നക്കിന്റെ മുമ്പുവായിച്ച പിയാനോ ടീച്ചറെപ്പറ്റിയും വിമെൻ ആസ് ലവേഴ്സിനെപ്പറ്റിയും ഓർമ്മിച്ചു.

പുറത്തുനിന്നും ഉയർന്നുകേട്ട അട്ടഹാസങ്ങളും രോദനവും തെല്ലുസമയം അങ്ങനെ ശ്രദ്ധിച്ചു നിന്നപ്പോൾ കൈയ്യിലിരിക്കുന്ന ലസ്റ്റ് തറയിലേയ്ക്ക് എറിയുവാൻ തോന്നി.

ഗായത്രിയെറിഞ്ഞ ലസ്റ്റ് തറയിൽ താളുകൾ വിടർന്നാണ് വീണത്. വാതിലുകളിലൂടെയും ജനാലകളിലൂടെയും അടിച്ചു കയറിയ കാറ്റ് ലസ്റ്റിന്റെ താളുകൾ അങ്ങോട്ടുമിങ്ങോട്ടും മറിച്ചുകൊണ്ടിരുന്നു.

പുറത്തുനിന്നും ശബ്ദത്തിലുള്ള അട്ടഹാസങ്ങളും വെല്ലുവിളികളും പരുക്കൻ ഭാവത്തോടെ ഉയർന്നുകൊണ്ടിരുന്നു.

# 5

# കാമവും പ്രതികാരവും

ചില വ്യക്തികളുടെ ജീവിതത്തിൽ എടുക്കുന്ന നിർണ്ണായക തീരുമാനങ്ങൾ മുഴുവൻ പരാജയത്തിലേയ്ക്ക് പോകുന്നതിന്റെ കാരണമെന്ത്? ഗായത്രി ഈ ചോദ്യത്തിന്റെ ഉത്തരത്തിനായി പരതിക്കൊണ്ടിരുന്നു.

ഗായത്രിയെ സംബന്ധിച്ചിടത്തോളം അവൾ ജീവിതത്തിലെടുക്കുന്ന പ്രധാനപ്പെട്ട തീരുമാനങ്ങളെല്ലാം പരാജയമായിത്തീരുകയായിരുന്നു.

അച്ഛന്റെ തണലിൽ നിന്നപ്പോൾ എല്ലാ തീരുമാനങ്ങളും വിജയമായിരുന്നു. ആ തണൽ നഷ്ടപ്പെട്ടതോടെയാണ് പരാജയങ്ങൾ പിന്നാലെ കൂടിയത്.

നാലാം ക്ലാസിലേയ്ക്ക് വിജയിച്ച വർഷം ഏപ്രിൽ മാസം 23-ാം തീയതി രാത്രിയാണ് ജീവിതത്തിലെ ആദ്യത്തെ ദുരന്തം നടന്നത്. ഒരു വർഗ്ഗീയ പാർട്ടിയുടെ ഗുണ്ടകൾ വീട്ടിലെത്തി ആക്രമണം നടത്തി. വടിവാളും ബോംബുമെല്ലാമായുള്ള ആക്രമണത്തിൽ അമ്മ കൊല്ലപ്പെട്ടു. അച്ഛൻ പരുക്കുകളോടെ രക്ഷപെട്ടു. എല്ലാം കണ്ട് ബോധം നശിച്ച ഗായത്രിക്ക് രണ്ടുമൂന്നു ദിവസത്തേയ്ക്ക് സംസാരിക്കാൻകൂടി കഴിഞ്ഞില്ല.

അമ്മയില്ലാത്ത കുറവും ദു:ഖവും അറിയിക്കാതെയാണ് അച്ഛൻ ഗായത്രിയെ വളർത്തിയത്. അകന്ന ബന്ധത്തിൽപെട്ട ശാരദയെന്ന സ്ത്രീ വീട്ടിൽ താമസിച്ചുകൊണ്ട് ഗായത്രിയെ പൊന്നുപോലെ നോക്കി. അച്ഛൻ പാർട്ടിയിൽ വളർന്നു വളർന്ന് സ്റ്റേറ്റ് സെക്രട്ടറിവരെയായി.

കോളേജിൽ എത്തിയപ്പോൾ അച്ഛന്റെ പാർട്ടിയിൽ ചേർന്നതും സജീവമായി പ്രവർത്തിച്ചതും അച്ഛനോടും ആ പാർട്ടിയോടുമുള്ള സ്നേഹംകൊണ്ടുതന്നെയാണ്. ആ തീരുമാനം പഠനത്തെ സാരമായി ബാധിച്ചു.

ദുരിതം അനുഭവിക്കുന്നവർക്ക് സാമ്പത്തിക സഹായം ചെയ്യുന്നതും ബുദ്ധിമുട്ടുകൾ ഉള്ളവരുടെ വിവാഹം നടത്തിക്കൊടുക്കുന്നതും തൊഴിൽ രഹിതർക്ക് അത് നേടിക്കൊടുക്കുന്നതും എം.കെ.കെ യുടെ

പ്രവർത്തനങ്ങളുടെ ഭാഗം തന്നെയായിരുന്നു. മതത്തിലോ മതങ്ങൾ സൃഷ്ടിക്കുന്ന ഈശ്വരബിംബങ്ങളിലോ വിശ്വാസമില്ലായിരുന്ന എം. കെ.കെ. വിവിധ മതത്തിൽപെട്ടവരും സമുദായത്തിൽ പെട്ടവരും തമ്മിലുള്ള വിവാഹത്തെ പ്രോത്സാഹിപ്പിച്ചു. പ്രണയിക്കുന്നവരെ എന്തുവിലകൊടുത്തും സംരക്ഷിക്കുന്നത് എം.കെ.കെ യുടെ നയം തന്നെയായിരുന്നു.

അച്ഛൻ ആദർശ ഗോപുരമായി മുന്നിൽ ഉയർന്നു നിന്ന കാലത്താണ് യുവജന സംഘടനയിൽ സജീവമായിരുന്ന പി.കെ. സതീശനെ ഗായത്രി പരിചയപ്പെടുന്നത്.

ഒരു ദിവസം പാർട്ടിയിലെ ഒരു വിഭാഗം തൊഴിലാളി പ്രവർത്തകരെ ഒരു വർഗ്ഗീയ സംഘടനയിലെ ഗുണ്ടകൾ വെട്ടി പരുക്ക് ഏല്പിച്ചു. പരുക്കേറ്റ പതിനഞ്ചോളം പാർട്ടി പ്രവർത്തകരെ ജില്ലാ അശുപത്രിയിൽ പ്രവേശിപ്പിച്ചു. പലരുടേയും നില ഗുരുതരമായിരുന്നു. അടിയന്തരമായി രക്തം ഏറെ ആവശ്യവുമായിരുന്നു. ഗായത്രിയും ചില പ്രവർത്തകരും അവരുടെ രക്തം പ്രവർത്തകർക്കുവേണ്ടി നല്കി. ബാക്കി രക്തത്തിന് എന്തുചെയ്യുമെന്നോർത്ത് വല്ലായ്കയോടെ ആലോചിച്ചു നിൽക്കുന്ന സമയം രണ്ട് വണ്ടികളിലായി ഇരുപതിലധികം പ്രവർത്തകരെ രക്തദാനത്തിനായി കൂട്ടിക്കൊണ്ടുവന്നത് സതീശായിരുന്നു. ആ സംഭവം ഒരു ദൃഡമായ ബന്ധത്തിന്റെ തുടക്കമായിത്തീരുകയായിരുന്നു.

സതീശനുമായുള്ള ഗായ്തിയുടെ പ്രണയബന്ധം എം. കെ.കെ. യെ അസ്വസ്ഥതപ്പെടുത്തി. എം.കെ.കെ മനസിലെ വല്ലായ്ക ഗായത്രിയോട് തുറന്നു പറഞ്ഞു. സതീശനെ നീ പ്രണയിക്കുന്നത് അച്ഛന് ഇഷ്ടമല്ല. നിന്നെ വിവാഹം കഴിക്കുവാനുള്ള ഒരു യോഗ്യതയും അവനില്ല. മോള് അവനെ മറക്കുവാൻ ശ്രമിക്കണം.

എം.കെ.കെ. യുടെ എതിർപ്പുകളെ ഗായത്രി കാര്യമായെടുത്തില്ല. സ്വന്തം മകളുടെ കാര്യത്തിൽ എം. കെ.കെ സ്വാർത്ഥനാകുവാൻ ശ്രമിക്കുകയാണെന്ന് ഗായത്രി കുറ്റപ്പെടുത്തുകയും ചെയ്തു.

ഗായത്രിയുടെ നിർബന്ധത്തിനും ശാഠ്യത്തിനും വഴങ്ങി. എം. കെ.കെ സതീശനെ വിവാഹം കഴിക്കുവാൻ സമ്മതിച്ചു. ലളിതമായ ചടങ്ങുകളോടെ പാർട്ടിയാഫീസിൽ വെച്ചായിരുന്നു വിവാഹം. പരസ്പരം രക്തഹാരങ്ങൾ അണിയിച്ചു കൊണ്ടുള്ള ഒരു പൊതു ചടങ്ങായിരുന്നു ആ വിവാഹം.

ഗായത്രിയുടെ വിവാഹം കഴിഞ്ഞതോടെ എം. കെ.കെ ആകെ അസ്വസ്ഥനായി. പാർട്ടിയുടെ നിർണ്ണായകമായ പല തീരുമാനങ്ങളിൽ നിന്നും

അകന്നുനിന്നു. ഒന്നരമാസത്തിനുശേഷം നടന്ന പാർട്ടി സംസ്ഥാന സെക്രട്ടറി പദത്തിലേയ്ക്കുള്ള മത്സരത്തിൽ മൂന്ന് വോട്ടുകളുടെ കുറവോടെ പരാജയപ്പെട്ടു. പുതിയ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടത് മങ്ങാട് ശിവനായിരുന്നു. തുടർന്ന് പാർട്ടിയിൽ ഒരു ശിവൻ യുഗത്തിന്റെ തേരോട്ടമാണ് നടന്നത്. അതിനിടയിൽ ഒരു വാഹനാപകടത്തിൽ എം. കെ.കെ കൊല്ലപ്പെട്ടു. പാർട്ടിയിലെ ഒരു വിഭാഗം എം. കെ.കെ യെകൊന്നതാണെന്നുള്ള ആരോപണം പാർട്ടിക്കുള്ളിലും പുറത്തും ശക്തമായിരുന്നു. തെളിവുകൾ ഒന്നുമില്ലാത്തതുകൊണ്ട് അതിനെ ഒരു സ്വാഭാവികമായ അപകടമായിക്കാണുവാനേ പൊതു നിയമത്തിന് കഴിഞ്ഞുള്ളു.

എം. കെ.കെ മരിച്ചതോടെ ആ ഗ്രൂപ്പിൽ നിന്നും ആദ്യം കൂറുമാറി മറുചേരിയിൽ ചേക്കേറിയത് സതീശനായിരുന്നു. യുവജനസംഘടനയുടെ സംസ്ഥാന സെക്രട്ടറി പദം നിലനിർത്തുവാൻ കാലാനുസൃതമായി പ്രവർത്തിക്കേണ്ടിവന്നു എന്നവാദമാണ് സതീശനുണ്ടായിരുന്നത്.

എം. കെ.കെ. യുടെ മരണം സംഭവിച്ച ഉടൻതന്നെ സർവ്വകലാശാലയിൽ ഗായത്രിക്ക് നിയമനം ലഭിച്ചു. പാർട്ടിയുടെ വിശാല ദർശനമായാണ് പലരും ഇതിനെ കണ്ടത്. കഷ്ടപ്പെട്ട് പഠിച്ച് ടെസ്റ്റ് പാസായി ജോലിനേടിയെന്ന വസ്തുത ഏറെ ആൾക്കാരും വിസ്മരിച്ചെന്നുള്ളതാണ് യാഥാർത്ഥ്യം.

എഴുത്തുകാരിയെന്ന നലയിലും സാമൂഹ്യ പ്രവർത്തകയെന്ന നിലയിലും ഗായത്രി ഏറെ ശ്രദ്ധിക്കപ്പെട്ടു തുടങ്ങി. പാർട്ടിയുടെ യുവജന സംഘടന പുനർ സൃഷ്ടിച്ചപ്പോൾ സതീശന് സെക്രട്ടറി പദം നഷ്ടമായി. പാർട്ടിയിലെ മുതിർന്ന നേതാക്കൾക്കും പ്രവർത്തകർക്കുമൊപ്പമുള്ള മദ്യപാനം ക്രമത്തിൽ സതീശന്റെ ശീലങ്ങളുടെ ഭാഗമായി. ഇതിനെല്ലാമിടയിലാണ് ഗായത്രിയുടെ പ്രസവം നടന്നത്.

അന്ന് ഗായത്രിക്ക് തിരക്കിന്റെ ദിവസമായിരുന്നു. ആഗസ്റ്റ് പതിനഞ്ചിന് യഹൂരയിലെ പതാക ഉയർത്തിയത് ഗായത്രിയാണ്. തുർന്ന് യഹൂരയിലെ ജനങ്ങളുടെ കൂട്ടായ്മ നടന്നു. അവിടെവെച്ച് മുൻ നിശ്ചയ പ്രകാരം ഇരുപത്തിയാറ് ജോഡി വധുവരന്മാരുടെ വിവാഹമാണ് നടന്നത്. പത്രമാധ്യമങ്ങളും ടെലിവിഷൻ ചാനലുകളും യഹൂരയിലെ സമൂഹവിവാഹത്തെ കേരളക്കരയിൽ ഒരാഘോഷമാക്കിയെടുത്തു. സമൂഹവിവാഹത്തിന് മുഖ്യകാർമ്മികത്വം നൽകിയത് സരോജിനിയമ്മയാണെന്നുള്ളതും ശ്രദ്ധേയമായിരുന്നു.

വിവാഹാനന്തരം യഹൂരയിലെ ആളുകൾക്കുവേണ്ടി ഒരു സദ്യ നട

ത്തി. സദ്യയ്ക്കുശേഷം അവിടുത്തെ ഒരു പറ്റം യുവാക്കൾ നിറം മങ്ങിയ കൊടികൾ എടുത്തുമാറ്റി കടും നിറമുള്ള ചുവപ്പുകൊടികൾ പകരം സ്ഥാപിച്ചു. അതിനുശേഷം അവർ സംഘം ചേർന്നിരുന്ന് വിപ്ലവഗാന ങ്ങൾ ആലപിച്ചു. രാത്രിയായതോടെ പാട്ടും നൃത്തവുമെല്ലാമായി യഹൂര ആഘോഷത്തിലായി.

അല്പസമയം ആഘോഷങ്ങളിൽ പങ്കെടുത്തതിനുശേഷം മാളു വിനെ സരോജിനിയമ്മയുടെ കൈകളിലേപിച്ചിട്ട് ഗായത്രി റെഡ് റോസി ലേക്ക് നടന്നു. കംപ്യൂട്ടറിനു മുന്നിലിരുന്ന് മെയിലുകൾ വായിക്കുകയും മറുപടി അയക്കുകയും ചെയ്തു. ഏതെങ്കിലുമൊരു സിനിമകാണുവാൻ വെറുതെ ഗായത്രിയുടെ മനസിന് ആഗ്രഹം തോന്നി. ടെലിവിഷന്റെ ചാനലുകൾ മാറ്റി നല്ല സിനിമകൾ ഉണ്ടോയെന്നു പരിശോധിച്ചു. ഷെൽഫിന്റെ സൈഡിലുള്ള ഒരു പെട്ടിയിൽ അടുക്കിവച്ചിരുന്ന ഇംഗ്ലീ ഷ്, ഹിന്ദി, തമിഴ്, മലയാളം തുടങ്ങിയ ഭാഷകളിലെ സിനിമകളിൽ നിന്ന് ഒരു നല്ല സിനിമ കണ്ടെടുക്കുവാൻ തിരഞ്ഞുകൊണ്ടിരുന്നു. അങ്ങനെ തിരയുന്നതിനിടയിലാണ് ഒരു മലയാള സിനിമ കാണണമെന്ന തീരു മാനത്തിലെത്തിയത്.

അവസാനം കാണുവാനായി തിരഞ്ഞെടുത്ത സിനിമ ശ്യാമപ്രസാ ദിന്റെ ഒരേ കടലാണ്. മമ്മൂട്ടിയും മീരാ ജാസ്മിനും മികച്ച അഭിനയ മുഹൂർത്തങ്ങൾ കാഴ്ചവയ്ക്കുന്ന ആ സിനിമ പലപ്രാവശ്യം കാണണ മെന്ന് ആഗ്രഹിച്ചതായിരുന്നു. എന്തോ അതു നടക്കാതെപോകുകയാ യിരുന്നു.

ഗായത്രി ഒരേ കടലിന്റെ സിഡി കംപ്യൂട്ടറിലിട്ട് കാണുവാൻ തുടങ്ങി. വൈകാരികതയുടെ ഒരേ കടലിരമ്പം നായകനും നായിക യ്ക്കുമിടയിൽ ക്രമത്തിൽ രൂപപ്പെടുന്നത് ആകാംക്ഷയോടെ കണ്ടുകൊ ണ്ടിരുന്നു.

സംഗീതം ആലപിച്ചുകൊണ്ടിരുന്ന മൊബൈൽ കൈയ്യിലെടുത്തു. ഷാഫിയാണ് വിളിക്കുന്നത്. എറണാകുളം ലോ കോളജിൽ പഠിച്ചു കൊണ്ടിരുന്നപ്പോൾ ഒരു അടിപിടിയുടെ പേരിൽ പഠനം നിറു ത്തേണ്ടിവന്ന യുവാവാണ് ഷാഫി. പഠനം നിറുത്തിക്കഴിഞ്ഞ് പാർട്ടി യുടെ യുവജന സംഘടനയിൽ സജീവമായി പ്രവർത്തിച്ചു. പാർട്ടിക്കു വേണ്ടി നടത്തിയ ചില അടിപിടികൾ കേസായതോടെ പ്രത്യക്ഷത്തി ലുള്ള രാഷ്ട്രീയ പ്രവർത്തനം അവസാനിപ്പിച്ചു. ഇപ്പോൾ ഒളിവിലുള്ള പ്രവർത്തനങ്ങൾക്കായിട്ടാണ് പാർട്ടി ഷാഫിയെ ഉപയോഗിക്കുന്നത്. പാർട്ടി തന്നെ ബോധപൂർവ്വം നശിപ്പിക്കുകയായിരുന്നുവെന്ന വിശ്വാ സമാണ് ഷാഫിക്കുള്ളത്. അതുകൊണ്ടുകൂടിയാവാം പാർട്ടിയിലെ തിരു

ത്തൽ ശക്തിയായ ഗായത്രിയോട് ഷാഫിക്ക് പ്രത്യേകമായ വാത്സല്യവും ബഹുമാനവുമുണ്ടായത്. എന്തു ചെയ്യുവാനും നടപ്പാക്കാനുമുള്ള ഷാഫി യുടെ നെഞ്ചുറപ്പ് പാർട്ടിയിൽത്തന്നെയുള്ളവരെ അത്ഭുതപ്പെടുത്തുന്ന തായിരുന്നു.

ഗായത്രി മൊബൈയിലിലൂടെ ഷാഫിയുമായി സംസാരിച്ചുതുടങ്ങി.

മൂന്നുനാല് പാർട്ടിക്കാര് നമ്മുടെ ഗ്രാമത്തിൽ പെണ്ണന്വേഷിച്ച് വന്നി ട്ടുണ്ട്. ഷാഫി വല്ലായ്കയോടെ തുടർന്നു. നാരായണിയാണ് ഇപ്പോൾ അവർ സ്വീകരിച്ചിരുത്തിയിരിക്കുന്നത്.

അവരെ തല്ലി ഓടിക്കുവാനുള്ള നെഞ്ചുറപ്പ് ഷാഫിക്കുണ്ടോ? ഗായത്രി രോഷത്തോടെ ചോദിച്ചു.

അവൾക്കൊപ്പം മദ്യലഹരിയിൽ സതീശേട്ടനുമുണ്ട്. ഷാഫി പരു ങ്ങലോടെ പറഞ്ഞു.

അവന്മാരെ വിടരുത്. ഗായത്രി പറഞ്ഞു. ഞാൻ അവിടേക്ക് വരു കയാണ്.

ഗായത്രി ചില നിമിഷങ്ങൾ കൊണ്ട് ഒരു തീരുമാനത്തിലെത്തി. സരോ ജിനിയമ്മയെ ഫോണിൽ വിളിച്ച് രാത്രിയിൽ മാളുവിനെ നോക്കിക്കൊള്ളണമെന്ന് പറഞ്ഞു.

ഗായത്രി അവിടെ നിന്നുമിറങ്ങി നാരായണിയുടെ വീട്ടിലേയ്ക്കു നടന്നു. നാരായണിക്കും അവരുടെ സഹായി അമലയ്ക്കുമൊപ്പമിരുന്ന് മദ്യപിക്കുന്ന സതീശനേയും മറ്റ് മൂന്ന് പുരുഷന്മാരെയും കണ്ടു.

ഗായത്രിയുടെ നെഞ്ചിലൂടെ അരുതായ്കയുടെ കൊള്ളിയാൻ പാഞ്ഞു. മസ്തിഷ്കത്തിൽനിന്നും ഭൂകമ്പത്തിന്റെ ഇരമ്പൽ മുഴങ്ങി. ശരീരം തുള്ളിവിറച്ചു. ചുറ്റും നിൽക്കുന്ന ഗ്രാമീണർക്കു മുന്നിൽ ഗായ ത്രിയൊരു വെളിച്ചപ്പാടായി.

ഗായത്രി അവർക്ക് നടുവിലേയ്ക്കു കയറിച്ചെന്നു. രോഷത്തോടെ എല്ലാവരേയും നേക്കി. സതീശന്റെ മുഖത്ത് അപ്പോൾ ഒരു നിസംഗഭാ വമായിരുന്നു. നാരായണി എന്തിനും തയ്യാറായി നിന്നു. മൊബൈലിൽ ആരുമായോ ബന്ധപ്പെടുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. നാരായണിയുടെ കൈകളിൽ നിന്നും മൊബൈൽ വാങ്ങി ഗായത്രി തറയിലേയ്ക്കെറി ഞ്ഞു. അത് ചിന്നി ചിതറി. മദ്യക്കുപ്പികളും ഭക്ഷണസാദനങ്ങളും തട്ടി തെറിപ്പിച്ചു. കോപത്തോടെ നാരായണിയുടേയും അമലയുടേയും മൂക്കി നിട്ട് ഇടിക്കുകയും കരണത്ത് അടിക്കുകയും ചെയ്തു. അവരെ ഗ്രാമീ ണർക്ക് മുന്നിലേയ്ക്ക് തള്ളിയിട്ടു.

ഷാഫിയുടെ സുഹൃത്ത് വിജയകുമാർ അവിടേയ്ക്ക് ഓടി വന്നു. ചില മാധ്യമ പ്രവർത്തകർ ഗ്രാമകവാടത്തിൽ എത്തിയ വിവരം അറിയിച്ചു.

കംപ്യൂട്ടറിന്റെ സ്ക്രീനിൽ തെളിഞ്ഞുകൊണ്ടിരുന്ന ഇൻഫർമേഷൻപോലെ ഗായത്രിയുടെ മസ്തിഷ്കത്തിൽ വസ്തുതകൾ ഒന്നിനു പിന്നാലെ ഒന്നായി തെളിഞ്ഞുകൊണ്ടിരുന്നു.

ഒരു മാധ്യമപ്രവർത്തകനെയും ഇ ൗ രാത്രിയിൽ ഗ്രാമത്തിനുള്ളിലേക്ക് കടത്തി വിടരുത്. ഗായത്രി നിർദ്ദേശിച്ചു. സെക്സ് വർക്കേഴ്സായ.നാരണിയേയും അമലയേയും ഗ്രാമത്തിൽനിന്നും പുറത്താക്കിയതായി മാധ്യമപ്രവർത്തകരോട് പറയണം അവർക്കു മുന്നിൽ ഇവൻമാരെയും നിരത്തിനിറുത്തി കാണിച്ചുകൊടുക്ക്. ഷാഫിയും കൂടെയുള്ളവരും എന്തു ചെയ്യണമെന്നറിയാതെ ചിലനിമിഷങ്ങൾ സംശയിച്ചുനിന്നു.

ഗായത്രി സതീശന്റെ കോളറിൽ പിടിച്ച്വലിച്ച് തെല്ല് മാറ്റിനിറുത്തിക്കൊണ്ട് പറഞ്ഞു. ഇവനെ ഞാൻ കൊണ്ടുപോകുകയാണ്.

ഷാഫി, മാധ്യമപ്രവർത്തകർക്കുള്ള ചൂടുവാർത്തയുമായി ഇവരെ അവർക്ക് മുന്നിലേയ്ക്ക് കൊണ്ടുചെല്ല് . ഗായത്രി ഉറച്ചശബ്ദത്തോടെ പറഞ്ഞു.

ഷാഫിയും കൂടെയുള്ളവരും ചേർന്ന് നാരായണിയേയും അമലയേയും പിടിച്ചു. തുടർന്ന് മറ്റ് മൂന്നു പുരുഷന്മാരെയും പിടിച്ചുനിരയായി നിറുത്തി. ഗ്രാമകവാടത്തിലേയ്ക്ക് നടത്തി. അങ്ങനെ നടക്കുന്നതിനിടയിൽ എല്ലാവരെയും വെട്ടിച്ച് ഒരുവൻ ഓടി ഇരുളിൽ മറഞ്ഞു. അല്പസമയത്തെ തിരച്ചിലിനുശേഷവും അവനെ പിടിക്കുവാൻ കഴിഞ്ഞില്ല.

കിട്ടിയവരെ പിടിച്ചുകെട്ടി മാധ്യമപ്രവർത്തകർക്കു മുന്നിൽ നിറുത്തിയാൽ മതി. ഗായത്രി പറഞ്ഞു.

ചിതറിക്കിടക്കുന്ന മൊബൈയിൽ ഫോണിന്റെ പാർട്ട്സിനിടയിൽ നിന്നും സിംകാർഡ് എടുത്ത് ഷാഫിയുടെ കൈകളിൽ കൊടുത്തുകൊണ്ട് പറഞ്ഞു. ഇതിൽ സേവ് ചെയ്തിരിക്കുന്ന നംബരുകൾകൂടി അവർക്ക് കാണിച്ചുകൊടുക്കണം.

സതീശൻ നിർജ്ജീവമായൊരവസ്ഥയോടെ അതെല്ലാം കണ്ട് നിൽക്കുകയാണ്. അതൊന്നും ശ്രദ്ധിക്കാതെ ഗായത്രി പറഞ്ഞു. ആരെങ്കിലും രണ്ടോ മൂന്നോ പേര് ചേർന്ന് ഇയാളെ എന്റെ വീട്ടിൽ കൊണ്ടുവന്നാക്കിത്തരണം. ഭാര്യയെഭയപ്പെട്ട് ഭർത്താവ് ഓടിക്കളയാൻ പാടില്ലല്ലോ.

ഷാഫിയും ഗ്രാമത്തിലെ വലിയൊരു സംഘവും ചേർന്ന് നാരായണിയേയും അമലയേയും രണ്ടുപുരുഷന്മാരെയും കൈകൾ ബന്ധിച്ച് മാധ്യമപ്രവർത്തകർക്ക് മുന്നിലേയ്ക്കു നടത്തി. വിജയകുമാറും സജീ

വനും ചേർന്ന് സതീശനെ പിടിച്ച് ഗായത്രിക്ക് പിന്നാലെ നടന്നു.

അല്പം മുന്നോട്ടു നടന്നതിനുശേഷം ഗായത്രി തിരിഞ്ഞു നിന്നു പറഞ്ഞു. വിവാഹം കഴിച്ചവർ ഇ ൗ ബഹളങ്ങൾക്കിടയിൽ അവരുടെ മധുരമായ പ്രഥമരാത്രി നശിപ്പിക്കരുത്. ഇന്ന് ഈ ലോകം കത്തിയെരിഞ്ഞാലും നിങ്ങൾ വിഷമിക്കരുത്, പ്രതികരിക്കരുത്. ഇന്ന് നിങ്ങളുടെ ശരീരങ്ങളുടെ ആഘോഷമാണ്. മനസിന്റെ ഉത്സവമാണ്. അതെല്ലാം അങ്ങനെതന്നെ കൊണ്ടാടണം.

വീടിന് മുന്നിലെത്തിയപ്പോൾ അത് മലർക്കെ തുറന്നു കിടക്കുകയായിരുന്നു. ഗായത്രി തുറന്നു കിടന്ന വാതിലിലൂടെ അകത്തേയ്ക്കു കയറി. സതീശനെ വിജയകുമാറും സജീവനും ചേർന്ന് പിടിച്ച് വീടിനുള്ളിലേയ്ക്കുകയറി.

ഗായത്രി പരിഹാസത്തോടെ സതീശന്റെ മുഖത്തേയ്ക്കു നോക്കി ചിരിച്ചു.

എനിക്ക് എന്റെ ഭർത്താവിനെ ഇഷ്ടമാണ്. ഗായത്രി ഉത്സാഹത്തോടെ പറഞ്ഞു. പക്ഷേ വിശ്വാസമില്ല. എനിക്ക് പറയാനുള്ളത് മുഴുവൻ ഈ ഭർത്താവ് കേട്ടേ മതിയാവൂ.

ഗായത്രി സജീവന്റെയും വിജയകുമാറിന്റെയും കണ്ണുകളിലേയ്ക്ക് ആഴത്തിൽ നോക്കി. വീടിനുള്ളിലെ ഒരു ജനാല ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു. സതീശനെ അതിൽ ഭദ്രമായി കെട്ടിയിടണം. അല്ലെങ്കിൽ നിങ്ങൾ പോയിക്കഴിയുമ്പോൾ ഇവിടെനിന്നും ഇറങ്ങി ഓടിക്കളയുവാനോ എന്നോ ആക്രമിക്കുവാനോ സാദ്ധ്യതയുണ്ട്. ഗായത്രി പറഞ്ഞതുപോലെതന്നെ സജീവനും വിജയകുമാറും അനുസരിച്ചു. അവരെ പറഞ്ഞു വിട്ടതിനുശേഷം ഗായത്രി വാതിൽ അടച്ചു. പിന്നെ സതീശന്റെ അടുത്തേയ്ക്കുചെന്നു. ഗായത്രിയുടെ മുഖത്തേയ്ക്കു നോക്കുവാൻ ശക്തിയില്ലാതെ മുഖം താഴ്ത്തിയാണ് സതീശൻ നിന്നത്.

യേശുക്രിസ്തു കുരിശിൽക്കിടക്കുന്നതുപോലെയുണ്ട് നിന്നെക്കണ്ടാൽ. ഗായ്ത്രി പരിഹാസത്തോടെ സതീശനോടുപറഞ്ഞു. സ്നേഹിച്ചുവിശ്വസിച്ച് കൂടെവന്ന എന്നെ ചതിച്ചിട്ട് മറ്റുസ്ത്രീകളോടൊപ്പം കുടിച്ചുകൂത്താടുവാൻ നിനക്ക് എങ്ങനെയാണ് കഴിയുന്നത്?. വളർന്നുവരുന്ന നമ്മളുടെ മോളെപ്പറ്റി നീ എന്നെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

ഗായത്രിയുടെ ചോദ്യത്തിന് ഉത്തരമൊന്നും പറയാതെ തറയിലേയ്ക്കുനോക്കിയാണ് സതീശൻ നിന്നത്. മുഖം ഉയർത്തികൊണ്ടു പറഞ്ഞു എന്റെ മുഖത്തേയ്ക്കുനോക്ക്.

അഴിച്ചുവിടെന്നെ. സതീശൻ രോഷത്തോടെ പറഞ്ഞു. കുടിക്കുന്നതും മറ്റുസ്ത്രീകളോടൊപ്പം കഴിയുന്നതും എന്റെ അവകാശമാണ്. ഒരിക്കൽ നിന്നെ പ്രണയിച്ചെന്നും വിവാഹം കഴിച്ചെന്നും കരുതി എന്റെ സ്വാതന്ത്ര്യവും സുഖങ്ങളും വേണ്ടെന്നു വയ്ക്കുവാനാകില്ല.

വിവാഹം കഴിക്കുന്നതിനു മുമ്പ് നീ എന്നോടു പറഞ്ഞ സത്യങ്ങൾ ഓർമ്മിക്കുന്നുണ്ടോ? ഗായത്രി ചോദിച്ചു എന്റെ ശരീരവും കാമവുമല്ലാതെ മറ്റൊന്നും ആഗ്രഹിക്കുകയില്ലെന്നു പറഞ്ഞ് എന്റെ കൈകളിൽ മുഖമമർത്തി ആണയിട്ടത് മറന്നുപോയോ?.

നിന്നെ അന്ന് എനിക്ക് വേണമെന്നു തോന്നി. സതീശൻ ന്യായീകരണത്തോടെ പറഞ്ഞു: സ്വന്തമാക്കുവാൻ വേണ്ടി അങ്ങനെ പലതും പറഞ്ഞുകാണും:

ഗായത്രി പ്രതിഷേധത്തോടെ ഇരുകൈകൾകൊണ്ടും സതീശന്റെ നെഞ്ചിനിട്ട് ഇടിച്ചു. രോഷം അണപൊട്ടിയപ്പോൾ ഇട്ടിരുന്ന ഷർട്ടുകൾ വലിച്ചുകീറി.

എനിക്ക് നിന്നെ കാണുന്നതുപോലും വെറുപ്പാ. സതീശൻ കോപത്തോടെപറഞ്ഞു. നിന്റെ ശരീരം കാണുന്നത് ജഡം കാണുന്നതുപോലെയാ.

ഗായത്രിയുടെ സർവ്വ നിയന്ത്രണവും വിട്ടു. അവൾ സതീശന്റെ മുഖത്ത് അടിക്കുകയും ശരീരത്തിൽ ഇടിക്കുകയും ചെയ്തു. അതിനുശേഷം ഭിത്തിയിൽ ചാരിനിന്ന് അടക്കാനാവാത്ത വ്യഥയോടെ കരഞ്ഞു. തെല്ല് സമയത്തിനുശേഷം ഒരു കത്തിയെടുത്ത് സതീശന്റെ കഴുത്തിൽ ചേർത്തുപിടിച്ചു.

പറയ് ..എന്നെ ഇഷ്ടമാണോ? ഗായത്രി ചോദിച്ചു. ഭയന്ന് വിറയ്ക്കുകയും വിയർത്ത് ഒഴുകുകയും ചെയ്ത സതീശൻ വിറയാർന്ന ശബ്ദത്തിൽ പറഞ്ഞു ഇഷ്ടമാണ്.... ഇനി നിന്നെ ഞാൻ ചതിക്കില്ല.... സത്യം.....സത്യം.

ഗായത്രി വന്യമായ ശബ്ദത്തിൽ അട്ടഹസിച്ചു. സതീശന്റെ കഴുത്തിൽ വച്ചിരുന്ന കത്തി മെല്ലെ താഴേയ്ക്കു താഴ്ത്തികൊണ്ടിരുന്നു. നെഞ്ചിലൂടെയും സഞ്ചരിച്ച് വയറിനു മുകളിലൂടെയും പുക്കിളിന്റെ മുകളിൽ വന്നുനിന്നു. ഗായത്രി വിജയഭാവത്തിൽ സതീശന്റെ കണ്ണുകളിലേയ്ക്കു നോക്കി. കത്തി അല്പം കൂടി താഴേയ്ക്കു താഴ്ത്തി പാൻസ് മുറിച്ചുമാറ്റി. അവനെ നഗ്നനാക്കി നിറുത്തി.

വായനാമുറിയിലെ ഷെൽഫിൽനിന്നും പുസ്തകങ്ങൾ തട്ടിവീഴുന്ന ശബ്ദം കേട്ടു. ഗായത്രി അവിടേയ്ക്കു നോക്കിയപ്പോൾ നിലത്ത് ചിതറിക്കിടക്കുന്ന പുസ്തകങ്ങളാണ് കണ്ടത്. സ്റ്റാനിസ്ലവസ്കിയുടെ

ബിൽഡിങ്ങ് എ ക്യാരക്ടർ! എന്ന ഗ്രന്ഥം ഏറ്റവും മുകളിലായി തല തിരിഞ്ഞ് കിടക്കുന്നു. ഷെൽഫിന്റെ പിന്നിൽ നിന്നും ഒരു പുരുഷൻ മെല്ലെ നീങ്ങിവരുന്നു. അയാൾ ആകെ ഭയന്നാണിരിക്കുന്നത്. ഗ്രാമകവാടത്തിലേയ്ക്ക് നടക്കുന്നിതിനിടയിൽ രക്ഷപെട്ടവൻ.

ഗായത്രിയുടെ രോഷം ഇരമ്പി. അവന്റെ അടുത്തേക്ക് പാഞ്ഞെത്തി. കൈയ്യിലിരുന്ന കത്തിയെടുത്ത് അവന്റെ ശരീരത്തിൽ വരഞ്ഞു. രക്തം ചുവപ്പ് സൃഷ്ടിച്ച് തറയിലേക്ക് വീണു.

ഭയന്നു വിറച്ചുനിൽക്കുന്ന ആ പുരുഷന് തിരിച്ച് പ്രതികരിക്കാനുള്ള ശക്തിയില്ലെന്ന് ഗായത്രിക്കു മനസിലായി. അവൾ മുൻവശത്തെ വാതിൽ വലിച്ചു തുറന്നു. പുറത്ത് മഴതിമിർത്ത് പെയ്യുകയാണ്. മിന്നലുകളും ഇടിനാദവും ചേർന്ന് തിമിർത്താടുന്ന മഴയ്ക്ക് താണ്ഡവഭാവമാണ്. തുറന്ന വാതിലിലൂടെ ആ പുരുഷനെ പുറത്തേക്കുതള്ളി.

വാതിൽ ശക്തിയോടെ അടച്ചു. രക്തത്തിന്റെ നനവ് വീണ കത്തിയും കൈയ്യിൽ പിടിച്ചുകൊണ്ട് ഗായത്രി ഉറച്ച കാൽവെയ്പുകളോടെ സതീശന്റെ അടുത്തേയ്ക്കു നടന്നു.

# 6

# കാറ്റും കോളും

പ്രഭാതത്തിലെ തെളിഞ്ഞ ആകാശം. സൂര്യൻ യഹൂരയ്ക്കുമേൽ നേരത്തെതന്നെ രശ്മികൾ വീഴ്ത്തി. അവിടുത്തെ കടും ചുവപ്പ് കൊടികൾ പ്രഭാതത്തിലെ ചെറുകാറ്റിൽ ഇളകിയാടി. പുതിയ ഊർജ്ജവും ചൈതന്യവും പകർന്നു കിട്ടിയതിന്റെ പ്രസരിപ്പ് ഗ്രാമീണരിൽനിന്നും ചുവപ്പ് കൊടികളിലേക്കും പ്രസരിച്ചെത്തിയ സവിശേഷമായൊരവസ്ഥ.

തലേദിവസത്തെ ആഘോഷം വിവാഹിതരെ മാത്രമല്ല അവർക്ക് ആശംസയർപ്പിച്ചവരെയും മധുരമായ ആലസ്യത്തിലാഴ്ത്തിയിരുന്നു. എല്ലാവരും മെല്ലെ ഉണർന്നു കഴിഞ്ഞതോടെ ഗ്രാമം സജീവമായി.

അന്നത്തെ ദിനപത്രങ്ങളിൽ പലതിലും ഗ്രാമത്തിലെ തിന്മയുടെ മൂർത്തരൂപമായ നാരായണിയെ പിടിച്ച് പുറത്താക്കിയ ചിത്രങ്ങളും വാർത്തകളുമാണുള്ളത്. നാരായണിയുടെ സിംകാർഡിൽ ആഭ്യന്തരമന്ത്രിയുടെയും ജില്ലാ സെക്രട്ടറിയുടെയും സ്ഥലം എം.പിയുടെയും എം.എൽ.എയുടെയുമെല്ലാം നമ്പരുകളുണ്ടായിരുന്നു. യഥാർത്ഥത്തിൽ ആ സംഭവം കേരളക്കരയിൽ പുതിയ വിവാദങ്ങൾക്ക് തുടക്കം കുറിച്ചു.

സതീശനെ ബന്ധനത്തിൽനിന്നും ഗായത്രി അഴിച്ചുവിട്ടിരുന്നു. സതീശന്റെ എല്ലാ പ്രശ്നങ്ങൾക്കും കാരണം കേവലമായ ആനന്ദത്തിനു വേണ്ടി തുടങ്ങിയ മദ്യപാനവും നിയമരഹിതമായ ജീവിതവും പകർന്നു നൽകിയ മനോരോഗമാണെന്ന് ഗായത്രി ആത്മാർത്ഥമായി വിശ്വസിച്ചു. സതീശന് നല്ലൊരു ചികിത്സ കൊടുക്കിന്നതിനെപ്പറ്റിയാണ് തുടർന്ന് അവൾ ചിന്തിച്ചത്.

അരുണിന്റെയും ഷാഫിയുടെയും സഹായത്തോടെ സതീശനെ ഡോ. ജയിംസ് മാത്യുവിന്റെ അടുത്ത് കൗൺസലിങ്ങിനായി കൊണ്ടു ചെന്നു.

ഡോക്ടറുടെ നിർദ്ദേപ്രകാരം സതീശനെ അവിടെ കിടത്തി ചികിത്സിക്കുവാൻ തീരുമാനിച്ചു. ഇപ്പോഴത്തെ സാഹചര്യത്തിൽ സതീശൻ അവിടെ കഴിയുന്നതാണ് സുരക്ഷിതമെന്ന് ഗായത്രിയുടെ മനസ്സും മന്ത്രിച്ചുകൊണ്ടിരുന്നു.

പോലീസ്കസ്റ്റഡിയിൽനിന്നും പുറത്തുവന്ന നാരായണി മാധ്യമ പ്രവർത്തകരുടെ മുന്നിൽ ചില വെളിപ്പെടുത്തലുകളൊക്കെ നടത്തി. എന്റെ ശരീരവും സ്നേഹവും ആഗ്രഹിച്ചുവന്നത് ഗായത്രിയുടെ ഭർത്താവായ സതീശനാണ്. ഗായത്രി ബലമായി സതീശനെ എന്റെ അടുത്തുനിന്നും പിടിച്ചുകൊണ്ടുപോകുകയായിരുന്നു...

നാരായണിയിടെ വെളിപ്പെടുത്തലുകൾക്ക് മാധ്യമങ്ങൾ അത്ര പ്രസക്തിയൊന്നും കൊടുത്തില്ല.

പാർട്ടിയിലെ ഒരു വിഭാഗം എന്നെ വിഷമിപ്പിക്കുന്നതിനും ഒറ്റപ്പെടുത്തുന്നതിനും തന്ത്രപൂർവ്വം ഞാനും സതീശനും തമ്മിലുള്ള ബന്ധത്തിൽ വിള്ളലുകൾ വീഴ്ത്തുകയായിരുന്നു . ഗായത്രി ആത്മാർത്ഥതയോടെ പറഞ്ഞു. ഈ പ്രസ്താവനയ്ക്കാണ് മാധ്യമങ്ങൾക്ക് പ്രാധാന്യം കൊടുത്തത്. കേരളത്തിലെ ഏറ്റവും പ്രചാരമുള്ള ദിനപത്രത്തിന്റെ ഞായറാഴ്ച പതിപ്പിൽ ഗായത്രിയുടെ ജീവിതത്തിൽ സംഭവിച്ച ദുരന്തങ്ങളെപ്പറ്റി തുറന്നെഴുതി. വിജയമോഹനന്റെ നിർദ്ദേശത്തിനും നിർബന്ധത്തിനും വഴങ്ങിയാണ് ഗായത്രി എല്ലാം തുറന്ന് എഴുതുവാൻ തീരുമാനിച്ചത്.

ഗായത്രി തുറന്നെഴുതിയത് ഇങ്ങനെ സംഗ്രഹിക്കാം: പാർട്ടിയുടെ ജില്ലാസമ്മേളനം നടക്കുന്ന സമയം. സാംസ്കാരിക പരിപാടികൾ നടക്കുന്ന ദിവസം ഗായത്രിയുടെ കവിതാലാപനവും ഉണ്ടായിരുന്നു. കവിതാലാപനം കഴിഞ്ഞ് ഗായത്രിയെ പലരും നിറഞ്ഞ മനസ്സോടെ അഭിനന്ദിച്ചു. ജില്ലാ സെക്രട്ടറി പ്രതാപനും അഭിനന്ദിക്കുവാനെത്തി. രാത്രിയായപ്പോൾ ഗായത്രിയെ കാറിൽ വീട്ടിലാക്കാമെന്ന് പ്രതാപൻ പറഞ്ഞു.

വീട്ടിലേയ്ക്ക് കാറിൽ പോകുമ്പോൾ ഗായത്രിയോടൊപ്പം തന്നെ പിൻസീറ്റിൽ പ്രതാപനുമുണ്ടായിരുന്നു. എം.കെ.കെയുടെ വാത്സല്യവും സഹായവും കൊണ്ടാണ് പ്രതാപൻ പാർട്ടിയിൽ വളർന്നതെന്ന് പറഞ്ഞു. അങ്ങനെ ഓരോന്ന് സംസാരിക്കുന്നതിനിടയിൽ ഗായത്രിയുടെ സൗന്ദര്യത്തെപ്പറ്റിയും പരാമർശിച്ചു. സൗന്ദര്യം ആഘോഷിക്കാനും ആസ്വദിക്കാനുമുള്ളതാണെന്ന് പറഞ്ഞുകൊണ്ട് മെല്ലെ ഗായത്രിയുടെ

കൈകളിൽ സ്പർശിച്ചു.

ഷോക്കടിച്ചതുപോലെ ഗായത്രി കൈകൾ പിൻവലിക്കുകയും രൂക്ഷമായി പ്രതാപനെ നോക്കുകയും ചെയ്തു.

പാർട്ടിയിൽ സതീശനെക്കാൾ വളരെ മുകളിലാണ് തന്റെ സ്ഥാനമെന്നും സ്റ്റേറ്റ്സെക്രട്ടറി താൻ പറയുന്നതുപോലെയെ പ്രവർത്തിക്കുകയുള്ളൂവെന്നും പ്രതാപൻ ഉറച്ച ശബ്ദത്തിൽ പറഞ്ഞു.

ഗായത്രിയുടെ നെഞ്ചിടിപ്പ് വർദ്ധിക്കുകയും ശരീരം വിറയ്ക്കുകയും വിയർക്കുകയും ചെയ്തു. ആപത്തൊന്നും വരുത്തരുതെന്ന് മനസുരുകി സർവ്വശക്തികളോടും പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ പ്രതാപൻ ഗായത്രിയുടെ അടുത്തേയ്ക്ക് ചേർന്നിരുന്നു. അവളെ ബലമായി പിടിച്ച് ചുണ്ടുകളിൽ ചുംബിച്ചു. ഗായത്രി ശബ്ദമുയർത്തി കരഞ്ഞു. കാറിന്റെ ഡോർ തുറന്ന് പുറത്തേയ്ക്ക് ചാടുവാൻ തുടങ്ങി.

പ്രതാപന്റെ നിർദ്ദേശപ്രകാരം ഡ്രൈവർ കാറുനിറുത്തി. രാത്രിയിൽ വിജനമായ ആ സ്ഥലത്ത് ഗാത്രിയെ ഇറക്കിവിട്ടു. കാറിന്റെ ഡോറ് വലിച്ചടച്ചതിനുശേഷം ഉറച്ച ശബ്ദത്തിൽ പറഞ്ഞു. പ്രതാപൻ ആഗ്രഹിക്കുന്നതു സ്വന്തമാക്കിയ ചരിത്രമേയുള്ളൂ. നിന്റെ ഈ എതിർപ്പും പ്രതിഷേധവുമെല്ലാം കാണാൻ നല്ല രസമുണ്ട്. ഇതിന്റെയെല്ലാം ഒടുവിൽ നീ എന്റെയടുത്ത് വരും ഇല്ലെങ്കിൽ ഞാൻ വരുത്തും.

കാറ് മുന്നോട്ടു പോയിക്കഴിഞ്ഞപ്പോൾ ഗായത്രി ഇരുട്ടിൽ ഭയന്നുനിന്ന് തപ്പിത്തടഞ്ഞു. ഹാൻബാഗിൽനിന്നും മൊബൈലെടുത്ത് സതീശനെ വിളിച്ചു. അപ്പോൾ പരിധിക്കു പുറത്താണെന്നാണ് അറിയുവാൻ കഴിഞ്ഞത്. ഉടൻ തന്നെ പരിചയമുള്ള ഓട്ടോക്കാരൻ സന്തോഷിനെ വിളിച്ചു. ഒരു ഓട്ടംപോയി തിരിച്ചുവന്ന സന്തോഷ് ഗായത്രിക്കുമുന്നിൽ വണ്ടിനിറുത്തി. ഗായത്രി വേഗം തന്നെ ഓട്ടോയിൽ കയറി. സന്തോഷിന്റെ ചോദ്യങ്ങൾക്കൊന്നും ഇത്തരം പറയാതെ അസ്വസ്ഥതയോടെയാണ് ഓട്ടോയിലിരുന്നത്

പിറ്റേദിവസം ഓഫീസിലിരുന്ന് ഗായത്രി ഫയലുകൾ നോക്കുകയായിരുന്നു. വേണുഗോപാൽ അവിടേയ്ക്കു വന്ന് ഒരു കസേര വലിച്ച് ഗായത്രിയോട് ചേർന്നിരുന്നു. തലേദിവസം അവതരിപ്പിച്ച കവിതാലാപനം നന്നായിരുന്നെന്നു പറഞ്ഞു. അങ്ങനെ ഓരോന്ന് സംസാരിക്കുന്നതിനിടയിൽ ഗായത്രിയെ ഇഷ്ടമാണെന്ന് പറഞ്ഞ് മെല്ലെ കൈകളിൽ പിടിച്ചു. ഗായത്രി രോഷത്തോടെ അവനോട് അവിടെനിന്നും

പോകുവാൻ പറഞ്ഞു. ശബ്ദംകേട്ട് അടുത്ത കസേരകളിലിരുന്നവരെല്ലാം അവിടേയ്ക്കുവന്നു. വേണുഗോപാൽ നാടകീയമായി എല്ലാവരോടുമായി ക്ഷമപറഞ്ഞതിനുശേഷം ഗായത്രി ക്ഷണിച്ചിട്ടാണ് വന്നതെന്നു പറഞ്ഞു.

ഓഫീസിലുള്ള സഹപ്രവർത്തകരുടെ നിർദ്ദേശത്തിനു വഴങ്ങി വേണുഗോപാലിനെതിരെ വൈസ്ചാൻസിലർക്കും രജിസ്റ്റട്രാർക്കും പരാതി നൽകി. അടുത്ത ദിവസം യൂണിവേഴ്സിറ്റിയിലെത്തിയ ഗായത്രി ഞെട്ടിപ്പോയി. ചുവരുകളിലെല്ലാം ഗായത്രിയുടെ സ്വഭാവദൂഷ്യത്തിന്റെയും ലൈംഗികാസക്തിയുടെയും വർണ്ണനകളോടു കൂടിയ പോസ്റ്ററുകൾ. ചില സ്ഥലങ്ങളിൽ രാത്രിയിൽ ബന്ധപ്പെടുവാനുള്ള മൊബൈൽ നമ്പരും എഴുതിയിരിക്കുന്നു. ഗായത്രി രണ്ടു ദിവസത്തെ ലീവെടുത്ത് വീട്ടിലേയ്ക്കു മടങ്ങി. മൊബൈലിലേയ്ക്ക് അശ്ളീലചുവയുള്ള സംഭാഷണങ്ങളും അന്വേഷണങ്ങളും വന്നപ്പോൾ സിംകാർഡ് മാറി പുതിയ നമ്പർ സ്വീകരിച്ചു.

രണ്ടുദിവസത്തിനുശേഷം ഓഫീസിലെത്തിയപ്പോൾ ഗായത്രി ശരിക്കും വിയർത്തുപോയി. ഗായത്രിയുടെ പരാതിയും ഗായത്രിക്കെതിരെ വേണുഗോപാൽ കൊടുത്ത പരാതിയും അന്വേഷിച്ച് റിപ്പോർട്ട് വരുന്നതുവരെ ശമ്പളരഹിത അവധിയെടുക്കുവാൻ യൂണിവേഴ്സിറ്റി അധികൃതർ നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ വേണുഗോപാലിനെതിരെ ഒരു പരാമർശവും അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടായില്ല.

മൂന്നുമാസം കഴിഞ്ഞിട്ടും അന്വേഷണ റിപ്പോർട്ട് തയ്യാറായില്ല. പലപ്രാവശ്യം ഗായത്രിയെ ഓഫീസിൽ വിളിച്ച് അന്വേഷണങ്ങൾ നടത്തി. ഈ ഘട്ടത്തിലാണ് പ്രതാപൻ വീണ്ടും ബന്ധപ്പെടുന്നത്. പ്രതാപൻ പറയുന്നതുപോലെ അനുസരിച്ചാൽ ജോലിയിൽ തിരിച്ച് പ്രവേശിക്കാം. അല്ലെങ്കിൽ അത് നഷ്ടപ്പെടുമെന്ന ഭീഷണിയും മുഴക്കി.

ഒരു രാഷ്ട്രീയ പ്രസ്ഥാനം ഒന്നാകെ ഗായത്രി മോശക്കാരിയാണെന്ന് വിളിച്ചുപറയുകയും പ്രചരിപ്പിക്കുകയും ചെയ്തതോടെ അവൾ സമൂഹത്തിൽ തന്നെ ഒറ്റപ്പെട്ടുതുടങ്ങി. ഭർത്താവ് വീട്ടിൽനിന്നും ഇറക്കിവിട്ടു. അന്ന് ആശ്രയം നൽകിത് സഖാവ് ചിത്രഭാനുവിന്റെ ഭാര്യ സരോജിനിയമ്മയാണ്. അവർ താമസിക്കുന്ന ഗ്രാമത്തിലെ വീട്ടിലാണ് ഗായത്രിക്ക് ഇടം നൽകിയത്.

ആരുമറിയാതെ ഒരു പ്രസിദ്ധീകരണ സ്ഥാപനത്തിലാണ് അവൾ ഇപ്പോൾ ജോലി ചെയ്യുന്നത്. ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്കും മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേക്കും തർജ്ജമ ചെയ്ത് നൽകുന്നു.. വീട്ടിലിരുന്നാണ് ജോലികൾ ചെയ്യുന്നത്. സ്ഥാപനത്തിൽ നേരിട്ട് ചെല്ലുവാൻ അവർ അനുവദിക്കുകയില്ല. ആ സ്ഥാപനം ഏതെന്ന് പുറത്തറിഞ്ഞാൽ പാർട്ടിക്കാര് ഒരു സമരത്തിന്റെയോ ഹർത്താലിന്റെയോ മറവിൽ അത് തല്ലി നശിപ്പിക്കുമോയെന്ന് അവർ ഭയപ്പെടുന്നു. ജീവിക്കാൻ പാടുപെടുന്ന ഗായത്രിയുടെ സ്വഭാവദൂഷ്യത്തെപ്പറ്റി ഇല്ലാത്ത വാർത്തകൾ പ്രചരിപ്പിക്കാൻ പ്രതാപൻ തന്ത്രപൂർവ്വം സതീശനെയും ഉപയോഗിച്ചുകൊണ്ടിരുന്നു.

ഗായത്രിയുടെ പുതിയ വെളിപ്പെടുത്തൽ അക്ഷരാർത്ഥത്തിൽ കേരളത്തിലെ ജനങ്ങളെ സ്തബ്ധരാക്കി. പാർട്ടിപ്രവർത്തകർതന്നെ പാർട്ടിയുടെ നീതിരഹിതമായ ക്രൂരപ്രവർത്തനങ്ങൾക്കെതിരെ ശബ്ദിച്ചുതുടങ്ങി. പാർട്ടിയിൽനിന്നും പലഘട്ടങ്ങളായി പുറത്തേയ്ക്കു പോയവരും പുറത്താക്കപ്പെട്ടവരും ഗായത്രിയുടെ സംരക്ഷണം ആവശ്യപ്പെട്ട് പ്രകടനങ്ങൾ നടത്തി.

നഗരത്തിലെ പൗരസമിതി ടൗൺ ഹാളിലേയ്ക്ക് ഗായത്രിയെ ക്ഷണിച്ചു. പൊതുജനങ്ങളോടും മാധ്യമ പ്രവർത്തകരോടും സംസാരിക്കുന്നതിനു വേണ്ടിയാണ് ക്ഷണിച്ചത്. മാളവികയെ പതിവുപോലെ സ്നേഹപൂർവ്വം സരോജനിയമ്മയുടെ കൈകളിൽ ഏല്പിച്ചു. ഒരു അംബാസിഡർ കാറിൽ ഷാഫിയോടും രേണുകിയോടുമൊപ്പം നഗരത്തിലേയ്ക്ക് യാത്രയായി. രേണുക കഴിഞ്ഞ ദിവസം വിവാഹിതയായവളാണ്. ഗായത്രി കൂടെ പോരേണ്ടാന്നു പറഞ്ഞിട്ടും ഒരു സഹായത്തിന് എന്നു പറഞ്ഞാണ് രേണുകി കാറിൽ കയറിയതാണ്.

ഗായത്രി കയറിയ കാറ് നിരത്തിലൂടെ ടൗണിലേയ്ക്ക് പോയ്ക്കൊണ്ടിരിക്കുകയാണ്. ഒരു കറുത്ത സ്കോർപ്പിയോ അവരെ പിൻതുടരുന്നതായി ഷാഫിക്ക് തോന്നി. ഷാഫി ആ വിവരം ഗായത്രിയോടു പറഞ്ഞു. ഷാഫി പോലീസിലേയ്ക്കും ഗായത്രി പരിചയമുളള മാധ്യമ സുഹൃത്തുക്കൾക്കും ഫോൺ ചെയ്തു. അപ്പോഴാണ് മുന്നിലൂടെ ഒരു ടിപ്പർലോറി പാഞ്ഞു വരുന്നതുകണ്ടത്.

ഷാഫിയുടെ മനസ്, വരാൻ പോകുന്ന അപകടം ഗ്രഹിച്ചു. ടിപ്പർലോറി കാറിനു മുന്നിലേയ്ക്ക് വെട്ടി തിരിഞ്ഞുവന്നതും ഷാഫി കാറിന്റെ സ്റ്റിയറിങ്ങിൽ പിടിച്ച് തിരിച്ച് കാറ് റോഡിൽനിന്ന് പുറത്തേയ്ക്ക്

ചാടിച്ചതും ഒരുമിച്ചായിരുന്നു. ടിപ്പർലോറി റോഡിൽനിന്ന് ഇറക്കി കാറിന്റെപിന്നിൽ ഇടിച്ചു. ആ ഇടിയിൽ കാറ് അല്പംകൂടി മുന്നോട്ടു തെന്നിമാറി. ടിപ്പർ ലോറിയുടെ ചക്രങ്ങൾ പൂഴിയിൽ താഴ്ന്ന് കറങ്ങുവാൻ തുടങ്ങിയതുകൊണ്ട് മുന്നോട്ടും പുറകോട്ടും പോകുവാൻ കഴിയാതെ കിടന്നു.

ആയുധങ്ങളുമായി ചിലർ സ്കോർപിയോയിൽ നിന്നും ചാടി ഇറങ്ങുന്നത് ഗായത്രിയും ഷാഫിയും കണ്ടു. വിജനമായ ആ സ്ഥലത്തുവെച്ച് മരണം സംഭവിക്കുമെന്ന് അവർ ഉറച്ചു വിശ്വസിച്ചു. ഷാഫിയും ഗായത്രിയും രേണുകയും ഡ്രൈവറും കാറിൽനിന്നും പുറത്തേയ്ക്കിറങ്ങി. ഗായത്രിയോട് ഓടിരക്ഷപ്പെടുവാൻ ഷാഫി നിർദ്ദേശിച്ചു. ഗായത്രി ഒന്നു സംശയിച്ചുനിന്നിട്ട് മുന്നോട്ട് ഓടിത്തുടങ്ങി. രേണുകയും ഗായത്രിക്കുപിന്നാലെ ഓടി.

ഷാഫിയും ഡ്രൈവറും ചേർന്ന് ആയുധങ്ങളുമായി വരുന്നവരെ നേരിടുവാൻ ഉറച്ചു. കാറിനുപിന്നിൽ നിന്നും നീളമുള്ള രണ്ട് ലിവറുകളെടുത്ത് ഷാഫിയും, ഡ്രൈവറും ആയുധങ്ങളുമായി ഓടിയെത്തിയ ആറംഗസംഘത്തെ നേരിട്ടു. അല്പസമയത്തെ സംഘർഷത്തിനുശേഷം വടിവാളുകൊണ്ടുള്ള വെട്ടേറ്റ് ഷാഫി നിലത്തുവീണു. എസ് ആകൃതിയിലുള്ള കത്തികൊണ്ട് കുത്തേറ്റ ഡ്രൈവർ പ്രാണനും കൊണ്ട് ഓടി.

ഉയർത്തിപ്പിടിച്ച ആയുധങ്ങളുമായി ഗുണ്ടകൾ ഗായത്രിക്കുപിന്നാലെ ചെന്നു. ഗായത്രി റോഡിലൂടെ രക്ഷിക്കണേ..... യെന്ന് അലറിക്കരഞ്ഞുകൊണ്ട് സർവ്വശക്തിയും സംഭരിച്ച് ഓടുവാൻ തുടങ്ങി. പിന്നാലെ അതിലും ഉച്ചത്തിൽ കരഞ്ഞുകൊണ്ട് രേണുകയുമുണ്ട്.

ഓടുന്നതിനിടയിൽ ഗായത്രിയുടെയുള്ളിൽ മരണത്തിന്റെ കറുത്തപൊട്ട് പാറിവീണു. കാലുകളിൽനിന്നും ഒരു വിറയൽ ശരീരത്തിലൂടെ തലയിലേയ്ക്ക് പ്രവേശിച്ചു. കണ്ണിനു മുന്നിൽ മനുഷ്യർ കാലന്റെ രൂപം പ്രാപിക്കുന്നതുപോലെ തോന്നി. നിഴലുകൾ ഇളകിയാടി. സൈഡ് റോഡിൽനിന്നും ഒരു ലോറി പ്രധാന നിരത്തിലേക്കു പ്രവേശിച്ചു. ഗായത്രി ഓടിക്കിതച്ച് അതിനു മുന്നിൽ തളർന്നിരുന്നു. രേണുകയെ പിടിച്ച് അടിക്കുകയും ഇടിക്കുകയും ചെയ്യുന്നത് വല്ലായ്കയോടെ കണ്ടു. ഇതിനിടയിൽ ഗായത്രിയുടെ തോളിൽ ഒരു കൊടുവാൾ വീണു.

ലോറിയിൽനിന്നും ഒരുപറ്റം തൊഴിലാളികൾ അലറിക്കൊണ്ട്

റോഡിലേയ്ക്കു ചാടി. അല്പസമയത്തിനുശേഷം കണ്ണുതുറന്ന ഗായത്രി കാണുന്നത് ആയുധങ്ങളുമായി പിന്നാലെ വന്നവരെ ലോറിയിൽ വന്ന തൊഴിലാളികൾ ഓടിക്കുന്നതാണ്. ഷാഫിയേയും രേണുകിയേയും പറ്റി പറയാൻ ശ്രമിച്ചെങ്കിലും അതിനു കഴിയാതെ ഗായത്രി മയക്കത്തിലേയ്ക്ക് തെന്നിവീണു.

ബോധം തെളിയുമ്പോൾ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലായിരുന്നു. തോളിലേറ്റ വെട്ട് അത്ര സാരമല്ലെന്ന് അടുത്തുനിന്ന ഡോക്ടർ തന്നെ പറഞ്ഞു. പുറത്ത് കാവൽ നിൽക്കുന്ന പോലീസുകാരുടെ എണ്ണം കണ്ട് ഗായത്രിയുടെ മനസ് അസ്വസ്ഥമായി. ഗായത്രി വല്ലായ്കയോടെ ഡോക്ടറോടു പറഞ്ഞു. ഈ പോലീസുകാരെയെല്ലാം കാണുമ്പോൾ എനിക്ക് ഭയം തോന്നുന്നു. ഇവരെല്ലാം തന്നെ പാർട്ടിയുടെ യൂണിഫോമണിഞ്ഞ ഗുണ്ടകളാണ്. എനിക്ക് എന്റെ കൂടെയുള്ളവരെ കാണണം .

നിയമം വിട്ട് എനിക്ക് ഒന്നും ചെയ്യാനാവില്ല . ഡോക്ടർ പറഞ്ഞു. ഇപ്പോൾ ഗായത്രി ഞങ്ങളോട് സഹകരിക്കണം.

എന്റെ കൂടെയുണ്ടായിരുന്ന ഷാഫിക്കും രേണുകക്കും എന്തുപറ്റി?. ഗായത്രി ചോദിച്ചു.

ഷാഫിയുടെ നില ഗുരുതരമാണ്. ഡോക്ടർ മനസ്സില്ലാമനസ്സോടെ പറഞ്ഞു. രേണുകക്ക് വലിയ പ്രശ്നമില്ല.

ഇതേ സമയം മെഡിക്കൽ കോളേജിനു മുന്നിൽ വലിയ ഒരു കൂട്ടം ജനങ്ങൾ തടിച്ചുകൂടി. മാധ്യമപ്രവർത്തകർ അവിടെ നടക്കുന്ന സംഭവങ്ങൾ ലൈവായി വാർത്താ ചാനലുകളിലൂടെ കാണിച്ചുകൊണ്ടിരുന്നു. ഗായത്രിയുടെ ശരീരത്തിൽ അവശേഷിക്കുന്ന ജീവൻകൂടി എപ്പോൾ വേണമെങ്കിലും അപഹരിക്കപ്പെടാമെന്ന വാർത്തയിലെ പരാമർശം ജനങ്ങളെ ക്ഷുഭിതരാക്കി. അവർ ഹോസ്പിറ്റലിന്റെ വാതിലുകൾ തല്ലിത്തകർക്കുകയും പോലീസുകാരെ കായികമായി കൈകാര്യം ചെയ്യുകയും ചെയ്തു. ഈ അവസരം പ്രയോജനപ്പെടുത്തി വാർത്താ ചാനലുകളിലെ റിപ്പോർട്ടർമാർ ക്യാമറയുമായി ഗായത്രിയുടെ അടുത്തെത്തി.

ഭരണത്തിലിരിക്കുന്ന പാർട്ടിക്കാർ തന്നെയാണ് എന്നെ കൊല്ലാൻ ശ്രമിച്ചത്. ഗായത്രി തുടർന്നു: ആരാണ് ശത്രു, ആരാണ് മിത്രമെന്നു തിരിച്ചറിയാനാവാത്ത അവസ്ഥയിലാണ് ഞാനിപ്പോൾ .

ഗുണ്ടകളുടെ ആക്രമണത്തിൽ മരിച്ച കാറിന്റെ ഡ്രൈവറുടെ ശരീരം

ഉയർത്തിപ്പിടിച്ച് ജനം നഗരത്തിൽ പ്രകടനം നടത്തി. ഘാതകരെ ഉടൻ അറസ്റ്റ് ചെയ്യുക. ഗുണ്ടകളെ സംരക്ഷിക്കുകയും സൃഷ്ടിക്കുകയും ചെയ്യുന്ന ആഭ്യന്തരമന്ത്രിയെ പുറത്താക്കുക... ശക്തമായ മുദ്രാവാക്യം വിളികൊണ്ട് അന്തരീക്ഷം ശബ്ദകലുഷിതമായി.

വാർത്തകൾ ആവേശത്തോടെ മത്സരിച്ച് ചാനലുകൾ ലൈവായി അവതരിപ്പിച്ചുകൊണ്ടിരുന്നു. ഭരിക്കുന്നവർക്കും അവരുടെ പാർട്ടിക്കും എതിരെയുള്ള വികാരം ശക്തിയുള്ള ഒരു മാധ്യമ കാറ്റായി കേരളത്തിലാകെ പരന്നു.

# 7

# കൂട്ടായ്മയുടെ പുതിയ ശക്തി

അന്ന് പ്രതിക്ഷേധത്തിന്റെ ദിനമായിരുന്നു. ഗുണ്ടകളുടെ ആക്രമണത്തിൽ മരിച്ച ഡ്രൈവർ വിജയന്റെ ശരീരം സംസ്കരിച്ചത് ഗ്രാമത്തിലെ ശ്മശാനത്തിലാണ്. രക്തകളറുള്ള പുഷ്പങ്ങളും തോരണങ്ങളും ചാർത്തി ശവകുടീരം അലങ്കരിച്ചു.

ഗായത്രിയെ കൊല്ലാൻ കൊട്ടേഷൻ കൊടുത്തവരെ കണ്ടെത്തണമെന്ന ആവശ്യവുമായി പലയിടത്തും പ്രകടനങ്ങൾ നടന്നു. ചില സ്ഥലങ്ങളിൽ ഗതാഗതം തടഞ്ഞും മറ്റുചിലയിടങ്ങളിൽ യോഗങ്ങൾ ചേർന്നും പ്രതിഷേധം സജീവമായി. യഹൂര ഉൾപ്പെടുന്ന പ്രദേശത്തെ പഞ്ചായത്ത് മെമ്പർമാർ എല്ലാവരും ഒരുമിച്ച് രാജി സമർപ്പിച്ചു. പ്രതിക്ഷേധത്തിന്റെ ദൃശ്യങ്ങളും വാർത്തകളും ടെലിവിഷൻ ചാനലുകൾ ലൈവായി പ്രദർശിപ്പിച്ചുകൊണ്ടിരുന്നു.

ടിപ്പർലോറിയുടെ ഡ്രൈവറെയും സഹായിയേയും അറസ്റ്റ് ചെയ്തു. വിജയനോടുള്ള മുൻ വൈരാഗ്യമാണ് ആക്രമണത്തിനു കാരണമെന്നാണ് ഡ്രൈവർ മൊഴിനൽകിയത്. ഒരു ദിവസം കഴിഞ്ഞപ്പോൾ കേരളത്തിലെ  ഒരു നഗരത്തിൽ നിന്നും സ്കോർപിയോയിലെത്തിയ രണ്ട് ഗുണ്ടകളെ പോലീസ് കസ്റ്റഡിയിലെടുത്തു. മറ്റു രണ്ടുപേർ നാടകീയമായി എറണാകുളത്തെ കോടതിയിൽ കീഴടങ്ങി.

ആഭ്യന്തരമന്ത്രി കൊലപാതകത്തിന്റെ കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് പത്രസമ്മേളനം നടത്തി. ഗുണ്ടാസംഘങ്ങൾ തമ്മിലുള്ള കുടിപ്പകയാണ് വിജയന്റെ മരണത്തിനു കാരണമെന്നാണ്  ആഭ്യന്തരമന്ത്രി പറഞ്ഞത്. കൊന്നവരുടെ സംഘത്തിലെ അംഗമായിരുന്നു വിജയനും. കൂറുമാറി സ്വന്തമായി ഒരു ഗുണ്ടാസംഘം രൂപീകരിക്കുവാനുള്ള ശ്രമ

ത്തിനിടയിലാണ് അയാൾ കൊല്ലപ്പെട്ടത്. മറ്റൊരു സംഘം വളർന്നുവരുന്നതിലുള്ള അസ്വസ്ഥതയും സ്വന്തം സംഘത്തിന്റെ രഹസ്യങ്ങൾ ചോർന്നു പോകുമെന്നുള്ള ഭയവുമാണ് കൊലപാതകത്തിൽ കലാശിച്ചതെന്നും മന്ത്രി വിശദീകരണമായി പറഞ്ഞു. ഗായത്രിയും ഷാഫിയും രേണുകയുമെല്ലാം യാദൃച്ഛികമായി ആക്രമിക്കപ്പെടുകയായിരുന്നെന്നും പറഞ്ഞ് മന്ത്രി പത്രസമ്മേളനം നിറുത്തി.

മാധ്യമപ്രവർത്തകർ സംശയങ്ങളുമായി മന്ത്രിയെ വളഞ്ഞു. യുവ വ്യവസായി സാജൻ ജോർജ്ജിന്റെ വധത്തിൽ മന്ത്രിയുടെ പുത്രനാണ് പങ്കെങ്കിൽ ഇതിൽ മന്ത്രിയ്ക്ക് നേരിട്ടാണ് പങ്കെന്നാണ് പൊതുജനം പറയുന്നത്. ഇതിൽ എന്തെങ്കിലും സത്യമുണ്ടോ?

സത്യവും അസത്യവും തീരുമാനിക്കുന്നത് പൊതുജനങ്ങളല്ല. മന്ത്രി തെല്ല് രോഷത്തോടെ പറഞ്ഞു. പോലീസ് വസ്തുനിഷ്ഠമായി തെളിവുകളുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ അന്വേഷിച്ചു വരുകയാണ്. കുറ്റവാളി എത്ര ഉന്നതനായാലും നിയമത്തിനു മുന്നിൽ കൊണ്ടുവരുകതന്നെ ചെയ്യും.

ഗായത്രിയപ്പോൾ പാർട്ടിക്ക് അകത്താണോ? പുറത്താണോ? . ഒരു ചാനലിലെ ലേഖകൻ ആകാംഷയോടെ തിരക്കി.

പാർട്ടിക്ക് ഒരു പാട് പ്രവർത്തകരുണ്ട്. മന്ത്രി പറഞ്ഞു. എല്ലാവരെയും അറിയുകയെന്നു പറയുന്നത് അസാധ്യമാണ്. അന്വേഷിച്ചതിനുശേഷം നിങ്ങളുടെ ചോദ്യത്തിന് ഉത്തരം പറയാം.

എം. കെ.കെ യെ ഇപ്പോഴും പാർട്ടി അംഗീകരിക്കുന്നുണ്ടോ? മറ്റോരു ലേഖകൻ ചോദിച്ചു. ഒരാലോചനയ്ക്കുശേഷം മന്ത്രി പറഞ്ഞു.

എം. കെ.കെ യെപ്പോലുള്ളവരുടെ രക്തവും വിയർപ്പുമാണ് ഈ പാർട്ടിയുടെ അടിത്തറ.

തുടർന്ന് ഉയർന്നു വന്ന ചോദ്യങ്ങളൊന്നും കേട്ടില്ലെന്നു ഭാവിച്ച് മന്ത്രി പോലീസുകാർക്കും പ്രവർത്തകർക്കും ഇടയിലൂടെ മൊബൈൽ ഫോണിൽ സംസാരിച്ച് മുന്നോട്ട് നടന്നു.

ആഭ്യന്തര മന്ത്രിയുടെ പത്രസമ്മേളനം ആവർത്തിച്ച് ടെലിവിഷൻ ചാനലുകളിൽ പ്രദർശിപ്പിച്ചുകൊണ്ടിരുന്നു. യഹൂരയിലെ റെഡ് റോസിലിരുന്ന് ഗായത്രി അതെല്ലാം കണ്ടുകൊണ്ടിരുന്നു. അവിടേയ്ക്ക് ജന

പക്ഷ ഏകോപന സമിതിയുടെ ചെയർമാൻ ആർ.എം. പവിത്രൻ കടന്നു വന്നു. കൂടെ യഹൂരയിലെ ചില പാർട്ടി പ്രവർത്തകരുമുണ്ടായിരുന്നു. ഭരണത്തിലിരിക്കുന്ന പാർട്ടിയോടുള്ള എതിർപ്പ് പരസ്യമായി പറഞ്ഞതിന്റെ പേരിൽ പാർട്ടിയിൽ നിന്നും പുറത്തിറക്കിയ വ്യക്തിയാണ് ആർ. എം. പവിത്രൻ. അടിസ്ഥാനപരമായ തത്ത്വങ്ങളിൽ നിന്നും തത്ത്വശാസ്ത്രങ്ങളിൽ നിന്നും വ്യതിചലിച്ച് ചിലർക്ക് മാത്രം അധികാരം നിലനിർത്തുവാനും പണം സമ്പാദിക്കുവാനുള്ള മാധ്യമമായി പാർട്ടിയെ തരം താഴ്ത്തുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തണമെന്ന പ്രസ്താവനയാണ് പവിത്രനെ പുറത്താക്കുവാനുള്ള കാരണം.

പവിത്രനെ പരിചയപ്പെടുത്തിക്കൊണ്ട് സംസാരിച്ചത് സഖാവ് കരുണാകരനാണ്. പാർട്ടിയുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങളിൽ മനം നൊന്ത് പ്രവർത്തനങ്ങൾ നിറുത്തിയ എഴുപതുകൾ പിന്നിട്ട വ്യക്തിയാണ് സഖാവ് കരുണാകരൻ. പാർട്ടിക്കുള്ളിൽ നിന്നുകൊണ്ട് അതിനെ നേർവഴിക്ക് നടത്താനാവില്ല. സഖാവ് കരുണാകരൻ പറഞ്ഞു. അത് അത്രമാത്രം ചീഞ്ഞുനാറിക്കഴിഞ്ഞു. പാർട്ടിക്കുപുറത്ത് കമ്മ്യൂണിസത്തിന്റെ തത്ത്വങ്ങൾ ശരിയായരീതിയിൽ നടപ്പാക്കമെന്നുള്ളവരെ സംഘടിപ്പിച്ചുകൊണ്ടേ നമുക്കിനി മുന്നോട്ട് പോകുവാൻ കഴിയൂ. ഒരു മൗനത്തിനു ശേഷം സഖാവ് കരുണാകരൻ തുടർന്നു. പ്രതികരിക്കാതെയും പ്രവർത്തിക്കാതെയുമിരുന്നാൽ ഒരു നല്ല തത്ത്വശാസ്ത്രമാണ് ചീഞ്ഞളിഞ്ഞ് പോകുന്നത്. അതിന്റെ ദുർഗന്ധത്തിൽ നിന്നും പടരുന്ന മാരകരോഗം കൊണ്ട് പലരും ആയുസെത്താതെ ചാകുകയും ചെയ്യും. ഒരു കൂട്ടായ്മ , അതിലൂടെ രൂപപ്പെടുന്ന പൊതുജനശക്തി, അതിൽനിന്നു മാത്രമേ ഇനി നന്മ പ്രതീക്ഷിക്കുവാനാകൂ.

കരുണേട്ടൻ പറയ്, ഞാനെന്താണ് വേണ്ടത്? ഗായത്രി തുടർന്നു പറഞ്ഞു. അനുഭവും പരിചയവുമുള്ള നിങ്ങൾ പറയുന്നതെന്തും ഞാൻ ചെയ്യാം, എന്റെ ശരീരത്തിൽ ജീവൻ നിലനിൽക്കുന്നിടത്തോളം കാലം.

തൃശൂർ, പാലക്കാട്, മലപ്പുറം, തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിലെല്ലാം പാർട്ടിയോട് വിയോജിപ്പുള്ളവർ സംഘടിച്ച് പ്രവർത്തിക്കുന്നുണ്ട്. പവിത്രൻ പറഞ്ഞു: എല്ലാവരെയും ഏകോപിപ്പിച്ചുകൊണ്ട് ഒരു കൊടിക്കു കീഴിൽ നിറുത്തി പ്രവർത്തിപ്പി

ക്കണം. അതിനു കഴിയുന്ന ഒരു ഏകോപന ശക്തിയായി ഞങ്ങൾ കാണുന്നത് ഗായത്രിയെയാണ്.

അധികാരവും ശക്തിയുമുള്ള വലിയൊരു പ്രസ്ഥാനത്തോട് ഏറ്റുമുട്ടുവാനുള്ള എന്ത് ഉർജ്ജമാണ് നമുക്കുള്ളത്?. ഗായത്രി ചോദിച്ചു. അങ്ങനെ ഏറ്റുമുട്ടുന്നവർ ജീവിച്ചിരിക്കുമെന്ന് എന്തെങ്കിലും ഉറപ്പുണ്ടോ?

പരാജയം, മരണം തുടങ്ങിയവ എങ്ങനെയൊക്കെയോ സംഭവിക്കുന്ന പ്രതിഭാസങ്ങളാണ് . പവിത്രൻ തുടർന്നു പറഞ്ഞു. വിജയം, നിലനിൽപ് എന്നിവയും സംഭവിക്കുന്നത് യാദൃച്ഛികതകളുടെ ഫലമായാണ്. അതുകൊണ്ട് അവയെപറ്റിയൊക്കെ ഇപ്പോൾ ചിന്തിക്കുന്നതിൽ അർത്ഥമില്ലെന്നാണ് എനിക്കുതോന്നുന്നത്.

അവർ സംസാരിക്കുന്നിടത്തേയ്ക്ക് സരോജിനിയമ്മ കടന്നുവന്നു. വിജയവും അധികാരകസേരകളും ആഗ്രഹിക്കുമ്പോഴാണ് പിടിച്ചുനിൽപ് പ്രശ്നമാകുന്നത്. സരോജിനിയമ്മ ഒരു താത്ത്വികയെപ്പോലെ പറഞ്ഞു. സമൂഹത്തിന്റെ നന്മയയക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മ. അഴിമതികൾക്കും തിന്മകൾക്കുമെതിരെ പ്രതികരിക്കുന്ന ഒരു നവശക്തി. അതിന് നമ്മളൊക്കെ വിശ്വസിക്കുന്ന പ്രത്യയശാസ്ത്രത്തിന്റെ പിൻബലം കൂടിയാകുമ്പോൾ ചിന്തിക്കുന്നവർക്കും നന്മയാഗ്രഹിക്കുന്നവർക്കും നമ്മളോടൊപ്പം കൂടാതിരിക്കാനാവില്ല.

അവർ അങ്ങനെ സംസാരിച്ചിരിക്കുമ്പോൾ യഹൂരയിലെ ജനങ്ങൾ അവിടേയ്ക്ക് എത്തിക്കൊണ്ടിരുന്നു. അവർ ഏകസ്വരത്തിൽ മുദ്രാവാക്യങ്ങൾ മുഴക്കി. രക്തവും പ്രാണനും നൽകി ഗായത്രിയുടെ പിന്നിൽ അടിയുറച്ചു നിൽകുമെന്ന് ദൃഡപ്രതിജ്ഞ ചെയ്തു. പാർട്ടിയിലെ രക്തദാഹികളുടെയും അഴിമതിക്കാരുടെയും ഗുണ്ടകളുടെയും കൈകളിൽ നിന്ന് രക്ഷിക്കണമെന്ന് ഏകമനസോടെ ആവശ്യപ്പെട്ടു.

കമ്മ്യൂണിസ്റ്റ് ഏകോപന സമിതിയെന്ന പേരിൽ ഒരു പുതിയ കൂട്ടായ്മ രൂപീകരിക്കുവാൻ അവർ നിശ്ചയിച്ചു. ത്രൃശൂർ, പാലക്കാട്, മലപ്പുറം, തുരുവനന്തപുരം, കോട്ടയം, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നെല്ലാം ഈരണ്ട് പേരെ വിളിച്ചുവരുത്തി തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് എങ്ങനെ മുന്നോട്ടു കൊണ്ടുപോകാമെന്ന് ആലോചിക്കുവാനും തീരുമാനിച്ചു.

ഗായത്രിയുടെ നേതൃത്വത്തിൽ റെഡ്റോസിലിരുന്ന് എടുത്ത തീരുമാനം മാധ്യമങ്ങൾ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചു. പഴയകാല പ്രവർത്തകർ പലരും ഗായത്രിക്ക് പിൻതുണ പ്രഖ്യാപിക്കുന്നത് വാർത്തയായി മാധ്യമങ്ങൾ അവതരിപ്പിച്ചുകൊണ്ടിരുന്നു.

കമ്മ്യൂണിസ്റ്റ് ഏകോപന സമിതി നഗരത്തിൽ വിളിച്ചുകൂടിയ പൊതുസമ്മേളനത്തിലെ ശ്രദ്ധാകേന്ദ്രം ഗായത്രിയായിരുന്നു. അൻപതിനായിരത്തിരത്തിലധികം ആളുകൾ ആ യോഗത്തിൽ പങ്കെടുക്കുവാനെത്തി. ഉശിരുള്ള ചുമന്ന കൊടികൾ കൊണ്ടും ശക്തിയുള്ള മുദ്രാവാക്യങ്ങൾ കൊണ്ടും സമ്മേളനം സജീവമായി.

ഗായത്രിയുടെ പ്രസംഗം വികാരനിർഭയവും പ്രതീക്ഷ നൽകുന്നതുമായിരുന്നു. അവിടെ കൂടിയിരുന്നവർ ശ്വാസമടക്കിയാണ് പ്രസംഗം കേട്ടുകൊണ്ടിരുന്നത്. അവരുടെ പ്രസംഗം ഇങ്ങനെ സംഗ്രഹിക്കാം.

പ്രതികരണശേഷിയുള്ള ചുവപ്പ് രക്തം സിരകളിലൊഴുകുന്ന സഖാക്കളെ, പരസ്പര സ്നേഹം, വിശ്വാസം, വിശ്വസ്തത, പ്രതീക്ഷ, ദേശസ്നേഹം, സമഭാവന, സമത്വചിന്ത, തൊഴിലിനോടുള്ള സ്നേഹം, അറിവിനോടുള്ള ആഗ്രഹം തുടങ്ങിയവയെല്ലാം കൈമുതലായിട്ടുള്ള നമ്മൾക്ക് വിശാലവും വിപുലവുമായ ഒരു പരസ്യമുണ്ട്. തൊഴിലുറപ്പിന്റെയും ന്യായമായ കൂലിയുറപ്പിന്റെയും സമാധാനപരമായ കുടുംബജീവിതത്തിന്റെയും അഴിമതിരഹിതമായ ഭരണത്തിന്റെയും ആർഭാടരഹിതമായ ഭരണസംവിധാനത്തിന്റെയും പുത്തൻ സംസ്കാരം സൃഷ്ടിച്ചെടുത്ത ചരിത്രമുണ്ട്. വർഗ്ഗസ്നേഹത്തിന്റെ വിപുല വിസ്തൃതമായ മേഖലകളിൽ സൃഷ്ടിച്ചെടുത്ത സൗഹൃദത്തിന്റെ ഇഴയടുപ്പമുള്ള നീണ്ട ചങ്ങലകൾ നമ്മളെയെല്ലാം സഖാക്കളാക്കി. അധികാരം ആത്യന്തിക ലക്ഷ്യമായിരുന്നില്ല. പ്രസ്ഥാനത്തിന്റെ വളർച്ചയും പ്രസ്ഥാനത്തിലുള്ളവരുടെ ഉന്നമനവുമായിരുന്നു ആത്യന്തികലക്ഷ്യം.

അധികാരം ചിലരെ അധികാരഭ്രാന്തന്മാരാക്കി. മറ്റുചിലർക്ക് സമ്പത്ത് ശേഖരിക്കുന്നതിനുള്ള മാർഗ്ഗങ്ങളാക്കി. പാർട്ടിയുടെ തത്ത്വങ്ങൾ പ്രസംഗങ്ങളിലും പ്രസ്താവനകളിലും മുഴങ്ങികേൾക്കുന്ന കോലാഹലങ്ങളായി. പ്രവർത്തനങ്ങൾ സാധാരണ പ്രവർത്തകരെ പാർശവൽക്കരിക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്ന രീതിയിലായി. പ്രതികരി

ക്കുന്നവരെയും പ്രതിക്ഷേധിക്കുന്നവരെയും പാർട്ടി സംവിധാനം ഉപയോഗിച്ച് വെട്ടിനിരത്തുന്നത് നിത്യ സംഭവങ്ങളായി. പാർട്ടിപ്രവർത്തകരിൽ ചിലരെ ഗുണ്ടകളായി പരിവർത്തനപ്പെടുത്തി. പിരിവുകൾ പാർട്ടിയുടെ പേരിലാണെങ്കിലും പണം ചെന്നെത്തുന്നത് ചിലരുടെമാത്രം സുഖജീവിതങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിനായി. വർഗ്ഗ ശത്രുക്കളെന്നു വിശേഷിപ്പിച്ച ബൂർഷകൾ പല പാർട്ടി പ്രമാണിമാരുടെയും സുഹൃത്തുക്കളുടെയും പങ്കുകച്ചവടക്കാരുമായി.

പാർട്ടിക്കുള്ളിൽ അതിലെ പ്രവർത്തകർ പോലും പീഡിതരാകുന്ന അവസ്ഥ സാധാരണമായി. ഇതിനെല്ലാമൊരു മാറ്റം അനിവാര്യമായിരിക്കുന്നു. കൃത്യമായിപറഞ്ഞാൽ പ്രസ്ഥാനത്തിനുള്ളിൽത്തന്നെ ഒരു പ്രതിവിപ്ലവം നടക്കേണ്ട സമയം സമാഗതമായിരിക്കുന്നു. ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഞാനൊരു നിമിത്തമായിത്തീർന്നെന്നു മാത്രം.

പ്രതിവിപ്ലവം ശക്തവും രക്തരൂഷിതവുമാകുമ്പോൾ ചിലപ്പോൾ ഞാൻ തന്നെ തുടച്ചുനീക്കപ്പെടാം. വർഗ്ഗവഞ്ചകർ എപ്പോഴും സഹപ്രവർത്തകരുടെ രക്തത്തിനുവേണ്ടി ദാഹിക്കുന്നവരാണ്. . നമ്മളുടെ ചരിത്രം പരിശോധിച്ചാൽ അത് മനസിലാക്കാവുന്നതേയുള്ളൂ. വിജയന്റെ കൊലപാതകത്തിൽ അവസാനിച്ച ഗുണ്ടാവിളയാട്ടം യഥാർത്ഥത്തിൽ എന്റെ പ്രാണനുവേണ്ടിയുള്ളതായിരുന്നു. ചിലപ്പോൾ വിധി സത്യത്തിന്റെ സംരക്ഷകരാകുന്നുണ്ട്. ആ സംരക്ഷണയിൽ മാത്രമാണ് ഞാൻ രക്ഷപെട്ടത്. എന്നാൽ എന്റെ അച്ഛൻ എം.കെ.കെ. യുടെ മരണത്തിൽ സംശയത്തിന്റെ കറുത്ത യവനിക ഇപ്പോഴും താഴ്ന്നുതന്നെയാണിരിക്കുന്നത്. വിധിയുടെ സംരക്ഷണം അദ്ദേഹത്തിനു ലഭിച്ചില്ല.

ടെലിവിഷൻ ചാനലുകൾ, പത്രമാധ്യമങ്ങൾ തുടങ്ങിയവയെല്ലാമാണ് നമ്മുടെ നാട്ടിലെ ജനാധിപത്യത്തിന്റെ ശക്തരായ വക്താക്കളും സംരക്ഷകരുമായി ഇപ്പോൾ നിലനിൽക്കുന്നത്. ശബ്ദം ദുർബലമായിക്കൊണ്ടിരിക്കുന്ന പ്രതിപക്ഷം സംഘടിത ശക്തിക്കുമുന്നിൽ പതറിനിൽക്കുകയാണ്. യഥാർത്ഥത്തിൽ ജനങ്ങൾക്ക് ആശ്രയിക്കാവുന്ന പ്രസ്ഥാനങ്ങൾ ഏതെങ്കിലും ഈ നാട്ടിലുണ്ടോ? ഇല്ലെങ്കിൽ എന്താണ് അതിനു കാരണമെന്നുള്ളത് അന്വേഷിക്കേണ്ടത് നമ്മളുടെ കടമയാണ്. വാർത്താമാധ്യമങ്ങളെ ചീത്തപറയുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നവർ സത്യ

ത്തിന്റെ മുഖമാണ് മൂടിക്കെട്ടുന്നത്.

അധികാരം ലക്ഷ്യമല്ല. അധികാരത്തിലിരിക്കുന്നവർ തിരുത്തുവാനും നല്ലത് പ്രവർത്തിക്കുവാനും മടിച്ചാൽ അവർക്കെതിരെ നമ്മൾക്ക് പ്രവർത്തിക്കേണ്ടിവരും. ആ പ്രവർത്തനത്തിന് മുന്നിൽനിന്ന് നേതൃത്വം നൽകുവാൻ ഞാൻ തയ്യാറാണ്. എന്റെ പ്രാണൻ ശരീരത്തിലുള്ളിട ത്തോളം കാലം നന്മയുടെ പക്ഷത്തുനിന്ന് നിങ്ങൾക്കുവേണ്ടി പ്രവർത്തി ക്കും...സത്യം .........സത്യം. ഈങ്കിലാബ് സിന്ദാബാദ്
അവിടെ കൂടിയിരുന്ന ജനങ്ങൾ ഈങ്കിലാബ് സിന്ദാബാദ് എന്ന് ഏറ്റു വിളിച്ചു.

യോഗത്തിൽ പങ്കെടുക്കുന്നവരെ പിന്നിൽനിന്നും ലാത്തിവീശി പോലീസ് ആക്രമിക്കുവാൻ തുടങ്ങി. യാതൊരു പ്രകോപനവുമില്ലാതെ പോലീസിന്റെ ഭാഗത്തുനിന്നുമുള്ള ആക്രമണം ജനങ്ങളെ ചിതറിച്ചു തുടങ്ങി. ചിലർ പ്രതികരിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുവാൻ മുതിർന്നെങ്കിലും പോലീസിന്റെ അധികാരബലത്തിനുമുന്നിൽ പിടിച്ചു നിൽക്കുവാൻ കഴിഞ്ഞില്ല. പോലീസിന്റെ ആക്രമണം ടെലിവിഷൻ ചാനലുകൾ രേഖപ്പെടുത്തിയെടുത്ത് ലൈവായി പ്രദർശിപ്പിക്കുവാൻ തുടങ്ങി.

ഗായത്രി രണ്ടും കല്പിച്ച് ജനത്തെ ആക്രമിക്കുന്ന പോലീസിന്റെ അടുത്തേയ്ക്കുനടന്നു. സഹപ്രവർത്തകർ ഗായത്രിയെ തടയാൻ ശ്രമി ച്ചിട്ടും അവർ മുന്നോട്ടുതന്നെ നടന്നു. മാധ്യമസംഘം എല്ലാം രേഖപ്പെ ടുത്തിക്കൊണ്ട് ഗായത്രിയുടെ പിന്നാലെകൂടി.

പോലീസ് സംഘത്തിന്റെ വലയത്തിനുള്ളിൽ നിൽക്കുന്ന മേഖലാ ഐ.ജി. ശിവശങ്കറുടെ മുന്നിൽ രോഷത്തോടെ ഗായത്രിയെത്തി.

ലാത്തിവീശിയുള്ള ഈ കപടനാടകം അവസാനിപ്പിച്ചില്ലെങ്കിൽ താനുപ്പെടെയുള്ളവർ ഇവിടെനിന്നും പോകുന്നത് നല്ല കോലത്തിലാ യിരിക്കില്ല. ഗായത്രിയുടെ രോഷം വാക്കുകളായി പുറത്തുവന്നുകൊ ണ്ടിരുന്നു. അറുന്നൂറിലധികം കോടികളുള്ള സി.ഡികൾ വിറ്റും കൂട്ടി കൊടുത്തും സമ്പാദിച്ചതിന് സംസ്ഥാനത്തെ ആഭ്യന്തരമന്ത്രി ബഹുമ തിയായി വെച്ചുതന്ന ഈ പദവി, അയാളവരെ തിരഞ്ഞെടുത്ത ഈ ജനം അങ്ങ് തിരിച്ചുമേടിക്കും. ഈ ജനകീയകോടതി മരണം വിധി

ച്ചാൽ അതും നിങ്ങൾ സ്വീകരിക്കേണ്ടിവരും.

ഐ.ജി. ശിവശങ്കർ രോഷത്തോടെ ചുറ്റും നോക്കിയപ്പോൾ കാണുന്നത് ക്യാമറകളുമായി നിൽക്കുന്ന മാധ്യമപ്രവർത്തകരെയാണ്. ഇതേ സമയം തന്നെ ചിതറിയോടിയ ജനങ്ങൾ കൈയ്യിൽകിട്ടിയ പത്തലുകളും കല്ലുകളുമായി അവരെയെല്ലാം വളഞ്ഞുകഴിഞ്ഞിരുന്നു.

ഒന്നിനുപുറകെ ഒന്നായി പോലീസ് വാഹനങ്ങൾ അവിടേക്കു വന്നുകൊണ്ടിരുന്നു. അതിൽ നിന്നെല്ലാം ആയുധധാരികളായ പോലീസുകൾ ചാടി പുറത്തേയ്ക്ക് ഇറങ്ങിക്കൊണ്ടിരുന്നു.

എന്തും സംഭവിക്കാവുന്ന നിമിഷങ്ങൾ

സമാധാനപരമായി നടന്ന സമ്മേളനത്തെ എന്തിനാണ് ഒരു കാരണവുമില്ലാതെ പോലീസുകാർ ഭീഷണിപ്പെടുത്തി ഓടിക്കുവാൻ ശ്രമിക്കുന്നത്? ടെലിവിഷൻ ചാനലിലെ ലേഖകരുടെ ചോദ്യത്തിനുമുന്നിൽ ഐ.ജി. ശിവശങ്കർ പതറിനിന്നു. ഗായത്രിയുടെ ന്യായമായ വിലയിരുത്തലിനോട് എന്താണ് താങ്കൾ പ്രതികരിക്കാത്തത്.?

ചില പോലീസുകാർ ചേർന്ന് മാധ്യമപ്രവർത്തകരെ തള്ളിമാറ്റുവാനും അവരുടെ ക്യാമറകൾ കേടുവരുത്തുവാനും ശ്രമിച്ചു. മാധ്യമപ്രവർത്തകർക്കൊപ്പം ജനങ്ങൾ കൂടി രോഷത്തോടെ പ്രതികരിക്കുവാൻ തുടങ്ങിയതോടെ പോലീസുകാർ അനുസരണയുള്ളവരായി.

വർഷകാലത്തിന്റെ സാന്നിദ്ധ്യം അറിയിച്ചുകൊണ്ട് മാനത്തുനിന്നും ശക്തമായ ഇടിനാദം മുഴങ്ങി. കാറ്റ് ശക്തിയോടെ വീശിത്തുടങ്ങി. കാറ്റിൽ ചാറിവീണ മഴത്തുള്ളികൾക്കു പിന്നാലെ ശക്തമായ മഴയും പെയ്തുതുടങ്ങി.

പോലീസുകാർ അവരുടെ സങ്കേതങ്ങളിലേയ്ക്കും ജനങ്ങൾ അവരുടെ വീടുകളിലേയ്ക്കും മടങ്ങി. ഗായത്രി യോഗം നടന്ന സ്ഥലത്തെ സ്റ്റേജിനു മുന്നിൽ നനഞ്ഞുകുളിച്ച് നിൽക്കുകയാണ്. അവർക്കൊപ്പം ഗ്രാമത്തിലെ നാലഞ്ചുപേർ മാത്രമാണ് ഇപ്പോഴുള്ളത്.

ആളും ആരവുമില്ലെങ്കിൽ ഒരു നേതാവിന് എന്താണ് പ്രസക്തി?. ഗായത്രി കൂടെ നിൽക്കുന്നവരോട് ചോദിച്ചു.

മഴയുടെ തണുപ്പ് നല്ലതുപോലെ ശരീരത്തിൽക്കയറിയ അവർക്ക് അതിനുനൽകുവാൻ ഉത്തരങ്ങളൊന്നുമില്ലായിരുന്നു.

# 8

# തിരക്കുകളുടെ സൗന്ദര്യം

കേരളത്തിലെ എല്ലാ ജില്ലകളും സന്ദർശിച്ച് കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ ലക്ഷ്യങ്ങളെയും പ്രവർത്തനങ്ങളെയും പറ്റി ഗായത്രി തന്നെ വിശദീകരിച്ചു. സ്റ്റേറ്റ് കമ്മറ്റിയും ജില്ലാകമ്മറ്റികളും രൂപീകരിച്ച് പ്രവർത്തനങ്ങൾ സജീവമാക്കി. ഗായത്രി ഔദ്യോഗികമായ എല്ലാ സ്ഥാനങ്ങളിൽനിന്നും മാറി നിന്നാണ് പ്രവർത്തനങ്ങൾ നിയന്ത്രിച്ചത്.

വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പുതിയ സംഘടനയായ ലെഫ്റ്റ് സ്റ്റുഡന്റ്സ് കോർഡിനേഷൻ കമ്മിറ്റിയുടെ പൂർണ്ണ ചുമതല അരുൺ ശങ്കറിനാണ്. അടുത്തുതന്നെയുള്ള നിർമ്മല മാതാ കോളേജിലെ വലിയൊരു സംഘം വിദ്യാർത്ഥികൾ ലെഫ്റ്റ് സ്റ്റുഡന്റ്സ് കോർഡിനേഷനിൽ ചേർന്നത് ശ്രദ്ധേയമായ വാർത്തയായിത്തീർന്നു.

കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ കീഴിൽ ഒരു യുവജന സംഘടനയ്ക്ക് രൂപം നൽകി. സർക്കാർ സസ്പെന്റ് ചെയ്ത് നിറുത്തിയിരുന്ന ഗോപീകൃഷ്ണൻ ഐ. എ.എസ്സ് വലിച്ചെറിഞ്ഞ് യുവജനസംഘടനയുടെ നേതൃത്വം ഏറ്റെടുക്കുകയായിരുന്നു.

കമ്മ്യൂണിസ്റ്റ് ഏകോപന സമതിയുടെ പ്രവർത്തകരെ ഭരണകക്ഷിയും പോലീസും ചേർന്ന് മർദ്ദിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നത് കേരളത്തിലെ സാധാരണ സംഭവമായി. അവിടെയെല്ലാമെത്തി പ്രതിഷേധിക്കാനും ഭരണകക്ഷിയുടെ ഗുണ്ടാബന്ധത്തെപ്പറ്റി പറയുവാനും അതിലെ നേതാക്കളുടെ അഴിമതികളെപ്പറ്റി പരാമർശിക്കുവാനും ഗായത്രി പരമാവധി ശ്രമിച്ചുകൊണ്ടിരുന്നു.

ഗായത്രിയുടെ പ്രസംഗം കേൾക്കുവാൻ ജനങ്ങൾ തിങ്ങിക്കൂടുന്നത് സാധാരണ സംഭവമായി.

ലെഫ്റ്റ് സ്റ്റുഡന്റ്സ് കോർഡിനേഷൻ കമ്മറ്റിയുടെ ഒരു യോഗം

നടക്കുന്നതിനിടയിൽ ഭരണകക്ഷിയിലെ ഒരു വിഭാഗവും ഗുണ്ടകളും ചേർന്ന് അരുൺ ശങ്കറിനേയും കൂടെയുള്ളവരെയും മൃഗീയമായി മർദ്ദിച്ചു. വാർത്തയറിഞ്ഞ ഗായത്രി രോഷത്തോടെ ഒരു സംഘം പ്രവർത്തകരുമായി നഗരത്തിലേയ്ക്ക് കുതിച്ചു.

ഗായത്രിയുടെ നിർദ്ദേശപ്രകാരം പലഭാഗത്തുനിന്നും പ്രവർത്തകർ നഗരത്തിലേയ്ക്ക് എത്തിക്കൊണ്ടിരുന്നു. ഭരണപക്ഷത്തിരിക്കുന്ന പാർട്ടിക്കുവേണ്ടി മുമ്പ് ഗുണ്ടാപണി നടത്തിയിരുന്ന യഹൂരയിലെ യുവാക്കളോട് ആരൊക്കെയാണ് അരുണിനെ ആക്രമിക്കാനുണ്ടായിരുന്നതെന്ന് അറിഞ്ഞുവരുവാൻ നിർദ്ദേശിച്ചു.

നഗരത്തിലെ കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ ഓഫീസിനു മുന്നിൽ ഗായത്രിയെത്തി. അവർ കാറിൽനിന്നുമിറങ്ങി മൊബൈൽ ഫോണിന്റെ സ്വിച്ചുകളിൽ ഞെക്കിക്കൊണ്ടിരുന്നു. അവിടേയ്ക്ക് ബൈക്കിൽ ശ്രീലാൽ എത്തി. മുമ്പ് പാർട്ടിയുടെ ശക്തനായ പ്രവർത്തകനും വിശ്വസ്തനുമായ ശ്രീലാൽ ഇപ്പോൾ ഗായത്രിക്കൊപ്പമാണ്. ആമുഖമില്ലാതെ ശ്രീലാൽ കാര്യങ്ങൾ പറഞ്ഞു. ജില്ലാസെക്രട്ടറി പ്രതാപന്റെ നിർദ്ദേശപ്രകാരമാണ് അരുൺ ശങ്കറിനെ മർദ്ദിച്ചത്. ഗായത്രിയേച്ചിക്കുള്ള ഒരു താക്കീതായിട്ടാണ് പാർട്ടി അതിനെ കാണുന്നത് .

അരുണിനെ ഉപദ്രവിച്ചവർ ആരെല്ലാമാണെന്ന് അറിയുവാൻ കഴിഞ്ഞോ? ഗായത്രി ചോദിച്ചു.

കുന്തം സതീശന്റെ ആൾക്കാരാണ്. ശ്രീലാൽ പറഞ്ഞു. ഈ ജില്ലതന്നെ കുന്തം സതീശന്റെ നിയന്ത്രണത്തിലാണ് .

ഇപ്പോൾ ആ സതീശൻകുന്തം എവിടെയുണ്ട്? ഗായത്രി രോഷത്തോടെ ചോദിച്ചു.

ഇല്ലിക്കാട് ഷാപ്പിനു പിന്നിലുള്ള തെങ്ങിൻ തോപ്പിലെ ബംഗ്ലാവിൽ. ശ്രീലാൽ പറഞ്ഞു.

പ്രതാപൻ ? ഗായത്രി തിരക്കി.

പാർട്ടി ഓഫീസിൽ ശ്രീലാൽ പറഞ്ഞു.

ചില നിമിഷങ്ങൾകൊണ്ട് ഗായത്രി ഒരു തീരുമാനത്തിലെത്തി. ശ്രീലാലിനെ മാറ്റി നിറുത്തി കാര്യങ്ങൾ വിശദീകരിച്ചു.

കുന്തം സതീശനെയും കൂടെയുള്ളവരെയും കീഴ്പ്പെടുത്തുവാനുള്ള ആളുകളെ ഉടൻതന്നെ സംഘടിപ്പിക്കണം . ഗായത്രി തുടർന്നു പറഞ്ഞു: എന്തു സംഭവിച്ചാലും എത്രയും പെട്ടെന്ന് അവരെ കീഴ്പ്പെടുത്തി ഈ

നഗരത്തിലേയ്ക്ക് കൊണ്ടുവരണം .ശ്രീലാൽ മൊബൈയിൽ ഫോണിൽ ആരെല്ലാമോ ആയി ബന്ധപ്പെട്ടു തുടങ്ങി. ഗായത്രി അവിടെ കൂടിനിൽക്കുന്നവരുടെ മുന്നിലേയ്ക്ക് നീങ്ങിനിന്നു.

നമ്മളിപ്പോൾ അല്പം സാഹസികമായ ഒരു പ്രവൃത്തി ചെയ്യുവാൻ പോകുകയാണ്. ഗായത്രി ഉറച്ച മനസോടെ പറഞ്ഞു: പാർട്ടിയുടെ ജില്ലാ സെക്രട്ടറി പ്രതാപനെ അയാളുടെ ഓഫീസിലെത്തി കാണുന്നു. അരുൺ ശങ്കറിനെ ഗുണ്ടകളെക്കൊണ്ട് മർദ്ദിച്ചതിന്റെ കാരണം തിരക്കുന്നു. ഇപ്പോൾ നമ്മൾ പ്രതികരിക്കാതിരുന്നാൽ ഞാനോ നിങ്ങളോ നമ്മൾ രൂപീകരിച്ചെടുത്ത കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയോ ഈ മലയാള മണ്ണിൽ കാണില്ല .

അവിടെ കൂടിനിന്നവർ ആവേശത്തിൽ മുദ്രാവാക്യങ്ങൾ മുഴക്കി. എന്തിനും തയ്യാറാണെന്ന് ദൃഢസ്വരത്തിൽ പറഞ്ഞു. ജീവൻ നൽകിയും ഗായത്രിയുടെ പിന്നിൽ അടിയുറച്ച് നിൽക്കുമെന്ന് ആവർത്തിച്ച് പ്രഖ്യാപിച്ചു.

ഗായത്രി ഉറച്ച കാൽവയ്പുകളോടെ നടന്നു തുടങ്ങി. പ്രവർത്തകർ കൈയ്യിൽ കിട്ടിയ പത്തലുകളിൽ കൊടികൾ കെട്ടി ഗായത്രിക്കു പിന്നാലെ തീപാറുന്ന മുദ്രാവാക്യങ്ങളുമായി നടന്നു. അവർ പാർട്ടിയുടെ ജില്ലാ കമ്മറ്റി ആഫീസിനു മുന്നിലെത്തി. ഗായത്രി ഉറച്ച മനസോടെ ആഫീസിനുള്ളിലേയ്ക്കു കയറി. പ്രവർത്തകർ ഗായത്രിക്കു പിന്നാലെയുണ്ട്. അപ്പോൾ പാർട്ടി ഓഫീസിലുണ്ടായിരുന്ന ജില്ലാ നേതാക്കളും പ്രവർത്തകരും ഗായത്രിയെക്കണ്ട് ഇരിപ്പിടത്തിൽനിന്നും അറിയാതെ എഴുന്നേറ്റു നിന്നു. ഗായത്രി പ്രതാപനിരിക്കുന്ന മുറിയിലേയ്ക്കു കയറി. പ്രതാപൻ വിളിച്ചുകൊണ്ടിരുന്ന മൊബൈൽ ഫോൺ മേടിച്ച് അയാളുടെ തന്നെ മൂക്കിനിട്ട് ശക്തിയായി ഇടിച്ചു. പതറിനിന്ന പ്രതാപന്റെ മൂക്കിലൂടെ രക്തം ഒഴുകി. പ്രതാപൻ രോഷത്തോടെ ഗായത്രിയെ നോക്കി. പിന്നിൽ എന്തിനും തയ്യാറായി നിൽക്കുന്ന പ്രവർത്തകരെക്കണ്ട് ശരിക്കും ഭയന്നു. ആ ഭയം കണ്ണുകളിൽ നിഴലിക്കുകയും മുഖത്ത് വിളറലാകുകയും ശരീരത്തിൽ വിറയലാകുകയും ചെയ്തു.

സതീശാ..... ഗോപാലാ .... മാത്യു ഇവരെപിടിച് ഓഫീസിന് പുറത്താക്ക് . പ്രതാപൻ ഭയം ഉള്ളിലൊതുക്കി അലറി പറഞ്ഞു. എസ്.പി.ഓഫീസിൽ ഉടൻതന്നെ വിവരം അറിയിക്ക്. നമ്മളുടെ പ്രവർത്തകരോടും സഹായികളോടും ആയുധങ്ങളുമായി വരുവാൻ പറയ്. .

പ്രതാപന്റെ ഭയന്നുള്ള അലർച്ച കേട്ടപ്പോൾ ഗായത്രിക്ക് ചിരിയാണ്

വന്നത്.

സ്റ്റേറ്റ് സെക്രട്ടറിയുടെ വലംകൈയ്യല്ലേ? വിളിക്ക് ഗായത്രി പരിഹാസത്തോടെ പറഞ്ഞു . ഒരു ഭീരുവിനെപ്പോലെ നിലവിളിക്കാൻ നിനക്ക് നാണമില്ലേ? . എന്റെ പിള്ളേരുടെ ശരീരത്തിൽ വയ്ക്കുന്ന കൈയ്യ് അതങ്ങ് എടുക്കുന്നതാ ഞങ്ങളുടെ ഇനിമുതലുള്ള ശീലം .

പ്രതാപന്റെ കോളറിൽ പിടിച്ച് വലിച്ച് കൂടെവന്നവർക്കു മുന്നിലേയ്ക്ക് ഗായത്രി ഇട്ടുകൊടുത്തു. അവർ നല്ലതുപോലെ അവിടെയിട്ടുതന്നെ കൈകാര്യം ചെയ്തു. പ്രതാപന്റെ വസ്ത്രങ്ങൾ കീറുകയും ശരീരത്തിൽനിന്ന് രക്തം പൊടിയുകയും ചെയ്തു.

എന്നെ കൊല്ലല്ലേ ഞാനിനി ആരേയും ഉപദ്രവിക്കില്ല. എന്ന് ആവർത്തിച്ച് പ്രതാപൻ വിളിച്ചു പറഞ്ഞു കൊണ്ടിരുന്നു.

പാർട്ടി ഓഫീസിനു മുന്നിലേയ്ക്ക് ഒന്നിനു പിറകെ ഒന്നായി ടെലിവിഷൻ ചാനലുകളിലെയും പത്രങ്ങളിലേയും വാർത്താലേഖകർ എത്തിക്കൊണ്ടിരുന്നു.

ഗായത്രിയുടെ നിർദേശപ്രകാരം പ്രതാപനെ പിടിച്ചുവലിച്ച് പ്രവർത്തകർ മാധ്യമപ്രവർത്തകർക്കു മുന്നിൽ നിറുത്തി. അവിടേയ്ക്ക് പൊതുജനങ്ങൾ എത്തിക്കൊണ്ടിരുന്നു. അല്പസമയംകൊണ്ട് അവിടെയെത്തിയ ജനങ്ങൾ പ്രതാപനെതിരായും ഗായത്രിക്ക് അനുകൂലമായും എന്തും ചെയ്യുവാൻ പര്യാപ്തമായ മാനസികാവസ്ഥയിലായിത്തീർന്നു.

പ്രതാപനെ ജനകീയ വിചാരണ ചെയ്യുന്നതിന് നേതൃത്വം നൽകിയത് ഓണം ടെലിവിഷൻ ചാനലിലെ സുരേഷ് ബാബുവും ചന്ദ്രാ ചാനലിലെ രേഷ്മാ മഹേഷുമാണ്.

താങ്കളെ എന്തിനാണ് ഗായത്രിയും സഹപ്രവർത്തകരും ചേർന്ന് മർദ്ദിച്ചത്?. രേഷ്മാ മഹേഷ് പ്രതാപനോട് ചേദിച്ചു.

ഭയന്നു പതറി നിന്ന പ്രതാപൻ ചുറ്റും നോക്കി. തീപാറുന്ന കണ്ണുകളുമായി നിൽക്കുന്ന ഗായത്രി. അവർക്കു പിന്നിൽ ആയുധങ്ങളുമായി എന്തിനും തയ്യാറായി നിൽക്കുന്ന ഒരു സംഘം. കൗതുകത്തോടെ വാർത്തകൾക്കായി തിക്കിത്തിരക്കുന്ന മാധ്യമപ്രവർത്തകർ. ആർപ്പ് വിളികളുമായി നിൽക്കുന്ന പൊതു ജനങ്ങൾ.

എന്തുപറയണമെന്ന് നിശ്ചയമില്ലാതെ ഭയന്നു വിഷമിച്ച് നിൽക്കുന്ന പ്രതാപനോട് സുരേഷ് ബാബു ചോദിച്ചു: ഗായത്രി ഒരു ഞായറാഴ്ച പത്രത്തിൽ തുറന്നെഴുതിയ സംഭവങ്ങളെപ്പറ്റിയുള്ള പ്രതാപന്റെ

അഭിപ്രായമെന്താണ് ? .

പ്രതാപൻ ഗായത്രിയുടെ മുഖത്തേയ്ക്ക് വല്ലായ്കയോടെ നോക്കി. ഗായത്രിയുടെ മുഖത്ത് ഒരു പരിഹാസഭാവമാണ് അപ്പോൾ വിടർന്നത്. ഉത്തരമൊന്നും പറയാതെ തലകുമ്പിട്ട് എല്ലാവർക്കും മുന്നിൽ പ്രതാപൻ നിന്നു.

അരുൺ ശങ്കറിനെ ആക്രമിച്ചത് എന്തിനായിരുന്നു? ഗായത്രി രോഷത്തോടെ പ്രതാപനോടു ചോദിച്ചു.

ഞാൻ ആരേയും ആക്രമിച്ചിട്ടില്ല. പ്രതാപൻ മാധ്യമപ്രവർത്തകരുടെ മുഖത്തുനോക്കി തണുത്ത ശബ്ദത്തിൽ പറഞ്ഞു.

കുന്തം സതീശനും നീയ്യും തമ്മിലുള്ള ബന്ധമെന്താണ് ? ഗായത്രി രോഷത്തോടെ പ്രതാപനോടു ചോദിച്ചു.

കുന്തം സതീശൻ ക്വട്ടേഷൻ സംഘത്തിലെ അംഗമാണെന്ന് പത്രങ്ങളിൽ കണ്ടുള്ള അറിവേ എനിക്കുള്ളൂ. ന്യായീകരണത്തോടെ എല്ലാവരോടുമായി പ്രതാപൻ പറഞ്ഞു.

ഗായത്രിയുടെ മൊബൈൽ ഫോണിൽനിന്നും സംഗീതമുയർന്നു. ഇൻകമിങ് കോളിന്റെ സുച്ചമർത്തി മൊബൈയൽ കാതിൽ വച്ചു.

അങ്ങേതലയ്ക്കൽ നിന്നും വിളിച്ചത് ശ്രീലാലാണ്. കുന്തം സതീശനും കൂടെയുള്ള മുന്നുപേരുമായി നഗരത്തിലെത്തിയ വിവരം ഗായത്രിയെ അറിയിച്ചു. അവരുമായി പാർട്ടി ഓഫീസിന്റെ മുന്നിലേയ്ക്കു വരുവാൻ ഗായത്രി നിർദ്ദേശിച്ചു. ഗായത്രി മൊബൈലിൽ വന്ന കോള് അവസാനിപ്പിച്ച്, ചെറുപുഞ്ചിരിയോടെ ചുറ്റും നിന്നവരെ നോക്കി.

കുന്തം സതീശനെ എന്റെ ആളുകൾ ഉടൻ ഇവിടെയെത്തിക്കും . ഗായത്രി തുടർന്നു . ഇവിടെ എന്താണ് സംഭവിച്ചതെന്ന് നിങ്ങൾക്കുതന്നെ ചോദിച്ചറിയാം.

സുരേഷ്ബാബുവും രേഷ്മ മഹേഷും പലതും ചോദിച്ചെങ്കിലും പ്രതാപൻ ഒന്നിനും ഉത്തരം പറഞ്ഞില്ല.

ബഹളംകേട്ട് എല്ലാവരും പിന്നിലേയ്ക്കു തിരിഞ്ഞു നോക്കി. ഒരു കറുത്ത സ്കോർപ്പിയോയിൽ നിന്നും കുന്തം സതീശനെ കാലും കൈയും ബന്ധിച്ച് പുറത്തേയ്ക്കു തള്ളി. പിന്നാലെ ശ്രീലാലും പുറത്തേയ്ക്കിറങ്ങി. അവിടേയ്ക്കു വന്നുനിന്ന ഇന്നോവയിൽ നിന്നും കുന്തം സതീശന്റെ കൂട്ടാളികളായ മൂന്നുപേരെക്കൂടി പുറത്തേയ്ക്കു തള്ളി. കാലുകളും കൈകളും ബന്ധിച്ചാണ് അവരെയുമിട്ടിരിക്കുന്നത്.

ശ്രീലാലും സഹായികളും ചേർന്ന് കുന്തം സതീശനെയും കൂട്ടാളികളെയും പിടിച്ചുവലിച്ച് പ്രതാപന്റെ അടുത്തുതന്നെ കൊണ്ടുചെന്നിട്ടു.

ജനങ്ങൾ ശ്വാസമടക്കി നിൽക്കുകയാണ്. മാധ്യമപ്രവർത്തകർ സ്കൂപ്പ് ന്യൂസ് കിട്ടുന്നതിന്റെ ആഹ്ലാദത്തിലാണ്. ഗായത്രിയുടെ കൂടെയുള്ള കമ്മ്യൂണിസ്റ്റ് ഏകോപന സമിതിയുടെ പ്രവർത്തകർ പിടിച്ചു നിൽപിന്റെ ആദ്യകാൽവെയ്പ് നടത്തിയതിന്റെ ഉത്സാഹത്തിലാണ്.

ഈ ക്വട്ടേഷൻ ഗുണ്ടകളോട് ചോദിക്ക്, ആരുപറഞ്ഞിട്ടാണ് അരുൺ ശങ്കറിനെ കൊല്ലാൻ തുടങ്ങിയതെയന്ന്. ഗായത്രി രോഷത്തോടെ മാധ്യമപ്രവർത്തകരോടു പറഞ്ഞു.

നിലത്ത് മർദ്ദനമേറ്റ് തളർന്നു കിടക്കുകന്ന കുന്തം സതിശന്റെ മൂക്കിനിട്ട് ഗായത്രി കാലുകൊണ്ട് തൊഴിച്ചു.

സത്യം പറഞ്ഞാൽ ഈ കൂടി നിൽക്കുന്നവർ നിങ്ങൾക്ക് ചിലപ്പോൾ മാപ്പുതരും. ഗായത്രി പറഞ്ഞു. അല്ലെങ്കിൽ ഇങ്ങനെ അടിയും ഇടിയുമൊക്കെകൊണ്ട് കിടക്കാം .

പ്രതാപൻ പറഞ്ഞിട്ടാണ് അരുൺ ശങ്കറിനെ അടിച്ചത് . കുന്തം സതീശൻ ഭീതിയോടെ പറഞ്ഞു.

അതിന് എത്രരൂപയാണ് ക്വട്ടേഷൻ ഫീസ് തന്നത് ? രേഷ്മ മഹേഷ് ചോദിച്ചു.

ഫീസൊന്നും പറഞ്ഞില്ല, കുന്തം സതീശൻ ഭീതിയോടെ പറഞ്ഞു. ഭരണത്തിലിരിക്കുന്നവർ എന്തുപറഞ്ഞാലും ചെയ്യും. കാരണം ഞങ്ങൾ എന്തു പറഞ്ഞാലും അവരത് ചെയ്തുരും .

അവിടേയ്ക്ക് ഒന്നിനു പിറകെ ഒന്നായി പോലീസ് ജീപ്പുകളും വാനുകളും വന്നുകൊണ്ടിരുന്നു. അതിൽനിന്നും ആയുധധാരികളായ പോലീസുകാർ പുറത്തേയ്ക്കിറങ്ങി. കൂടിനിന്ന ജനം പോലീസിനെ കൂവി പരിഹസിച്ചു.

ക്വട്ടേഷൻ സംഘത്തിന്റെ സംരക്ഷണം ഏറ്റെടുക്കുവാൻ നമ്മളുടെ പോലീസ് എത്തിക്കഴിഞ്ഞു . ഗായത്രി പരിഹാസത്തോടെ ചാനലുകാരോട് തുടർന്നു പറഞ്ഞു: സത്യങ്ങൾ തുറന്ന് അവതരിപ്പിക്കുന്ന നിങ്ങളാണ് ഇപ്പോൾ അവരുടെ മുന്നിലെ കുറ്റവാളികൾ. അതുകൊണ്ട് പോലീസിന്റെ ഭാഗത്തുനിന്നുമുള്ള ആദ്യ ആക്രമണം നിങ്ങളുടെ നേർക്കായിരിക്കും.

പോലീസ് ജീപ്പിൽ ഘടിപ്പിച്ചിരിക്കുന്ന മൈക്കിലൂടെ ജനങ്ങൾക്കുള്ള

സന്ദേശമെത്തി. നിങ്ങൾ ബഹളവും ആക്രമണവും കാണിക്കാതെ പിരിഞ്ഞു പോകണം. പിരിഞ്ഞു പോകാൻ വിസമ്മതിച്ചാൽ പോലീസിന് വെടിവെയ്പ് ഉൾപ്പെടെയുള്ള കനത്ത നടപടികൾ സ്വീകരിക്കേണ്ടിവരും.... .

പോലീസ് ജീപ്പിലെ മൈക്കിൽ നിന്ന് ഓരോ പ്രാവശ്യവും അനൗൺസ്മെന്റ് ഉയരുമ്പോഴും ജനങ്ങൾ ഉച്ചത്തിൽ കൂവികൊണ്ടിരുന്നു.

പോലീസിന്റെ ഭാഗത്തുനിന്നും ആദ്യത്തെ വെടി ആകാശത്തേയ്ക്ക് പൊട്ടി..

ചില നിമിഷങ്ങൾ ജനങ്ങൾ നിശബ്ദരായി. വീണ്ടും പോലീസ് ജീപ്പിൽനിന്നും അറിയിപ്പുണ്ടായപ്പോൾ ജനം കൂവി പരിഹസിച്ചു. അപ്പോൾ പോലീസ് മൂന്നു പ്രാവശ്യകൂടി ആകാശത്തേയ്ക്ക് വെടി വെച്ചു.

ജനങ്ങളുടെയും പോലിസുകാരുടെയും പ്രതികരണങ്ങൾ അപ്പപ്പോൾതന്നെ ടെലിവിഷൻ ചാനലുകൾ രേഖപ്പെടുത്തി ലൈവായി പ്രദർശിപ്പിച്ചുകൊണ്ടിരുന്നു.

പോലീസ് മുന്നു പ്രാവശ്യം കൂടി വെടിവെച്ചപ്പോൾ ജനങ്ങൾ തെല്ല് ഭയത്തോടെ നിശബ്ദരായി.

ഗായത്രി ജനങ്ങൾക്കിടയിലൂടെ പോലീസുകാർ ആയുധങ്ങളുമായി നിൽക്കുന്നിടത്തേയ്ക്ക് കൂസലില്ലായ്മയൊടെ നടന്നടുത്തു.

അനൗൺസ്മെന്റ് നടത്തുന്ന ജീപ്പിന്റെ അടുത്തേയ്ക്ക് ചെന്ന് മൈക്ക് തട്ടിയെടുത്തു. എന്തുചെയ്യുമെന്നറിയാതെ പോലീസ് പതറിനിന്ന നിമിഷങ്ങൾ.

ഇവിടെ കൂടിയിരിക്കുന്ന ജനങ്ങളും കമ്മ്യൂണിസ്റ്റ് ഏകോപന സമിതിയുടെ പ്രവർത്തകരും ആരെയും ആക്രമിക്കുവാൻ ഉദ്ദേശിക്കുന്നില്ല . ഗായത്രി ഉറച്ച ശബ്ദത്തോടെ തുർന്നു പറഞ്ഞു. നിയമം കൈയ്യിലെടുക്കുവാൻ ആഗ്രഹിക്കുന്നില്ല. നിയമപാലകർക്ക് ഈ സമൂഹം അനുവദിച്ചു നൽകിയ മാന്യതയുണ്ട്. അത് നിങ്ങളുടെ കൂടെയുള്ള പല ഉന്നത ഉദ്യോഗസ്ഥരും നശിപ്പിച്ചു കഴിഞ്ഞു. അഴിമതിക്ക് കൂട്ടുനിൽക്കുക, ഗുണ്ടകളെയും ക്വട്ടേഷൻ ഗ്രൂപ്പുകളെയും വളർത്തി നാട്ടിലെ ക്രമസമാധാന നില തകർക്കുക, കള്ള ബിസിനസ്സുകൾ നട ത്തുക തുടങ്ങിയവ പലരുടെയും പ്രവർത്തനങ്ങളുടെ ഭാഗമായി. ചൂണ്ടിക്കാണിക്കുന്ന ക്രിമിനലുകളെപ്പോലും അറസ്റ്റ് ചെയ്യാതെ നിരപരാധികളെ കുറ്റവാളികളായി മുദ്രകുത്തി ലോക്കപ്പിലും ജയിലിലുമിട്ട് മർദ്ദിക്കുന്നത് ഏത് നീതിശാസ്ത്രത്തിന്റെ

പിൻബലത്തോടെയാണ്?. പോലീസ് നിയമം നടത്തുന്നില്ലെങ്കിൽ ജനം അത് കൈയ്യിലെടുക്കും. അരുൺ ശങ്കറിനെ ആക്രമിച്ച ഗുണ്ടകളെയും അവർക്ക് ക്വട്ടേഷൻ കൊടുത്ത പ്രതാപനെയും പിടിച്ചു നിറുത്തിയിട്ടുണ്ട് നിങ്ങളുടെ മുന്നിൽ. അവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിനു പകരം ജനങ്ങളെ ഉപദ്രവിച്ചാൽ നിങ്ങൾ പോലീസുകാർ കൊടുക്കേണ്ട വില വലുതായിരിക്കും .

ഗായത്രി അവിടെനിന്നും ഉറച്ച കാൽവയ്പുകളോടെ മുന്നോട്ടു നടന്നു. അവിടെകൂടിയിരുന്ന ജനങ്ങൾ മറ്റെല്ലാം മറന്ന് ഗായത്രിക്ക് സിന്ദാബാദ് വിളിച്ചുകൊണ്ടിരുന്നു.

# 9

# വിപ്ലവവും പ്രണയവും

ജില്ലാ ഹോസ്പിറ്റലിനു മുന്നിൽ ഒരുപറ്റം യുവാക്കൽ തടിച്ചു കൂടിനിന്നു. അവരുടെ കൈകളിൽ ആയുധങ്ങളും കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ കൊടികളും ഉണ്ടായിരുന്നു. രണ്ട് വാനുകളിലായി എത്തിയ പോലീസുകാർ തെല്ല് മാറിനിന്ന് രംഗം നിരീക്ഷിച്ചുകൊണ്ടിരുന്നു.

ഗായത്രി ഒരു കാറിൽ ജില്ലാഹോസ്പിറ്റലിനു മുന്നിൽ വന്നിറങ്ങി. യുവാക്കൾ അവരുടെ അടുത്തേയ്ക്കു ചെന്നു. ഗായത്രി എല്ലാവരുടേയും മുഖത്തേയ്ക്ക് ഒരു വട്ടം നോക്കി.

അരുൺ ശങ്കറിന് എങ്ങനെയുണ്ട്? ഗായത്രി ആത്മാർത്ഥതയോടെ തിരക്കി.

പരുക്കുകൾ അത്ര ഗുരുതരമല്ല. യുവാക്കളിലൊരാൾ പറഞ്ഞു. ശരീരത്തിന് നല്ല ചതവുണ്ടെന്നാണ് ഡോക്ടറുമാർ പറഞ്ഞത്.

മാഡത്തോട് ഇപ്പോൾ ഞങ്ങൾക്ക് സ്നേഹവും ബഹുമാനവും മാത്രമല്ല ആരാധനകൂടി തോന്നുന്നു. അവരിലൊരാൾ തെല്ല് വികാരത്തോടെ പറഞ്ഞു. ഞങ്ങൾക്കിട്ടൊക്കെ അടികിട്ടിയാലും ചോദിക്കുവാനും പറയുവാനും ഒരു ശക്തിയുണ്ടല്ലോയെന്ന ആത്മധൈര്യമാണ് ഇപ്പോഴുള്ളത്. ഇനിയങ്ങോട്ട് ഞങ്ങൾക്ക് മരിക്കുവാൻപോലും ഭയമില്ല.

ഗായത്രി ആയുവാവിന്റെ തോളിൽ തട്ടി നിശബ്ദം ആശ്വസിപ്പിച്ചു. മരണത്തെപ്പോലും നിസ്സാരമായി കരുതുവാൻ മാത്രം വിപ്ലവ ഊർജ്ജം നിറഞ്ഞു നിൽക്കുന്ന കണ്ണുകളിലേയ്ക്ക് ആഴത്തിൽ നോക്കി.

അരുൺ ഏതു റൂമിലാണ് കിടക്കുന്നത്? ഗായത്രി തിരക്കി.

രണ്ടാം നിലയിലെ ബി വാർഡിനു സൈഡിലുള്ള മുറിയിലാണ്. യുവാക്കളിലൊരാൾ പറഞ്ഞു. മാഡം കൂടെ വന്നുകൊള്ളൂ. ഞാൻ അവിടെ എത്തിക്കാം.

ഗായത്രി ആ യുവാവിനു പിന്നാലെ നടന്ന് അരുൺ കിടക്കുന്ന മുറി

യിലെത്തി.

ഗായത്രിയെക്കണ്ട് അരുൺ കട്ടിലിൽ നിന്നും പിടഞ്ഞ് എഴുന്നേറ്റിരുന്നു.

ശരീരത്തിൽ മുഴുവൻ മർദ്ദനത്തിന്റെ പാടുകൾ. തലയിൽ പൊട്ടലുള്ള ഭാഗത്ത് സ്റ്റിച്ചിട്ട് വെച്ചുകെട്ടിയിരിക്കുന്നു.

ഗായത്രി അങ്ങനെ അരുണിനെ നോക്കി നിൽക്കുമ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. നിയന്ത്രിക്കാൻ ശ്രമിച്ച കരച്ചിൽ ഏങ്ങലായി പുറത്തുവന്നു.

വാത്സല്യപൂർവ്വം അരുണിനെ ശരീരത്തോടു ചേർത്തു പിടിച്ച് ഗായത്രി ആശ്വസിപ്പിച്ചു. അരുണിനോട് എന്താണ് പറയേണ്ടതെന്ന് എനിക്ക് അറിഞ്ഞുകൂടാ. ഈ അവസ്ഥ വന്നതിൽ എനിക്കും ഒരു പങ്കുണ്ട്...

ഗായത്രിയുടെ വാത്സല്യപൂർവ്വമുള്ള ആലിംഗനത്തിൽനിന്നു തെന്നിമാറി അരുൺ പറഞ്ഞു. ഞാൻ കരഞ്ഞുപോയത് സങ്കടം കൊണ്ടല്ല സന്തോഷം കൊണ്ടാ. എന്റെ ശരീരത്തിൽ കൈവച്ചവരോട് ചേച്ചി അതെ അനുപാതത്തിൽ തന്നെ പ്രതികരിച്ചല്ലോ? സ്വന്തം രക്തബന്ധത്തിൽ പെട്ടവരിൽ നിന്നുപോലും ഈ കാലത്ത് ഇതുപോലൊരു പ്രതികരണം പ്രതീക്ഷിക്കാനാവില്ല.

ഗായത്രി സ്നേഹപൂർവ്വം പുഞ്ചിരിച്ചു.

ഇ ൗ പ്രതികരണം ചേച്ചി എന്നോടുമാത്രം കാണിച്ച ആത്മാർത്ഥതയല്ല. അരുൺ പറഞ്ഞു. കൂടെ നിൽക്കുന്നവരുടെ ആത്മാഭിമാനവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നതിന് ഇതുപോലെയുള്ള ശക്തമായ പ്രതികരണങ്ങൾ ആവശ്യമാണ്. എനിക്കിപ്പോൾ ഉറപ്പാ നമ്മളുടെ പ്രസ്ഥാനത്തെ തടഞ്ഞു നിറുത്തുവാനോ അടിച്ചൊതുക്കുവാനോ ഒരു ശക്തിക്കുമാവില്ല. ഈ പ്രസ്ഥാനത്തിനുവേണ്ടി രക്തവും ഉയിരും നൽകുവാൻ ഏറെ ആൾക്കാർ തയ്യാറായിക്കഴിഞ്ഞു.

സമാധാനിക്ക് അരുൺ ഗായത്രി പറഞ്ഞു. നിനക്കിപ്പോൾ വിശ്രമവും ശാന്തതയുമാണ് ആവശ്യം.

മുറിയുടെ മൂലയിലായി ഒരു യുവതി ഒതുങ്ങി നിൽക്കുന്നത് അപ്പോഴാണ് ഗായത്രി കണ്ടത്. അവൾ സുന്ദരിയും കുലീനയുമാണെന്ന് ഒറ്റ നോട്ടത്തിൽ തന്നെ മനസിലായി.

ആരാ, മനസിലായില്ല? ഗായത്രി യുവതിയോടായി തിരക്കി.

വർഷ സാമുവേൽ. യുവതി മെല്ലെ പറഞ്ഞു: അരുണിന്റെ ഫ്രണ്ടാണ്.

അവളുടെ കണ്ണുകളുടെ ആഴങ്ങളിൽ തങ്ങിനിൽക്കുന്ന ആകുലതയും ഹൃദയത്തിന്റെ മിടിപ്പും ആ സൗഹൃദത്തിന്റെ തീഷ്ണത ഗായത്രിക്ക് മനസിലാക്കിക്കൊടുത്തു.

വർഷയുടെ കൈയ്യിലിരുന്ന മൊബൈൽ ഫോൺ ഓടക്കുഴൽ നാദം പൊഴിച്ചു. വർഷ തെല്ല് പരുങ്ങലോടെ ഫോണെടുത്തു. ഫോണിലൂടെ പറഞ്ഞതുമുഴുവൻ കേട്ടതിനുശേഷം ചുറ്റും നിൽക്കുന്നവരെ വല്ലായ്കയോടെ നോക്കി.

വീട്ടിൽനിന്നാണു വിളിച്ചത്. വർഷ ന്യായീകരണത്തോടെ പറഞ്ഞു.

അരുണിന്റെ സുഹൃത്തുക്കളായ ആനന്ദും ഗോപാലും അവിടേയ്ക്കു വന്നു.

ചേച്ചിയുടെ ധൈര്യവും ആത്മാർത്ഥതയുമാണ് ഇപ്പോൾ എല്ലാ പ്രവർത്തകർക്കും പറയാനുള്ളത്. ആനന്ദ് ആവേശത്തോടെ പറഞ്ഞു. ടെലിവിഷൻ ചാനലുകൾ പാർട്ടി ഓഫീസിനു മുന്നിൽ നടന്ന സംഭവങ്ങൾ ആവർത്തിച്ച് കാണിച്ചുകൊണ്ടിരിക്കുകയാ.

കുന്തം സതീശൻ ഉൾപ്പെടെയുള്ള ഗുണ്ടകളെയും പ്രതാപനെയും പോലീസുകാർക്ക് അറസ്റ്റ് ചെയ്യേണ്ടി വന്നു. ഗോപൻ കാര്യങ്ങൾ വിശദീകരിച്ചു. മാധ്യമപ്രവർത്തകരുടെ സാന്നിദ്ധ്യവും പൊതുജനങ്ങളുടെ ഇടപെടലും പോലീസിനെ ശരിക്കും കുഴക്കിക്കളഞ്ഞു. അതുകൊണ്ടാണ് പേരിനെങ്കിലുമുള്ള ഒരു അറസ്റ്റ് നാടകം നടന്നത്. പോലീസിന്റെ അനൗൺസ്മെന്റ് ജീപ്പിലെ മൈക്കിലൂടെ ചേച്ചിനടത്തിയ മുന്നറിയിപ്പ് മാധ്യമങ്ങൾ ആഘോഷിക്കുകയാണ്. ഇവിടുത്തെ ജനങ്ങൾ പലവട്ടം മനസിൽ പറഞ്ഞ സത്യങ്ങളാണ് ചേച്ചി വെളിച്ചത്തു പറഞ്ഞത്.

അരുണിന്റെ മൊഴിയെടുക്കുവാൻ പോലീസ് ഇതുവരെ വന്നില്ല. ആനന്ദ് പറഞ്ഞു. പോലീസ് മൊഴിയെടുക്കുവാൻ വരുമ്പോൾ അത് ക്യാമറയിൽ പകർത്തുവാനുള്ള എല്ലാ ഏർപ്പാടും ചെയ്തിട്ടാ വരുന്നത്.

ഗായത്രി ആനന്ദിനേയും ഗോപാലിനേയും കൂട്ടി പുറത്തേയ്ക്കിറങ്ങി.

ഹോസ്പിറ്റലിലാണെങ്കിലും അരുണിന്റെ ജീവന് അത്ര സുരക്ഷിതത്വം ഉണ്ടെന്നു ധരിക്കരുത്. ഗായത്രി പറഞ്ഞു പാർട്ടിക്കാര് എന്തും കാണിക്കാൻ മടിക്കില്ല. പ്രത്യേകിച്ച് അവർക്കൊരു പരാജയമുണ്ടായ

സാഹചര്യത്തിൽ. നമ്മുടെ ആൾക്കാര് എപ്പോഴും എന്തിനും തയ്യാറായി ഇവിടെ കാണണം.

അതിനുള്ള അത്യാവശ്യം ഏർപ്പാടൊക്കെ ഞങ്ങൾ ചെയ്തിട്ടുണ്ട്. ഗോപാൽ പറഞ്ഞു: പ്രവർത്തകർക്കൊന്നും ഇപ്പോൾ ആ പാർട്ടിയോട് വലിയ താല്പര്യമില്ല.

ഗുണ്ടകളാണ് ഇപ്പോൾ പ്രവർത്തകരുടെ റോളിലെത്തി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. ഗായത്രിപറഞ്ഞു: അവർക്ക് പോലീസിന്റെ എല്ലാ സഹായങ്ങളുമുണ്ട്.

നമ്മുടെ ആൾക്കാരും നല്ല കരുതലിൽതന്നെയാണ്. ആനന്ദ് പറഞ്ഞു.

ഗായത്രി ദീർഘമായൊന്നു നിശ്വസിച്ചു. പിന്നെ കൗതുക ഭാവത്തോടെ തിരക്കി. അരുണിന്റെ അടുത്തു നിൽക്കുന്ന വർഷയ്ക്ക് എന്താ ഇവിടെ പ്രത്യേകിച്ചൊരു കാര്യം?

ആനന്ദും ഗോപാലും അതിനുത്തരമായി ഒന്നു ചിരിച്ചു.

ഒരു പ്രണയത്തിന്റെ കാറ്റും കാല്പനികതയുമൊക്കെ അവിടെ നിന്നും പ്രവഹിക്കുന്നത് ഗായത്രിയേച്ചിയും ശ്രദ്ധിച്ചില്ലേ? ഗോപാൽ ചോദിച്ചു.

ഗായത്രി അതേയെന്ന അർത്ഥത്തിൽ തലയാട്ടി.

അതൊരു തീവ്രപ്രണയമാണ്. ഗോപാൽ തുടർന്നു പറഞ്ഞു. ആ പെൺകുട്ടിക്ക് നമ്മളുടെ അരുണിനോട് കലശലായ ഇഷ്ടമാണ്. അവന്റെ അവസ്ഥയെല്ലാം അറിഞ്ഞുകൊണ്ടുതന്നെയാണ് വർഷ അവനെ ഇഷ്ടപ്പെടുന്നത്. വീട്ടുകാർ എതിർത്തിട്ടും അവളുടെ തീരുമാനത്തിൽ മാറ്റമൊന്നുമില്ല.

പ്രണയം അത് അങ്ങനെയാ. ഗായത്രി ആരൊടെന്നില്ലാതെ പറഞ്ഞു. എതിർക്കും തോറും അതിന്റെ തീവ്രത ഏറും.

ഗായത്രി വീണ്ടും നടന്നു അരുണിന്റെ അടുത്തേയ്ക്കു ചെന്നു. ഞാൻ പോകുകയാണ്. ഗായത്രി പറഞ്ഞു: ഇനിയും അത്യാവശ്യമായി ചെയ്തു തീർക്കേണ്ട കുറെ കാര്യങ്ങളുണ്ട്. ഈ നഗരത്തിലിപ്പോൾ സംഘർഷാവസ്ഥ നിലനിൽക്കുന്നുണ്ട്. പല വാഹനങ്ങളും സർവ്വീസ നിറുത്തിക്കഴിഞ്ഞു. ഗായത്രി തുടർന്നു പറഞ്ഞു. ഇപ്പോൾ പോകുകയാണെങ്കിൽ വർഷയെ ഞാൻ ഇറക്കിവിടാം.

നീ ഗായത്രിയേച്ചിയോടൊപ്പം പൊയ്ക്കൊള്ളു. അരുൺ തറപ്പിച്ച്

പറഞ്ഞു. വർഷ മനസ്സില്ലാമനസ്സോടെ ഗായത്രിക്കൊപ്പം പോകുവാൻ സമ്മതിച്ചു.

ഗായത്രി കാറിൽ വർഷയെ അവളുടെ വീട്ടിലെത്തിച്ചു. ഇരുനിലക ളുള്ള വലിയ മനോഹരമായ വീടാണ് വർഷയുടേത്. വീടിനുമുന്നിൽ കൃത്യമായി പരിപാലിക്കുന്ന പൂച്ചെടികൾ കൊണ്ട് സമൃദ്ധമാണ്. വർഷ ആത്മാർത്ഥതയോടെ ക്ഷണിച്ചപ്പോൾ ഗായത്രി അവളുടെ വീട്ടിലേയ്ക്ക് കയറാമെന്നു നിശ്ചയിച്ചു. അവർ കാറിൽനിന്നുമിറങ്ങിയപ്പോൾ മുന്നിൽതന്നെ നിൽക്കുന്ന അച്ഛനേയും അമ്മയേയുമാണ് കണ്ടത്. അച്ഛന്റെ മുഖം കോപത്താൽ ജ്വലിച്ചിരിക്കുന്നതായും മനസ്സ് വല്ലായ്ക യോടെ പ്രക്ഷുബ്ധമായിരിക്കുന്നതായും ഗായത്രിക്ക് മനസ്സിലായി. വർഷ അച്ഛനെയും അമ്മയേയും ഗായത്രിക്ക് പരിചയപ്പെടുത്തി. അമ്മ ക്ഷണിച്ചപ്പോൾ ഗായത്രി വീടിനുള്ളിലേയ്ക്കു കയറി.

ഇവളിപ്പോൾ നിങ്ങളുടെ സംഘത്തിലും ചേർന്നുവോ? വർഷ യുടെ അച്ഛൻ സാമുവേൽ എടുത്തടിച്ചതുപോലെ തിരക്കി . സാമുവേ ലിന്റെ ചോദ്യം ഗായത്രിയെ അസ്വസ്ഥതപ്പെടുത്തി. ആ രംഗം ലഘൂക രിക്കുവാനായി വർഷയുടെ അമ്മ ലൗലി ഇടപെട്ട് പറഞ്ഞു: നടന്ന സംഭവങ്ങളെല്ലാം ഞങ്ങൾ ടെലിവിഷനിൽ കണ്ടു. ഇതിനിടയിലാ വർഷ ഞങ്ങളോടൊന്നും പറയാതെ ഇവിടെ നിന്നും പുറത്തേയ്ക്കുപോയത്.

എം. കെ.കെ. യെ എനിക്ക് അറിയാം. തികച്ചും മാന്യനായിരുന്നു. സാമുവേൽ രോഷത്തോടെ പറഞ്ഞു. നിങ്ങൾ എന്താണെങ്കിലും ആയിക്കോ. എനിക്ക് എന്റെ മോളെ തിരിച്ചുതരുവാനുള്ള സന്മനസ് കാണിക്കണം.

സാമുവേൽ കൂടുതലൊന്നും പറയാതെ ഉൾമുറിയിലേയ്ക്ക് കയറി. അവിടേയ്ക്ക് വരേണ്ടായിരുന്നുയെന്ന് ഗായത്രിയുടെ മനസ് പറഞ്ഞു കൊണ്ടിരുന്നു.

സാമുവേലച്ചായൻ വലിയ വിഷമത്തിലാണ്: ലൗലി ന്യായീകര ണത്തോടെ തുടർന്നു പറഞ്ഞു. പൊന്നുപോലെയാ ഞങ്ങൾ ഇവളെ വളർത്തിയത്. എന്നിട്ടിപ്പോൾ സ്വന്തം ജീവിതം തന്നെയല്ലെ ഇവൾ തല്ലിയുടച്ച് കളയുന്നത്. പ്രണയം എന്നൊരു സൗന്ദര്യമുള്ള വാക്കിന്റെ പേരിൽ സാമാന്യബുദ്ധിപോലുമില്ലാതെ പെരുമാറുന്നതിന്റെ ദു:ഖം അച്ചായന് താങ്ങാവുന്നതിലധികമാണ്. അറിവും പഠിപ്പും കൂടുംതോറും മനുഷ്യർക്ക് വിനയവും വിവേകവും ഏറും. എന്നാൽ ഇവളുടെ കാര്യ ത്തിൽ അത് തലതിരിഞ്ഞാ സംഭവിച്ചത്.

അവർക്കിടയിലെ മൗനം ഒരു കറുത്ത ഭൂതത്തെപ്പോലെ വളർന്നു കൊണ്ടിരുന്നു. ആ ഭൂതത്തിന്റെ രംഗബോധമില്ലാത്ത ഇടപെടൽ എല്ലാ വരെയും തീവ്രമായി അസ്വസ്ഥതപ്പെടുത്തിക്കൊണ്ടിരുന്നു. തെല്ല് സമ യത്തിനുശേഷം ലൗലി നടന്നുചെന്ന് ടെലിവിഷൻ ഓൺ ചെയ്തു. അതിലെ വാർത്താചാനൽ തിരഞ്ഞെടുത്തു. അപ്പോൾ അവർ കണ്ട വാർത്താ ഭാഗം ജനങ്ങൾ രോഷാകുലരായി പോലീസിനെ ആക്രമി ക്കുന്ന രംഗമാണ്. ചില പോലീസുകാർ പ്രാണനും കൊണ്ട് ഓടുന്നതും കാണാമായിരുന്നു. അതിനിടയിൽ ടെലിവിഷനിലെ വാർത്താവായന ക്കാരി ദൃശ്യങ്ങളുടെ അർത്ഥം വ്യാഖ്യാനിച്ചുകൊണ്ടു പറഞ്ഞു. മന്ത്രി സഭ രാജി വയ്ക്കണമെന്ന ആവശ്യവുമായി പൊതുജനങ്ങൾ നഗര ത്തിലെ തെരുവിൽ പ്രകടനങ്ങൾ നടത്തുകയാണ്. ഗുണ്ടകളെ വളർത്തു കയും സംരക്ഷിക്കുകയും ചെയ്യുന്ന മന്ത്രിമാർക്കെതിരെ നിയമനടപടി കൾ സ്വീകരിക്കണമെന്ന ആവശ്യവും ശക്തമാണ്. ഗുണ്ടകൾക്കൊപ്പം നിന്ന് പ്രവർത്തിക്കുന്ന പോലീസുകാരെ ജനങ്ങൾ തന്നെ കൈകാര്യം ചെയ്യുന്ന ചില ഭാഗങ്ങളാണ് നിങ്ങൾ ഇപ്പോൾ കണ്ടത്. ഇനി നമ്മൾക്ക് പ്രതിക്ഷേധിക്കുന്ന പൊതു ജനങ്ങളുടെ അടുത്തേയ്ക്കു പോകാം. തുടർന്ന് ടെലിവിഷനിൽ കണ്ടത് മുദ്രാവാക്യങ്ങൾ മുഴക്കി തെരുവിൽ പ്രകടനം നടത്തുന്ന ജനങ്ങളെയാണ്. നഗരത്തിൽ നൂറ്റിനാല്പത്തിനാല് പ്രഖ്യാപിച്ചുകൊണ്ടുള്ള പോലീസിന്റെ അറിയിപ്പും കേൾക്കാം.

ഞാൻ വർഷയെ കാണുന്നതും പരിചയപ്പെടുന്നതും ഇന്നാണ്. ഒരു പെൺകുട്ടിക്ക് ഒറ്റയ്ക്കു നടക്കുവാൻ പറ്റിയ അവസ്ഥയായിരിക്കില്ല ഈ തെരുവിലെന്ന് തോന്നിയതുകൊണ്ടാ ഇവിടെ കൊണ്ടുവന്നു വിട്ടത്. ഒരു മൗനത്തിനുശേഷം തുടർന്നു. മകൾ പ്രണയിക്കുന്നതിന്റെയും ഉദ്ദേശിച്ച ലക്ഷ്യത്തിൽ എത്താത്തതിന്റെയും വിഷമം മനസിലാക്കുവാൻ കഴിയുന്നുണ്ട്.

ടെലിവിഷൻ സ്ക്രീനിൽ നിന്നും ഉയർന്ന ഒരു അലർച്ച കേട്ട് എല്ലാ വരും അവിടേയ്ക്കു നോക്കി. മുഖം മൂടി ധരിച്ച അഞ്ചാറു യുവാക്കൾ ഒരു പെൺകുട്ടിയുടെ വസ്ത്രങ്ങൾ വലിച്ചുകീറുകയാണ്. അതുകണ്ടു കൊണ്ടു നിൽക്കുന്ന ഒരു പറ്റം ആളുകൾ. ആ രംഗം ചിത്രീകരിക്കുന്ന ഒരു മാധ്യമ പ്രവർത്തകനെ ആക്രമിക്കുന്നതും ക്യാമറ തട്ടിപ്പറിച്ച് മേടിച്ച് നിലത്തടിച്ച് ഉടയ്ക്കുന്നതും കാണാം.

ഗായത്രി അവിടെ നിന്നും വേഗത്തിൽ പുറത്തേയ്ക്ക് ഇറങ്ങി. വണ്ടി യുടെ അടുത്തേയ്ക്കു നടന്നു.

ഗായത്രി കാറിൽ കയറുവാൻ തുടങ്ങിയപ്പോൾ വർഷ ക്ഷമാപണ

ത്തോടെ പറഞ്ഞു. അച്ഛന്റെയും അമ്മയുടേയും ഭാഗത്തുനിന്നുള്ള പെരുമാറ്റത്തിന് അരുതാത്ത അർത്ഥങ്ങളൊന്നും നൽകരുത്. എന്നോടുള്ള സ്നേഹക്കൂടുതലുകൊണ്ടാണ് അവർ സാഹചര്യവും വ്യക്തികളെയുമെല്ലാം മറന്ന് പെരുമാറുന്നത്.

വർഷയ്ക്ക് അവർ പറയുന്നത് അനുസരിച്ചു കൂടെ? ഗായ്ത്രി ചോദിച്ചു. എന്തിനാണ് അരുണിനെ തന്നെ വിവാഹം കഴിക്കണമെന്ന് വാശിപിടിക്കുന്നത്?.

കൃഷ്ണകൈമൾസാറും ചുറ്റുമുള്ളവരും മുഴുവൻ എതിർത്തിട്ടും ചേച്ചി എന്തിനാണ് സതീശനെ വിവാഹം കഴിച്ചത്? വർഷ ന്യായീകരണത്തോടെ ചോദിച്ചു.

അതിനുത്തരമായി ഗായത്രി മ്ലാനമായൊന്നു പുഞ്ചിരിച്ചു.

കാറ് നഗരത്തിലേയ്ക്കുതന്നെ തിരിച്ച് വിടുവാൻ ഗായത്രി ഡ്രൈവർക്ക് നിർദ്ദേശം നൽകി.

കാറിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഗായത്രി ഓരോന്ന് ചിന്തിച്ചുകൊണ്ടിരുന്നു. പ്രണയിക്കുന്നവരുടെ രക്തത്തിൽ വിപ്ലവകാരികളുടെ ആവേശമുണ്ട്. ചിന്തകളിൽ കരുത്തിന്റെ അഗ്നിസ്ഫുലിംഗങ്ങളുണ്ട്. ഭാവനയിൽ വിജയിക്കുന്ന പോരാളികളുടെ ഉത്സാഹമുണ്ട്. ഭാഷയിൽ ആത്മവിശ്വാസത്തിന്റെ ധാരാളിത്വമുണ്ട്. അവരാണ് ഈ പ്രപഞ്ചത്തെ കാല്പനികമായി പുനർ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

അങ്ങനെ ഓരോന്ന് ചിന്തിക്കുന്നതിനിടയിൽ ഗായത്രിയുടെ മനസിലേയ്ക്ക് കാൾ മാർക്സ് കടന്നുവന്നു. അപ്പോൾ കാൾ മാർക്സിന് താത്ത്വികന്റെ ദാർശനിക ഗൗരവമായിരുന്നില്ല. യുവകാമുകന്റെ ചടുലമായ പ്രസരിപ്പായിരുന്നു. ഒരു പ്രഭുകുടുംബത്തിൽ ജനിച്ച് സുഖസമൃദ്ധിയുടെ നടുവിൽ വളർന്ന അതി സുന്ദരിയായിരുന്ന ജെന്നി മാർക്സിനെ ഇഷ്ടപെട്ട് വിവാഹം കഴിച്ചത് സവിഷേഷമായ പ്രണയ വിപ്ലവ പ്രത്യയ ശാസ്ത്രത്തിന്റെ പിൻബലത്തിൽ തന്നെയല്ലേ?. ഈ പ്രത്യയശാസ്ത്രത്തെ എന്നാണ് കൃത്യമായി വ്യാഖ്യാനിക്കാൻ കഴിയുന്നത്?. പ്രണയം....അത് പ്രണയം മാത്രമാണ്. നിർവ്വചിക്കാൻ കഴിയാത്ത അഥവാ നിർവ്വചിക്കാൻ ശ്രമിക്കുമ്പോൾ പുത്തൻ മേഖലകളിലൂടെ സഞ്ചരിക്കുന്ന യുവത്വത്തിന്റെ ഊഷ്മളമായ ആഘോഷം. ഈ ആഘോഷത്തിൽ നൃത്തമുണ്ട്? സംഗീതമുണ്ട് രസമുണ്ട്. സ്വപ്നമുണ്ട്. ധീരതയുണ്ട്. ഇല്ലാത്തത് എന്താണ്?

ഗായത്രി ചിന്തകളിൽ നിന്നും ഉണർന്നത് നഗരത്തിലെത്തിയപ്പോ

ഴാണ്. ആകെ അലങ്കോലമായിക്കിടക്കുന്ന നഗരവീഥികൾ. അതിലൂടെ പ്രതിക്ഷേധത്തോടെ പായുന്ന ജനങ്ങൾ. ഗായത്രി കാറിൽനിന്നുമിറങ്ങി ബഹളം നിറുത്തി ശാന്തരാകണമെന്ന് മുന്നിൽ കണ്ടവരോടെല്ലാം അഭ്യർത്ഥിച്ചു.

ഗായത്രി നഗരത്തിലെത്തിയതറിഞ്ഞ് കമ്മ്യൂണിസ്റ്റ് ഏകോപന സമിതിയിലെ അംഗങ്ങൾ അവർക്കരികിലേയ്ക്ക് എത്തി. കുറെ ആൾക്കാർ ചേർന്ന് അവർക്കു ചുറ്റും ഒരു സംരക്ഷണ വലയം തീർത്തു. ഗായത്രി നഗരത്തിലെത്തിയതറിഞ്ഞ് മാധ്യമപ്രവർത്തകരും അടുത്തേയ്ക്ക് എത്തി.

ഇപ്പോൾ നഗരത്തിൽ നടന്നുകൊണ്ടിരിക്കുന്ന വൃത്തികേടുകൾക്ക് ചുക്കാൻ പിടിക്കുന്നത് ഭരണകക്ഷിയിലെ ചില നേതാക്കളാണ്. ഗായത്രി സത്യം അവർക്കു മുന്നിൽ വിശദീകരിച്ചു. എന്നെയും എന്റെ കൂടെയുള്ളവരെയും സമൂഹത്തിനു മുന്നിൽ മോശമായി ചിത്രീകരിക്കാനുള്ള ഏറ്റവും തരം താണ പ്രവൃത്തിയാണിത്. വേണ്ടിവന്നാൽ ഇന്നല്ലെങ്കിൽ നാളെ സത്യം ഞങ്ങൾതന്നെ ജനത്തിനു മുന്നിൽ തുറന്നുകാണിക്കും.....ഗായത്രിയുടെ വെളിപ്പെടുത്തലുകൾ ചാനലുകൾ ലൈവായി പ്രദർശിപ്പിച്ചു.

ബഹളം നടക്കുന്ന തെരുവിലൂടെ നടന്ന് ഗായത്രി എല്ലാം ശാന്തമാക്കിക്കൊണ്ടിരുന്നു. രാത്രികാറ്റ് ഊഷ്മളതയോടെ വീശിക്കൊണ്ടിരുന്നു. മാനത്ത് കൂടി മേഘങ്ങൾ കൂട്ടംകൂടി പൊയ്ക്കൊണ്ടിരുന്നു. മിന്നൽ പിണർ പാഞ്ഞു. ഇടിനാദം മുഴങ്ങി. മഴുകാറ്റ് വീശി. മഴ ശക്തിയോടെ പെയ്തു തുടങ്ങി.

# 10

# ജീവിതോത്സവം

വളരെ വൈകിയാണ് ഗായത്രി ഉണർന്നത്. ശരീരത്തിന് നല്ല ക്ഷീണം തോന്നിയതുകൊണ്ട് കട്ടിലിൽതന്നെ തിരിഞ്ഞ് കിടന്നു. അപ്പോൾ മാളു സരോജിനിയമ്മയോട് കുറുമ്പ് കൂടുന്നതു കേട്ടു. എന്റെ അമ്മയ്ക്കു മാത്രമെന്താ ഇത്ര തിരക്ക്. ജൽസയ്ക്കും സാന്ദ്രയ്ക്കുമൊക്കെ അപ്പം വാരിക്കൊടുക്കുന്നത് അവരുടെ അമ്മതന്നെയാണല്ലോ?

. മോളുടെ അമ്മ ഇപ്പോൾ ഒരു പാട് തിരക്കുള്ള ആളല്ലെ?. സരോജിനിയമ്മ സ്നേഹപൂർല്ലം മാളുവിനോടു പറഞ്ഞു. നമ്മൾക്കൊക്കെ ഇവിടെ സമാധാനത്തോടെ ജീവിക്കണമെങ്കിൽ മോളുടെ അമ്മ ഇങ്ങനെയൊക്കെ പ്രവർത്തിക്കണം. ഈ സമൂഹത്തിലെ കള്ളന്മാരോടും ചതിയൻമാരോടുമാണ് മോളുടെ അമ്മ നിരന്തരം പോരാടുന്നത്.

കള്ളന്മാരെയും ചതിയന്മാരെയും പിടിക്കാൻ പോലീസില്ലേ? മാളു സംശയം ചോദിച്ചു.

പോലീസുകാർക്കും മുകളിലുള്ള, അവരെക്കാൾ ശക്തിയുള്ള കള്ളന്മാരെയും ചതിയന്മാരെയും പിടിക്കാൻ മോളുടെ അമ്മതന്നെ വേണം. സരോജിനിയമ്മ ചിരിച്ചുകൊണ്ടു പറഞ്ഞു.

എന്റെ അമ്മയ്ക്ക് അത്രയും ബലമുണ്ടോ? . മാളു സംശയിച്ചു.

ഗായത്രി ചിരിച്ചുകൊണ്ട് അവിടേയ്ക്കു വന്നു. സരോജിനിയമ്മ പറയുന്ന പുളുവെല്ലാം കേട്ട് ഇരിക്കാ നീ? .

മാളുഓടിച്ചെന്ന് ഗായത്രിയെ കെട്ടിപിടിച്ചു. ഗായത്രി വാത്സല്യപൂർവ്വം അവളുടെ കവിളുകളിൽ കുറെ ഉമ്മകൊടുത്തു. അമ്മയുടെയും മോളുടെയും സ്നേഹപ്രകടനം കൗതുകപൂർവ്വം സരോജനിയമ്മ നോക്കിനിന്നു.

ഭക്ഷണം സരോജിനിയമ്മയുടെ കൈയ്യിൽ നിന്നും മേടിച്ച് ഗായത്രിതന്നെ മാളുവിന് വാരിക്കൊടുത്തു.

ഗായത്രിമോൾക്കിന്ന് എവിടെയെല്ലാമാണ് പ്രോഗ്രാമുകൾ? . സരോജിനിയമ്മ വാത്സല്യത്തോടെ തിരക്കി. ഉച്ചകഴിഞ്ഞ് ഇവിടെ അടു

ത്തുതന്നെയുള്ള രണ്ട് യോഗങ്ങളിൽ പ്രസംഗം . ഗായത്രി ചിരിച്ചുകൊണ്ട് പറഞ്ഞു. അല്പം വിശ്രമം ആകാമെന്നു കരുതി. മോളുടെ കാര്യത്തിൽ നല്ല ശ്രദ്ധവേണം. അറിയാമല്ലോ, അവർ എന്തും കാണിക്കാൻ മടിക്കില്ല .

മാളുവിന്റെ കാര്യത്തിൽ മാത്രമല്ല, ഗായത്രിക്കുട്ടിയുടെ കാര്യത്തിലും ഈ ഗ്രാമത്തിന് നല്ല ശ്രദ്ധയുണ്ട്. സരോജിനിയമ്മ കാര്യഗൗരവത്തോടെ തുടർന്നു. ഇവിടെനിന്നും പുറത്തുപോകുമ്പോൾ കരുതിയിരുന്നാൽ മതി.

ഗായത്രി ദീർഘമായൊന്നു നിശ്വസിച്ചു.

അപ്പം മേശപ്പുറത്ത് വച്ചിട്ടുണ്ട്. ഫ്ളാസ്കിൽ ചായയുമുണ്ട്. അതുകഴിച്ചിട്ട് വിശ്രമിച്ചുകൊള്ളൂ സരോജിനിയമ്മ പറഞ്ഞു. മാളുവിനെയും കൂട്ടി എന്റെ വീട്ടിലേയ്ക്ക് പോകുകയാ. അവിടെ അവൾക്ക് വേണ്ടതെല്ലാമുണ്ട്. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ മൊബൈലിലോ മറ്റോ വിളിച്ചാൽ മതി .

അപ്പം കഴിച്ചു കഴിഞ്ഞതിനുശേഷം ചൂടുചായ ഊതിക്കുടിച്ചുകൊണ്ട് ഗായത്രി കസേരയിലിരുന്നു. ദിനപത്രങ്ങൾ ഓരോന്നായി മറിച്ചുനോക്കിക്കൊണ്ടിരുന്നു. തലേദിവസം നടന്ന സംഭവങ്ങൾ എല്ലാപത്രങ്ങളും പ്രാധാന്യത്തോടെ തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒപ്പം ചിത്രങ്ങളും കൊടുത്തിട്ടുണ്ട്.

വാർത്തകളിലും ചിത്രങ്ങളിലും കേന്ദ്രസ്ഥാനത്തേക്കു വരുന്ന ആഹ്ലാദത്തിൽ ഗായത്രി ചിരിച്ചു. ആരോടെന്നില്ലാതെ പറഞ്ഞു. മനസ്സില്ല തോറ്റുകൊടുക്കാൻ. എന്നെ തോല്പിക്കാൻ ശ്രമിച്ചവരെ മുഴുവൻ ഞാൻ തോല്പിച്ച് താഴെയിറക്കും..

ഭാവിപരിപാടികളെപറ്റി ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ ഗായത്രിക്ക് ബോറടിച്ചു. അപ്പോൾ ഒരു സിനിമ കാണാനുള്ള ആഗ്രഹം മനസിൽ ജനിച്ചു. അടുക്കിവച്ചിരിക്കുന്ന സിനിമകളുടെ സിഡികൾക്കിടയിൽക്കൂടി ഒരു നല്ല സിനിമയ്ക്കായി തിരഞ്ഞു. അവസാനം കൈയ്യിൽ കിട്ടിയത് ജയിംസ് കാമറൂണിന്റെ ടൈറ്റാനിക്കാണ്. റോസും ജാക്കും പ്രണയവർണ്ണ ശോഭയോടെ ഗായത്രിയുടെ മനസിൽ വീണ്ടും തെളിഞ്ഞു. അനശ്വരമായ പ്രണയത്തിന്റെ ഊഷ്മളദൃശ്യങ്ങൾ. ടൈറ്റാനിക്കിനുമുന്നിൽ കൈകൾ വിരിച്ച് കടൽക്കാറ്റടിച്ച് എങ്ങോട്ടോ പോകാൻ വെമ്പുന്ന രണ്ട് മനസുകൾ. സുന്ദരിയായ റോസിന്റെ ക്ഷണം സ്വീകരിച്ച് കിടപ്പറയിൽക്കയറി അവളുടെ നഗ്ന ചിത്രം വരയ്ക്കുകന്ന ജാക്ക്...... കലയും കാമവും യാഥാർത്ഥ്യവുമെല്ലാം സംഗമിക്കുന്ന സവിശേഷമായൊരവസ്ഥ.

പ്രണയനിർവൃതിയുടെ ഒരിടത്തിനായി കപ്പലിലൂടെ പരതുന്ന റോസും ജാക്കും.... അവരുടെ പ്രണയം വൈകാരിക കൗതുകത്തോടെ കണ്ടുനിൽക്കുന്ന കപ്പലിലെ ജോലിക്കാർ.... പ്രണയിക്കുന്നവർക്കു മുന്നിൽ പ്രതിസന്ധികളും ദുരന്തങ്ങളും നിസാരമാണെന്നു കാണിച്ചു തരുന്ന ചിത്രം. ചരിത്രത്തിന്റെ മറ്റൊരു പുനർരചന.

മനസിലെ പ്രണയം ബാഷ്പീകരിച്ച് ശരീരത്തിൽ ഘനീഭവിച്ചു. വിവാഹത്തിനുമുമ്പുള്ള പ്രണയദിനങ്ങൾ ഓർമ്മയിൽ നൃത്തംചവിട്ടി. ഓർമ്മയിലെ നൃത്തത്തിന്റെ ചലനം ശരീരവും ഏറ്റുവാങ്ങി... ഗായത്രി ആർദ്രമായ മനസോടെ മുറിയിലൂടെ ഉലാത്തി. തുറന്നു കിടന്ന ജനാലയിലൂടെ പ്രകൃതിയെ നോക്കി. കാറ്റിൽ ഇളകിചിരിക്കുന്ന ഇലകൾ. അവയ്ക്കുമേൽ പാറി വീഴുന്ന സൂര്യന്റെ ഊഷ്മള രശ്മികൾ... അങ്ങനെ നോക്കി നിൽക്കുമ്പോൾ കാറ്റിന് ശക്തിയേറി. വൃക്ഷത്തിന്റെ ശിഖരങ്ങൾ ഇളകിയാടി. തെല്ല് അപ്പുറത്തായി കുത്തിയിരുന്ന ചുവപ്പ്കൊടി കാറ്റിൽ ഇളകിയാടി മറിഞ്ഞുവീണു. പെട്ടെന്നാണ് ഗായത്രിയുടെ മനസിൽ സതീശന്റെ രൂപം തെളിഞ്ഞത്. വിയർത്തുകുളിച്ച് നിൽക്കുന്ന സതീശന്റെ കൈയ്യിൽ ഒരു ചെങ്കൊടിയുമുണ്ട്.

ഡോ. ജയിംസ് മാത്യുവിന്റെ അടുത്ത് സതീശനെ ആക്കിയതിനുശേഷം ഇതുവരെ നേരിട്ട് കാണാൻ പോകാത്തതിൽ വല്ലായ്കതോന്നി. ആലോചിച്ച് അവളൊരു തീരുമാനത്തിലെത്തി. ഉടൻതന്നെ സതീശനെ കാണണം.

ഇന്ദ്രിയങ്ങൾ പ്രണയാർദ്രമായി. പ്രിയതമനെ കാണാൻ കണ്ണുകൾ തുടിച്ചു. പ്രണയ സല്ലാപം നടത്താൻ നാവ് വെമ്പി. പ്രണയ ശബ്ദം കേൾക്കാൻ കാതുകൾ കൊതിച്ചു. പ്രണയ സ്പർശനത്തിനായി തൊക്ക് രോമാഞ്ചമണിഞ്ഞു. പ്രമയ ചുംബനത്തിനായി ചുണ്ടുകൾ വിടർന്നു.

അണിഞ്ഞൊരുങ്ങി കണ്ണാടിയുടെ മുന്നിൽ ഒരു സുന്ദരശില്പം പോലെ ഗായത്രി നിന്നു. സൗന്ദര്യം സ്വയം കണ്ട് വിലയിരുത്തി. വെളുത്ത് സുന്ദരമായ രൂപം. നല്ല മുഖശ്രീയുണ്ട്. മാറിടത്തിന്റെയും നിതംബത്തിന്റെയും വടിവൊത്ത സൗന്ദര്യം സ്ത്രീത്വത്തെ ജ്വലിപ്പിച്ച് നിറുത്തിയിരിക്കുന്നു. ഉടുത്തിരിക്കുന്ന തെല്ല് വലിപ്പമുള്ള കള്ളിചെക്ക് പച്ച പട്ടുസാരിയും നന്നായി ചേരുന്നുണ്ട്. സാരിയുടെ നിറത്തിനു ചേരുന്ന പൊട്ട് തൊട്ടു. ഒരുവട്ടം കൂടി കണ്ണെഴുതി. കണ്ണാടിയിൽ നോക്കി തികഞ്ഞ ആത്മവിശ്വാസത്തോടെ ചിരിച്ചു.

പിടിവിട്ടതുപോലെ മനസ് വീണ്ടും ചിന്തകളിലേയ്ക്ക് പ്രവേശിച്ചു. സ്നേഹിച്ചിട്ട് സന്ദേഹം പങ്കുവച്ചിട്ട്.. പുരുഷസ്പർശനം ഏറ്റിട്ട് എത്രനാളായി. അതിനാവുന്നില്ലെങ്കിൽ പിന്നെ ഈ ശരീരഎന്തിനാണ്?.

സൗന്ദര്യംകൊണ്ടും ജീവിതംകൊണ്ടും എന്തുപ്രയോജനം. സതിശന്റെ വിയർത്തുകിതയ്ക്കുന്ന ശരീരവും അതിന്റെ ചലനവും മനസിൽ തെളിഞ്ഞു. ഊഷ്മളമായ ഗന്ധം നാസാരന്ധ്രങ്ങൾ അറിഞ്ഞു. ഗായത്രി വല്ലായ്കയോടെ ചിന്തകളിൽനിന്നും ഉണർന്നു. അപ്പോൾ മനസുതന്നെ യാഥാർത്ഥ്യം അവളോടു പറഞ്ഞു സ്വപ്നം നീ എത്രവേണമെങ്കിലും കണ്ടുകൊള്ളൂ. കാണുന്നതുമുഴുവൻ സ്വപ്നമായിത്തന്നെ അംഗീകരിക്കാനുള്ള അവസ്ഥ ശീലിച്ചെടുക്കണം .

ഗായത്രി വല്ലായ്ക ഉള്ളിലൊതുക്കി സരോജിനിയമ്മയുടെ അടുത്തെത്തി.

മോള് ഈ രൂപത്തിൽ, ഇത്ര സുന്ദരിയായി... . സരോജിനിയമ്മ സംശയത്തോടെ തിരക്കി.

ഗായത്രി മ്ലാനമായി ചിരിച്ചു. പിന്നെ മെല്ലെപറഞ്ഞു. സതീശേട്ടനെ ഒന്നു കാണണം. ഹോസ്പിറ്റലിൽ ആക്കിയതിൽപിന്നെ തിരിഞ്ഞു നോക്കിയിട്ടില്ല .

ഗായത്രിമോളിപ്പോൾ കൂടുതലൊന്നും ആഗ്രഹിക്കരുത്. സരോജിനിയമ്മ സത്യം വിശദീകരിച്ചു. ആഗ്രഹങ്ങൾ ദുഃഖങ്ങൾ തരുകയേയുള്ളൂ. രോഗാവലസ്ഥയിലിരിക്കുന്ന സതീശന് മോളെ കാണുവാനോ അംഗീകരിക്കാനോ മനസുകാണില്ല .

വിധിയെ ഉൾക്കൊണ്ടുകൊണ്ട് ഗായത്രി ചിരിക്കാൻ ശ്രമിച്ചു. തുടർന്ന് പറഞ്ഞു എവിടെയ്ക്കാ പോകുന്നതെന്ന് ആരോടും പറയുന്നില്ല. മൊബൈൽ ഫോൺ സ്വിച്ചോഫ് ചെയ്ത്രിക്കുകയാ. ഉച്ചകഴിഞ്ഞത്തെ പ്രോഗ്രാമുകൾക്ക് ഞാനെത്തില്ലെന്ന് അറിയിക്കണം. എവിടേയ്ക്കുപോയെന്ന് ആരോടും പറയേണ്ട .

സരോജിനിയമ്മ സമ്മതം മൂളിക്കൊണ്ട് പറഞ്ഞു. മാളു ഉറക്കത്തിലാ .

അവളെ ഇപ്പോൾ കൊണ്ടു പോകുന്നില്ല. ഗായത്രി സംശയിച്ച് പറഞ്ഞു. അവിടെ എന്താണ് സംഭവിക്കുന്നതെന്ന് അറിയില്ലല്ലോ. അച്ഛനെക്കുറിച്ചുള്ള നല്ല വർത്തമാനങ്ങൽ മാത്രം പറഞ്ഞു കൊടുത്താൽ മതി .

സരോജിനിയമ്മ സമ്മതത്തോടെ തലയാട്ടി.

കാറിൽ ഗായത്രി ഹോസ്പിറ്റലിലെത്തി. നേരെ ഡോ. ജയിംസ് മാത്യുവിന്റെ മുറിയിലേയ്ക്കു നടന്നു.

ഗായത്രിയെ കണ്ട ഡോക്ടറുടെ മുഖത്ത് ആശ്ചര്യം വിടർന്നു.

ഡോക്ടർ ഉത്സാഹത്തോടെ പറഞ്ഞു: ഒന്നു ബന്ധപ്പെടുവാനിരിക്കുകയായിരുന്നു. സതീശനിപ്പോൾ കാര്യമായ പ്രശ്നങ്ങളൊന്നുമില്ല. പാർട്ടിക്കാര് അയാളെ അന്വേഷിച്ച് പലപ്രാവശ്യം ഇവിടെ വന്നു. ഒരു മൗനത്തിനുശേഷം അദ്ദഹം തുടർന്നു പറഞ്ഞു: രോഗം ഭേദമായില്ലെന്ന് ഞാൻ പറയുകയും സതീശൻ ഒരു രോഗിയെപ്പോലെ അവരുടെ മുന്നിൽ പെരുമാറുകയും ചെയ്തു .

എനിക്ക് സതീശേട്ടനെ ഒന്നു കാണാൻ പറ്റുമോ? . ഗായത്രി ആകാംക്ഷയോടെ തിരക്കി.

കാണുകയും സമാധാനത്തോടെ ജീവിക്കുകയുമെല്ലാമാകാമല്ലോ. ഡോക്ടർ പറഞ്ഞു. എല്ലാ കാര്യങ്ങളിലും ഒരു കരുതൽ ആവശ്യമാണ്. നിങ്ങളിന്ന് കേരളം മുഴുവൻ ശ്രദ്ധിക്കപ്പെടുന്ന വ്യക്തിയാണ്. സാധാരണ ജനങ്ങൾക്ക് നിങ്ങളിൽ വിശ്വാസവുമുണ്ട്. അതുകൊണ്ടുതന്നെ ശത്രുക്കൾ നാലു ചുറ്റുമുണ്ട് .

ഡോക്ടർ പറഞ്ഞ സത്യത്തെ അംഗീകരിച്ചുകൊണ്ട് ഗായത്രി തലയാട്ടി. ഭീരുവിനെപ്പോലെ ഒളിച്ചിരിക്കാൻ എനിക്കാവില്ല. മരണം, അതിനെ എനിക്ക് തെല്ലും ഭയമില്ല . ഗായത്രി ഉറച്ച ശബ്ദത്തിൽ പറഞ്ഞു: ഷേക്സ്പീയർ പറഞ്ഞതുപോലെ ജീവിതത്തിൽ ഒരു പ്രാവശ്യം മാത്രം മരിക്കുന്നവരുടെ ജനുസിൽപെട്ടതാ ഞാനും .

നിങ്ങളെ പലപ്രാവശ്യം ആക്രമിക്കുകയും കൊല്ലാൻ ശ്രമിക്കുകയും ചെയ്തത് പത്രങ്ങളിലൂടെയും ചാനലുകളിലൂടെയും അറിഞ്ഞു. ഡോക്ടർ കരുതലോടെ പറഞ്ഞു: സതീശനെ ഉപയോഗിച്ച് നിങ്ങളെ തകർക്കാനാ പാർട്ടി എന്നും ശ്രമിച്ചിരുന്നത്. അതിന് കഴിയുന്നില്ലെങ്കിൽ ചിലപ്പോൾ............. .

പാർട്ടിയെന്നു പറയുന്നത് ശരിയല്ല. പാർട്ടിയിലുള്ള ചിലർ എന്നു പറയുന്നതാണ് ശരി. ഗായത്രി മനസുറപ്പോടെ പറഞ്ഞു. പാർട്ടിയെന്നു പറയുന്നത് അതിന്റെ തത്ത്വസംഹിതകൾ തന്നെയാ. അതിനെ വ്യഭിചരിക്കുന്നവരാണ് തത്ത്വസംഹിതകളെ മലീമസമാക്കുന്നത് .

സതീശേട്ടനെ കാണാൻ പാർട്ടിയിലെ ആരാണ് വന്നത് ? ഗായത്രി ആകാംക്ഷയോടെ തിരക്കി.

എനിക്ക് പരിചയമുള്ളവരൊന്നുമല്ല. സതീശന്റെ സുഹൃത്തുക്കളാണെന്നു പറഞ്ഞാവന്നത്. ഡോക്ടർ പറഞ്ഞു. എന്താണെങ്കിലും അവരുടെ പെരുമാറ്റവും സംഭാഷണരീതികളുമൊന്നും അത്ര ശരിയല്ല. സതീശന് അവരെപ്പറ്റി തീരെ അഭിപ്രായമില്ലെന്നു മാത്രമല്ല ഉള്ളിലുള്ള ഭയം തുറന്നു പറയുകയും ചെയ്തു.

ഗായത്രി ദീർഘമായൊന്നു നിശ്വസിച്ചു. അവർക്കിടയിൽ വളർന്ന മൗനത്തെ മുറിച്ചുകൊണ്ട് ഡോക്ടർ പറഞ്ഞു: വിരോധമില്ലെങ്കിൽ ഇപ്പോൾ ഗായത്രിയും സതീശനും എന്റെകൂടെ വരണം. എന്റെ വീട്ടിലേയ്ക്ക്.

എന്തു വിരോധം? ഗായത്രി തുടർന്നു പറഞ്ഞു: അതിൽ സന്തോഷമേയുള്ളൂ

കാറുമായി യഹൂരയിലേയ്ക്ക് തിരിച്ചുപോയിക്കൊളളാൻ ഡ്രൈവറോട് ഗായത്രി തന്നെ പറഞ്ഞു. ഡോക്ടർ ഓടിക്കുന്ന കാറിന്റെ പിൻസീറ്റിലാണ് ഗായത്രിയും സതീശനും ഇരുന്നത്. അവൾ പലപ്രാവശ്യം മുഖാമുഖം നോക്കിയെങ്കിലും സംസാരിച്ചില്ല. അവരുടെ മനസ് മനസിലാക്കിക്കൊണ്ട് ഡോക്ടർ പറഞ്ഞു. ജീവിതം ഒരു നദിപോലെയാ. ചിലപ്പോൾ ശാന്തമായൊഴുകും. കാറ്റും കോളും വരുമ്പോൾ കലങ്ങി പ്രക്ഷുബ്ധമാകും. അതങ്ങ് ശമിക്കുമ്പോൾ വീണ്ടും തെളിഞ്ഞ് ശാന്തമാകും. ആ ജലത്തിൽ നോക്കിയാൽ നമ്മൾക്ക് നമ്മളെതന്നെ കാണാനാകും .

ഗായത്രിയും സതീശനും മുഖാമുഖം നോക്കിയത് ഒരുമിച്ചായിരുന്നു. രണ്ടുപേരുടെയും ചുണ്ടുകളിൽ മെല്ലെ പുഞ്ചിരി വിടർന്നു. ഗായത്രി ഒരു നെടുവീർപ്പോടെ പതിയെ കൈകൾ നീട്ടി സതീശന്റെ കൈകളിൽ പിടിച്ചു. സതീശൻ രണ്ടുകൈകൾകൊണ്ടും ഗായത്രിയുടെ കൈ മുറുകെ പിടിച്ചു.

രണ്ട് മനസുകളിലും പ്രക്ഷുബ്ധമായ കടലിരമ്പി. തിരമാലകൾ തീരത്തെ മണൽപ്പരപ്പിലേയ്ക്ക് ആഞ്ഞടിക്കുന്നതുപോലെ ചിന്തകൾ ഇരമ്പി. സ്ഥലകാലങ്ങൾ മറന്ന് അവർ കെട്ടിപിടിച്ചു. സ്നേഹത്തിന്റെ നെടുവീർപ്പുകൾ ഉയർന്നു.

ഡോക്ടർ നിശബ്ദസാക്ഷിയായി കാറ് ഓടിച്ചു കൊണ്ടിരുന്നു. ഗായത്രിയുടെയും സതീശന്റെയും മനസ് ശാന്തമായപ്പോൾ ഡോക്ടർ പറഞ്ഞു. കഴിഞ്ഞ കാലം നല്ലതല്ലെങ്കിൽ അതങ്ങ് മറക്കണം. നല്ലതുള്ളത് മറക്കാതിരിക്കുകയും വേണം.

ഗായത്രിയും സതീശനും അതിന് ഉത്തരമൊന്നും പറഞ്ഞില്ല. ഡോക്ടർ മൊബൈൽ ഫോണിൽ ആരോ ആയി സംസാരിച്ചതിനുശേഷം ഒരു തീരുമാനത്തിലെത്തി.

നിങ്ങൾ ഇപ്പോൾ എന്റെ വീട്ടിലേയ്ക്കു വരുവാനുളള മാനസികാവസ്ഥയിലല്ല........... പലതും പരസ്പരം പറയാനുണ്ട്. ഡോക്ടർ ഒരു മൗനത്തിനുശേഷം തുടർന്നു: നിങ്ങൾക്കാവശ്യം

ശാന്തമായ ഒരു സ്ഥലമാണ് നിങ്ങളുടെ മാത്രമായ ഒരിടം. എന്റെ സുഹൃത്തിന്റെ ഒരു ഹൗസ്ബോട്ട് നിങ്ങൾക്കായി ഏർപ്പാടാക്കിയിട്ടുണ്ട്. ഈ രാത്രി കായൽ പരപ്പിന്റെ സൗന്ദര്യവും നിലാവിന്റെ വശ്യതയും കാറ്റിന്റെ സ്പർശവുമെല്ലാമറിഞ്ഞ് സമാധാനമായിക്കഴിയ് .

ഹൗസ്ബോട്ടിന്റെ അടുത്ത് എത്തുന്നിടംവരെ ഡോക്ടർ അവരോട് സംസാരിച്ചുകൊണ്ടിരുന്നു. ജീവിതത്തെപ്പറ്റി. അതിന്റെ സൗന്ദര്യത്തെപ്പറ്റി, സാധ്യതകളെപ്പറ്റി... ചില പരിമിതികളെപ്പറ്റി.......

കായലിലെ ജലപ്പരപ്പിലൂടെ ഹൗസ്ബോട്ട് മന്ദംമന്ദം ഒഴുകി നീങ്ങിയപ്പോൾ ഗായത്രിയുടെ മനസിലേയ്ക്ക് വന്നത് കടൽപ്പരപ്പിലൂടെ പോകുന്ന ടൈറ്റാനിക്കിന്റെ ചിത്രമാണ്. സതീശൻ കൂടുതൽ സ്നേഹത്തോടെയും സ്വാതന്ത്ര്യത്തോടെയും അടുത്തുനിന്നുകൊണ്ട് പറഞ്ഞു. ഞാൻ ഏതോ ഒരു സാങ്കല്പിക ലോകത്തായിരുന്നു. തന്നെ വിവാഹം കഴിക്കുന്നതിലൂടെ പാർട്ടിയുടെ മുൻനിരയിലേയ്ക്ക് വരാമെന്ന് വെറുതെ മോഹിച്ചു. എന്റെ ബാലിശമായ മോഹത്തെ പലരും പലരീതിയിൽ ചൂഷണം ചെയ്തു. നിന്നെപ്പറ്റി നിന്റെ സ്നേഹത്തെപ്പറ്റി നിന്റെ കഴിവുകളെപറ്റിയൊന്നും ഞാൻ ഓർത്തില്ല. ചിലപ്പോഴൊക്കെ നിന്റെയും മുകളിലേയ്ക്കു വളരണമെന്നുള്ള ദുർബലമായ പുരുഷചിന്ത........ എല്ലാംകൂടി ചേർന്നപ്പോൾ....., ഗായത്രി, നീ എന്നെ മനസിലാക്കണം.... സ്നേഹിക്കണം ക്ഷമിക്കണം......

ഗായത്രി സതീശന്റെ വായ് പൊത്തിക്കൊണ്ട് പറഞ്ഞു. അരുത് ഇങ്ങനെയൊന്നും പറയരുത്. എന്നെ മനസിലാക്കാനും ഉൾക്കൊള്ളാനുമുള്ള ഒരു മനസുണ്ടായാൽ മതി. നമ്മൾ പ്രണയിച്ചിരുന്ന കാലത്തെപ്പറ്റി സതീശൻ എന്നെങ്കിലും ചിന്തിച്ചിട്ടുണ്ടോ? നമ്മളുടെ പ്രണയോത്സവങ്ങളുടെ ഊഷ്മളതയെപ്പറ്റി ഓർമ്മിച്ചിട്ടുണ്ടോ? ഞാനും മോളും ജീവിക്കുന്നതിനെപ്പറ്റി ഇനിയെങ്കിലും മറക്കരുത്..

ഗായത്രിയെ ആലിംഗനം ചെയ്തുകൊണ്ട് സതീശൻ പറഞ്ഞു. അരുതാത്തതൊന്നും ചിന്തിക്കരുത്. ഇനിയെന്റെ ഭാഗത്തുനിന്നും സ്നേഹം മാത്രമെ ഉണ്ടാകൂ.

സർവ്വശക്തിയുമെടുത്ത് സതീശനെ പിന്നിലേയ്ക്ക് തള്ളിക്കൊണ്ട് ഗായത്രി പറഞ്ഞു. സ്നേഹത്തിന്റെ കാര്യത്തിലും ഒരു കരുതൽ ആവശ്യമാ.

സതീശൻ വല്ലായ്കയോടെ ഗായത്രിയെതന്നെ നോക്കിനിന്നു.

സ്നേഹത്തിന് പലരൂപങ്ങളുണ്ട്., അവസ്ഥകളുണ്ട്, രീതികളുണ്ട്. ഗായത്രി കുസൃതിയോടെ പറഞ്ഞു. ഒരു ശരീരത്തിന് മറ്റൊരു

ശരീരത്തോടു മാത്രമുള്ള സ്നേഹം നൈമിഷികമാണ്. പരസ്പരം മനസിനെ അറിഞ്ഞിട്ട് ആ മനസിരിക്കുന്ന ശരീരത്തെ സ്നേഹിക്കുമ്പോഴേ സ്നേഹം നിലനിൽക്കൂ.

ഗായത്രി പറഞ്ഞതിന്റെ പൊരുളറിയാതെ സതീശൻ അങ്ങനെതന്നെ നിന്നു. ചലനം നഷ്ടപ്പെട്ട കാലത്തിലെന്നപോലെ. ഗായത്രി സതീശന്റെ കണ്ണുകളുടെ ആഴങ്ങളിലേയ്ക്കുനോക്കി അടുത്തേയ്ക്കു ചെന്നു. നിശ്ചലനായി നിൽക്കുന്ന സതീശന്റെ  കവിളുകളിൽ ഉമ്മവെച്ച് തിരിഞ്ഞോടി..

അവർ കളിക്കൂട്ടുകാരെപ്പോലെ പ്രായം മറന്ന്, സ്ഥലവും കാലവും മറന്ന് ഹൗസ്ബോട്ടിലൂടെ ഓടിനടന്നു. അതിലെ ജീവനക്കാർ അതൊന്നും ശ്രദ്ധിക്കുന്നില്ലെന്നു വരുത്തി അവരുടെ ജോലിയിൽ മുഴുകി. പ്രകൃതി അവർക്ക് ഉന്മേഷം പകർന്നു. രാത്രി പുഷ്പത്തിന്റെ ഗന്ധവുംപേറി ചെറുകാറ്റ് വീശി. കായൽ പരപ്പിലെ ജലം മെല്ലെ ഇളകി. ചന്ദ്രപ്രഭ ഇളകിയ ജലപ്പരപ്പിൽത്തട്ടി മിന്നിത്തിളങ്ങി. രാത്രിയും ചന്ദ്രപ്രഭയും പരസ്പരം ആലിംഗനം ചെയ്ത് ഉത്സവം കൊണ്ടാടി.

# 11

## ക്ഷോഭിക്കുന്നവരുടെ കൂടാരം

വാർത്തകേട്ട ഗായത്രി ഒന്നു ചളിച്ചു. മനസിൽനിന്നും പുറത്തേയ്ക്കു ചാടിയ വല്ലായ്കയുടെ ഭൂതം വളർന്ന് മാനത്തോളം ഉയർന്നു.

തുറന്നൊന്നും പറയാതെ നിൽക്കുന്ന സഹപ്രവർത്തകരോടും സുഹൃത്തുക്കളോടുമായി ഗായത്രി ചോദിച്ചു. ഇ ൗ കിംവദന്തി നിങ്ങളും വിശ്വസിച്ചുവോ?

ഞങ്ങളുടെ വിശ്വാസത്തിന് പ്രസക്തിയില്ല. ഒരു പ്രവർത്തകൻ വല്ലായ്കയോടെ പറഞ്ഞു: നമ്മളുടെ പഴയ പാർട്ടി വ്യഭിചാരത്തിന്റെ കള്ളക്കഥകൾ പറഞ്ഞ ശക്തരായ എതിരാളികളെ വെട്ടിനിരത്തുന്നത്. ഇവിടുത്തെ ജനം കപട സദാചാരത്തിന്റെ കാവൽക്കാരാ. പറഞ്ഞു കേൾക്കുന്ന കള്ളക്കഥകൾക്ക് ചായം തേച്ച് ചുവപ്പിക്കുവാൻ അവർക്ക് പ്രത്യേക വാസനയുണ്ട്.

ഞാൻ എവിടെ പോയെന്ന് നിങ്ങളും തിരക്കിയില്ലല്ലോ. ഗായത്രി സത്യം പറഞ്ഞു. സതീശനെ കാണുവാൻ ഡോക്ടർ ജയിംസ് മാത്യുവിന്റെ ഹോസ്പിറ്റലിൽ പോയിരുന്നു. ട്രീറ്റ്മെന്റുമായി ബന്ധപ്പെട്ട് ഒരു ദിവസം അവിടെ തങ്ങേണ്ടി വന്നു. ഒരു മൗനത്തിനുശേഷം ഉള്ളുരുക്കത്തോടെ തുടർന്നു. അരുണിനെ കൂട്ടിചേർത്തതിലാ എനിക്കു വിഷമം. അവൻ എനിക്കൊരു കൊച്ചു സഹോദരനെപോലെയാ.

അരുണും വർഷയും അപ്പുറത്തെ മുറിയിലുണ്ട്. പ്രവർത്തകരിലൊരാൾ പറഞ്ഞു. മാഡത്തെ അഭിമുഖികരിക്കാനുള്ള ബുദ്ധിമുട്ടുകൊണ്ടാ അവരവിടെ നിൽക്കുന്നത്.

ഒരു ദീർഘനിശ്വാസത്തിനുശേഷം ഗായത്രി നടന്ന് അരുണിന്റെയും വർഷയുടെയും അടുത്തേയ്ക്കുചെന്നു. വർഷയുടെ കണ്ണുകളിലേയ്ക്ക് ആഴത്തിൽ നോക്കിക്കൊണ്ട് ചോദിച്ചു. ഇ ൗ കേൾക്കുന്നതൊക്കെ വർഷ വിശ്വസിക്കുന്നുണ്ടോ?

വർഷ അടക്കിപിടിച്ചൊന്നു ചിരിച്ചു. തുടർന്ന് ശാന്തമായി പറഞ്ഞു. ഇല്ല. തുടർന്ന് ഇന്നലെ മുഴുവൻ ഞാനും അരുണും ഒരുമിച്ചായിരുന്നു. ഈ പറയുന്നത് ഞങ്ങളെ പറ്റിയായിരുന്നെങ്കിൽ ശരിയായിരുന്നു.

കാര്യം മനസിലാകാതെ ഗായത്രി പുരികം ചുളിച്ചു. വർഷ തീരെ

ശബ്ദം താഴ്ത്തി ഗായത്രിക്കുമാത്രം കേൾക്കാവുന്നതുപോലെ പറഞ്ഞു. ഇന്നലെ ഞങ്ങൾ അവതാർ സിനിമ കണ്ടതിനുശേഷം ഒരു ഐസ്ക്രീമൊക്കെ കഴിച്ച് തിരിച്ചുപോരുമ്പോൾ പെട്ടെന്ന് മഴ പെയ്തു. ബൈക്കിലായിരുന്ന ഞങ്ങൾ പൂർണമായും നനഞ്ഞു. അപ്പോഴാണ് എന്റെ സുഹൃത്ത് ഫാറയുടെ വീടിനുമുന്നിലെത്തുന്നത്. അവൾ മുന്നിൽത്തന്നെ നിൽപുമുണ്ടായിരുന്നു. ഞങ്ങൾ ബൈക്ക് നിറുത്തി അവളുടെ അടുത്തേയ്ക്കുചെന്നു. ഹോസ്പിറ്റലിൽ കിടക്കുന്ന അമ്മയുടെ അടുത്തേയ്ക്ക് അവർക്ക് അത്യാവശ്യമായി പോകേണ്ടതുകൊണ്ട് താക്കോൾ ഞങ്ങളെ ഏല്പിച്ചു. ഞങ്ങൾ പോകുമ്പോൾ താക്കോൽ തൊട്ടടുത്തുള്ള രാധിക ചേച്ചിയുടെ വീട്ടിൽ കൊടുത്താൽ മതിയെന്നും പറഞ്ഞു. വർഷ സംഭാഷണം നിറുത്തി ചുറ്റും നോക്കി. ആരും കേൾക്കുന്നില്ലെന്ന് ഉറപ്പു വരുത്തിയതിവുശേഷം പറഞ്ഞു. വിവാഹത്തിനുമുൻപ് ശാരീരിക ബന്ധം വേണ്ടെന്നുള്ള ഞങ്ങളുടെ തീരുമാനം സാഹചര്യം മാറ്റിയെടുപ്പിച്ചു. അതുപറഞ്ഞതിനുശേഷം വർഷ ലജ്ജയോടെ തറയിലേയ്ക്കു നോക്കി നിന്നു. പുറത്തുനിന്നും കേൾക്കുന്ന ശബ്ദം മാധ്യമപ്രവർത്തകരുടെതാണെന്ന് ഗായത്രിക്കു മനസിലായി. ഗായത്രി കൗതുകവും വല്ലായ്കയും ഉള്ളിലൊതുക്കി വർഷയോടു ചോദിച്ചു. ഇതൊക്കെ നിങ്ങളുതന്നെ മാധ്യമപ്രവർത്തകരോടും മറ്റും തുറന്നു പറഞ്ഞാൽ പ്രശ്നങ്ങൾ തീരുമായിരുന്നല്ലോ?

വർഷ ഉത്തരമൊന്നും പറയാതെ നിന്നു.

ഗായത്രി തിരിഞ്ഞ് നടന്നു തുടങ്ങിയപ്പോൾ വർഷ അവരുടെ കൈയ്യിൽ പിടിച്ചുകൊണ്ട് പറഞ്ഞു. അവിവാഹിതരായ ഞങ്ങൾ ഒരുമിച്ചു താമസിച്ചെന്നു പറഞ്ഞാൽ ഈ സമൂഹത്തിലുണ്ടാകുന്ന കോലാഹലങ്ങളെ പറ്റികൂടി ചിന്തിച്ചുപോയി..

കിടപ്പറകളിലേയ്ക്ക് ഒളിഞ്ഞുനോക്കുന്ന, പരദൂഷണം പറഞ്ഞ് നടക്കുന്ന, സത്യത്തിനുനേരെ കൊഞ്ഞനം കുത്തുന്ന കേരളീയ സമൂഹത്തിന്റെ മന:സാക്ഷി ഗായത്രിയുടെ മുന്നിൽ ഒരു തിരശീലയിലെന്നപോലെ തെളിഞ്ഞ് വന്നു.

ഞാൻ തൊഴിൽ രഹിതയാണ്. വർഷ ന്യായീകരണത്തോടെ പറഞ്ഞു. ഇങ്ങനെയുള്ള വല്ല വാർത്തയും പുറത്തു വന്നാൽ പിന്നെ മാന്യതയുള്ള ഒരു ജോലിയും കിട്ടത്തില്ല. സമൂഹത്തിലേയ്ക്ക് ഇറങ്ങി നടക്കാൻ കൂടി വയ്യാത്ത അവസ്ഥയാകും. ഈ സമൂഹത്തിലെ പല പുരുഷമാന്യൻമാരും എന്റെ ശരീരത്തിന് വിലപറഞ്ഞ് പിന്നാലെ കൂടും. ഒരു മൗനത്തിനു ശേഷം വർഷ തുടർന്നു. ഇനി ചേച്ചി പറയുന്നതുപോലെ ഞാൻ ചെയ്യാം.

ഇ ൗ സമൂഹത്തെ എനിക്കറിയാം കുട്ടി. ഗായത്രി ഒരു തിരിച്ചറിവോടെ പറഞ്ഞു. സ്ത്രീയെ കേവലം ഉപകരണമായി മാത്രം കാണുന്ന സംസ്കാരമാണ് വളർന്നു വരുന്നത്. കേരളത്തിൽ ജീവിക്കുന്ന ഒരു സ്ത്രീക്ക് മുൻകരുതലുകൾ ഉണ്ടായെ മതിയാവൂ.

അരുണിന്റെ നേരെ തിരിഞ്ഞ് ഗായത്രി ചോദിച്ചു. ഇ ൗ വാർത്തയുടെ ഉറവിടം എവിടെനിന്നാണെന്ന് കണ്ടെത്തിയോ?

ഒരു ബംഗാളി തൊഴിലാളിയുടെ കൈയ്യിൽ നിന്നും എറണാകുളത്തുവച്ച് മോഷണം പോയ മൊബൈയിൽ നിന്നാ ആദ്യത്തെ എസ്.എം.എസ്സ്. തുടർന്ന് യുവസഹാക്കളെല്ലാം കൂടി അത് കേരളത്തിലാകെ അയക്കുകയായിരുന്നു.  അരുൺ കരുതലോടെ പറഞ്ഞു. ചേച്ചിയെ തകർക്കുവാൻ പാർട്ടികാർതന്നെ ഇറക്കിയ എസ്.എം.എസാ ഇത്.

മാധ്യമ പ്രവർത്തകർ പുറത്ത് ഗായത്രിയെ കാണാൻ തിക്കിതിരക്കി. ഗായത്രി തികഞ്ഞ പുഞ്ചിരിയോടെ അവൾക്ക് മുന്നിലേയ്ക്കു ചെന്നു. ചോദ്യശരങ്ങൾക്കൊണ്ട് അവർ അവളെ വളഞ്ഞു.

ഇപ്പോൾ പുലർത്തുന്ന അവിഹികബന്ധം നിങ്ങളുടെ രാഷ്ട്രീയ ജീവിതത്തിന്റെ അന്ത്യമാകുമോ.? പാർട്ടി പത്രത്തിന്റെ ലേഖകൻ ഗായത്രിയോടു ചോദിച്ചു.

എന്റെ രാഷ്ട്രീയ ജീവിതത്തിന്റെ അന്ത്യമാകണമെന്ന് ആഗ്രഹിച്ചവർ കെട്ടിച്ചമച്ചതാണ് ഈ അവിഹിതബന്ധത്തിന്റെ കഥ. ഗായത്രി പറഞ്ഞു. നിങ്ങൾ വലിയ വാർത്ത അന്വേഷകരല്ലേ, സത്യം കണ്ടുപിടിക്ക്. ഒരു മൗനത്തിനുശേഷം മെല്ലെ തുടർന്നു. ഞാനിന്നലെ എന്റെ ഭർത്താവിനോടൊപ്പം ഡോ. ജയിംസ് മാത്യുവിന്റെ ഹോസ്പിറ്റലിലായിരുന്നു. ഏതൊക്കെ മൊബൈലുകളിൽ നിന്നാണ് മെസേജ് വന്നതെന്ന് അന്വേഷിച്ചാൽ അതിന്റെ ഉറവിടം വ്യക്തമാകും.

നിങ്ങൾ ലൈംഗികത ആഘോഷിക്കുന്ന സ്ത്രീയാണോ? ഒരു പത്രപ്രവർത്തകർ സംശയിച്ചു. മുമ്പും നിങ്ങളെപറ്റി ഇത്തരത്തിലുള്ള വാർത്തകൾ ഉണ്ടായിട്ടുണ്ടല്ലോ?

അതു ചോദിച്ച പത്രപ്രവർത്തകനെ ഗായത്രി രൂക്ഷമായൊന്നു നോക്കി. വീട്ടിൽ ചെന്ന് അമ്മയോടു ചോദിച്ചാലും അറിയാം ലൈംഗികത ആഘോഷിച്ചിട്ടുണ്ടോയെന്ന്.  അവന്റെ അടുത്തേയ്ക്കു ചെന്ന് കരണത്തിനിട്ടു പൊട്ടിച്ചികൊണ്ട് പറഞ്ഞു. ഇ ൗ അടി ഈ ചോദ്യം ചോദിക്കാൻ പറഞ്ഞു വിട്ടവന് കൊടുക്കാനുള്ളതാ. രോഷത്തോടെ ചുറ്റും നോക്കിക്കൊണ്ട് തുടർന്നു. മറ്റുള്ളവന്റെ കിടപ്പറകളിലേയ്ക്കു നോക്കുന്നതല്ല മാധ്യമ പ്രവർത്തനം. ഈ സമൂഹത്തെ മലീമസമാക്കുന്നതിൽ ഇത്തരത്തിലുള്ള വാർത്തകൾക്ക് നിർണ്ണായക സ്ഥാനമാണു

ള്ളത്. സ്ത്രീകൾക്ക് ഊരുറപ്പോടെ പുറത്തിങ്ങി നടക്കാൻ കഴിയാത്ത അവസ്ഥ സൃഷ്ടിക്കുന്നത് ഇത്തരത്തിലുള്ള മാധ്യമസഖാക്കളുകൂടി ചേർന്നാ. നിയമം നിഷ്ക്രിയമാക്കുകയും ഗുണ്ടകൾ നിയമം സൃഷ്ടിക്കുകയും ചെയ്യുന്ന ഈ ദൈവത്തിന്റെ സ്വന്തം നാടിനെപ്പറ്റി എന്നെങ്കിലും നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? തൊഴിലില്ലായ്മ രൂക്ഷമായിരിക്കുമ്പോഴും തൊഴിൽ ചെയ്യാത്ത യുവജനങ്ങളെപ്പറ്റി എന്തറിയാം? മതവും രാഷ്ട്രീയവും ചേർന്ന് നശിപ്പിക്കുന്ന സംസ്കാരത്തെപ്പറ്റി ആലോചിച്ചിട്ടുണ്ടോ...? ഇതിനെപ്പറ്റിയൊക്കെ തുറന്നെഴുത്.

ഗായത്രിയുടെ അസാധാരണമായ പ്രതികരണവും വാക്കുകളും അവിടെ കൂടിയിരുന്നവരിൽ അത്ഭുതവും ഞെട്ടലും സൃഷ്ടിച്ചു. ആരും അത് പുറത്തു കാണിച്ചില്ല. ഗായത്രിയ്ക്ക് എതിരെയുള്ള ആരോപണത്തിന്റെ മുന ഒടിഞ്ഞു. ആരോപണം പുറത്തുവിട്ടവരെപ്പറ്റിയുള്ള അന്വേഷണവും വിലയിരുത്തലുകളുമായി പിന്നെ മാധ്യമങ്ങൾ സജീവമായി.

പുതിയതായി തുടങ്ങിയ വെബ്സൈറ്റിന്റെ ഉത്ഘാടനം ഗായത്രി തന്നെയാണ് നിർവ്വഹിച്ചത്. ഡബ്ളിയു ഡബ്ളിയു ഡബ്ളിയു ഡോട്ട് കമ്മ്യൂണിസ്റ്റ് ഏകോപനസമതി ഡോട്ട് കോം. എന്ന സൈറ്റ് തുറന്നു കൊണ്ടാണ് ഉത്ഘാടനം നിർവ്വഹിച്ചത്.

ഗായത്രി അധികമാരോടും പറയാതെ മുൻനിശ്ചയപ്രകാരം തീരുമാനിച്ചുറപ്പിച്ചതുപോലെ അരമനയിലേയ്ക്ക് പോയി.

അരമനയിലെത്തിയ ഗായത്രിയെ സ്വീകരിച്ചത് ജോണാണ്. വെളുത്ത ളൊഹയിട്ട് ശാന്തനായി നിൽക്കുന്ന ജോണിനെ ഗായത്രി ആഴത്തിൽ നോക്കി. ജോൺ അടുത്തേയ്ക്കുവന്ന് കൈകൾ കൊടുത്താണ് ഗായത്രിയെ സ്വീകരിച്ചത്. ഗായത്രിയുടെ മനസിലൂടെ ഭൂതകാല ഓർമ്മയുടെ നീർച്ചാലൊഴുകി. പ്രണയത്തിന്റെ ഒരു മെഴുകുതിരി കത്തിജ്വലിച്ച് നിൽക്കുന്നു. അത് ഉരുകിയുരുകി മെഴുകിന് ഒരു കുരിശിന്റെ ആകൃതി കൈവന്നു.

ഗായത്രി പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു ജോണിന് സുഖം തന്നെയല്ലേ?

അതെ, ജോൺ തുടർന്നു ചോദിച്ചു. ഗായത്രിക്ക് ?

ഗായത്രി അതിന് ഉത്തരമൊന്നും പറയാതെ ചിരിച്ചതേയുള്ളൂ.

പിതാവ് ഉടൻതന്നെ വരും. ജോൺ തുടർന്നു. പ്രാർത്ഥനാമുറിയിലാണ്. നമ്മൾക്ക് അകത്തേയ്ക്ക് ഇരിക്കാം.

വിശാലമായ ഭക്ഷണശാലയിലേയ്ക്കാണ് അവർ പ്രവേശിച്ചത്. വിഭവസമൃദ്ധമായ മേശയിലൂടെ ഗായത്രിയുടെ കണ്ണ് സഞ്ചരിച്ചു. ഓറഞ്ച്, ആപ്പിൾ, വാഴപ്പഴങ്ങൾ പലതരത്തിലുള്ള ഇറച്ചിക്കറികൾ, പേരുപോലും

അറിയില്ലാത്ത വിഭവങ്ങൾ. വീഞ്ഞ് നിറഞ്ഞിരിക്കുന്ന ഒരു കുപ്പി......

ഗായത്രിക്ക് കഴിക്കാൻ? ജോൺ ചോദിച്ചു.

ഇത്രയും സമൃദ്ധമായ വിഭവങ്ങൾ ആർക്കാണ്? ഗായത്രി ആകാംക്ഷയോടെ തിരക്കി.

പിതാവിന്. ജോൺ പറഞ്ഞു. പൊതുവെ അരമനയിലെ ഭക്ഷണക്രമം ഇങ്ങനെയാ . ക്രിസ്തുമതം പശ്ചാത്ത്യമായതുകൊണ്ടുതന്നെ പല പ്രവൃത്തികളിലും അതിന്റെ പിൻതുടർച്ച കാണാനാകും.

എനിക്ക് ഒരു ചായമാത്രം മതി .

ഗായത്രി പറഞ്ഞു.

നല്ല കടുപ്പത്തിൽ മധുരമില്ലാതെ?

ജോൺ ഗായത്രിയുടെ മുഖത്തേയ്ക്കുനോക്കി.

അസുഖമൊന്നും ഇല്ല. ഗായത്രി തുടർന്നു. ഉന്മേഷത്തിന് എനിക്കിഷ്ടം മധുരമില്ലാത്ത കടും ചായയാണ്.

ജോൺ ചായകൊടുത്തുകൊണ്ട് ഗായത്രിയോടു തിരക്കി. പുതിയ വെബ്സെറ്റിന്റെ ഉദ്ഘാടനം കഴിഞ്ഞുവോ? .

കഴിഞ്ഞു. ഗായത്രി ചിരിച്ചുകൊണ്ട് പറഞ്ഞു.

അനാവശ്യം ചോദിച്ച പത്രപ്രവർത്തകന്റെ കരണത്തിനിട്ട് പൊട്ടിക്കുന്നത് ടെലിവിഷനിലൂടെ കണ്ടു. ജോൺ പറഞ്ഞു. വേരോട്ടമുള്ള പ്രസ്ഥാനങ്ങളോട് കലഹിച്ച് സ്വന്തമായ ഒരു തട്ടകം സൃഷ്ടിക്കാൻ കഴിഞ്ഞ ഗായത്രിയുടെ മനസ് എന്നെ അത്ഭുതപ്പെടുത്തുന്നു .

ഒരു സാധാരണ സ്ത്രീയായി ജീവിക്കാനെ ഞാൻ ആഗ്രഹിച്ചിരുന്നുള്ളൂ. ഗായത്രി കാര്യഗൗരവത്തോടെ പറഞ്ഞു. ജീവിക്കാനുള്ള ശ്രമങ്ങൾക്കിടയിൽ ചിലതൊക്കെ യാദൃച്ഛികമായി സംഭവിച്ചെന്നു മാത്രം. പലരുടെയും ആഗ്രഹങ്ങൾക്ക് ഞാനൊരു നിമിത്തം മാത്രമാണ്. ഒരു മൗനത്തിനുശേഷം തുടർന്നു: എല്ലാ പ്രസ്ഥാനങ്ങളും സംഘടനകളും നിലനിൽക്കുന്നതും വളരുന്നതും സാധാരണ ജനങ്ങളുടെ ആഗ്രഹങ്ങളുടെയും വിശ്വാസങ്ങളുടെയും പുറത്താണ്.. നിങ്ങളുടെ സമുദായത്തിലെ എത്ര വിശ്വാസികൾ ഈ അരമനയിൽ വന്നിട്ടുണ്ട്?. അഥവ വന്നാൽത്തന്നെ എത്ര പേരെ പരിഗണിക്കും?. പുറത്തുനിന്നു കാണുന്നവനും വിശ്വസിക്കുന്നവനുമാണ് എല്ലാ പ്രസ്ഥാനങ്ങളുടെയും മുതൽക്കൂട്ട്.

അവർക്കിടയിൽ അല്പസമയത്തെ, ചിന്താപരമായ മൗനം വളർന്നു.

എന്തിനാണ് പിതാവിനെ കാണുന്നത്?. ജോൺ ആകാംക്ഷയോടെ

തിരക്കി.

ഒരു അപ്പോയ്മെന്റ് 1നാ. ഗായത്രി വിശദീകരിച്ചു അരമനയുടെ കീഴിലുള്ള സെന്റ് ആലീസ് കോളേജിൽ കുറെ അസോസിയേറ്റ് പ്രോഫസർമാരുടെ തസ്തികകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട് എനിക്ക് ഫിസിക്സിൽ ഒരു പോസ്റ്റ് വേണം.

ഞങ്ങളുടെ സമുദായത്തിൽപ്പെട്ടവരേയും ഇ ൗ രൂപതക്കാരേയുമാണ് പൊതുവെ പരിഗണിക്കാറുള്ളത്. ജോൺ നയം വ്യക്തമാക്കി.

അല്ലാത്തവരും ഇ ൗ കോളേജിലുണ്ടല്ലോ ഗായത്രി പറഞ്ഞു.

അതൊക്കെ ഓരോ സാഹചര്യത്തിന്റെ പുറത്ത് എടുത്തതാണ്. ജോൺ വിശദീകരിച്ചു.

നിങ്ങളുടെ സമുദായത്തിലും രൂപതയിലുംപെട്ട ആൾക്കുവേണ്ടി ത്തന്നെയാണ് ഞാൻ വന്നിരിക്കുന്നത്. ഗായത്രി ആത്മ വിശ്വാസത്തോടെ പറഞ്ഞു നല്ല മെറിറ്റുണ്ട്. പിഎച്ച്. ഡിയും നിലവാരമുള്ള പ്രസിദ്ധീകരണങ്ങളുമെല്ലാമുണ്ട്.

ജോൺ ചിരിച്ചുകൊണ്ട് ചോദിച്ചു. പിതാവുമായിട്ട് മുമ്പ് എന്തെങ്കിലും ബന്ധമുണ്ടോ?

ഗായത്രിയും ചിരിച്ചുകൊണ്ടു തന്നെയാണ് അതിന്റെ ഉത്തരം പറഞ്ഞത്. ബന്ധപ്പെടുമ്പോഴല്ലേ ബനധമുണ്ടാകുന്നത്.

ഗായത്രിയെ അവിടെ ഇരുത്തിയിട്ട് ജോൺ അടുത്ത മുറിയിലേയ്ക്ക് നടന്നു. ഗായത്രി മതങ്ങളെപ്പറ്റിയും അവർക്ക് അധികാര കേന്ദ്രങ്ങളിലുള്ള നിയന്ത്രണങ്ങളെപ്പറ്റിയും അമിതമായ പണം വന്നുചേരുന്നതിനെപ്പറ്റിയും ചിന്തിച്ചുപോയി. ആ ചിന്തകൾക്കിടയിൽ മതവിശ്വാസിയായ ഒരു സാധാരണക്കാരന്റെ അവസ്ഥയെപ്പറ്റിയും വല്ലായ്കയോടെ ഓർമ്മിച്ചു. അല്പ സമയം കഴിഞ്ഞിട്ടും ജോൺ വരാതിരുന്നപ്പോൾ ഗായത്രി അസ്വസ്ഥയായി. അധികാരം സ്ഥാപിച്ചെടുക്കാനും ആധിപത്യം നേടിയെടുക്കാനും നടത്തുന്ന തരംതാണ രാഷ്ട്രീയമാണ് കാത്തിരിക്കുന്നത്. ഗായത്രി തെല്ല് രോഷത്തോടെ ഇരിപ്പിടത്തിൽനിന്നും എഴുന്നേറ്റു. അധികാരത്തിന്റെ സൗജന്യം പറ്റാൻ അവിടെയെത്തിയത് ശരിയായില്ലെന്നു തോന്നി. അവിടെനിന്നുമിറങ്ങി നടന്ന് പിതാവിരിക്കുന്ന മുറിയുടെ മുന്നിലെത്തി. അവിടെ കുറെ ആൾക്കാർ കൂടി നിൽക്കുന്നത് ശ്രദ്ധിച്ചു. അവർ ആകെ അസ്വസ്ഥരുമാണ്.

ഗായത്രി വാതിൽ തള്ളിത്തുറന്ന് അകത്തേയ്ക്ക് കയറി. വിലകൂടിയ കസേരയിൽ പ്രൗഡിയോടെ ഇരിക്കുന്ന ബിഷപ്പിനെകണ്ടു. വെളുത്തു തടിച്ച ശരീരം. താടിയിലെ രോമങ്ങൾ മനോഹരമായ രീതിയിൽ

വെട്ടിയൊതുക്കിയിരിക്കുന്നു. മുഖത്ത് തികച്ചും ശാന്തഭാവമാണ്. മുന്നിലെ മേശമേൽ ഒരു സ്വർണ്ണകുരിശും ബൈബിളുമിരിപ്പുണ്ട്. പിതാവിന്റെ അടുത്തുതന്നെ വർദ്ധിച്ച ബഹുമാനത്തോടെ ജോണും നിൽക്കുകയാണ്. പിതാവിന് അഭിമുഖമായി ഇട്ടിരിക്കുന്ന കസേര വലിച്ച് ഗായത്രി അതിലിരുന്നു.

ജോൺ നിങ്ങളെപ്പറ്റി എന്നോട് പറഞ്ഞിരുന്നു. പിതാവാണ് സംസാരിച്ചു തുടങ്ങിയത്. ഓരോ സ്ഥാപനത്തിന്റെയും ഭരണം ഓരോരുത്തരെ ഏല്പിച്ചിരിക്കുകയാ. അവരാണ് കാര്യങ്ങൾ നടത്തുന്നത്.

എന്റെ പേര് ഗായത്രി. സഖാവ് എം.കെ.കെയുടെ മകളാണ്. ഗായത്രി പറഞ്ഞു നിറുത്തി.

ബിഷപ്പിന്റെ മുഖത്തെ ഭാവവ്യത്യാസം ഗായത്രി ശ്രദ്ധിച്ചുകൊണ്ട് തുടർന്നു: എന്റെ അച്ഛൻ ഒരു സാമൂഹിക പ്രവർത്തകൻ എന്നതിനൊപ്പംതന്നെ തന്ത്രശാലിയായ രാഷ്ട്രീയക്കാരൻ കൂടിയായിരുന്നെന്നാ എനിക്ക് തോന്നുന്നത്. അദ്ദേഹം എന്നും നിങ്ങൾക്കും അരമനയ്ക്കും കൈവിട്ട് പലതം ചെയ്തിട്ടുണ്ട്. അതിന് പ്രത്യുപകാരമായി സമുദായത്തിന്റെ വോട്ടുകൾ നൽകിയിട്ടുമുണ്ട്. ഇപ്പോൾ ഞാൻ വന്നത് വ്യക്തിപരമായ ഒരു കാര്യത്തിനുവേണ്ടിയല്ല.

മാധ്യമങ്ങളിലൂടെ നിങ്ങളെപ്പറ്റി പലതും അറിയുന്നുണ്ട്. നല്ല പ്രവർത്തനങ്ങൾക്ക് എന്റെ അഭിനന്ദനങ്ങൾ. ബിഷപ്പ് തുടർന്നു പറഞ്ഞു: കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് എതിരെ നടത്തുന്ന സമരങ്ങൾക്ക് ഞങ്ങളുടെ ഭാഗത്തുനിന്നുമുള്ള എല്ലാ പിൻതുണയുമുണ്ട്.

അതല്ല ഇപ്പോൾ എന്റെ ആവശ്യം. ഗായത്രി ഉറച്ച ശബ്ദത്തിൽ പറഞ്ഞു. കോളേജിലേക്ക് കുറെ അസിസ്റ്റന്റ് പ്രൊഫസർമാരെ വിളിച്ചിട്ടുണ്ടല്ലോ. ഫിസിക്സിൽ ഡോ. വർഷ സാമുവേലിന് അപ്പോയിമെന്റ് കൊടുക്കണം. ബി.എയിക്കും എം.എയ്ക്കും റാങ്കുണ്ട്. പിഎച്ച്.ഡിയും നിലവാരമുള്ള പ്രസിദ്ധീകരണങ്ങളുമുണ്ട്. യുവ ശാസ്ത്രജ്ഞയ്ക്കുള്ളതുൾപ്പെടെ പല പുരസ്കാരങ്ങളുമുണ്ട്. ഇന്റർവ്യൂവിൽ സത്യസന്ധമായി പ്രവർത്തിച്ച് മെറിറ്റിലുള്ള വർഷയെ എടുക്കണം.

ബിഷപ്പ് ദീർഘമായൊന്നു നെടുവീർപ്പെട്ടു. ജോണിനോട് പുറത്തേയ്ക്കു പോകുവാൻ കൈകൊണ്ട് ആഗ്യം കാണിച്ചു. ജോൺ പുറത്തേയ്ക്കു പോയി.

ബിഷപ്പ് ശാന്തമായി സംസാരിച്ചു തുടങ്ങി. ആ പോസ്റ്റ് കമ്മിറ്റഡായിപ്പോയി. ഇനിയൊരവസരം വരുമ്പോൾ പരിഗണിക്കാം...

എം.കെ.കെയെപ്പോലെ തന്നെ ഗായത്രിയും ഞങ്ങൾക്ക് വേണ്ടപ്പെട്ട ആളാണ്..

ഗായത്രി ഇരിപ്പിടത്തിൽനിന്നും എഴുന്നേറ്റു. ബിഷപ്പിന്റെ കണ്ണുകളിലേയ്ക്ക് ആഴത്തിൽ നോക്കി. ഞാനിവിടെ വന്നത് നിങ്ങളുടെ ഔദാര്യത്തിനല്ല.. സത്യസന്ധമായി നടക്കേണ്ട ഒരുകാര്യം അല്ലാതെ നടക്കരുതെന്നു പറയാൻ മാത്രമാണ്.

ഞങ്ങളുടെ സമുദായത്തിന്റെ കാര്യം നോക്കാൻ ഞങ്ങൾക്ക് നല്ലതുപോലെ അറിയാം.ബിഷപ്പ് തുടർന്നു പറഞ്ഞു. വോട്ടിനുവേണ്ടിയും അധികാരത്തിനുവേണ്ടിയുമുള്ള പ്രവർത്തനമല്ല ഞങ്ങളുടേത്.

ജനം എന്നു പറയുന്ന ഒരു സത്യമുണ്ട്. ഗായത്രി ആത്മവിശ്വാസത്തോടെ പറഞ്ഞു. അവർ കൂടെയില്ലെങ്കിൽ ഒരു മതത്തിനും സമുദായത്തിനും നിലനിൽപ്പില്ല. കുറച്ചുകാലം കുറെ ആൾക്കാരുടെ കണ്ണിൽ പൊടിയിട്ട് ഇതൊക്കെ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നതിനും ഒരു പരിധിയുണ്ട്. മാധ്യമസംസ്കാരത്തിന്റെ വേഗതയും സൂക്ഷ്മതയും പുതിയ തലമുറയുടെ പ്രവർത്തനങ്ങളിലും ചിന്താരീതിയിലും വന്നു കഴിഞ്ഞു...

പുറത്ത് അസ്വസ്ഥതയോടെ കൂടിനിന്നവർ അകത്തേയ്ക്കു കയറിവന്നു. അവരുടെ അസ്വസ്ഥത അതിലും തീക്ഷണതയോടെ ബിഷപ്പിന്റെ മുഖത്തും പ്രതിഫലിച്ചു. അവരിലൊരാൾ ആമുഖമില്ലാതെ പറഞ്ഞു. സത്യം, നീതി, സദാചാരം തുടങ്ങിയവ ഇവരുടെ പ്രസംഗത്തിലെയുള്ളൂ. പ്രവർത്തനങ്ങൾ ഇതിനെല്ലാം വിപരീതമാണ്.

ഗായത്രി കാര്യം മനസിലാക്കാതെ ബിഷപ്പിന്റെയും അവിടെ കൂടിനിന്നവരുടെയും മുഖങ്ങളിലേയ്ക്ക് മാറി മാറി നോക്കി.

മറ്റൊരാൾ കാര്യം വിശദീകരിച്ചു കൊണ്ടു പറഞ്ഞു. എന്റെ മകൾ മേഴ്സിക്ക് പി.എസ്സ്.സി വഴി കോളേജിൽ ജോലി കിട്ടി. അതിനുമുമ്പ് ഇവിടുത്തെ ഹയർ സെക്കന്ററി സ്കൂളിൽ ജോലിക്കുവേണ്ടി നല്ല ഒരു തുക കൊടുത്തിരുന്നു. മറ്റ് ജോലികിട്ടി പോകുമ്പോൾ തിരിച്ചു തരാമെന്ന വ്യവസ്ഥയിലാണ് പണം കൊടുത്തത്. ബി.എ.യ്ക്കും എം.എയ്ക്കുമെല്ലാം റാങ്കുള്ള അവൾക്ക് കൊടുത്തത് കേവലം ജൂനിയർ പോസ്റ്റും. ഇപ്പോൾ കൊടുത്ത പണം തിരിച്ചു ചോദിച്ചപ്പോൾ. സ്കീം മാറ്റിയെന്നാ പറയുന്നത്. ആർക്കും പണം തിരിച്ചു കൊടുക്കരുതെന്നാ മാറ്റിയ സ്കീം. മൂന്ന് പെൺകുട്ടികളുടെ അച്ഛനാ ഞാൻ. ഇവൾ മൂത്തവളാ. ബാക്കിയുള്ളവർക്കൊന്നും ജോലി ആയിട്ടുമില്ല. ഇവരുടെയെല്ലാം വിവാഹവും നടത്താനുണ്ട്. അതിനിടയിലാ പിതാവിന്റെ സ്കീം

മാറ്റം....

ഗായത്രി ദീർഘമായൊന്നു നെടുവീർപ്പെട്ടു. ബിഷപ്പിന്റെ മുഖത്തേയ്ക്കു നോക്കി ചോദിച്ചു. ഇതിനെപ്പറ്റി നിങ്ങൾക്കു പറയാനുള്ളത് എന്താണ്?.

പണം വാങ്ങിയെന്നുള്ളത് ശരിതന്നെയാ. ബിഷപ്പ് തുടർന്നു. അത് എനിക്കുവേണ്ടിയല്ല. സഭയ്ക്കുവേണ്ടിയാണ്. സഭ ഒരു പാട് ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. അതുമാത്രമല്ല ഈ സ്കൂളും കോളേജുമെല്ലാം ആർക്കുവേണ്ടിയാ? വിശ്വാസികൾക്കുവേണ്ടി. അവരുടെ മക്കൾ പഠിക്കുന്നു. അവരുതന്നെ ജോലിചെയ്ത് ശമ്പള വും വാങ്ങിക്കുന്നു. ഇങ്ങനെ ആരോപണം ഉന്നയിക്കുന്നവർ ഈ പ്രസ്ഥാനങ്ങളുടെ നടത്തിപ്പുകളെപ്പറ്റിക്കൂടി ചിന്തിക്കേണ്ടതാണ്...

ജോലിക്ക് പണം വാങ്ങിക്കുന്നതുതന്നെ അനീതി. ഗതികേടുകൊണ്ടാണ് ഒരാൾ ജോലിക്ക് പണം മുടക്കുന്നത്. കൊടുക്കാമെന്നു പറഞ്ഞു വാങ്ങിയ പണം തിരിച്ചുകൊടുത്തേ പറ്റൂ. ഗായത്രി ന്യായീകരണത്തോടെ പറഞ്ഞു.

ഇതെല്ലാം പറയാൻ താനാരാ? ബിഷപ്പ് രോഷത്തെടെ തുടർന്നു: ഞങ്ങളുടെ സമുദായത്തിനുള്ളിലെ കാര്യങ്ങൾ ഞങ്ങൾ തീരുമാനിക്കും. ഇവിടെനിന്നും ഇറങ്ങിപോയില്ലെങ്കിൽ പോലീസിനെ വിളിക്കേണ്ടിവരും. താനും ഇവിടെവന്നത് സ്വാധീനത്തിലൂടെ ജോലി തരപ്പെടുത്താനല്ലെ?

ഗായത്രിയുടെ മുഖത്തെ ഭാവം മാറി. ഉള്ളിൽ രോഷം ജ്വലിച്ചു. ബിഷപ്പിനു മുന്നിലെ മേശമേൽ വലതുകൈകൊണ്ട് അടിച്ചു. തുടർന്ന് പറഞ്ഞു. ജനങ്ങൾക്കുവേണ്ടി അവരുടെ പിൻബലത്തോടെ നടത്തുന്ന ഏത് പ്രസ്ഥാനവും പൊതുസ്ഥലം തന്നെയാ. പൊതുസ്ഥലത്തുനിന്നും ഒരാളെ ഇറക്കി വിടാൻ ആർക്കും അധികാരമില്ല. ഞാനിവിടെ വരുമ്പോൾ മാന്യമായ പെരുമാറ്റവും പ്രതികരണവും പ്രതീക്ഷിച്ചിരുന്നു. ഇരുപത്തി നാല് മണിക്കൂറിനുള്ളിൽ ഈ പാവങ്ങളോട് മേടിച്ച പണം തിരികെ കൊടുത്തിരിക്കണം.

ബിഷപ്പിന്റെ മുന്നിലിരിക്കുന്ന ബൈബിൾ ഗായത്രി തുറന്നു. ലൂക്കായുടെ സുവിശേഷത്തിലെ അറാമധ്യാമാണ് കിട്ടിയത്. അതിലെ അന്യരെ വിധിക്കരുതെന്ന ഭാഗം ഉച്ചത്തിൽ വായിച്ചു. നിങ്ങൾ വിധിക്കരുത്, നിങ്ങളും വിധിക്കപ്പെടുകയില്ല, കുറ്റാരോപണം നടത്തരുത്, നിങ്ങളുടെമേലും കുറ്റം ആരോപിക്കപ്പെടുകയില്ല. ക്ഷമിക്കുവിൻ, നിങ്ങളോടും ക്ഷമിക്കപ്പെടും. കൊടുക്കുവിൻ, നിങ്ങൾക്കും കിട്ടും... കുരുടന് കുരുടനെ നയിക്കാൻ സാധിക്കുമോ? ഇരുവരും കുഴിയിൽ വീഴില്ലേ?....നിന്റെ സഹോദരന്റെ കണ്ണിലെ കരട് നീ കാണുകയും സ്വന്തം കണ്ണിലെ തടി

ക്ഷണത്തെ ഗൗനിക്കാതിരിക്കുകയും ചെയ്യുന്നതെന്ത്?

ഗായത്രി അവിടെനിന്നും തിരിഞ്ഞ് പുറത്തേയ്ക്ക് നടക്കാൻ തുടങ്ങിയപ്പോൾ വല്ലായ്കയോടെ നിൽക്കുന്ന ജോണിനെകണ്ടു. മുഖത്ത് പ്രത്യേകിച്ച് ഭാവഭേദങ്ങളൊന്നുമില്ലാതെ ഉറച്ച കാൽവയ്പുകളോടെ ഗായത്രി മുന്നോട്ടു നടന്നു. ബഹളം കേട്ട് അവിടേയ്ക്ക് എത്തിക്കൊണ്ടിരുന്നവരെ തെല്ലും ഗൗനിക്കാതെയാണ് മുന്നോട്ടു നടന്നത്.

# 12

# പ്രതികരണത്തിന്റെ ഇടങ്ങൾ

പാർട്ടിപത്രത്തിന്റെ ഞായറാഴ്ചപ്പതിപ്പ് പുറത്തുവന്നത് ഗായത്രിയെ അധിക്ഷേപിക്കുന്ന വാർത്തകളുമായാണ്. പെണ്ണ് ഒരുമ്പെട്ടാൽ എന്ന തലവാചകത്തോടെ വന്ന വാർത്തയിൽ മഴയിൽ നനഞ്ഞുകുളിച്ച് ഗൗതമിനുമുന്നിൽ നഗ്നയായി നിൽക്കുന്ന ഗായത്രിയുടെ തെളിച്ചമില്ലാത്ത ചിത്രവും കൊടുത്തിരുന്നു. മൊബൈലിൽ ചിത്രം എടുത്തത് ആരാണെന്ന് വെളിപ്പെടുത്തിയിട്ടില്ലായിരുന്നു.

ഗ്രാമത്തിലെ ശക്തരായ പുരുഷന്മാരെ ഗായത്രി വശീകരിച്ച് കൂടെ നിറുത്തുന്നതിന്റെ നിറം പിടിപ്പിച്ച വാർത്തയും കൊടുത്തു. യൂണിവേഴ്സിറ്റി ജീവനക്കാരനായ വേണുഗോപാൽ ഗായത്രിയുമായുള്ള ബന്ധത്തെപ്പറ്റി തുറന്നെഴുതിയ പ്രത്യേക കോളവും ഉൾപ്പെടുത്തിയിരുന്നു. ഗായത്രിയുമായി പലപ്രാവശ്യം ശാരീരികബന്ധത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്നും അതിന്റെ അധികാരത്തിലും സ്വാതന്ത്ര്യത്തിലുമാണ് ഓഫീസിൽ വച്ച് സംസാരിച്ചതെന്നും അവകാശപ്പെടുന്നു.

വാർത്തകൾ വായിച്ച ഗായത്രിക്ക് ചിരിക്കാനാണു തോന്നിയത്. ചില പത്രലേഖകരുടേയും ചാനലുകാരുടേയും ചോദ്യങ്ങൾക്ക് ഗായത്രി നൽകിയ ഉത്തരവും വിവാദങ്ങൾ നിറഞ്ഞതായിരുന്നു. മലമൂത്ര വിസർജ്ജനം നടത്തുന്ന സ്ത്രീകളുടെ വരെ ചിത്രങ്ങൾ മൊബൈലിലെടുത്ത് ഇന്റർനെറ്റിൽ കൊടുക്കുന്ന സംസ്കാര പശ്ചാത്തലമുള്ളവരാണ് കേരളീയർ.ആ ചിത്രങ്ങൾ കണ്ട് ആസ്വദിക്കുകയും അതിനെ വാർത്തയായി ആഘോഷിക്കുകയും ചെയ്യുന്നവർ ചിത്രങ്ങൾ എടുക്കുന്നവരെക്കാൾ ഭീരുക്കളും മനോരോഗികളുമാണ്. ഇവർക്കൊക്കെ എതിരെ നടപടിയെടുക്കാത്ത നിയമവ്യവസ്ഥ കുറ്റകൃത്യങ്ങളെ പരസ്യമായി പ്രോൽസാഹിപ്പിക്കുകയാണ്. ഗായത്രി കരുതലോടെ തുടർന്നു. ഒരു സ്ത്രീയുമായി ലൈംഗികബന്ധത്തിൽ ഏർപ്പെട്ടെന്ന് ഏതെങ്കിലുമൊരു ആഭാസൻ വിളിച്ചുപറഞ്ഞാൽ, വിളിച്ചുപറയുന്നവനെ ആദരിക്കുകയും സ്ത്രീയെ

പരിഹസിക്കുകയും ചെയ്യുന്നത് ലൈംഗിക വിഷാദത്തിന്റെ വക്താക്കളാണ്. നഗ്നതയും ലൈംഗികതയും ഇത്രയും ഹീനമായ പ്രവർത്തികളാണോ. നഗ്നതയ്ക്ക് അതിന്റേതായ സൗന്ദര്യമുണ്ട്. ആരോഗ്യമുള്ള മനുഷ്യശരീരത്തിന്റെ ആഘോഷമാണ് ലൈംഗികത. കാമത്തിനുവരെ ആധികാരികമായ ശാസ്ത്രഗ്രന്ഥം രചിച്ച മുനിമാരുള്ള ഒരു രാജ്യത്തെ ജനങ്ങളാണ് ഇന്ന് അതിനെ ആഭാസത്തരമായി ചിത്രീകരിക്കുന്നത്. നഗ്നതയിൽ സൗന്ദര്യം ആസ്വദിക്കാൻ കഴിയാത്തവരും ലൈംഗിക ശേഷിയില്ലാത്തവരും അതൊക്കെ യുള്ളവരോട് പ്രതിഷേധിക്കുന്നത് ഹീനമായ അസൂയകൊണ്ടു തന്നെയാണ്. ഈ വാർത്തകളെപ്പറ്റി എനിക്ക് പ്രാഥമികമായി പ്രതികരിക്കാനുള്ളത് ഇത്രയുമാണ്.

ഓണം ചാനലിലെ സുരേഷ് ബാബു കാര്യഗൗരവത്തോടെ ചോദിച്ചു: ഈ പറഞ്ഞതിലും കാണിക്കുന്നതിലും സത്യമില്ലെങ്കിൽ കോടതിയെ സമീപിച്ചുകൂടെ? .

മലർന്ന് കിടന്ന് തുപ്പണമോ? ഗായത്രി ചോദിച്ചു നിങ്ങൾ ചാനലുകൾക്കും പത്രക്കാർക്കും പിന്നെ അതായി വാർത്ത. ആവശ്യമുണ്ടെങ്കിൽ സത്യം എന്താണെന്ന് നിയമത്തിനുതന്നെ കണ്ടെത്താവുന്നതേയുള്ളൂ. ഗായത്രി പറഞ്ഞു നിറുത്തി.

കേരളത്തിലെ സ്ത്രീകൾ പലവിധ ആധിപത്യങ്ങളിൽ നിന്നും പീഡനങ്ങളിൽനിന്നും സ്വതന്ത്രരാകുമെന്ന് മാഡം പ്രതീക്ഷി ക്കുന്നുണ്ടോ? ചന്ദ്രാ ചാനലിലെ രേഷ്മ മഹേഷ് ചോദിച്ചു.

മാറ്റം അനിവാര്യമാണ്. മാറ്റത്തിന്റെ വേഗതയേയും ഗതിയേയും സംബന്ധിച്ചേ എനിക്ക് സന്ദേഹമുള്ളൂ. ഗായത്രി പറഞ്ഞു. മാനഭംഗത്തിന് വിധേയമാകുന്ന സ്ത്രീയെ മാധ്യമങ്ങളും നിയമവും വേട്ടയാടിപ്പിടിച്ച മൃഗത്തെ വിഭവസമൃദ്ധമായ ഭക്ഷണത്തിന് തയ്യാറാക്കുന്നതുപോലെ ആഘോഷിക്കുകയാണ്. മാനഭംഗം നടത്തുന്നവരെ വേട്ടക്കാരന്റെ ധൈര്യത്തോടെ കൊണ്ടാടുകയാണ്. ഈ അവസ്ഥയ്ക്കാണ് ആദ്യം മാറ്റം വരുത്തേണ്ടത്. മൊബൈൽ ഫോണിലൂടെയും മറ്റും എടുക്കുന്ന ചിത്രം ആസ്വദിക്കുന്ന വേഗതയിലും കൗതകത്തോടെയും അത് എടുത്തവരെ ശിക്ഷിക്കാനുള്ള നിയമം വരണം. നിയമം ശക്തവും ദൃഢവുമായിരിക്കാനുള്ള വ്യവസ്ഥ ഭരണാധികാരികൾ ചെയ്യണം.

എന്നെ വേട്ടയാടുന്ന ഒരു പാർട്ടിയും അവരുടെ പത്രവും എഴുതിയ ഈ വാർത്തയുടെ സത്യത്തെപ്പറ്റി എനിക്കൊന്നും പ്രതികരിക്കാനില്ല.

ഗായത്രി പറഞ്ഞു. സാഹചര്യത്തിന്റെ സൃഷ്ടികൊണ്ട് ജീവിതത്തിൽ ഏറെ അനുഭവിക്കേണ്ടിവന്ന ഒരു സ്ത്രീയാണ്, അല്ലെങ്കിൽ സമൂഹ ജീവിയാണ് ഞാൻ. എന്റെ അച്ഛനോ ഞാനോ ഒന്നും സമ്പാദിച്ചിട്ടില്ല. സമ്പാദിച്ചത് സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി വിനിയോഗിച്ചിട്ടേയുള്ളൂ. നഗ്നതയുടെ പേരിൽ, ലൈംഗികതയുടെ വിഴിപ്പിൽ പൊതിഞ്ഞ ആരോപണങ്ങൾ ഉന്നയിക്കുന്നവരുടെ അവസ്ഥയെപ്പറ്റി ഒന്നു വിലയിരുത്തിയാൽ കാര്യങ്ങൾ മനസിലാക്കാവുന്നതേയുള്ളൂ.

കേരളത്തിലെ ചില വനിതാ സംഘടനകൾ പാർട്ടി പത്രത്തിനെതിരെയും ഗായത്രിക്ക് അനുകൂലമായും പ്രതികരിച്ചുകൊണ്ട് രംഗത്തുവന്നു. സ്ത്രീയെന്ന വനിതാ സംഘടനയുടെ പ്രസിഡന്റ് സീതാലക്ഷ്മിയുടെ പ്രതികരണം ശ്രദ്ധേയമായിരുന്നു. കേരളത്തിലെ ബഹുഭൂരിപക്ഷം എഴുത്തുകാർക്കും സാംസ്കാരിക നായകന്മാർക്കും വിധേയത്വം എന്ന രോഗം ബാധിച്ചിട്ടുണ്ട്. ഭരണത്തിലിരിക്കുന്നവർക്കും അവാർഡുകൾ നൽകുന്നവർക്കും വേണ്ടി ചേരികൾ ചമച്ച് പ്രവർത്തിക്കുന്നവർ മാത്രമായി അവർ അധഃപതിച്ചിരിക്കുന്നു. ചിലർ നിശബ്ദതയെ ആയുധമായി സ്വീകരിച്ച് ശക്തിയും അധികാരവുമുള്ളവരുടെ പക്ഷം പിടിക്കുന്നു. ഇവരൊക്കെ തിന്മയുടെ പക്ഷക്കാരും വക്താക്കളുമാണ്. സാധാരണ ജനമെങ്കിലും ഇവരെ തിരിച്ചറിയണം..

വിവാദങ്ങൾ ശക്തിപ്പെട്ടുവരുന്നതിനിടയിൽ ഫേസ്ബുക്കിൽ മൊബൈൽ നഗ്നചിത്രം പ്രചരിക്കാൻ ഇടയായതിനെപ്പറ്റി ഗായത്രി തുറന്നെഴുതി. ഈ ലോകത്ത് ആരും സഹായത്തിനില്ലാത്ത ഒരു പാവം സ്ത്രീ..... മരണത്തെ അവൾക്ക് ഭയമില്ല. അവഹേളിക്കപ്പെടുന്നതിനെ അങ്ങനെയങ്ങ് അംഗീകരിക്കാനും കഴിയില്ല. അങ്ങനെയൊരവസരത്തിലാണ് ഗൗതം അവിടെ എത്തുന്നത് . അതും പരോളിൽ ആരുടെയോ നിർദ്ദേശപ്രകാരം. ഗ്രാമത്തിലെ ജനങ്ങൾ കാൺകെ മാനഭംഗപ്പെടുന്ന ദാരുണമായ ഒരവസ്ഥയ്ക്കുമുന്നിൽ പിടിച്ചു നിൽപ്പിന്റെയും ചെറുത്തു നിൽപിന്റെയും ഏകമാർഗ്ഗമെന്ന നിലയിലാണ് കൂടി നിൽക്കുന്നവർക്ക് മുന്നിൽനിന്ന് പുരുഷത്വം കാണിക്കാൻ ഗൗതമിനെ വെല്ലുവിളിച്ചത്. അതിനിടയിൽ നഗ്നയാകേണ്ടിവന്നു. ആ സംഭവത്തിനുശേഷം ഗ്രാമത്തിലുള്ളവർ പാർട്ടി വിട്ട് എന്റെ പക്ഷം ചേർന്നു. ഇതിനിടയിൽ മൊബൈലിൽ ഫോട്ടോ എടുത്ത് അതു പാർട്ടിക്കാർക്കു കൊടുത്ത് എന്നെ ഇല്ലാതാക്കാൻ ശ്രമിക്കുന്നത് ആരാണെന്ന് അറിയാൻ എനിക്കും ആഗ്രഹമുണ്ട്.. യഥാർത്ഥത്തിൽ ഇത് ഒറ്റപ്പെട്ട സംഭവമല്ല. കേരളത്തിലെ ഒരുപാട് സ്ത്രീകൾ പലരീതിയിൽ അനുഭവിക്കുന്ന പീഡനങ്ങളുടെ തുടർച്ച മാത്രമാണിത്. ഗൗതമിനെയും

ഫോട്ടോ എടുത്തവരെയും സംരക്ഷിക്കുന്നതും നിലനിർത്തുന്നതും പാർട്ടിതന്നെയാണ്. ആ പാർട്ടി എന്തിനാണ് എന്നെമാത്രം വേട്ടയാടുന്നത്?.

ഗായത്രിയുടെ തുറന്നെഴുത്ത് പാർട്ടിയെ ശരിക്കും കുരുക്കിൽ വീഴിച്ചു. ഉത്തരം പറയേണ്ട ബാധ്യതയിൽ നിന്നും പിൻമാറാൻ കഴിയാത്ത അവസ്ഥ.

യഹൂര ഉൾപ്പെടുന്ന പഞ്ചായത്തിലെ മെമ്പർമാർ രാജിവെച്ച ഒഴിവിലേക്ക് ഇലക്ഷൻ നടത്തുവാൻ തീരുമാനിച്ചു. എല്ലാ സീറ്റുകളിലേയ്ക്കും വാർഡുകളിലേയ്ക്കും സ്ഥാനാർത്ഥികളെ നിർത്തുവാൻ ഗായത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ യോഗം തീരുമാനിച്ചു. സ്ഥാനാർത്ഥികളെ നിർണയിക്കാനുള്ള ഉത്തരവാദിത്വം ഗായത്രിക്കുതന്നെയാണ് യോഗം നൽകിയത്.

ഇലക്ഷൻ പ്രചാരണം ചൂടുപിടിക്കുന്നതിനിടയിൽ കൗതുകകരമായ ഒരു സംഭവം നടന്നു. വേണുഗോപാലിനേയും ജില്ലാ സെക്രട്ടറി പ്രതാപനേയും അനാശാസ്യപ്രവർത്തനങ്ങൾ നടത്തുന്നതിനിടയിൽ ജനം കൈയ്യോടെ നഗരത്തിനടുത്തുവെച്ച് പിടിച്ചു. ജനങ്ങളിൽനിന്ന് രക്ഷപെടുന്നതിനായി പ്രതാപൻതന്നെ പോലീസിനെ വിളിച്ചു വരുത്തി. വേണുഗോപാലിന്റെയും പ്രതാപന്റെയും പ്രവൃത്തികൾ മാധ്യമങ്ങൾ ആഘോഷിച്ചു. ഈ സംഭവത്തെപ്പറ്റിയുള്ള ഗായത്രിയുടെ പ്രതികരണവും ശ്രദ്ധേയമായിരുന്നു. സ്ത്രീപുരുഷന്മാർ ഉഭയസമ്മതത്തോടെ രതി അനുഷ്ഠിക്കുന്നതിൽ എന്താണ് തെറ്റ്. അവരെ അതിന്റെ പേരിൽ വിചാരണ ചെയ്യുന്ന രീതിയാണ് അംഗീകരിക്കാനാവാത്തത്. എന്റെ അഭിപ്രായത്തിലും പരിചയത്തിലും പ്രതാപനും വോണുഗോപാലും മനോരോഗമുള്ളവരും പല സ്ത്രീകളെയും ഉപദ്രവിക്കുന്നവരുമാണ്. അതുകൊണ്ടുതന്നെ അവരുടെ മുൻകാല ചെയ്തികൾകൂടി അന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്. ഇവരുടെ പ്രവർത്തനങ്ങൾക്ക് പാർട്ടി നൽകുന്ന പിന്തുണയും സഹകരണവും അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവരണം.

പ്രതാപനെ ജില്ലാ സെക്രട്ടറി സ്ഥാനത്തുനിന്ന് നീക്കുകയും വേണുഗോപാലിന് നിർബന്ധിതമായ അവധി നൽകി യൂണിവേഴ്സിറ്റിയിൽനിന്ന് മാറ്റി നിറുത്തുകയും ചെയ്തു. പാർട്ടിയുടെ സ്റ്റേറ്റ് സെക്രട്ടറി മങ്ങാട് ശിവൻ തന്നെ രംഗത്തുവന്ന് ശ്രദ്ധേയമായ പ്രസ്താവന നടത്തി. അഴിമതിക്കാർക്കും ലൈംഗിക ആഭാസന്മാർക്കും പാർട്ടിയിൽ ഒരു സ്ഥാനവുമില്ല. ഇത്തരത്തിലുള്ള ആരോപണങ്ങൾ

ഉള്ളവരെ ഭരണത്തിൽനിന്നും പാർട്ടിയിൽനിന്നും പുറത്താക്കുക തന്നെചെയ്യും.

ഗായത്രിയെപ്പറ്റി മങ്ങാട് ശിവൻ നടത്തിയ അഭിപ്രായ പ്രകടനം തികച്ചും മിതമായ രീതിയിലായിരുന്നു. ഞങ്ങൾ എല്ലാം ആരാധിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന നേതാവാണ് എം.കെ.കെ. അദ്ദേഹത്തിനെതിരെ പാർട്ടി സെക്രട്ടറിയായി ഞാൻ മത്സരിച്ച് വിജയിച്ചത് പാർട്ടിയിലെ ഭൂരിഭാഗത്തിന്റെ അഭിപ്രായ ത്തിനനുസരിച്ചാണ്. എം.കെ.കെയുടെ മകളായ ഗായത്രിയോട് അടിസ്ഥാനപരമായി ഞങ്ങൾക്ക് പ്രശ്നങ്ങളൊന്നുമില്ല. പാർട്ടിയെ അധിക്ഷേപിച്ച് അതിൽനിന്നും മാറിനിന്ന് അരാജകത്വം സൃഷ്ടിക്കുന്ന ചില പ്രവർത്തനങ്ങൾ നടത്തുന്നതിലാണ് എതിർപ്പ്.

ഗായത്രിയെ അംഗീകരിച്ചുകൊണ്ടും ന്യായീകരിച്ചുകൊണ്ടും ചില പത്രങ്ങളിലും ടെലിവിഷൻ ചാനലുകളിലും വാർത്തകളും അഭിമുഖങ്ങളും വന്നു.

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പഞ്ചായത്തിൽ ഗായത്രിയുടെ കമ്മ്യൂണിസ്റ്റ് ഏകോപന സമിതി ജയിച്ചാൽ കേരള രാഷ്ട്രീയത്തിൽ ശ്രദ്ധേയമായ മാറ്റങ്ങൾ സംഭവിക്കുമെന്ന് നിഷ്പക്ഷ രാഷ്ട്രീയ നിരീക്ഷകർ വ്യക്തമാക്കി.

നിഷ്പക്ഷ രാഷ്ട്രീയ നിരീക്ഷകരുടെ അഭിപ്രായത്തോട് ഗായത്രിയും കരുതലോടെ പ്രതികരിച്ചു. അഭിപ്രായങ്ങൾ ആർക്കും പറയാനുള്ള സ്വാതന്ത്രമുണ്ട്. ഇലക്ഷനിൽ സംഭവിക്കുന്ന വിജയ പരാജയങ്ങൾ ജനങ്ങൾ മാത്രം എടുക്കുന്ന തീരുമാനമാണ്. മങ്ങാട് ശിവന്റെ പ്രസ്താവനയോട് ഗായത്രി പ്രതികരിച്ചത് ശക്തമായ രീതിയിലാണ്. അഴിമതിക്കാർക്കും ലൈംഗിക ആഭാസന്മാർക്കും പാർട്ടിയിൽ ഒരു സ്ഥാനവുമില്ലെന്നും അവരെ പാർട്ടിയിൽ നിന്നും ഭരണത്തിൽനിന്നും പുറത്താക്കുമെന്നും പാർട്ടി സെക്രട്ടറിതന്നെ പറഞ്ഞത് കേൾക്കാൻ സുഖമുള്ള പ്രസ്താവനയാണ്. ഇതിൽ എന്തെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ മങ്ങാട് ശിവൻ അയാൾക്കു നേരെ ഉയർന്നു വന്നിരിക്കുന്ന ആരോപണങ്ങളെപ്പറ്റി നിഷ്പക്ഷമായ അന്വേഷണം നടത്തണം. അല്ലെങ്കിൽ സത്യം പുറത്തുകൊണ്ടുവരുന്നവരെ, ചാനലുകാരോ പത്രക്കാരോ ആരുമാകാം അവരെ അപായപ്പെടുത്തില്ലെന്ന് ഉറപ്പു കൊടുക്കണം.

എന്തും പ്രവർത്തിക്കുകയും വിളിച്ച് പറയുകയും ചെയ്യുന്ന ഗായത്രിയുടെ വാക്കുകൾക്ക് വലിയ പ്രസക്തിയില്ലെന്നാണ് മങ്ങാട്

ശിവനും പാർട്ടിയും തുടർന്ന് പ്രതികരിച്ചത്.

വാർഡുകളിലേയ്ക്കുള്ള ഇലക്ഷൻ ശക്തമായപ്പോൾ വിചിത്രമായൊരു കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. കമ്മ്യൂണിസ്റ്റ് ഏകോപന സമിതിയുടെ സ്ഥാനാർത്ഥികൾക്കെതിരെ പൊതു സമ്മതരെ നിർത്താനാണ് പാർട്ടി തീരുമാനിച്ചത്. സ്വന്തമായി ചിഹ്നം പോലുമില്ലാത്ത ഒരു പ്രസ്ഥാനത്തെ അംഗീകരിക്കുന്നില്ലെന്ന് പലരും തുറന്നു പറഞ്ഞു. നാടിന്റെ വികസനത്തിന് പഞ്ചായത്ത്, പ്രാദേശിക തലത്തിൽ നടക്കുന്ന ഇലക്ഷനിൽ രാഷ്ട്രീയം പറയുന്നത് ശരിയല്ലെന്നും പാർട്ടി തന്നെ പ്രസ്താവനയിറക്കി.

കേരളത്തിലെ ചിന്തിക്കുന്ന ജനങ്ങളെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ച കാഴ്ചയാണ് ഉപതെരെഞ്ഞെടുപ്പ് നടക്കുന്ന വാർഡുകളിൽ കാണാൻ കഴിഞ്ഞത്. കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ സ്ഥാനാർത്ഥികൾക്ക് എതിരെ നിൽക്കുന്നവർക്ക് ഓരോ കാരണങ്ങൾ നിരത്തി സമുദായങ്ങളും സമുദായ സംഘടനകളും ഒളിഞ്ഞും തെളിഞ്ഞും പിൻതുണയുമായി രംഗത്തുവന്നു. ഭരണകക്ഷിയും പ്രതിപക്ഷവും നിശബ്ദ യോജിപ്പോടെ കമ്മ്യൂണിസ്റ്റ് ഏകോപന സമിതിയുടെ സ്ഥാനാർത്ഥികൾക്കെതിരെ ഒന്നിച്ചുനിന്ന് പ്രവർത്തിച്ചു. പല പത്രങ്ങളും ചാനലുകളും ഇലക്ഷൻ വാർത്തകൽ കൊടുക്കുന്ന കാര്യത്തിൽ പിന്നോക്കംപോയി.

ഡിസംബർ 17-ാം തിയതി ഉപതിരഞ്ഞെടുപ്പ് നടന്ന പതിനാറ് വാർഡുകളിലേയും ഫലം പുറത്തുവന്നു. എല്ലാ സീറ്റുകളിലും കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ സ്ഥാനാർത്ഥികൾ വിജയിച്ചത് വൻ ഭൂരിപക്ഷത്തോടെയാണ്.

യഹൂരയിലെ റെഡ്റോസിനു മുന്നിൽ ഗായത്രിയെ കാണുവാൻ കമ്മ്യൂണിസ്റ്റ് ഏകോപന സമിതിയുടെ പ്രവർത്തകരും ജനങ്ങളും തടിച്ചുകൂടി. ഈ വിജയം സന്തോഷമുള്ള കാര്യമാണ്. തിന്മയ്ക്കുമേലുള്ള നന്മയുടെ വിജയം. ഗായത്രി കരുതലോടെ തുടർന്നു. വിജയം നമ്മളെ അന്ധരാക്കരുത് ആഘോഷമാകാം. അത് അതിരുവിടരുത്.

അവിടെ കൂടിനിൽക്കുന്നവർക്കിടയിൽ മൊബൈലിലൂടെ സംസാരിക്കുന്ന നാരായണിയെ ഗായത്രി കണ്ടു. ചില നിമിഷങ്ങൾ ഗായത്രി സ്വയം മറന്നു പോയി. നാരായണിയുടെ അടുത്തേയ്ക്ക് ഓടിച്ചെന്ന് അവരെ കറക്കി ചുഴറ്റി നിലത്തേയ്ക്കിട്ടു. വന്യമായ ആവേശത്തോടെ അവരുടെ നെഞ്ചിൽ ആഞ്ഞ് ചവിട്ടി. അവിടെ കൂടിയിരുന്ന പ്രവർത്തകരും ജനങ്ങളും എന്താണ്

സംഭവിക്കുന്നതെന്നറിയാതെ നോക്കിനിന്നു.

എന്റെ നഗ്നചിത്രം മൊബൈലിൽ എടുത്തത് ആരാണ്?. ഗായത്രി രോക്ഷത്തോടെ നാരായണിയോടു ചോദിച്ചു. ഉത്തരം പറയാൻ വിസമ്മതിച്ച നാരായണിയുടെ മുഖത്ത് ആഞ്ഞടിച്ചു. ഗായത്രി വീടിനുള്ളിലേയ്ക്ക് ഓടിക്കയറി ഒരു കത്തിയുമായി തിരിച്ചു വന്നു. നാരായണിയുടെ കൈയ്യിൽ ആഞ്ഞാഞ്ഞ് വരഞ്ഞു. രക്തം കൈയിലെ മുറിവുകളിലൂടെ ചീറ്റിയൊഴുകി. ഗായത്രിയോട് എന്തെങ്കിലും പറയുവാനോ പന്തിരിപ്പിക്കുവാനോ അവിടെ കൂടുന്നവർക്ക് ധൈര്യം തോന്നിയില്ല.

കൊല്ലല്ലേ........ഞാൻ തന്നെയാണ് ഫോട്ടോ എടുത്തത്. നാരായണി ഭയത്തോടെ അലറിക്കരഞ്ഞുകൊണ്ട് പറഞ്ഞു. ഫോട്ടോ പ്രതാപന്റെ കൈയ്യിലാണ് കൊടുത്തത്. പിന്നെ നടന്നതിലൊന്നും എനിക്ക് പങ്കില്ല.

ചില സത്യങ്ങൾ തെളിയിക്കാൻ ഇത്രയും നേരത്തിന്റെ ആവശ്യമേയുള്ളൂ. ഗായത്രി പറഞ്ഞു. ഇവളെ പാർട്ടിക്കാർക്കു തന്നെ വിട്ടുകൊടുത്തേക്ക്. അവര് വളർത്തുകയോ കൊല്ലുകയോ എന്താണെങ്കിലും ആയിക്കോട്ടെ .

ഇതെല്ലാം കണ്ടു ഭയന്ന നാരായണിയുടെ സഹായി അമല അവിടെനിന്നും ഓടുവാൻ തുടങ്ങി. ചിലർ ചേർന്ന് അമലയെ പിടിച്ച് ഗായത്രിയുടെ മുന്നിൽ നിറുത്തി. ഗായത്രി അമലയുടെ കരണത്തിനിട്ട് ഒന്നു പൊട്ടിച്ചു. ഇനി ഈ യഹൂരയിൽ കണ്ടുപോകരുത്. താക്കീത് ചെയ്ത് ഗായത്രി അവളെ അവിടെനിന്നും പറഞ്ഞു വിട്ടു.

ആരേയും കാണുവാൻ കൂട്ടാക്കാതെ ഗായത്രി വിടിനുള്ളിൽ കയറി. മൊബൈലിലേയ്ക്ക് അഭിനന്ദനങ്ങളുടെ പ്രവാഹമായിരുന്നു. അരുൺ ശങ്കറിനെ വിളിച്ചു വരുത്തി മൊബൈൽ അവനെ ഏൽപിച്ചുകൊണ്ട് പറഞ്ഞു. വിളിക്കുന്നവരെല്ലാമായി നീ ബന്ധപ്പെട്ടാൽ മതി. ഞാൻ പുറത്ത് പോയിരിക്കുകയാണെന്ന് പറഞ്ഞോളൂ.

ഗായത്രിക്ക് അസാധാരണമായ സന്തോഷം തോന്നി. തുള്ളിച്ചാടണമെന്നും നൃത്തംവയ്ക്കണമെന്നും മനസ് വിളിച്ചു പറഞ്ഞു. മനസിലേയ്ക്ക് സതീശനെ പറ്റിയുള്ള ഓർമ്മകൾ വീണ്ടും കടന്നു വന്നു. സരോജിനിയമ്മയുടെ വീട്ടിൽ ചെന്ന് മാളുവിനെ കണ്ടു. സരോജിനിയമ്മയോട് യാത്ര പറഞ്ഞതിനുശേഷം ഡോ. ജയിംസ് മാത്യുവിന്റെ ഹോസ്പിറ്റലിലേയ്ക്ക് കാറിൽ യാത്ര തിരിച്ചു.

സായാഹ്നകാറ്റ് ശക്തിയോടെ വീശി. വൃക്ഷങ്ങൾ ആ കാറ്റിൽ

ഇളകിയാടി. മാനത്ത് മഴമേഘങ്ങൾ ഉരുണ്ടുകൂടി. മിന്നൽ പിണരുകൾ പാഞ്ഞു. ഇടിയുടെ മുഴക്കം നീണ്ടുനിന്നു. കട്ടിയുള്ള മഴത്തുള്ളികൾ മാനത്തുനിന്നും ഭൂമിയിലേയ്ക്ക് പതിച്ചു തുടങ്ങി.

# 13

## നൃത്തം ചവിട്ടുന്ന മനസ്സ്

പ്രകൃതി പോലെയാണ് മനുഷ്യന്റെ മനസ്സ്. പ്രകൃതിയുടെ ഭാവപ്പകർച്ചയും സ്വഭാവരീതിയും ആർക്കാണ് മുൻകൂട്ടി പ്രവചിക്കാനാവുക?. അഥവാ പ്രവചിച്ചാൽ തന്നെ പ്രവചനങ്ങളെ തെറ്റിച്ചുകൊണ്ട് അത്ഭുതങ്ങൾ കാണിക്കുന്നത് പ്രകൃതിയുടെ സ്വഭാവമാണ്.

ഒരു വ്യക്തിക്ക് സ്വന്തം മനസ്സിനെപ്പറ്റി പോലും ഒന്നും അറിയില്ലെന്നതാണ് യാഥാർത്ഥ്യം. സ്വന്തം മനസ്സിനെപ്പറ്റി അറിയാൻ കഴിയാത്തവർക്ക് മറ്റുള്ളവരുടെ മനസ്സിനെപ്പറ്റി പറയുവാൻ എന്ത് അവകാശമാണുള്ളത്. ഗായത്രിയുടെ ചിന്തകൾ പല വഴികളിലൂടെ സഞ്ചരിച്ചുകൊണ്ടിരുന്നു. ഈ ലോകം ചിലർക്ക് മാത്രം സന്തോഷവും സമാധാനവും ഉന്നത സ്ഥാനങ്ങളും നൽകുന്നു. മറ്റുചിലർക്ക് കഷ്ടപ്പാടുകളും ഗതികേടുകളും മാത്രം നൽകുന്നു. ചിലരെ ബുദ്ധിയുള്ളവരും കൗശലക്കാരുമായി സൃഷ്ടിക്കുമ്പോൾ വേറെ ചിലരെ മണ്ടത്തരങ്ങളുടെ ഉടമകളായി സൃഷ്ടിക്കുന്നു. യഥാർത്ഥത്തിൽ സത്യം, സനാതനം, മൂല്യം, നീതി, വിശ്വാസം എന്നെല്ലാം വ്യവഹരിക്കുന്നത് എന്തിനെയാണ്?. എന്തായാലും കഴിഞ്ഞ കുറെ മണിക്കൂറുകൾ തന്റെ മനസ്സിന്റെ ഉത്സവനൃത്തമായിരുന്നു. എപ്പോഴെല്ലാമോ വെറുതെ സ്വപ്നംകണ്ട ഒരവസ്ഥ.

ഗായത്രി ഉന്മേഷത്തോടെ കിടക്കയിൽനിന്നും എഴുന്നേറ്റു. കിടക്കയിൽ തന്നെ ഉറങ്ങിക്കിടക്കുന്ന ഭർത്താവിനെ കൗതുകത്തോടെ നോക്കി.

ഉപതിരഞ്ഞെടുപ്പിന്റെ വിജയത്തെ മാധ്യമങ്ങൾ എങ്ങനെയാണ് വിലയിരുത്തിയതെന്നറിയാൻ ഗായത്രിക്ക് ആഗ്രഹം തോന്നി. ടെലിവിഷൻ ഓൺ ചെയ്ത് വാർത്താചാനൽ തിരഞ്ഞെടുത്തു. വിലക്കയറ്റത്തിനെതിരെ ജനുവരി പതിനഞ്ചാം തീയതി പാർട്ടികേന്ദ്ര ഗവൺമെന്റിനെതിരെ നടത്തുന്ന ഹർത്താലിനെപ്പറ്റിയുള്ള ചർച്ചകളാണ് കാണാൻ കഴിഞ്ഞത്. ഗായത്രി രോഷത്തോടെ ടെലിവിഷൻ ഓഫാക്കി.

പുലി വരുന്നേ പുലി വരുന്നേ എന്ന് പഴയൊരു കഥയിലെ ആട്ടിടയ

ബാലൻ വിളിച്ചുപറഞ്ഞതുപോലെ ഹർത്താൽ വരുന്നേ ഹർത്താൽ വരുന്നേ എന്ന് മാധ്യമങ്ങൾ വളിച്ചുപറയുന്നു. ഒരു ദിവസം ജോലിക്ക് പോകാതിരിക്കാൻ ജോലിക്കാരും മദ്യപിക്കാൻ മദ്യപാനികളും നല്ല ഭക്ഷണം കഴിക്കാൻ ഭക്ഷണപ്രിയരും സ്കൂളുകളിൽ പോകാതെ ടെലിവിഷൻ കാണാൻ കുട്ടികളും മൊബൈലിലൂടെ മണക്കൂറുകളോളം സല്ലപിക്കാൻ കമിതാക്കളും ഹർത്താലിനെ ആഗ്രഹിക്കുന്നു. ഹൗസ് ബോട്ടുകൾ, റിസോട്ടുകൾ, വേശ്യകൾ തുടങ്ങിയവയൊക്കെ ഹർത്താൽ ദിവസം ലഭ്യമാക്കുവാൻ പത്തും ഇരുപതും ഇരട്ടി പണം കൊടുക്കേണ്ടിവരും. അതും നേരത്തെതന്നെ ബുക്ക് ചെയ്താൽ. യഥാർത്ഥത്തിൽ ഇവരാണ് ഹർത്താലിനെ ആഘോഷിച്ച് വിജയിപ്പിക്കുന്നത്. പ്രവർത്തിക്കുന്ന സാധാരണ ജനങ്ങളുടെ വിഷമങ്ങളും ദുരിതവും വാർത്തയായി ആഘോഷിക്കാൻ മാധ്യമങ്ങളും കാത്തിരിക്കുന്നു. നിയമപാലകരുടെ നിഷ്ക്രിയത്വം എടുത്തുകാട്ടി നിയമവ്യവസ്ഥയെ ശിഥിലീകരിക്കാൻ ഗുണ്ടാമാഫിയകളും പ്രവർത്തിക്കുന്നു. ഹർത്താൽ കേരളീയ മനോഭാവത്തിന്റെ തന്നെ പ്രത്യുൽപ്പന്നമാണ്. ഏറെ കേരളീയരും പരസ്യമായി വിമർശിക്കുമ്പോഴും രഹസ്യമായി ആഘോഷിക്കുന്നതാണ് ഹർത്താൽ. അതിന്റെ ഏറ്റവും നല്ല തെളിവാണ് ഹർത്താലുകൾ നടത്തുന്ന പാർട്ടികളോടുള്ള പലരുടെയും മനോഭാവം.

ഗായത്രി രോഷത്തോടെ ഓരോന്ന് ചിന്തിച്ച് പത്രങ്ങൾ കാണുവാനായി മുറിയിൽനിന്നും പുറത്തേയ്ക്കിറങ്ങാൻ തീരുമാനിച്ചു.

വസ്ത്രങ്ങൾ മാറി പുറത്തേയ്ക്കിറങ്ങിയ ഗായത്രി അക്ഷരാർത്ഥത്തിൽ അതിശയിച്ചു പോയി. ഹോട്ടലിനുമുന്നിൽ വലിയൊരു പുരുഷാരം തടിച്ചുകൂടിയിരിക്കുന്നു. അവർക്കൊപ്പം മാധ്യമപ്പടയുമുണ്ട്. ഗായത്രി ഒരു നെടുവീർപ്പോടെ യുക്തമായ തീരുമാനത്തിലെത്തി. മനസ്സിനെ ശാന്തമാക്കി എല്ലാവരുമായി സഹകരിക്കണം. ഉപതിരഞ്ഞെടുപ്പിന്റെ വിജയം ഓർത്തതിനേക്കാൾ അധികം സ്വാധീനം കേരളക്കരയിൽ സൃഷ്ടിച്ചിരിക്കുന്നെന്ന് ഗായത്രിക്ക് മനസ്സിലായി.

ഗായത്രിയെ കണ്ട ജനം അണപൊട്ടിയതുപോലെ ശക്തമായ മുദ്രവാക്യങ്ങൾ മുഴക്കി. ചാനലുകാരും പത്രക്കാരും ചോദ്യങ്ങളുമായി ഗായത്രിക്ക് ചുറ്റും കൂടി. ശ്രദ്ധേയമായ ഈ വിജയത്തിനിടയിൽ നിങ്ങൾ എന്തിനാണ് ഒളിച്ചോടിയത് ? വാർത്താചാനലിന്റെ റിപ്പോർട്ടർ ആകാംക്ഷയോടെ തിരക്കി.

പ്രവൃത്തിയിലേ എനിക്ക് വിശ്വാസമുള്ളൂ. എന്റെ നല്ല പ്രവർത്തനങ്ങളുടെ പരിണതഫലം കൂടിയാണ് ഈ റിസൽട്ട് . ഗായത്രി കരുതലോടെ പറഞ്ഞു. മൊബൈൽ ഫോൺ സഹപ്രവർത്തകരെ ഏല്പി

ച്ചിട്ടാണ് പോന്നത്. ആർക്കുവേണമെങ്കിലും അവരുമായി ബന്ധപ്പെടാവുന്നതെയുള്ളൂ. വ്യക്തികേന്ദ്രീകൃതമായ വ്യവസ്ഥിതികൾക്ക് ഞാൻ എതിരാണ്. വിജയത്തിന്റെ ഉത്തരവാദിത്വം ഒന്നാകെ എന്നിലേക്ക് ഒഴുകിയെത്തുന്നതും എനിക്കിഷ്ടമല്ല. പാർട്ടികൾ ആദർശങ്ങളിൽനിന്നും വ്യതിചലിച്ച് എന്ന് വ്യക്തികേന്ദ്രീകൃതമാകുന്നുവോ അന്നുമുതൽ അതിന്റെ ആദർശങ്ങൾ തേഞ്ഞ് പോയിക്കൊണ്ടിരിക്കും.

നിങ്ങളുടെ കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ ആദർശങ്ങളും തത്വങ്ങളും എന്താണ്?. ഒരു പത്രപ്രവർത്തകൻ ചോദിച്ചു.

ജനാധിപത്യത്തിൽ വിശ്വസിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദർശങ്ങളും തത്ത്വങ്ങളുമാണ് ഞങ്ങളുടെ പാർട്ടിയുടേത്. ഗായത്രി പറഞ്ഞു. നിലവിൽ ഇവിടെയുള്ള കമ്മ്യൂണിസ്റ്റ് പാർട്ടി വ്യക്തികേന്ദ്രീകൃതമാകുകയും തത്ത്വങ്ങളിലും ആദർശങ്ങളിലും ശിഥിലീകരണം സംഭവിക്കുകയും ചെയ്തപ്പോൾ അതിനുള്ളിൽതന്നെ സംഭവിച്ച ഒരു പ്രതിവിപ്ലവത്തിന്റെ സന്തതിയാണ് കമ്മ്യൂണിസ്റ്റ് ഏകോപനസമിതി. അതിനെ ജനങ്ങൾ അംഗീകരിച്ചു കഴിഞ്ഞു.

നിങ്ങൾ പലപ്പോഴും അക്രമാസക്തയാകാറുണ്ടെന്നുള്ള പരാതി വ്യാപകമാണല്ലോ? പാർട്ടി ചാനലിന്റെ റിപ്പോർട്ടർ ചോദിച്ചു.

അത് കേവലം പരാതിയല്ല. സത്യമാണ്. ഉള്ളിൽ പ്രതികരണശേഷിയും വിപ്ലവവീര്യവുമുള്ള ഒരു സഖാവിന് അനീതികൾക്ക് നേരെ കണ്ണടയ്ക്കാനാവില്ല. ഗായത്രി ചെറുപുഞ്ചിരിയോടെ തുടർന്നു. നിയമം അതിന്റെ ദൗത്യം നിർവ്വഹിക്കുന്നതിൽ പരാജയപ്പെടുമ്പോഴാണ് പ്രതികരണങ്ങൾ സംഭവിക്കുന്നത്. പ്രതികരണശേഷിയില്ലാത്ത ഒരു ജീവജഡമായി ഒരു നിമിഷംപോലും ഒരു കമ്മ്യൂണിസ്റ്റിന് ജീവിക്കാനാവില്ല.

മങ്ങാട്ട് ശിവനെതിരെ ഉയർന്നുവന്നിരിക്കുന്ന ഏതെല്ലാം ആരോപണങ്ങൾക്കെതിരെയാണ് നിഷ്പക്ഷമായ അന്വേഷണം വേണ്ടത് ? ഓണം ചാനലിലെ സുരേഷ് ബാബു തിരക്കി.

ആർക്ക് എതിരെയും വ്യക്തിപരമായ ആരോപണങ്ങൾ ഉന്നയിക്കുന്നത് എന്റെ സ്വഭാവമല്ല. എനിക്ക് അതിനൊട്ടു നേരവുമില്ല. ഗായത്രി കരുതലോടെ പറഞ്ഞു. മന്ത്രിയായിരുന്നപ്പോൾ നടത്തിയ അഴിമതിയെപ്പറ്റി, വിദേശത്തുപോയി നടത്തിയ പിരുവുകളെപ്പറ്റി, ഇന്ത്യയ്ക്ക് പുറത്ത് നടത്തുന്ന അയാളുടെ ബിനാമി ബിസിനസുകൾക്ക് പണംകിട്ടിയ വഴികളെപ്പറ്റിയെല്ലാം അന്വേഷമം ആവശ്യമാണ്.

നിങ്ങൾ നിറുത്തിയ സ്ഥാനാർത്ഥികൾക്കെതിരെ ഭരണകക്ഷിയും പ്രതിപക്ഷവും ചില മതങ്ങളും സംയുക്തമായി സ്ഥാനാർത്ഥികളെ നിറുത്തിയിട്ടും നിങ്ങളുടെ സ്ഥാനാർത്ഥികൾ വിജയിച്ചു. ഇതിനെപ്പറ്റിയുള്ള അഭിപ്രായം ? ചന്ദ്ര ചാനലിലെ രേഷ്മ ചോദിച്ചു. ജനങ്ങൾ കൃത്യമായി അഭിപ്രായം പറഞ്ഞുകഴിഞ്ഞല്ലോ. എപ്പോഴും നല്ലതുമാത്രം ആഗ്രഹിക്കുന്നവരാണ് ഇവിടുത്തെ ഭൂരിപക്ഷം ആൾക്കാരും. ഓരോ ചേരികൾ തീർത്ത് ജനത്തെ ചൂഷണം ചെയ്യുന്നവർക്കെതിരെ അവരും പ്രതികരിച്ചു തുടങ്ങി. ഗായത്രി പറഞ്ഞു നിറുത്തി.

പത്രലേഖകരുടെയും ടെലിവിഷൻ ചാനലുകാരുടെയും കൂടുതൽ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ കൂട്ടാക്കാതെ മുദ്രാവാക്യം മുഴക്കിക്കൊണ്ടിരുന്ന ജനങ്ങൾക്കിടയിലേക്ക് ഗായത്രി ഇറങ്ങി. അവർ മാലകൾ അണിയിച്ചും പുഷ്പങ്ങൾ ചാർത്തിയും ഗായത്രിയോടുള്ള ആത്മാർത്ഥ സ്നേഹം പ്രകടിപ്പിച്ചു.

വിവേകം വികാരത്തിന് അടിമപ്പെടരുത്. ജാഥകൾ നയിച്ചും മുദ്രാവാക്യങ്ങൾ മുഴക്കിയും ആർക്കെങ്കിലുംവേണ്ടി നശിപ്പിക്കാനുള്ളതല്ല നമ്മളുടെ സമയവും ജീവിതവും. ഗായത്രി ആധികാരികതയോടെ പറഞ്ഞു. ബാലറ്റിലൂടെയുള്ള പ്രതികരണത്തോളം ശക്തി മറ്റൊന്നിനുമില്ല. നിങ്ങൾ കൂടെയില്ലെങ്കിൽ ഇവിടെ ഒരു നേതാവുമില്ല, പ്രസ്ഥാനവുമില്ല. നിങ്ങൾ നിങ്ങളുടെ വലിപ്പവും ശക്തിയും തിരിച്ചറിയണം. അതുപോലെതന്നെ സ്വന്തം ജീവിതത്തെപ്പറ്റിയും. ഒരു സമൂഹത്തിന്റെ ഏറ്റവും ശക്തമായ അടിത്തറയെന്നുപറയുന്നത് കുടുംബമാണ്. സമാധാനത്തോടെ പരസ്പര വിശ്വാസത്തോടെ കഴിയുന്ന കുടുംബം. അതിനെ തിരസ്കരിക്കുകയും കേവലവത്കരിക്കുകയും ചെയ്യുന്നവർ വഞ്ചകരാണ്. അവരെ വിശ്വസിക്കാനാവില്ല..... ഇപ്പോൾ നിങ്ങൾ ഉയർത്തുന്ന മുദ്രാവാക്യങ്ങളുടെ ആവേശത്തോടെ സ്വന്തം കുടുംബത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കണം. സമൂഹത്തിൽ അനുദിനം വളർന്നുവരുന്ന അഴിമതികൾക്കെതിരെ മാന്യതയോടെ പ്രതികരിക്കണം..... അപ്പോൾ എല്ലാം സ്വാഭാവികമായ നന്മയിലേക്ക് എത്തിക്കൊള്ളും.

ജനക്കൂട്ടത്തെ പറഞ്ഞയച്ചതിനുശേഷം ഗായത്രി മുറിയിലേക്ക് ചെന്നു. അവിടെ ഉന്മേഷത്തോടെ ഇരിക്കുന്ന ഭർത്താവിനെ കണ്ട് ഗായത്രിയുടെ സന്തോഷം നൃത്തം വച്ചു. ഗായത്രി ഓടിച്ചെന്ന് ഭർത്താവിനെ കെട്ടിപ്പിടിച്ച് ഉമ്മവെച്ചു. തെല്ല് സമയത്തെ നൃത്തം വയ്ക്കുന്ന സ്നേഹപ്രകടനത്തിനുശേഷം അവർ കിടക്കയിലേക്ക് മറിഞ്ഞു.

ടേബിളിലിരുന്ന മൊബൈൽ ഫോൺ ബെല്ലടിച്ചു. സതീശനാണ് ഫോണെടുത്തത്. അങ്ങേ തലയ്ക്കൽ ഡോ. ജെയിംസ് മാത്യുവായിരു

ന്നു. ഡോ. ജെയിംസ് മാത്യു സതീശനോട് വിവരങ്ങൾ തിരക്കിയതിനു ശേഷം ഗായത്രിയേയും കൂട്ടി ഹോസ്പിറ്റലിലേക്ക് വരുവാൻ പറഞ്ഞു.

ഗായത്രിയും സതീശനും ഒരു കാറിലാണ് ഡോ. ജെയിംസ് മാത്യുവിന്റെ ഹോസ്പിറ്റലിലെത്തിയത്. ഡോക്ടറുടെ മുറിയിലേക്ക് നടക്കുന്നതിനിടയിൽ സന്ദർശകമുറിയിൽ സ്ഥാപിച്ചിരിക്കുന്ന ടെലിവിഷനിലെ വാർത്തയിലേക്ക് ഗായത്രിയുടെ ശ്രദ്ധതിരിഞ്ഞു. തെല്ലുമുമ്പ് മാധ്യമപ്രവർത്തകരോട് താൻ നടത്തിയ അഭിപ്രായപ്രകടനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. തുടർന്ന് ജനക്കൂട്ടത്തോട് നടത്തിയ സംഭാഷണവും.

മാധ്യമങ്ങൾ വീണ്ടുംതന്നെ ശ്രദ്ധിക്കാനും പരിഗണിക്കുവാനും തുടങ്ങിയതിൽ ഗായത്രിക്ക് സന്തോഷം തോന്നി. വിജയിക്കുന്നവന്റെ പക്ഷത്തേയ്ക്ക് ആഗ്രഹിക്കുന്നത് മുഴുവൻ ഒഴുകിയെത്തുന്നത് എത്ര വേഗത്തിലാണ്. പരാജയം രുചിച്ചുതുടങ്ങിയാൽ പിന്നെ ഗതികേടുകളുടെ ഘോഷയാത്ര തുടങ്ങുകയായി. പരാജയത്തിന്റെ ഗർത്തത്തിൽനിന്നും വിജയത്തിന്റെ ഔന്നത്യത്തിലേക്ക് എത്തുവാനുള്ള ശ്രമങ്ങൾ ജീവൻമരണപോരാട്ടമാണ്. ഈ പോരാട്ടത്തിൽ ഏറെ പേരും മരണത്തിന് കീഴടങ്ങുന്നു. ചിലർ മാത്രം വിജയിക്കുന്നു. വിജയിക്കുന്നവർക്ക് പിന്നെ വിജയാഹ്ലാദത്തിന്റെ ദിനങ്ങളാണ്. ആ ആഹ്ലാദത്തിനിടയിൽ പലരും പരാജയത്തിന്റെ ഗർത്തത്തിലേക്ക് വീഴും. ഇനി ആരെല്ലാമാണ് പരാജയത്തിന്റെ ഗർത്തിലേക്ക് വീഴുന്നത്... ഗായത്രി ആലോചിച്ചു നോക്കി.

മുന്നിലേക്ക് വന്ന ഗായത്രിയേയും സതീശനേയും ഡോ. ജെയിംസ് മാത്യു നിറഞ്ഞ സ്നേഹത്തോടെയാണ് സ്വീകരിച്ചത്. ടെലിവിഷൻ ചാനലുകളിലൂടെ വന്നുകൊണ്ടിരിക്കുന്ന വാർത്തയെപ്പറ്റി ഗായത്രിയോട് സംസാരിച്ചു. ആരും അറിയാതെ താമസിക്കാൻ ഗായത്രിക്കും സതീശനും ഒരുക്കിക്കൊടുത്ത ഹോട്ടലിൽ പൊതുജനങ്ങളും മാധ്യമപ്പടയും എത്തിയതിലെ അത്ഭുതവും ഡോക്ടർ മറച്ചുവെച്ചില്ല. സംഭാഷണത്തിനിടയിൽ ഡോക്ടർ പറഞ്ഞു. ചിലർക്ക് ചില ദൗത്യങ്ങൾ നിർവ്വഹിക്കാനുള്ള അവസരം ഈശ്വരനോ പ്രകൃതിയോ ഒരുക്കിക്കൊടുക്കും. ചീഞ്ഞുനാറിയ സമകാലിക രാഷ്ട്രീയ വ്യവസ്ഥിതിക്കെതിരെയും ഭരണസമ്പ്രദായത്തിനെതിരെയും പ്രവർത്തിക്കാനുള്ള ദൗത്യം ഇവിടെ ഗായത്രിയുടെ കൈകളിൽ ഏല്പിച്ചിരിക്കുകയാണ്. ഇത്രയും കാലം കഷ്ടകാലത്തിന്റെ പർവ്വമായിരുന്നു. ഇനി അംഗീകാരത്തിന്റെ ഒരു പ്രവാഹം തന്നെ സംഭവിക്കും. ഗായത്രിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും ശക്തമായ പിൻതുണയുമായി പിന്നിൽ സതീശനുമുണ്ടാകും.

ഗായത്രി കൗതുകപൂർവ്വം ചിരിച്ചു.

നിങ്ങൾക്കിനി ഒരുമിച്ച് താമസിക്കാം. ഒരു പ്രശ്നവുമില്ലാതെ. ഗായത്രിയെ പൂർണ്ണമായും മനസ്സിലാക്കാനും ഉൾക്കൊള്ളാനും കഴിയുന്ന മാനസികാവസ്ഥയിലേക്ക് സതീശൻ എത്തിക്കഴിഞ്ഞു. ഡോക്ടർ തുടർന്നു പറഞ്ഞു. എനിക്ക് ഗായത്രിയോട് മാത്രമായി അല്പം സംസാരിക്കാനുണ്ട്. ഒരു ഡോക്ടറെന്ന നിലയിൽ ഗായത്രിയുടെ മനസ്സും ആഗ്രഹങ്ങളും അറിയേണ്ടതുണ്ട്.

സതീശൻ മുറിയിലേക്ക് പോയിക്കഴിഞ്ഞ് ഡോക്ടറും ഗായത്രിയും തനിച്ചിരുന്ന് സംസാരിച്ചുതുടങ്ങി.

ഗായത്രിക്ക് സാഹിത്യത്തിലും കലയിലുമെല്ലാം പ്രത്യേക താല്പര്യമുണ്ടില്ലേ? ഡോക്ടർ ചോദിച്ചു.

ഗായത്രി അതെയെന്ന അർത്ഥത്തിൽ തലയാട്ടി.

ഏറ്റവും അടുത്ത് കണ്ട സിനിമ അല്ലെങ്കിൽ വായിച്ച ഗ്രന്ഥം? ഡോക്ടർ തിരക്കി.

ഏറ്റവും അവസാനം കണ്ട സിനിമകൾ ഒരേ കടലും, മിന്നാമിന്നിക്കൂട്ടവുമാണ്. ഗായത്രി തുടർന്നുപറഞ്ഞു. വായിച്ചത് ഒരു നോവലാണ്. ഫ്രാൻസീസ് ഇട്ടിക്കോര.

ശ്യാമപ്രസാദുംകമലുമാണില്ലെ ഇഷ്ടപ്പെട്ട സംവിധായകർ? ഡോക്ടർ ചോദിച്ചു.

ശ്യാമപ്രസാദ് നല്ല സംവിധായകനാണ്. എന്തൊ പ്രേക്ഷകർ അദ്ദേഹത്തെ അങ്ങനെയങ്ങ് സ്വീകരിച്ചില്ല. ഗായത്രി തുടർന്നു പറഞ്ഞു. എല്ലാ അർത്ഥത്തിലും മികവ് പുലർത്തുകയും പ്രേക്ഷകർ ആഘോഷിക്കുകയും ചെയ്ത സംവിധായകനാണ് കമൽ.

ഫ്രാൻസീസ് ഇട്ടിക്കോരയെ പറ്റിയുള്ള അഭിപ്രായമെന്താ? ഡോക്ടർ ആകാംക്ഷയോടെ തിരക്കി.

വാചാലതയും വയലൻസും കൂടിപ്പോയെന്നൊരു പോരായ്കയുണ്ട്. പുതിയ കാലത്തെ ഉൾക്കൊള്ളുവാൻ ഒരുവലിയ അളവുവരെ ആ നോവലിനു കഴിഞ്ഞു. ആലോചനയോടെ ഗായത്രി തുടർന്നു. മനുഷ്യമനസ്സിൽ ഫണമടക്കി കിടക്കുന്ന കാമത്തെയും മൃഗീയവാസനകളെയും ഉണർത്തി കഥപറയുന്ന രീതിയാണ് ആ നോവലിനുള്ളതെന്നാ എനിക്ക് തോന്നുന്നത്.

കലകളോടും സാഹിത്യത്തോടുമെല്ലാമുള്ള ആഭിമുഖ്യം മനുഷ്യർക്ക് ആവശ്യമാണ്. അവയെല്ലാം മനുഷ്യമനസ്സിനെ വൈകാരികമായും

ബൗദ്ധികമായും സംസ്കരിച്ചെടുക്കും. ഡോക്ടർ യുക്തിപൂർവ്വം തുടർന്നുപറഞ്ഞു: നമ്മളിന്ന് വൈകാരികതയെ നിസാരവൽക്കരിച്ച് ബൗദ്ധികപ്രവർത്തനങ്ങളിൽ മാത്രം മുഴുകുന്ന ഒരു യാന്ത്രിക സംസ്കാരത്തിന്റെ ഭാഗമായിരിക്കുന്നു. യഥാർത്ഥത്തിലിത് മനുഷ്യനെ സങ്കുചിത ചിന്തകളുടെയും സ്വാർത്ഥമനോഭാവത്തിന്റെയും വക്താക്കളാക്കുന്നു.

അവർക്കിടയിൽ അല്പസമയത്തെ മൗനം വളർന്നു. ആ മൗനത്തെ മുറിച്ചുകൊണ്ട് ഡോക്ടർ തന്നെ സംസാരിച്ചുതുടങ്ങി. നമ്മുടെ കേരളീയ സമൂഹം പൂർണ്ണമായും പുരുഷാധിപത്യസമൂഹമാണ്. അതുകൊണ്ടുതന്നെ കേരളത്തിൽ ജനിച്ചുവളരുന്ന പുരുഷന്മാർക്ക് സ്ത്രീകൾക്കുമേലുള്ള ആധിപത്യമനോഭാവം കൂടുതലാണ്. ഈ മനോഭാവം ബാഹ്യപ്രവൃത്തികളിൽ മാത്രമല്ല ലൈംഗിക പ്രക്രിയകളിലും മാനസിക വ്യവഹാരങ്ങളിലുമെല്ലാം പ്രകടമായ സാന്നിദ്ധ്യമായി നിൽക്കുന്നു. ഗായത്രി വളരെ ആത്മബലമുള്ള സ്ത്രീയാണ്. പുരുഷന്മാരെക്കാൾ അധികം ഇച്ഛാശക്തിയും കർമ്മകുശലതയുമുണ്ട്. ഗായത്രി ഒരു ആത്മപരിശോധന നടത്തണം. സതീശനെ അംഗീകരിച്ചാൽ മാത്രം പോരാ.. അദ്ദേഹത്തിനത് മനസ്സിലാക്കിക്കൊടുക്കുകയും വേണം. ഭാര്യാഭർത്തൃബന്ധത്തിൽ പല ഈഗോകളും നിസാരവൽക്കരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. ഇതൊരു ത്യാഗമോ സഹനമോ അല്ല. അനിവാര്യമായ മനസ്സിലാക്കലിന്റെ അഥവാ സ്നേഹത്തിന്റെ ഒരു ഭാഗമാണ്...

ഗായത്രി ശബ്ദം താഴ്ത്തി ചിരിച്ചു. തുടർന്ന് പറഞ്ഞു. ഡോക്ടർ ഇപ്പോൾ പറയുന്ന ആത്മബലവും ഇച്ഛാശക്തിയും കർമ്മകുശലതയുമൊക്കെ എന്റെ ജീവിതത്തിന്റെ ഭാഗമായിരുന്നില്ല. പറക്കമുറ്റാത്ത ഒരു പെൺകുട്ടിയുമായി ജീവിക്കാൻ.... ഭക്ഷണത്തിന്.... പാർപ്പിടത്തിന് എല്ലാം വേണ്ടിയുള്ള സമരത്തിനിടയിൽ എന്തെല്ലാമോ എങ്ങനെയൊക്കെയോ സംഭവിച്ചു.... എന്റെയും മോളുടെയും മരണം സംഭവിക്കാത്തത് ഒരത്ഭുതം മാത്രമാണ്. സഹായിക്കാൻ പോയിട്ട് സഹതാപത്തോടെ ഒന്നുനോക്കാൻ പോലും ആരുമില്ലായിരുന്നു.

കഴിഞ്ഞത് എന്താണെന്നുള്ളതല്ല ഇനി എങ്ങനെയായിരിക്കണം എന്നുള്ളതാണ് ജീവിതത്തെ സംബന്ധിച്ചിടത്തോളം പ്രധാനം.

ഡോക്ടർ ആത്മാർത്ഥതയോടെ പറഞ്ഞു. ഗായത്രിക്ക് ഇനി എപ്പോൾ വേണമെങ്കിലും സതീശനെ ഇവിടെനിന്നും കൊണ്ടുപോകാവുന്നതാണ്. തിരക്കില്ല. സമയവും സാഹചര്യവും ഒരുക്കിയിട്ട് മതി. ഇടയ്ക്കൊക്കെ ഗായത്രി നേരിട്ടുവന്ന് സതീശനെ കാണുന്നത് ഉചിതമായിരിക്കും.....

ഡോക്ടർ തുടർന്ന് പറഞ്ഞതൊന്നും ഗായത്രി കേട്ടില്ല. അവളുടെ

ഉള്ളിലൂടെ ഉല്ലാസകരമായ കുടുംബജീവിതത്തിന്റെ നിറമുള്ള ചിത്രശലഭം പാറിപ്പറന്നുകൊണ്ടിരുന്നു. ആ ചിത്രശലഭം പൂവിൽനിന്നും മധു നുകരുന്നത് കൗതുകത്തോടെ നോക്കിനിന്നു. അങ്ങനെ നോക്കിനിൽക്കുമ്പോൾ ഗായത്രി പുഷ്പമാകുന്നതും സതീശൻ ചിത്രശലഭമാകുന്നതും കണ്ടു.

# 14

## വാതിലുകൾ തുറന്ന് തുറന്ന് തുറന്ന്

നിരുപാധികം ഗായത്രിയെ സർവ്വീസിൽ തിരിച്ചെടുക്കുന്നു എന്നുള്ള രജിസ്ട്രാറുടെ കത്തുമായി യൂണിവേഴ്സിറ്റിയിൽനിന്നും ഒരു ജീവനക്കാരൻ എത്തി.

ഗായത്രി സന്തോഷത്തോടെയാണ് ആ കത്ത് സ്വീകരിച്ചത്. ഗായത്രിക്ക് എതിരെയുള്ള അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്റെ സാരവും അതിനോടൊപ്പം വച്ചിരുന്നു. .....ഗായത്രിയുടെ ഭൂതകാലം എന്താണെന്നുള്ളത് അന്വേഷണത്തിന്റെ ഭാഗമല്ല. ഗായത്രിയുടെ സീറ്റിലെത്തി അപമര്യാദയായി പെരുമാറിയത് വേണുഗോപാലാണ്. വേണുഗോപാലിനെതിരെ ഉചിതമായ നടപടി സ്വീകരിക്കാൻ കമ്മീഷൻ യൂണിവേഴ്സിറ്റിയോട് ശുപാർശ ചെയ്തിരിക്കുന്നു....

യൂണിവേഴ്സിറ്റി ഗായത്രിയെ കുറ്റവിമുക്തയാക്കിയ വാർത്ത മാധ്യമങ്ങൾ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചു.

യുവജന സംഘടനയുടെ പ്രസിഡന്റായ ഗോപീകൃഷ്ണൻ ഗായത്രിയോട് ആത്മാർത്ഥതയോടെ പറഞ്ഞു. മാഡത്തിന്റെ ഫ്രണ്ട്സ് ആകാൻ ഓർക്കൂട്ടിൽ കാത്തുനിൽക്കുന്നവർ ഏറെയുണ്ട്. അവരെ സ്വീകരിക്കുകയും അവരുമായി ആശയവിനിമയം നടത്തുകയും വേണം.

എന്റെ മെയിലുകൾ പരിശോധിക്കുന്നതും ഓർക്കൂട്ടിൽ കയറുന്നതും ചിലപ്പോൾ ഫേസ് ബുക്കിൽ എനിക്കുവേണ്ടി എഴുതുന്നതുമെല്ലാം വർഷയാണ്. ഗായത്രി പറഞ്ഞു. കാര്യഗൗരവമുള്ളവയ്ക്കുമാത്രം മറുപടികൾ അയച്ചാൽ മതിയെന്നുള്ള നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്.

മാഡം ഇന്ന് ജനങ്ങൾക്ക്, വിശേഷിച്ച് യുവജനതയ്ക്ക് പ്രതീക്ഷ നൽകുന്ന നേതാവാണ്. നിങ്ങൾ പറയുന്നത് പലതും അവർ കേൾക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. ഗോപീകൃഷ്ണൻ പറഞ്ഞു. അവർക്ക് പറയാനുള്ളതും മാഡം കേൾക്കേണ്ടതുണ്ട്. ഒരു നേതാവിന്റെ

വളർച്ചയ്ക്കും സംഘടനയുടെ ജനപ്രിയതയ്ക്കും ഇതൊക്കെ ആവശ്യ മാണ്.

ഗോപീകൃഷ്ണന്റെ ഈ നിർദ്ദേശം ഞാൻ അംഗീകരിക്കുന്നു. ഗായത്രി ചിരിച്ചുകൊണ്ട് പറഞ്ഞു. പാർട്ടിയുടെ നിലപാടുകളും പ്രവർത്തനരീതികളും ഗോപീകൃഷ്ണനും വിശദീകരിക്കാവുന്നതെയു ള്ളൂ. യുവജനങ്ങളുടെ മനസ്സിൽ എന്നെക്കാൾ ഉയർന്ന സ്ഥാനം നിങ്ങൾ ക്കുണ്ട്.

ഗോപീകൃഷ്ണൻ തുടർന്ന് എന്തോ പറയുവാൻ തുടങ്ങിയതിനെ ഗായത്രി കൈ ഉയർത്തി തടഞ്ഞു. തുടർന്ന് ഗായത്രി പറഞ്ഞു. ഞാൻ അടുത്ത ദിവസം നേരിട്ട് യൂണിവേഴ്സിറ്റി വരെ പോകുകയാണ്. കുറ്റ വിമുക്തയാക്കിയ പശ്ചാത്തലത്തിൽ എനിക്കും ചിലതൊക്കെ അറിയാ നുണ്ട്.

അവർ സംസാരിക്കുന്നിടത്തേയ്ക്ക് ഒരച്ഛനും മകളും കടന്നുവന്നു.

ഗായത്രി മാഡം ഞങ്ങളെ ഓർമ്മിക്കുന്നുണ്ടോ? മേഴ്സി ആകാം ക്ഷയോടെ തിരക്കി.

ഒരാലോചനയ്ക്കുശേഷം ഗായത്രി പറഞ്ഞു. അന്ന് അരമനയിൽവച്ച് കണ്ടതല്ലേ....?

അതേയെന്ന അർത്ഥത്തിൽ മേഴ്സി തലയാട്ടി. തുടർന്ന് മേഴ്സി യുടെ അച്ഛനാണ് സംസാരിച്ചുതുടങ്ങിയത്. കഴിഞ്ഞ ദിവസം അരമന യിലേക്ക് വിളിപ്പിച്ച് പണമെല്ലാം തിരിച്ച് തന്നു. ഗായത്രിക്കുട്ടിയുടെ പാർട്ടി പഞ്ചായത്ത് ഇലക്ഷനിൽ വിജയിച്ചതുകൊണ്ടുമാത്രമാണ് അവർ പണം തിരിച്ചുതന്നത്. മനസ്സിൽ നന്മയുള്ളതുകൊണ്ട് മോളും മോളുടെ പാർട്ടിയും ഇനിയും വളരും. ഈ കേരളക്കരയിൽ സത്യവും നീതിയും നടപ്പാകാൻ അത് ആവശ്യമാണ്. ചിന്തിക്കുന്നവരും മനസ്സിൽ നന്മയു ള്ളവരുമെല്ലാം മാനസികമായി മോളുടെ പക്ഷത്ത് തന്നെയാ.... ഒരു പരിചയവുമില്ലാഞ്ഞിട്ടും ഞങ്ങളെ സഹായിച്ചതിന് ഒത്തിരി നന്ദിയു ണ്ട്....

അവരോട് എന്ത് സമാധാനം പറയണമെന്നറിയാതെ തെല്ലുസമയം ഗായത്രി പതറിനിന്നു. തുടർന്ന് പറഞ്ഞു. നന്ദി പറയാൻ ഇവിടെവരെ വന്ന് വിഷമിക്കേണ്ടായിരുന്നു. നിങ്ങൾക്കർഹതപ്പെട്ടത് കിട്ടാൻ ഞാൻ ഒരു നിമിത്തമായെന്നു മാത്രം.

അവർ പോയിക്കഴിഞ്ഞപ്പോൾ ഗായത്രി മൊബൈലിൽ വർഷയെ വിളിച്ചു. ഗായത്രിയാണ്.... സെന്റ് ആലീസ്, കോളേജിലെ ഇന്റർവ്യൂ കഴിഞ്ഞോ?

കഴിഞ്ഞു. വർഷ പറഞ്ഞു.

ആരെയാണ് എടുത്തത് ? ഗായത്രി ആകാംക്ഷയോടെ തിരക്കി.

ഏതോ ഒരു അച്ചന്റെ പെങ്ങളുടെ മകളെയാണെന്നാ അറിയാൻ കഴിഞ്ഞത്. വർഷ ന്യായീകരണത്തോടെ തുടർന്നു. ഇലക്ഷന് ശേഷമാണ് ഇന്റർവ്യൂ നടന്നതെങ്കിൽ എനിക്ക് ചിലപ്പോൾ കിട്ടിയേനേ.

അതെന്താ അങ്ങനെ പറഞ്ഞത് . ഗായത്രി തിരക്കി.

കഴിഞ്ഞ ദിവസം അരമനയിൽനിന്നും പിതാവിന്റെ സെക്രട്ടറി ജോണച്ചൻ വിളിച്ചിരുന്നു. വർഷ കാര്യങ്ങൾ വിശദീകരിച്ചു. രണ്ട് വർഷം കഴിയുമ്പോൾ ഫിസിക്സിൽ ഒഴിവ് വരുന്നുണ്ടെന്നും ആ തസ്തികയിലേക്ക് എന്നെ പരിഗണിക്കാമെന്നും പറഞ്ഞു. അന്ന് അരമനയിൽവച്ച് നടന്ന സംഭവങ്ങളിൽ അവരുടെ ഖേദവും അറിയിച്ചു. ഗായത്രിച്ചേച്ചിയെ നേരിട്ട് വിളിക്കാത്തത് എങ്ങനെ പ്രതികരിക്കുമെന്ന് അറിയില്ലാഎന്നതുകൊണ്ടാണെന്നും പറഞ്ഞു.

ഒരു ചെറുപുഞ്ചിരിയോടെ ഗായത്രി മൊബൈൽ കട്ടുചെയ്തു. ജോണിനെ വിളിക്കണമോ എന്ന് ആലോചിച്ചു. തെല്ല് സമയത്തെ ആലോചനയ്ക്കുശേഷം വേണ്ടെന്ന തീരുമാനത്തിലെത്തി.

കാറിലാണ് ഗായത്രി യൂണിവേഴ്സിറ്റിയിലേക്ക് പുറപ്പെട്ടത്. ഒരു സൈലോയിൽ അഞ്ചാറ് പ്രവർത്തകരും ഗായത്രിക്കൊപ്പമുണ്ടായിരുന്നു. അവരെ യൂണിവേഴ്സിറ്റിയുടെ കവാടത്തിൽ നിറുത്തിയതിനുശേഷം ഗായത്രി ഉള്ളിലേക്ക് പ്രവേശിച്ചു. ആദ്യം പോയത് രജിസ്ട്രാറുടെ മുറിയിലേക്കാണ്. രജിസ്ട്രാർ എഴുന്നേറ്റുനിന്നാണ് ഗായത്രിയെ സ്വീകരിച്ചിരുത്തിയത്.

രജിസ്ട്രാർ തന്നെ സംസാരിച്ചുതുടങ്ങി. ഗായത്രി നിരപരാധിയാണെന്ന് എനിക്കറിയാം. എല്ലാറ്റിന്റെയും പിന്നിൽ രാഷ്ട്രീയമുള്ളപ്പോൾ എനിക്കൊന്നും ചെയ്യാനാവില്ല. ഭരിക്കുന്നവർ പറയുന്നത് അനുസരിക്കാനെ കഴിയൂ. കേരളത്തിൽ അങ്ങോളമിങ്ങോളം ഗായത്രി നേടിയെടുത്തുകൊണ്ടിരിക്കുന്ന ജനപിന്തുണ ഒന്നുകൊണ്ടുമാത്രമാണ് ഇവിടെയുള്ളവർ തിരിച്ചെടുക്കാൻ തീരുമാനിച്ചത്. ഈ ജോലി സ്വീകരിച്ച് ഇവിടെ

കൂടിയാൽ അത് നിങ്ങളുടെ പൊതുജീവിതത്തിലെ മരണമായിരിക്കും....

ജോലി രാജി വയ്ക്കുവാനൊന്നും എനിക്ക് ഉദ്ദേശമില്ല. ഗായത്രി പറഞ്ഞു. അഞ്ചുവർഷത്തേയ്ക്കുള്ള നീണ്ട അവധിയെടുക്കാനാണ് തീരുമാനം.

പറയുന്നതിൽ ക്ഷമിക്കണം. രജിസ്ട്രാർ തുടർന്നു ഗായത്രിക്ക് ഒരു രീതിയിലുള്ള അവധിയും നൽകരുതെന്നാണ് എനിക്കുള്ള നിർദ്ദേശം.

ആരുടെ നിർദ്ദേശം? ഗായത്രി തിരക്കി.

എന്നോട് പറഞ്ഞത് വൈസ്ചാൻസിലറാണ് രജിസ്ട്രാർ പരുങ്ങലോടെ പറഞ്ഞു.

ഗായത്രി ഒരു കത്ത് നീട്ടിക്കൊണ്ടു പറഞ്ഞു. ഇത് അവധിക്കുള്ള അപേക്ഷയാണ്. ഇത് സ്വീകരിക്കരുതെന്ന് ആരും പറഞ്ഞിട്ടില്ലല്ലോ? അഥവാ ആരെങ്കിലും പറഞ്ഞാൽ ഈ കത്ത് ഇവിടെ വയ്ക്കുകയാ....

എന്നോട് നീരസമൊന്നും തോന്നരുത്. രജിസ്ട്രാർ പറഞ്ഞു.

എനിക്ക് നിങ്ങളെ നല്ലതുപോലെ അറിയാം. ഗായത്രി പ്രതിഷേധത്തോടെ പറഞ്ഞു. ഭരണം മാറുന്നതിനനുസരിച്ച് നിലപാടുകൾ മാറ്റുകയും അധികാരികളുടെ വീട്ടുവേലകൾ കൂടി ചെയ്യുകയും ഒരിക്കൽ സഹായിച്ചവരെ മുഴുവൻ ഉപദ്രവിക്കുകയും ചെയ്യുന്ന നിങ്ങളുടെ സ്വഭാവം കേരളക്കരയിൽ മുഴുവൻ പാട്ടാണ്. ഈ യൂണിവേഴ്സിറ്റിയിലെ നട്ടെല്ലില്ലാത്ത ഏറ്റവും വലിയ ജീവിയും നിങ്ങൾ തന്നെയെന്നാ എല്ലാവരും പറയുന്നത്....

ഗായത്രി അവിടെനിന്നും ഇറങ്ങി നേരെ പോയത് വൈസ് ചാൻസിലറുടെ മുറിയിലേക്കാണ്. ഗായത്രിയെ കണ്ട വൈസ്ചാൻസിലറുടെ മുഖത്ത് ഒരമ്പരപ്പ് വളർന്നുവന്നു. ഗായത്രി വൈസ്ചാൻസിലർക്ക് മുന്നിലിരുന്ന് ആത്മവിശ്വാസത്തോടെ സംസാരിച്ചു. ഏതു നിയമത്തിന്റെ അടിസ്ഥാനത്തിലാണ് എനിക്ക് ഒരു ലീവും അനുവദിക്കേണ്ടെന്ന് രജിസ്ട്രാറോട് പറഞ്ഞത്.

ഒന്നു പരുങ്ങിയതിനുശേഷം വൈസ് ചാൻസിലർ പറഞ്ഞു. ആവശ്യമില്ലാതെ ആർക്കും ലോങ്ങ് ലീവുകൾ കൊടുക്കേണ്ടെന്നുള്ളത് യൂണിവേഴ്സിറ്റിയുടെ പുതിയ നയമാണ്. ആ നയത്തെപ്പറ്റി രജിസ്ട്രാറോടും പറഞ്ഞെന്നു മാത്രം.

അഞ്ചുവർഷത്തേയ്ക്കുള്ള ലോങ് ലീവിനുള്ള കത്ത് ഞാൻ രജി

സ്ട്രാറുടെ കൈയ്യിൽ കൊടുത്തിട്ടുണ്ട്. ഗായത്രി കരുതലോടെ തുടർന്നു. ഒരു ലീവിന്റെ ഔദാര്യം പറ്റാൻ വേണ്ടിയല്ല നിങ്ങളുടെ മുന്നിൽവന്നത്. വേണുഗോപാലിനെതിരെ പരാതി തരുവാൻ വേണ്ടി ഇവിടെ വന്നപ്പോൾ നിങ്ങൾ പറഞ്ഞത് ഓർമ്മിക്കുന്നുണ്ടോ? യൂണിവേഴ്സിറ്റിയെന്ന് പറഞ്ഞാൽ ബുദ്ധിയും സമഭാവനയുമുള്ളവരുടെ സമൂഹമാണ്. അനാവശ്യമായ പരാതിയുമായി ഓഫീസുകളും പത്രസ്ഥാപനങ്ങളും കയറയിറങ്ങിയാൽ നിങ്ങൾക്കെതിരെ നടപടി എടുക്കേണ്ടിവരും. അന്ന് ആർക്കുവേണ്ടിയാണ് നിങ്ങൾ സംസാരിച്ചതെന്ന് ഇപ്പോൾ മനസ്സിലായി....

സംസാരിക്കുന്നതിനിടയിൽ കസേരയിൽനിന്നും ചാടിയെഴുന്നേറ്റ് ഗായത്രി വൈസ്ചാൻസിലറുടെ കരണത്തിനിട്ട് ഒന്നുപൊട്ടിച്ചു.

വൈസ്ചാൻസിലറുടെ പി.എ.യും ഓഫീസിലെ രണ്ട് ജീവനക്കാരും എന്തുചെയ്യണമെന്നറിയാതെ പതറിനിന്നു. അവർ ഗായത്രിയുടെ അടുത്ത് ചെന്നെങ്കിലും അവളുടെ നോട്ടതിനുമുന്നിൽ കീഴടങ്ങി. ആ കീഴടങ്ങലിൽ മുൻ സഹപ്രവർത്തകയോടുള്ള ആദരവുണ്ടായിരുന്നു.

നോക്കിനിൽക്കാതെ സെക്യൂരിറ്റിക്കാരോട് പറയ് ഞാൻ വൈസ്ചാൻസിലറെ അടിച്ചെന്ന്. ഗായത്രി ഉറച്ച ശബ്ദത്തിൽ പറഞ്ഞു. പോലീസിലും വിളിച്ച് പരാതി കൊടുക്ക്.

സംസാരിക്കുന്നതിനിടയിൽ ഗായത്രി വീണ്ടും വൈസ്ചാൻസിലറുടെ കരണത്തിനിട്ടടിച്ചു. വൈസ്ചാൻസിലർ ഭയന്ന് അവിടെനിന്നും പിൻവശത്തെ വാതിലിലൂടെ പുറത്തേയ്ക്ക് ഓടി. ബഹളംകേട്ട് സെക്യൂരിറ്റിക്കാരും കുറെ ജീവനക്കാരും അവിടേയ്ക്കുവന്നു. ഗായത്രിക്ക് നല്ലതുപോലെ അറിയാവുന്നവരാണ് അവരിൽ പലരും. അവർക്കിടയിലൂടെ പുഞ്ചിരിച്ചുകൊണ്ട് ഗായത്രി പുറത്തേയ്ക്ക് നടന്നു.

ഗായത്രി വന്നതറിഞ്ഞും കുറ്റവിമുക്തയാക്കിയതിന്റെ സന്തോഷത്തിലും ഒരുപറ്റം സഹപ്രവർത്തകർ അവരെ കാണുവാനെത്തി. അവരുടെ കൈയ്യിൽ ഒരു പുഷ്പമാലയുണ്ടായിരുന്നു. അവൾ ആ പുഷ്പമാല ഗായത്രിയുടെ കഴുത്തിലിട്ടു. സ്നേഹംകൊണ്ടും ആവേശംകൊണ്ടും അവർ ഗായത്രിക്ക് അനുമോദനങ്ങൾ അർപ്പിച്ച് മുദ്രാവാക്യങ്ങൾ മുഴക്കി.

ഗായത്രി യൂണിവേഴ്സിറ്റിയിലെത്തിയ വാർത്തയറിഞ്ഞ് മാധ്യമപ്രവർത്തകർ അവിടേയ്ക്ക് വന്നു.

നിങ്ങൾ വൈസ്ചാൻസിലറെ മർദ്ദിച്ചതായി കേട്ടു. ശരിയാണോ? ഒരു പത്രപ്രവർത്തകൻ ആകാംക്ഷയോടെ തിരക്കി.

അത് ശരിയാണോയെന്ന് വൈസ്ചാൻസിലറോടുതന്നെ നേരിട്ട് ചോദിച്ചാൽ മതി. ഗായത്രി പറഞ്ഞു.

നിങ്ങൾ ചെയ്തത് ശരിയാണെന്ന് തോന്നുന്നുണ്ടോ? പാർട്ടി ചാനലിലെ റിപ്പോർട്ടർ തിരക്കി.

എനിക്ക് ശരിയെന്ന് തോന്നുന്ന കാര്യങ്ങളാണ് ഞാൻ ചെയ്യാറുള്ളത്. ഗായത്രി കരുതലോടെ തുടർന്നു. ഇവിടെയുള്ള ജീവനക്കാർക്കും എന്റെ പ്രവർത്തനങ്ങളെപ്പറ്റി തികഞ്ഞ മതിപ്പാണ്. അവരുടെ സ്നേഹ പ്രകടനങ്ങളും ആഹ്ലാദവും നിങ്ങൾ കാണുന്നില്ലേ.

വൈസ്ചാൻസിലറെപ്പറ്റിയുള്ള മാഡത്തിന്റെ അഭിപ്രായം? ഒരു റിപ്പോർട്ടർ തിരക്കി.

നിങ്ങൾ തന്നെ അയാളെപ്പറ്റി എന്താണ് എഴുതാറുള്ളത്. പാർട്ടിയുടെ ഗുണ്ട... ചട്ടുകം.... അഴിമതിക്കാരൻ.... യൂണിവേഴ്സിറ്റിയുടെ അന്തകൻ.... എന്നെല്ലാം അർത്ഥംവരുന്ന രീതിയിൽ എഴുതാറില്ലേ?... അങ്ങനെയെല്ലാം എഴുതിയിട്ടും അയാളുടെ സ്വഭാവത്തിനോ പ്രവർത്തനത്തിനോ വല്ല മാറ്റവും സംഭവിച്ചോ?... ഇല്ല. എന്റെ പ്രതികരണം കേരളത്തിലെ ഭൂരിപക്ഷം ജനങ്ങളുടെയും പ്രതികരണമാണ്. ഗായത്രി പറഞ്ഞു നിറുത്തി.

യൂണിവേഴ്സിറ്റിയിലെ ജീവനക്കാർ ഗായത്രിയെ തോളിലേറ്റി ആഹ്ലാദപ്രകടനം നടത്തുവാൻ തുടങ്ങി. ആ പ്രകടനത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരുമുണ്ടായിരുന്നു. അവിടെ രാഷ്ട്രീയമായിരുന്നില്ല സഹപ്രവർത്തകയോടുള്ള സ്നേഹവും ആദരവുമാണ് മുന്നിട്ടുനിന്നത്. അവരുടെ സ്നേഹത്തിനുമുന്നിൽ ഗായത്രിയുടെ കണ്ണുകൾ സന്തോഷംകൊണ്ടു നിറഞ്ഞു.

യൂണിവേഴ്സിറ്റിയുടെ കവാടത്തിലേക്ക് ഒന്നിനുപുറകെ ഒന്നായി പോലീസ് വാഹനങ്ങൾ എത്തിക്കൊണ്ടിരുന്നു. എന്തും സംഭവിക്കാവുന്ന അവസ്ഥയാണ് രൂപപ്പെട്ടുവരുന്നതെന്ന് ഏവർക്കും മനസ്സിലായി.

സഹപ്രവർത്തകർ ഗായത്രിയെ യൂണിവേഴ്സിറ്റിയുടെ ഓഡിറ്റോറിയത്തിലെത്തിച്ചു. അവിടെ തിടുക്കത്തിൽ സംഘടിപ്പിച്ച അനുമോദന യോഗം തുടങ്ങി.

പോലീസ് സംഘം ഗായത്രിയെ അറസ്റ്റ് ചെയ്യുവാൻവേണ്ടി ഓഡി

റ്റോറിയത്തിന് പുറത്ത് കാത്തുനിന്നു. മാധ്യമങ്ങൾക്ക് പുത്തൻ വാർത്ത കളുടെ ചാകരതന്നെയാണ് ലഭിച്ചുകൊണ്ടിരുന്നത്.

കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ പ്രവർത്തകർ യൂണിവേഴ്സി റ്റിക്ക് മുന്നിലേക്ക് വാഹനങ്ങളിൽ എത്തിക്കൊണ്ടിരുന്നു. അവരുടെ വാഹനങ്ങൾകൊണ്ട് ചുറ്റുമുള്ള റോഡുകൾ പൂർണ്ണമായും നിറഞ്ഞു. കൃത്യമായി പറഞ്ഞാൽ കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ പ്രവർത്ത കൻ യൂണിവേഴ്സിറ്റിയിലേക്കുള്ള എല്ലാ വഴികളും അടച്ചു.

അനുമോദന യോഗത്തിൽ ഓരോരുത്തരായി സംസാരിച്ചുകൊണ്ടി രുന്നു. ഒരു സ്ത്രീയെന്ന പരിഗണനപോലും നൽകാതെ പ്രവർത്തിച്ച തിൽ.. യൂണിവേഴ്സിറ്റിയിൽനിന്നും ശമ്പളരഹിത നിർബ്ബന്ധിത അവധി നൽകിയതിൽ പ്രതിഷേധിക്കാത്തതിൽ... ഇതുവരെ ഗായത്രിയോട് ഒരു നല്ലവാക്കുപോലും പറയാത്തതിൽ.. സഹപ്രവർത്തകയാണെന്ന പരി ഗണന നല്ലരീതിയിൽ നൽകാൻ കഴിയാത്തതിൽ.... സമൂഹത്തിൽനിന്നും അധികാരികളിൽനിന്നും പീഡനം അനുഭവിക്കുന്നവരുടെ നീണ്ട പട്ടി കയിലെ ഒരു കണ്ണി മാത്രമാണ് ഗായത്രി...... ചിലർ ഗായത്രിയുടെ ഇച്ഛാ ശക്തിയെ വാനോളം പുകഴ്ത്തി....

അനുമോദനപ്രസംഗങ്ങൾക്കൊടുവിൽ ഗായത്രി എല്ലാവരോടുമായി നന്ദി പറഞ്ഞു.... . എന്റെ മനസ്സിൽ ഒരു ദുഃഖമുണ്ടായിരുന്നു. അകാര ണമായി എന്നെ കുറ്റക്കാരിയായി വിധിച്ച് പാർശ്വവൽക്കരിച്ചിട്ടും നിങ്ങൾ മൗനംപാലിച്ചതിൽ.... ഇപ്പോൾ എല്ലാ ദുഃഖവും മാറി. പ്രതികരിക്കാത്ത തിന്റെ കാരണവും മനസ്സിലായി. ഒറ്റയ്ക്ക് പ്രതികരിച്ചാൽ അധികാര ത്തിന്റെ പിൻബലമുള്ള സംഘടിതശക്തി പ്രതികരിക്കുന്നവരെ തീർത്തു കളയും... കുറെക്കാലമായി നിങ്ങളുടെ മനസ്സിൽ കിടന്ന് അസ്വസ്ഥത പ്പെടുത്തിയ പ്രതികരണത്തിന്റെ ബഹിർസ്ഫുരണമാണ് ഇപ്പോൾ ഒരു കൂട്ടായ്മയായി പ്രവർത്തിക്കുന്നത്. ഇന്ന് ഞാൻ കേവലമൊരു വ്യക്തി യിൽനിന്നും വളർന്ന് പലരും പ്രതീക്ഷയർപ്പിക്കുന്ന വലിയൊരു പ്രസ്ഥാ നത്തിന്റെ ഭാഗമാണ്.... നിയമം ദുർബലമാകുമ്പോൾ, അല്ലെങ്കിൽ നിയ മത്തെ വളച്ചൊടിക്കുമ്പോൾ അർഹതപ്പെട്ടവർക്ക് അതിന്റെ ആനുകൂല്യം ലഭിക്കില്ല. അധികാരസ്ഥാനങ്ങളിലിരുന്ന് എന്ത് നിയമനിഷേധം നട ത്തിയാലും അതിനെപ്പറ്റി ചോദ്യവും പറച്ചിലുമില്ല... ഞാൻ വൈസ്ചാൻസിലറുടെ കരണത്തടിച്ചത് ബോധപൂർവ്വമാണ്. നിയമം നിശ്ചലമാകുന്നിടത്ത് അതിനെപ്പറ്റിയുള്ള ചിന്തകൾ വളരുവാനും അത് ചടുലമാകുവാനുമുള്ള ഒരു പ്രതികരണം. ഒരു ദിവസം പുറത്തേയ്ക്ക്

വിടുന്നു. മറ്റൊരു ദിവസം തിരിച്ചെടുക്കുന്നു... ചില പ്രതികരണങ്ങൾ കേവലം ഒരു സംഭവത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായിരിക്കില്ല. എന്റെ പ്രതികരണവും അങ്ങനെതന്നെയാണ്. നിങ്ങളുടെയെല്ലാം സമ്മതത്തോടെ നിയമം നടപ്പാക്കാൻ നിയോഗിച്ചിരിക്കുന്ന പോലീസിനുമുന്നിൽ കീഴടങ്ങുകയാണ്. നിങ്ങൾ അതിനെ എതിർക്കരുത്. എതിർത്താൽ നമ്മുടെ നിയമം ദുർബ്ബലമാകും. അതുപാടില്ല... നന്ദി...

ഗായത്രിയുടെ പ്രസംഗം മുഴുവൻ ടെലിവിഷൻ ചാനലുകൾ ലൈവായി കാണിച്ചുകൊണ്ടിരുന്നു.

മാധ്യമപ്രവർത്തകർക്കും യൂണിവേഴ്സിറ്റിയിലെ ജീവനക്കാർക്കുമിടയിലൂടെ നടന്ന് ഗായത്രി പോലീസിന് മുന്നിലെത്തി. എന്തുചെയ്യണമെന്നറിയാതെ അവർ പതറിനിന്നു. യഥാർത്ഥത്തിൽ അവരുടെ മുഖത്തും ഗായത്രിയോടുള്ള ആദരവായിരുന്നു.

# 15

# പ്രവർത്തനങ്ങൾ ശക്തമാകുന്നു

ആഘോഷങ്ങൾക്കായി യഹൂര വീണ്ടും ഒരുങ്ങി. യഹൂരയിലെ മുഴുവൻ ജനങ്ങളും കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ കുറെ പ്രവർത്തകരും ആഘോഷങ്ങൾക്കായി എത്തിക്കഴിഞ്ഞു.

ഗായത്രിയും സതീശനും മാളവികയും ഒരു കാറിലാണ് അവിടേക്കു വന്നത്. ഗായത്രിയെ മാലയിട്ട് സ്വീകരിച്ചത് ആർ.എം. പവിത്രനാണ്. സഖാവ് കരുണൻ സതീശന് കൈകൊടുത്ത് സ്വീകരിച്ചു. അരുൺ ശങ്കർ മാളവികയെ വാത്സല്യത്തോടെ എടുത്തുയർത്തി. തെല്ല് മാറിനിന്ന സരോജിനിയുടെ അടുത്തേയ്ക്ക് ഗായത്രിയെത്തി ആകാംക്ഷയോടെ തിരക്കി. വർഷ വന്നില്ലേ?

ദാ.... അല്പം മുമ്പുവരെ അരുണിന്റെകൂടെ ഇവിടെയുള്ളവരെയെല്ലാം പരിചയപ്പെട്ട് നടക്കുകയായിരുന്നു....

അവർ സംസാരിക്കുന്നിടത്തേയ്ക്ക് വർഷയെത്തി. ഗായത്രി വാത്സല്യത്തോടെ പറഞ്ഞു. ഞാനിപ്പോൾ തന്നെ തിരക്കിയതേയുള്ളൂ.

ഗോപീകൃഷ്ണൻ ഭാര്യയുമായി എത്തിയിട്ടുണ്ട്.... അവരുമായി സംസാരിക്കുകയായിരുന്നു. വർഷ പറഞ്ഞു.

പഞ്ചായത്ത് ഇലക്ഷനിൽ വിജയിച്ചവർ ഓരോരുത്തരായി ഗായത്രിയുമായി സൗഹൃദം പങ്കുവച്ചുകൊണ്ടിരുന്നു. അതിനിടയിൽ ഗായത്രി തിരക്കി. പുതിയ പ്രസിഡന്റിനെ കണ്ടില്ലല്ലോ?

മദനൻ സഖാവ് പാചകത്തിന്റെ തിരക്കിലാണ്. ഷാഫി പറഞ്ഞു

ഗായത്രി നടന്ന് പാചകം നടക്കുന്ന സ്ഥലത്തേയ്ക്ക് എത്തി. പാട്ടും പാടി ഉത്സാഹത്തോടെ പാചകം ചെയ്യുന്നവർ പാട്ടുനിറുത്തി ബഹുമാനത്തോടെ നിന്നു.

അവൾ പാടിക്കൊണ്ടിരുന്ന പാട്ടിന്റെ ബാക്കിഭാഗം ഗായത്രി തന്നെ പാടി.... ഉത്സാഹത്തോടെ അവരെല്ലാം അത് ഏറ്റുപാടി. ഗായത്രി അവർക്കിടയിലൂടെ നടന്ന് പാചകകാര്യങ്ങൾ വിലയിരുത്തി.

തയ്യാറാക്കിയ വേദിയിൽ മുൻനിശ്ചയപ്രകാരമുള്ള യോഗം ആരംഭിച്ചു. പഞ്ചായത്ത് ഇലക്ഷനിൽ വിജയിച്ചവരെ ചുവന്ന മാലകൾ അണിയിച്ച് ആദരിച്ചു. പഞ്ചായത്ത് പ്രസിഡന്റായ മദനന് ചുവന്ന മാലയ്ക്കൊപ്പം ചുവന്ന കൊടിയും കൂടി നൽകിയാണ് ആദരിച്ചത്. ഗായത്രി അവർക്കെല്ലാം മൂലധന ത്തിന്റെയും കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെയും ഓരോ കോപ്പികൾ നൽകി. പുസ്തകം പൊതിഞ്ഞിരുന്ന കടലാസിന്റെ പുറത്ത് മാനിഫെസ്റ്റോയിലെ ആഹ്വാനം ചുവന്ന മഷി കൊണ്ട് എഴുതിയിരുന്നു. തൊഴിലാളികൾക്ക് ചങ്ങലകളല്ലാതെ മറ്റൊന്നും നഷ്ടപ്പെടാനില്ല. ലോകമെങ്ങുമുള്ള തൊഴിലാളികളെ, ഒന്നിക്കുവിൻ.

കാൾ മാർക്സ്, എംഗൾഡ്, ലെനിൻ, അന്റോണിയോ ഗ്രാംഷി, മാവോ സേതുങ്, സ്റ്റാലിൻ, ചെഗുവേര തുടങ്ങിയ താത്ത്വികന്മാരെപ്പറ്റിയെല്ലാം പ്രതിപാദിച്ചുകൊണ്ടായിരുന്നു ഗായത്രിയുടെ പ്രസംഗം. പാർട്ടിയുടെ പേരിൽ പണം സമ്പാദിക്കുകയും വ്യവസായ സാമ്രാജ്യങ്ങൾ തീർക്കുകയും ചെയ്യുന്നവർ പ്രസ്ഥാനത്തെ നശിപ്പിക്കുന്നവരാണ്. സ്വന്തമായി പണം സമ്പാദിക്കുന്ന ഒരു വ്യക്തിയും പാർട്ടിയുടെ ഒരു സ്ഥാനത്തും ഇരിക്കാൻ അർഹനല്ല. അങ്ങനെയുള്ളവരെ വർഗ്ഗവഞ്ചകരായി പ്രഖ്യാപിച്ച് നശിപ്പില്ലെങ്കിൽ വിപ്ലവപ്രസ്ഥാനങ്ങൾക്ക് എന്ത് പ്രസക്തിയാണുള്ളത്?. സമൂഹത്തേയും വ്യക്തികളെയും ചൂഷണം ചെയ്യുകയല്ല..., ചൂഷണത്തിൽനിന്നും മോചിപ്പിച്ച് അർഹമായ പരിഗണനയും തൊഴിലും നൽകുകയാണ് ചെയ്യേണ്ടത്. വിപ്ലവങ്ങൾ നടക്കേണ്ടത് കായികമായിട്ടല്ല; ബൗദ്ധികമായിട്ടാണ്. പ്രതികരണങ്ങൾ നടത്തേണ്ടത് മുദ്രാവാക്യങ്ങളിലൂടെയും നശീകരണപ്രവർത്തനങ്ങളിലൂടെയുമല്ല; തുറന്ന അഭിപ്രായപ്രകടനങ്ങളിലൂടെയും ബാലറ്റിലൂടെയുമാണ്... അടിസ്ഥാനപരമായി വ്യക്തിക്കോ വ്യക്തികൾക്കോ അല്ല സമൂഹത്തിനും രാഷ്ട്രത്തിനുമാണ് പ്രസക്തി... തുടങ്ങിയുള്ള വിപുലമായ ആശയങ്ങളിലൂടെയാണ് ഗായത്രിയുടെ പ്രസംഗം പുരോഗമിച്ചത്. യഹൂരയുടെ പുരോഗതിയെപ്പറ്റിയും അവിടെയുള്ളവരുടെ ജീവിതത്തെപ്പറ്റിയും ഗായത്രി കരുതലോടെ സംസാരിച്ചു.

....യഹൂരയിലെ ജനങ്ങൾ നമ്മളെ അംഗീകരിച്ചു. ഇനി നമ്മളുടെ ലക്ഷ്യം യഹൂരയിലെ ജനങ്ങളുടെ പുരോഗതി മാത്രമാണ്. വിദ്യാഭ്യാസപരമായി , തൊഴിൽപരമായി, ജീവിതത്തോടുള്ള മനോഭാവപരമായി, പ്രകൃതിയോടുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിലെല്ലാമായിരിക്കണം നമ്മളുടെ തുടർന്നുള്ള പ്രവർത്തനങ്ങൾ. പ്രാഥമിക സൗകര്യങ്ങളില്ലാത്ത

എല്ലാ കുടിലുകളും ഒരു മാസത്തിനുള്ളിൽ നമ്മൾ പുനരുദ്ധരിച്ചിരിക്കും... തൊഴിൽരഹിതരായി ഒരാളും ഇനി ഇവിടെ ഉണ്ടാകാൻ പാടില്ല... പേര് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് അർഹമായ ജോലി രണ്ടുമാസത്തിനകം നൽകുവാനുള്ള കർമ്മപരിപാടി ആവിഷ്കരിക്കും. ന്യായവില ഷോപ്പുകൾ പഞ്ചായത്തുതന്നെ അതാതു പ്രദേശത്തെ ജനങ്ങളുടെ സഹായത്തോടെ ആരംഭിക്കും. നമ്മളുടെ പഞ്ചായത്തിലെ എല്ലാ റോഡുകളും ആവശ്യമായ രീതിയിൽ വീതിയെടുത്ത് ടാറിങ്ങ് നടത്തുവാനുള്ള സംവിധാനം ഉണ്ടാക്കും. നിർബന്ധമായും എല്ലാവർക്കും കമ്പ്യൂട്ടർ സാക്ഷരത നൽകുകയും എല്ലാ വീടുകൾക്കും ഇന്റർനെറ്റ് കണക്ഷനോടെ കമ്പ്യൂട്ടർ സബ്സിഡി റേയ്റ്റിൽ നൽകുവാനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്യും. ഇവിടെ ഇപ്പോൾ പ്രസംഗം കേൾക്കുന്നവർ എന്നോടൊപ്പം സഹകരിച്ചാൽ ഇതെല്ലാം കേവലം ആറു മാസംകൊണ്ട് യാഥാർത്ഥ്യമാക്കാവുന്നതെയുള്ളു... നമ്മൾ ഒരിക്കൽ നടത്തിയ സമൂഹ വിവാഹം വൻവിജയമായിരുന്നു. ജീവനും ചൈതന്യവുമുള്ള ആ കുടുംബങ്ങളാണ് ഇന്ന് ഈ പ്രദേശത്തിന്റെ ശക്തി... വർണ്ണവും വർഗ്ഗവും ഇതര അസന്തുലിതാവസ്ഥകളും വിസ്മരിച്ച് ഇനിയും വിവാഹങ്ങൾ നടക്കണം. വിവാഹശേഷം അവർ കുടുംബങ്ങൾക്കുവേണ്ടി ആത്മാർത്ഥമായി അദ്ധ്വാനിക്കണം. ആ അദ്ധ്വാനത്തിലൂടെ പണം സമ്പാദിക്കണം.... അത് കുടുംബത്തിന്റെ ഉന്നതിക്കുവേണ്ടി വിനിയോഗിക്കണം.....

ഗായത്രിയുടെ മൊബൈയലിലേക്കുവന്ന കോൾ എടുത്തത് അരുൺ ശങ്കറാണ്. അങ്ങേ തലയ്ക്കൽനിന്നും ശ്രീലാൽ പറഞ്ഞു. അവിടെ ഉണ്ടാക്കിയിരിക്കുന്ന ഭക്ഷണത്തിൽ വിഷം ചേർക്കാൻ സാധ്യതയുള്ളതായി അറിഞ്ഞു. ആവശ്യമുള്ള മുൻകരുതലുകൾ ഉടൻ സ്വീകരിച്ചുകൊള്ളൂ.

മൊബൈയിൽ ഗായത്രിച്ചേച്ചിയുടെ കൈയ്യിൽ കൊടുക്കാം. അരുൺ വല്ലായ്കയോടെ പറഞ്ഞു.

പ്രസംഗിച്ചുകൊണ്ടിരുന്ന ഗായത്രിയുടെ കൈയ്യിലേക്ക് അരുൺ മൊബൈയിൽ ഫോൺ കൊടുത്തു. ഫോണിലൂടെ ശ്രീലാൽ പറഞ്ഞ വാർത്തകേട്ട് ഗായത്രിയുടെ മുഖം വിവർണ്ണമായി. ചില നിമിഷങ്ങളിലെ ഞെട്ടലിൽനിന്നും ഉണർന്ന് മൈക്കിലൂടെ തന്നെ അവിടെക്കൂടിയിരുന്നവരോട് കാര്യങ്ങൾ പറഞ്ഞു. ആരും ഭയപ്പെടരുത്.. വികാരത്തിന് അടിമപ്പെടുകയുമരുത്... ശരിയോ തെറ്റോ എന്ന് അറിയാത്ത ഒരു വാർത്ത കിട്ടിയിട്ടുണ്ട്... നമ്മൾ ഇവിടെയുണ്ടാക്കിയ ഭക്ഷണത്തിൽ വിഷം

ചേർക്കുവാനായി ആരോ ചിലർ ആരെയോ ഏല്പിച്ചിട്ടുണ്ടത്രേ....

ഗായത്രിയുടെ വാക്കുകൾ കേട്ട് അവിടെക്കൂടിയിരുന്നവർ സ്തബ്ധ രായി. ഭീതി ഉണർത്തുന്ന ആ നിശബ്ദതയെ ഭേദിച്ചുകൊണ്ട് ഹരികൃ ഷ്ണൻ പറഞ്ഞു.

വിഷം ചേർക്കാൻ ഏല്പിച്ചത് എന്നെയാണ്. അതു ചെയ്തില്ലെ ങ്കിൽ കൊന്നുകളയുമെന്ന് പറഞ്ഞു.

ആരാണ് ഏല്പിച്ചത് ? അവിടെ കൂടിനിന്ന പലരും രോഷത്തോടെ ചോദിച്ചു.

ഒരു പോലീസ് ജീപ്പിലെത്തിയവരാണ്. അവരെയാരെയും മുമ്പ് കണ്ടിട്ടുമില്ല...

നീ എന്താണ് ഇതൊന്നും തുറന്നു പറയാത്തത് ? അവിടെ കൂടി നിന്നവർ ചോദിച്ചു.

എന്തെങ്കിലും പറഞ്ഞാൽ തണലിൽ താമസിക്കുന്ന എന്റെ ഭാര്യ യേയും മകളെയും കൊന്നുകളയുമെന്നും അവർ പറഞ്ഞു. ഭീതിയോടെ ഹരികൃഷ്ണൻ പറഞ്ഞു.

പാവപ്പെട്ടവരെയും രോഗികളെയും പരിപാലിക്കുന്നതിന് നഗര ത്തിലെ ഒരു സംഘം നടത്തുന്ന സ്ഥാപനമാണ് തണൽ.

പോലീസിന്റെ ഭാഗത്തുനിന്നും മാന്യമായുള്ള ഒരു പ്രതികരണവും പ്രതീക്ഷിക്കേണ്ട. ഗായത്രി തുടർന്നു. നഗരത്തിലുള്ള നമ്മുടെ ആൾക്കാരെ വിളിച്ച് കാര്യങ്ങൾ പറയുകയും തണലിന് ശക്തമായ കാവൽ ഏർപ്പെടുത്തുകയും വേണം.

ഗായത്രിയുടെ നിർദ്ദേശം ഗോപീകൃഷ്ണൻ ശ്രീലാലിനെ വിളിച്ചുപ റഞ്ഞു.

ഗായത്രി സ്നേഹപൂർവ്വം ഹരികൃഷ്ണനെ അടുത്തുവിളിച്ചു. ഭാര്യ യെയും മകളെയുംകൂട്ടി ഈ ഗ്രാമത്തിൽ തന്നെ ജീവിക്കാനുള്ള അവ സരം ഉണ്ടാക്കിക്കൊടുക്കാമെന്നുപറഞ്ഞു.

പഞ്ചായത്ത് ഇലക്ഷൻ കഴിഞ്ഞതോടെ മധുവും തങ്കപ്പനും ഔദ്യോ ഗികപക്ഷം വിട്ടു. കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയോടൊപ്പമാണ് അവ രുടെ പ്രവർത്തനങ്ങൾ. ഗായത്രിയെ നേരിൽ കണ്ട് മുമ്പ് പ്രവർത്തിച്ച കൊള്ളരുതായ്മകൾക്ക് ക്ഷമ ചോദിച്ചു.

ഗായത്രി ചിരിച്ചുകൊണ്ടാണ് അവരോട് പ്രതികരിച്ചത്. ഇന്നലെ എന്തായിരുന്നു എന്നുള്ളതല്ല ഇനി നിങ്ങൾ എന്തു പ്രവർത്തിക്കുന്നു

എന്നുള്ളതാണ് പ്രധാനം. തൊഴിൽ ചെയ്ത് മനുഷ്യനെപ്പോലെ ജീവിക്കാനുള്ള മനസ്സുണ്ടെങ്കിൽ ഞങ്ങളോടൊപ്പം കൂടുന്നതിൽ സന്തോഷമേയുള്ളൂ.

ഗായത്രി അടുത്തുനിന്നവരോടായി ചോദിച്ചു. ഇവരെ ഇനി നമ്മൾക്ക് വിശ്വസിക്കാമോ?

വിശ്വാസവഞ്ചന കാണിച്ചാൽ പ്രയോഗിക്കാനുള്ള പൊടിക്കൈകളൊക്കെ നമ്മുടെ കൈയ്യിലുമില്ലേ. അവിടെ കൂടിനിന്നവരിൽ ചിലർ പ്രതികരിച്ചു.

എവിടെ നിന്നാലും അവിടെയങ്ങ് ഉറച്ചുനിൽക്കും. മധു ഉറച്ച ശബ്ദത്തിൽ പറഞ്ഞു. ശക്തമായി പ്രവർത്തിക്കുകയും ചെയ്യും. ഒരു മാറ്റം അനിവാര്യമായെന്ന് തോന്നിയതുകൊണ്ടുമാത്രമാണ് ഇപ്പോൾ നിങ്ങളോടൊപ്പം ചേരുന്നത്.

അഭിപ്രായത്തെ പിൻതുണച്ച് ഗായത്രി പുഞ്ചിരിച്ചു.

ശ്രീലാലിന്റെ ഫോൺ വന്നത് ഗോപീകൃഷ്ണനാണ്. തണലിൽ താമസിക്കുന്ന ഹരികൃഷ്ണന്റെ ഭാര്യയ്ക്കും മകൾക്കും ഇതുവരെ കുഴപ്പമൊന്നുമില്ല. അവിടെ നമ്മുടെ ആൾക്കാരെ കാവൽ നിറുത്തിയിട്ടുണ്ട്.

ശ്രീലാൽ ഫോണിലൂടെ അറിയിച്ച വാർത്ത ഗോപീകൃഷ്ണൻ ഗായത്രിയേയും തുടർന്ന് മറ്റുള്ളവരെയും അറിയിച്ചു. തെല്ലുസമയത്തെ അസ്വസ്ഥതയ്ക്കും വല്ലായ്മയ്ക്കും ശേഷം യഹൂരയിലുള്ളവർ വീണ്ടും ആഘോഷത്തിന്റെ മൂഡിലെത്തി.

കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ നഗരത്തിലുള്ള ഓഫീസിലിരുന്ന് ഗായത്രി ഓരോ പ്രദേശത്തുള്ള പ്രവർത്തകരുമായി ആശയവിനിമയം നടത്തിക്കൊണ്ടിരുന്നു. കണ്ണൂരുള്ള കുന്നത്തൂർപുഴക്കരപ്രദേശത്തെ ഒരു പറ്റം ആൾക്കാർ ഗായത്രിയെ കാണാനെത്തി. കൂടുതൽ ആമുഖമില്ലാതെ അവർ കാര്യങ്ങൾ വിശദീകരിച്ചു പറഞ്ഞു:

വികസനത്തിന്റെ പേരുംപറഞ്ഞ് ഒരു വിദേശ കമ്പനിക്ക് ഐ.ടി. പാർക്കും ഷോപ്പിങ് കോംപ്ലെക്സും പണിയാൻ ഞങ്ങളുടെയെല്ലാം സ്ഥലമെടുത്ത് കൊടുക്കാനാണ് നീക്കം. നിലവിലുള്ള വിലയുടെ പത്തിലൊന്നുപോലും വരാത്ത ചെറിയൊരു തുകയാണ് സ്ഥലത്തിന്റെ വിലയായി നിശ്ചയിച്ചിരിക്കുന്നത്. ഞങ്ങളുടെയെല്ലാം വിയർപ്പും രക്തവും വീണ ആ മണ്ണിൽ ജീവിതത്തെപ്പറ്റിയുള്ള ഒരുപാട് സ്വപ്നങ്ങൾ കൂടിയുണ്ട്.... ഞങ്ങളെ സഹായിക്കാൻ ആരുമില്ല... ഭരണത്തിലിരിക്കുന്ന

പാർട്ടികളിലെ നേതാക്കളും പ്രതിപക്ഷത്തിരിക്കുന്ന പാർട്ടികളിലെ നേതാക്കളും അടുത്ത കാലത്തായി അവിടെ ധാരാളം ഭൂമി ബിനാമി പേരുകളിൽ സ്വന്തമാക്കിയിട്ടുണ്ട്. പല മതങ്ങളുടെയും സമുദായങ്ങളുടെയും തലപ്പത്തുള്ളവർക്കും അവിടെ സ്ഥലമുണ്ട്. യഥാർത്ഥത്തിൽ ഇവർക്കെല്ലാം വേണ്ടി സ്ഥലത്തിന്റെ യഥാർത്ഥ അവകാശികളായ ഞങ്ങളെ പുരോഗതിയുടെ പേരുപറഞ്ഞ് നിയമത്തിന്റെ പിൻബലത്തോടെ അധികാരത്തിന്റെ ഗർവ്വിൽ പുറത്താക്കുകയാണ്. ഞങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനോ അർഹതപ്പെട്ട നീതി നടപ്പാക്കി തരുവാനോ ആരുമില്ല... അടുത്ത ആഴ്ചയാണ് സർവ്വേയും സ്ഥലമെടുക്കലുമെല്ലാം. ഇതുവരെ ഞങ്ങൾ നടത്തിയ സത്യാഗ്രഹത്തോട് ആരുംതന്നെ അനുഭാവപൂർവ്വം ഒന്നു പ്രതികരിച്ചിട്ടുപോലുമില്ല. മാധ്യമെങ്കിലും ഞങ്ങളെ മനസ്സിലാക്കണം. അർഹതപ്പെട്ട നീതി നടപ്പാക്കിത്തരണം... അപേക്ഷയാണ്.... യാചനയാണ്.... ഈ ഭൂമിയിൽ തന്നെ അഭയാർത്ഥികളും അനാഥരുമായി ഒരു പ്രദേശത്തെ ജനങ്ങൾ തീരാതിരിക്കാനുള്ള അവസാനത്തെ അപേക്ഷ.

ഗായത്രി ആത്മാർത്ഥമായി അവരോട് തിരക്കി: ഏതെങ്കിലും സാംസ്കാരിക നായകന്മാരുടെയോ എഴുത്തുകാരുടെയോ പിൻതുണ നിങ്ങൾ തേടിയിരുന്നോ?

അവാർഡുകൾക്കും സ്ഥാനമാനങ്ങൾക്കുംവേണ്ടി മാത്രം എഴുതുകയും ജീവിക്കുകയും ചെയ്യുന്ന എഴുത്തുകാരുടെയും സാമൂഹ്യ പ്രവർത്തകരുടെയും സമൂഹമാണ് നമ്മളുടേത്. കലയ്ക്കും സാഹിത്യത്തിനും ഇത്ര അധികം അവാർഡുകൾ നൽകുന്ന സ്ഥലം ലോകത്ത് എവിടെയാണുള്ളത് ? മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടിരിക്കുന്നവരെപ്പോലെ അവാർഡുകൾക്കും സ്ഥാനമാനങ്ങൾക്കും അടിമപ്പെട്ടിരിക്കുന്നവർ സർക്കാരിനെതിരെ എങ്ങനെ പ്രതികരിക്കും? ഞങ്ങൾക്ക് തീരെ മതിപ്പും വിശ്വാസവും പോരാത്തവരാണ് എഴുത്തുകാരും സാംസ്കാരിക പ്രമുഖരുമെല്ലാം. ആ ജനുസിൽപ്പെട്ട ആരുടെയും പേര് എടുത്തുപറഞ്ഞ് അവരുടെ സ്വഭാവം വിശദീകരിക്കാൻ ഉദ്ദേശിക്കുന്നില്ല. അവരിലൊരാൾ പറഞ്ഞുനിർത്തി.

പത്രത്തിൽ വന്ന ചില വാർത്തകൾ എന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഗായത്രി തുടർന്നു പറഞ്ഞു. പുഴക്കരപ്രദേശത്തെ ജനങ്ങൾ വികസനത്തെ എതിർക്കുന്നു എന്നും നിയമത്തെ വെല്ലുവിളിക്കുന്നുവെന്നുമുള്ള അർത്ഥത്തിൽ വന്ന വാർത്തയാണ് വായിച്ചത് .

ഒരു പ്രദേശത്തെ ജനങ്ങൾക്ക് ആവശ്യമില്ലാത്ത വികസനം പിന്നെ

ആർക്കുവേണ്ടിയാണെന്ന് ഊഹിക്കാവുന്നതല്ലെയുള്ളൂ. അവരിലൊരാൾ പറഞ്ഞു. ഓരോ കാലത്തും ചൂഷണത്തിന് ഓരോ രീതികളുണ്ട്. ഇന്നിപ്പോൾ വികസനം. വികസനം എന്നുപറഞ്ഞുകൊണ്ട് പണവും അധികാരവുമുള്ള ഒരു വിഭാഗം അതില്ലാത്ത സാധാരണ ജനത്തെ ചൂഷണം ചെയ്യുന്നു. ഒരുകാലത്ത് സാധാരണ ജനങ്ങൾക്കൊപ്പം നിന്ന വിപ്ലവ പാർട്ടികൾ വികസനമെന്ന പദത്തിന്റെ മറവിൽനിന്ന് അവരെ ചൂഷണം ചെയ്യുകയാണ്. ഒരു പാർട്ടിയെന്നു പറഞ്ഞാൽ അതിനെ നയിച്ചുകൊണ്ടു പോകുന്നവർ മാത്രമാണ്. യാഥാർത്ഥത്തിൽ അണികളൊന്നും പാർട്ടിക്കാരല്ല. അവരെല്ലാം പാർട്ടിയെ നയിക്കുന്നവരുടെ സേവകരും അടിമകളുമാണ് .

അവർ പറയുന്നതിലും സത്യമുണ്ടെന്ന് ഗായത്രിക്ക് ബോധ്യപ്പെട്ടു. ഗായത്രി കരുതലോടെ പറഞ്ഞു. പെട്ടെന്നൊരു തീരുമാനം പറയാൻ ബുദ്ധിമുട്ടുണ്ട്. അവിടെ എന്താണ് നടക്കുന്നതെന്ന് ഞാനൊന്ന് അന്വേഷിക്കട്ടെ. അഥവാ പിന്തുണ തന്നാൽ തന്നെ അവിടെ കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ പ്രവർത്തകർ വളരെക്കുറവുള്ള സ്ഥലമാണ്.

പിൻതുണ തന്നാൽ ഞങ്ങൾ ശരീരവും പ്രാണനും നൽകി നിങ്ങളോടും പ്രസ്ഥാനത്തോടുമൊപ്പമുണ്ടാകും. അവരിലൊരാൾ തുടർന്നു. കേവലം കുറെ വ്യക്തികൾ നടത്തുന്ന സമരവും കെട്ടുറപ്പുള്ള ഒരു പ്രസ്ഥാനത്തിന്റെ പിൻതുണയോടെ നടത്തുന്ന സമരവും തമ്മിൽ ഒരുപാട് വ്യത്യാസമുണ്ട്.

അവരെ പറഞ്ഞയച്ചതിനുശേഷം ഗായത്രി കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയിലെ പ്രമുഖരുമായി പുഴക്കരപ്രദേശത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്തു. അവിടെ നടക്കുന്നത് തീർത്തും അനീതിയാണെന്ന് അവരെല്ലാം ഏകസ്വരത്തിൽ പറഞ്ഞു.

അവരെ എങ്ങനെ സഹായിക്കും?. സാഹായിച്ചാലുണ്ടാകുന്ന അവസ്ഥകളെപ്പറ്റി ഓർത്ത് ഗായത്രിയുടെ മനസ്സ് കലുഷിതമായി. ആനന്ദിന്റെ മരുഭൂമികൾ ഉണ്ടാകുന്നത് എന്ന നോവലിലെ സംഭവങ്ങളും കഥാപാത്രങ്ങളും മനസ്സിൽ തെളിഞ്ഞുവന്നു. ഒരിക്കൽക്കൂടി ആ നോവൽ വായിക്കാൻ നോക്കി.

വികസനത്തിന്റെ പേരിൽ ബംഗാളിലെ കൃഷിഭൂമികൾ പിടിച്ചെടുത്ത് കുത്തകകൾക്ക് നൽകിയതിന്റെ ഫലമായുണ്ടായ സമരപരമ്പരകളെ പറ്റി ഓർമ്മിച്ചു. മമതാ ബാനർജിയുടെ ഇടപെടലുകളെപ്പറ്റിയും ഓർമ്മിച്ചു. ആ സമരവുമായി ബന്ധപ്പെട്ട് ടെലിവിഷൻ ചാനലുകളിലും പത്രങ്ങളി

ലുംവന്ന ദാരുണ ദൃശ്യങ്ങൾ മനസ്സിൽ തെളിഞ്ഞു.

വികസനമെന്ന വാക്കും ആ പ്രക്രിയയും ഏറ്റവും കൂടുതൽ വ്യഭിചരിക്കപ്പെടുന്നവയാണ്. വികസനത്തിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന വിക്രിയകൾ ഒരുപാട് ആൾക്കാരെ അനാഥരാക്കുന്നു. അവരുടെ നിലവിളികൾക്ക്... നിയമനിഷേധകരുടെയും സമൂഹവഞ്ചകരുടെയും സ്വരമാണ് നൽകുന്നത്. അവരെ വികസനവിരോധികളെന്ന് മുദ്ര കുത്തി പട്ടിണിക്കും ചൂഷണത്തിനുമായി നിർദാക്ഷിണ്യം സമൂഹത്തിലേക്ക് ഇറക്കിവിടുന്നു. സമൂഹം കിരാതമായ രീതിയിൽ അവരെ പീഡിപ്പിച്ച് രസിക്കുന്നു.

# 16

# ഹർത്താൽ വരുന്നു

പുഴക്കരപ്രദേശത്ത് പോലീസ് നടത്തിയ വെടിവെയ്പിൽ ആറ് സ്ത്രീകളും നാല് കുട്ടികളും ഉൾപ്പെടെ പതിമൂന്ന് പേർ മരിച്ചു.

ഈ സംഭവത്തിന് മാധ്യമങ്ങൾ വലിയ പ്രാധാന്യം കൊടുത്തില്ല. ഭരണപക്ഷത്തിന്റെ വികസനപ്രവർത്തനങ്ങളെ ഒന്നാകെ എതിർക്കുന്ന നയമൊന്നും തങ്ങൾക്കില്ലെന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചത്.

വാർത്തകൾ അറിഞ്ഞുകൊണ്ടിരുന്ന ഗായത്രി അനുനിമിഷം അസ്വസ്ഥയായിക്കൊണ്ടിരുന്നു. ഏറെ നേരത്തെ ആലോചനകൾക്കും വിശകലനങ്ങൾക്കും ശേഷം പുഴക്കരപ്രദേശം സന്ദർശിക്കാൻ തീരുമാനിച്ചു.

ഫെയിസ് ബുക്കിലൂടെ സർക്കാരിന്റെ വികസനരീതികളിലെ കാപട്യത്തെപറ്റി ഗായത്രി തുറന്നെഴുതി. പ്രതിപക്ഷത്തിന്റെ പ്രതികരണമില്ലായ്മയെ കണക്കിന് പരിഹസിച്ചു. കൃഷി ചെയ്യുന്ന ഭൂമി കർഷകർ വിട്ടുകൊടുക്കാത്തിടത്തോളം കാലം അവിടെ വികസനം വേണ്ടെന്നു തന്നെ സർക്കാർതലത്തിൽ തീരുമാനമെടുക്കണം. നരഹത്യ നടത്തുന്ന ഗവൺമെന്റുകൾക്ക് അധികാരത്തിൽ തുടരാനുള്ള അവകാശമില്ലെ....

പുഴക്കര പ്രദേശത്തെത്തിയ ഗായത്രിയെ അവിടുത്തെ ജനങ്ങൾ ആരവങ്ങളോടെയാണ് സ്വീകരിച്ചത്. സർക്കാരിന്റെ നിരോധനാജ്ഞയുണ്ടായിട്ടും വലിയൊരു ജനാവലിയുടെ അകമ്പടിയോടെയാണ് കൊല്ലപ്പെട്ടവരുടെ ശരീരങ്ങൾ ദഹിപ്പിച്ചത്.

നിരോധനാജ്ഞ നിലനിൽക്കുന്ന പ്രദേശത്തിന് പുറത്തുവന്ന് ഒരു പത്രസമ്മേളനം നടത്തുവാൻ ഗായത്രി നിശ്ചയിച്ചു. ഗായത്രിയുടെ പത്രസമ്മേളനത്തിനുവേണ്ട ഒരുക്കങ്ങൾ മുഴുവൻ നടത്തിയത് വിജയമോഹനാണ്. ഗായത്രിയുടെ സുരക്ഷ ഉറപ്പാക്കി ഷാഫിയും വിജയകുമാറും സജീവനും കൂടെത്തന്നെയുണ്ട്.

പുഴക്കരപ്രദേശത്ത് പോലീസിന്റെ വെടിയേറ്റ് കൊല്ലപ്പെട്ടവരെ അനുസ്മരിച്ചുകൊണ്ടാണ് ഗായത്രി പത്രസമ്മേളനം തുടങ്ങിയത്.

സത്യത്തിന്റെ കൂടെ നിൽക്കാൻ കമ്മ്യൂണിസ്റ്റ് ഏകോപനസമിതി തീരുമാനിച്ചു. ഗായത്രി കരുതലോടെ പറഞ്ഞു. വികസനത്തിന്റെ പേരിൽ ഒരു വ്യക്തിയെപ്പോലും നിസാരവൽക്കരിക്കുന്നതിന് ഞാനും എന്റെ പ്രസ്ഥാനവും എതിരാണ്. വ്യക്തികളും കുടുംബവുമില്ലെങ്കിൽ സമൂഹത്തിന് എന്ത് പ്രസക്തിയാണുള്ളത്?. ഒരു ചെറിയ നിശബ്ദതയ്ക്കുശേഷം ഗായത്രി തുടർന്നു: ആ പ്രദേശത്തുള്ള ജനങ്ങൾ പറയുന്നത് കേൾക്കാനും സത്യം അന്വേഷിക്കാനും എല്ലാവരും ബോധപൂർവ്വം മടിക്കുന്നു. ബിനാമി പേരുകളിൽ ഇവിടെ സ്ഥലമെടുത്തിരിക്കുന്നവർ ആരാണെന്ന് കണ്ടുപിടിക്കണം. അങ്ങനെയുള്ള ഒരാളുടെ പോലും സ്ഥലം നഷ്ടപ്പെടാത്തതിന്റെ വസ്തുതകൾ വിലയിരുത്തണം.

എന്താണ് നിങ്ങളുടെയും നിങ്ങളുടെ പ്രസ്ഥാനത്തിന്റെയും അടുത്ത പരിപാടികൾ?. ഓണം ചാനലിലെ വാർത്താ അവതാരകൻ ആകാംക്ഷയോടെ തിരക്കി.

ഒരു കുടുംബത്തെയും അനാഥമാക്കാൻ അനുവദിക്കില്ല. കൃഷി ചെയ്യുന്നവന്റെ ഭൂമി കൃഷി ചെയ്യുന്നവനുമാത്രമുള്ളതാണ്. സർക്കാരിന്റെ എല്ലാ നടപടികളെയും പുഴക്കരപ്രദേശത്തെ ജനങ്ങൾക്കൊപ്പം നിന്ന് നേരിടും. ഗായത്രി തുടർന്നു. സത്യത്തിനും നീതിക്കും വേണ്ടിയുള്ള ഈ പോരാട്ടത്തിനിടയിൽ മരിക്കാനും ഞാൻ തയ്യാറാണ്.

എന്തുകൊണ്ടാണ് പ്രതിപക്ഷവും ഇതര സംഘടനകളും പ്രസ്ഥാനങ്ങളും ഈ പ്രശ്നത്തിൽ അഭിപ്രായം പറയാത്തത്?. ഒരു പത്രത്തിലെ റിപ്പോർട്ടർ തിരക്കി.

ഈ ചോദ്യം അഭിപ്രായം പറയാത്തവരോടാണ് ചോദിക്കേണ്ടത്. ഗായത്രി പറഞ്ഞു. പുഴക്കരപ്രദേശത്തെ ജനങ്ങൾ പറയുന്നത് കേൾക്കാൻ ചെവിയുണ്ടെങ്കിൽ എല്ലാ സത്യവും നിങ്ങൾക്ക് മനസ്സിലാക്കാവുന്നതെയുള്ളൂ.

എന്തുവില കൊടുത്തും നാടിന്റെ വികസനം നടത്തുമെന്നാണല്ലോ പാർട്ടി സെക്രട്ടറി മങ്ങാട് ശിവൻ പറഞ്ഞത് . ഒരു പത്രത്തിലെ റിപ്പോർട്ടർ ചോദിച്ചു. ഇതെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായമെന്ത്?

സംസ്ഥാനത്തിന്റെ ഭരണത്തെപ്പറ്റിയും വികസനത്തെപ്പറ്റിയും സംസാരിക്കേണ്ടത് പാർട്ടി സെക്രട്ടറിയല്ല. മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരും ഉദ്യോഗസ്ഥരുമാണ്. ഗായത്രി രോഷത്തോടെ തുടർന്നു. പിരിവുകൾ നടത്തി പാർട്ടിക്കും അതുവഴി തനിക്കും പണം ഉണ്ടാക്ക

ണമെന്നല്ലാതെ ഈ പറഞ്ഞ സെക്രട്ടറിക്ക് എന്താണ് ചെയ്യാനുള്ളത്.... ജനങ്ങളെ ഉപദ്രവിച്ചുകൊണ്ട് അവരുടെ സംതൃപ്തി നേടിയെടുത്തു കൊണ്ട് ഒരു പാർട്ടി സെക്രട്ടറിക്കും മുന്നോട്ട് പോകാനാവില്ല. കാലം അത് തെളിയിക്കും.

മാഡം..... കേരളത്തിലിപ്പോൾ ഏറ്റവും ചൂടുപിടിച്ച് നടക്കുന്ന വിവാദമാണല്ലോ നമ്മുടെ സൂപ്പർസ്റ്റാറുകളായ മമ്മൂട്ടിയും മോഹൻലാലും വിഗ് ഉപയോഗിക്കുന്നതും പ്രായം മറന്ന് യുവതികളുമായി പ്രണയിക്കുന്നതും.... പാർട്ടി പത്രത്തിലെ ലേഖകന്റെ ചോദ്യം പൂർത്തിയാകുന്നതിനുമുമ്പ് ഗായത്രി പൊട്ടിത്തെറിച്ചു.

ഈ ചോദ്യം നിന്റെ നേതാവിനോടുതന്നെ പോയി ചോദിക്ക്....

ഇരിപ്പിടത്തിൽനിന്നും മൈക്ക് തട്ടിതെറിപ്പിച്ച് എഴുന്നേറ്റ ഗായത്രിയെ കൂടെയുണ്ടായിരുന്നവർ പിടിച്ചിരുത്തി. ഗായത്രി പത്രസമ്മേളനം നിറുത്തിയിരിക്കുന്നതായി പ്രഖ്യാപിച്ചു.

പാർട്ടി ചാനലിലെ ലേഖകൻ വിട്ടുകൊടുക്കാൻ ഭാവമില്ലാതെ ഉച്ചത്തിൽ ചോദിച്ചു. കൂടെ കുറെ ഗുണ്ടകളുമായി നടന്ന് പോലീസിനെയും നിയമ വ്യവസ്ഥയെയും വെല്ലുവിളിക്കുന്ന നിങ്ങൾക്ക് ന്യായത്തെപ്പറ്റിയും നീതിയെപ്പറ്റിയും സംസാരിക്കാൻ എന്ത് യോഗ്യതയാണുള്ളത് ?

ഇന്ന് ഏറ്റവും കൂടുതൽ ഗുണ്ടകളും അഴിമതിക്കാരുമുള്ളത് പോലീസിലാണ്. നിയമം നടത്തേണ്ടവർ തന്നെ അതിന്റെ ഘാതകരാകുന്നു. മാന്യമായും സത്യസന്ധമായും ജോലിചെയ്യുന്ന പോലീസുകാരെ മാനസികമായി പീഡിപ്പിക്കുന്ന പ്രവർത്തനമാണുള്ളത്. ഐ.ജി. ശിവശങ്കറിനെ പോലെയുള്ളവർ പോലീസ് വകുപ്പിന്റെ തലപ്പത്ത് വരുന്നതിൽ എന്ത് ന്യായമാണുള്ളത്...? ആഭ്യന്തരമന്ത്രിയെപ്പറ്റി തന്നെ പറഞ്ഞു കേൾക്കുന്ന ഗുണ്ടായിസത്തിന്റെയും അഴിമതിയുടെയും കഥകൾ എന്തെല്ലാമാണ്...? ഈ പശ്ചാത്തലത്തിൽ സ്വയം സംരക്ഷണത്തിന് കഴിവുള്ളവർ അവരുടെതായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നെന്ന് മാത്രം.... ഇവിടുത്തെ സാധാരണ ജനങ്ങൾ എല്ലാം കാണുന്നുമറിയുന്നുമുണ്ട്. അതിന്റെ വ്യക്തമായ തെളിവാണ് എന്റെ പാർട്ടി ഉപതെരഞ്ഞെടുപ്പിൽ നേടിയ വിജയം. ഒരു മൗനത്തിനുശേഷം ഗായത്രി ശാന്തമായി പറഞ്ഞു. സഹോദരാ... സാമാന്യ ബുദ്ധിയും ചിന്താശീലവും പണയംവെച്ച് കൺമുമ്പിൽ നടക്കുന്നതു മുഴുവൻ കഥയും മാധ്യമസൃഷ്ടിയുമാണെന്ന് സ്വയം വിളിച്ചുപറഞ്ഞ് നടക്കുന്നതാ നിങ്ങളുടെ പ്രശ്നം. കണ്ണ് തുറന്ന് ചുറ്റും നടക്കുന്നത് കണ്ട് .... ദരിദ്രരെയും ദുർബലരെയും ചൂഷണം ചെയ്യുന്നതല്ല വിപ്ലവമെന്നും ജീവിതമെന്നും മനസ്സിലാക്കണം. അവരെ

സഹായിക്കാനും മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുവാനുമുള്ള പ്രവർത്തനങ്ങളാണാവശ്യം....?

ഗായത്രി കൂടുതലൊന്നും സംസാരിക്കാതെ അവിടെനിന്നും പിൻവാങ്ങി. അടുത്തുതന്നെയുള്ള ഒരു കമ്മ്യൂണിസ്റ്റ് ഏകോപനസമിതി പ്രവർത്തകന്റെ വീട്ടിലിരുന്ന് ഭാവിപരിപാടികളെപ്പറ്റി സഖാവ് കരുണൻ, ആർ.എം. പവിത്രൻ, ഗോപീകൃഷ്ണൻ, അരുൺ ശങ്കർ തുടങ്ങിയുള്ളവരുമായി ചർച്ചകൾ നടത്തി.

ഗായത്രി നടത്തിയ പത്രസമ്മേളനം വാർത്താചാനലിലൂടെ വരുന്നത് പ്രവർത്തകർക്കൊപ്പമിരുന്ന് ഗായത്രിയും കണ്ടു. അങ്ങനെ കാണുന്നതിനിടയിൽ പാർട്ടിസെക്രട്ടറി മങ്ങാട് ശിവന്റെ പ്രതികരണവും ശ്രദ്ധിച്ചു. .. .വികസനത്തിന്റെ കാര്യത്തിൽ പാർട്ടിക്ക് പല തെറ്റുകളും സംഭവിച്ചിട്ടുണ്ട്. ഒരിക്കൽ ടാക്ടറിനെ എതിർത്തു. പിന്നീട് കമ്പ്യൂട്ടറിനെ എതിർത്തു. സ്വാശ്രയ വിദ്യാഭ്യാസസ്ഥാപനങ്ങളെ എതിർത്തു... ഈ തെറ്റുകളെല്ലാം നല്ല രീതിയിൽ തന്നെ തിരുത്തി... ഇതിനുള്ള പ്രായ്ശ്ചിത്തമെന്ന നിലയിൽത്തന്നെയാണ് ശക്തമായ വികസനപ്രവർത്തനങ്ങൾക്ക് പാർട്ടി തയ്യാറായിരിക്കുന്നത്.... ഇപ്പോഴത്തെ പല വികസനങ്ങളും സാമ്പത്തികമായി മുന്നിൽനിൽക്കുന്നവർക്ക് മാത്രം പ്രയോജനമുള്ളതാണ്.... സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന വികസനമാണ് ഇപ്പോൾ പാർട്ടി വിഭാവനം ചെയ്തിരിക്കുന്നത്.... കുറച്ചുമുമ്പ് ഗായത്രി വിളിച്ചു പറഞ്ഞതല്ല പുഴക്കരപ്രദേശത്തെ പ്രശ്നങ്ങൾ... അവിടെയുള്ള കുറെ ആൾക്കാർ അവരുടെ പാർട്ടിക്കാരാണ്. ഈ പാർട്ടിക്കാർ ജനങ്ങളെ പറഞ്ഞ് വഴിതെറ്റിക്കുകയാണ്.... വികസനരഹിത കേരളമാണ് അവരുടെ സ്വപ്നത്തിലുള്ളത്... ഇതുവരെ എനിക്കും പാർട്ടിക്കും അവരോടുള്ള മനോഭാവം എം.കെ.കെയുടെ മകളെന്നതായിരുന്നു.... വികസനത്തെ എതിർക്കുന്നവരെ നിയമത്തിലൂടെയും പാർട്ടിയുടെ ബഹുജനാടിത്തറയുടെ പിൻബലത്തോടെയും നേരിടേണ്ടിവരും.... വികസനത്തിന്റെ കാര്യത്തിൽ ഇനിയൊരു വിട്ടുവീഴ്ചയ്ക്ക് ബാല്യമില്ല ....

മങ്ങാട് ശിവന്റെ വാക്കുകൾ കൂടുതൽ കേൾക്കാൻ താല്പര്യമില്ലാത്തതുകൊണ്ട് ഗായത്രി അവിടെനിന്നും എഴുന്നേറ്റ് പുറത്തേയ്ക്കു നടന്നു. ടെലിവിഷന്റെ ചാനൽ ആരോ മാറ്റിയപ്പോൾ ഒരു സിനിമയിലെ സംഘട്ടനരംഗത്തിന്റെ ശബ്ദം കേട്ടു. ഗായത്രി ആ ശബ്ദത്തിന് കാതുകൊടുത്തു. വിയറ്റ്നാം കോളനിയിലെ ക്ലൈമാക്സ് രംഗമാണ് നടക്കുന്നതെന്ന് മനസ്സിലായി. ഒരു കുടി ഒഴിപ്പിക്കൽ ശ്രമത്തിന്റെ തികച്ചും കാല്പനികമായ ആവിഷ്കാരമാണ് ആ സിനിമ. യാഥാർത്ഥ്യവും

കലയും തമ്മിലുള്ള അന്തരത്തെപറ്റി ഗായത്രി ചിന്തിച്ചു.

പുഴക്കരപ്രദേശത്ത് സർവ്വേയ്ക്കായി സർക്കാരിന്റെ സംഘം വൻ പോലീസ് സന്നാഹത്തോടെ എത്തിക്കൊണ്ടിരുന്നു. പുഴക്കരപ്രദേശത്തെ ജനങ്ങളും കമ്മ്യൂണിസ്റ്റ് ഏകോപന സമിതിയുടെ പ്രവർത്തകരും ചേർന്ന് റോഡ് ഉപരോധിച്ച് അവരെ തടഞ്ഞു. ഉപരോധ സമരം ഉദ്ഘാടനം ചെയ്തതിനുശേഷം ഗായത്രി അവിടെനിന്നും കമ്മ്യൂണിസ്റ്റ് ഏകോപനസമിതി സംഘടിപ്പിക്കുന്ന സമ്മേളനങ്ങളിൽ പങ്കെടുക്കുവാനായി പോയി. സമ്മേളന ലക്ഷ്യം പുഴക്കരപ്രദേശത്ത് എന്ത് നടക്കുന്നു എന്ന് പൊതുജനങ്ങളെ അറിയിക്കുകയായിരുന്നു. ബഹുജനങ്ങളുടെ പിൻതുണ നേടിയെടുത്താലെ സമരം വിജയിപ്പിക്കാനാകുകയുള്ളൂ എന്ന് ഗായത്രിക്കറിയാമായിരുന്നു.

ഗായത്രി ഒരു പൊതുയോഗത്തിൽ സംബന്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. പുഴക്കരപ്രദേശത്തുനിന്നുമുള്ള ഞെട്ടിക്കുന്ന വാർത്തയാണ് മൊബൈലിലൂടെ അറിഞ്ഞത്. പ്രകോപനമില്ലാതെ പോലീസ് ലാത്തി വീശുകയും കണ്ണുനീർവാതകം പ്രയോഗിക്കുകയും ചെയ്തു. ചിതറിയോടിയവരെ ഭയപ്പെടുത്തി ആകാശത്തേയ്ക്ക് വെടിവച്ചു. വീടുകളിൽ കയറി അക്രമങ്ങളും മോഷണങ്ങളും നടത്തി. സംഭവം അതീവ ഗുരുതരമായി ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. ഉടൻ അവിടേയ്ക്ക് പോകുവാൻ ഗായത്രി തീരുമാനിച്ചു.

പുഴക്കരപ്രേദശത്തേയ്ക്ക് പോകുന്ന വഴിക്കുവച്ച് ഗായത്രിയെ കൃഷ്ണകുമാറിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് ഏകോപനസമിതി പ്രവർത്തകർ വഴിയിൽ തടഞ്ഞു. കൃഷ്ണകുമാർ കമ്മ്യൂണിസ്റ്റ് ഏകോപന സമിതിയുടെ ജില്ലാ വൈസ്പ്രസിഡന്റാണ്. പുഴക്കരപ്രദേശത്ത് ഗായത്രി എത്തിയാൽ തന്ത്രപൂർവ്വം അപായപ്പെടുത്താൻ പോലീസിന്റെ ഭാഗത്തുനിന്നും നീക്കമുണ്ടെന്ന കാര്യം ഒരു പോലീസ് ഓഫീസറാണ് കൃഷ്ണകുമാറിനെ അറിയിച്ചത്.

കൃഷ്ണകുമാർ കാര്യങ്ങൾ വിശദീകരിച്ചെങ്കിലും പുഴക്കരപ്രദേശത്ത് പോകണമെന്ന നിലപാടിൽ ഗായത്രി ഉറച്ചുനിന്നു. സരോജിനിയമ്മ മൊബൈൽ ഫോണിൽ വിളിച്ച് പുഴക്കരപ്രദേശത്തേയ്ക്ക് പോകരുതെന്ന് ശക്തമായി ഗായത്രിയെ താക്കീത് ചെയ്തു. എല്ലാവരുടെയും നിർബന്ധത്തിന് വഴങ്ങി ഗായത്രി ഉടനെ പുഴക്കര പ്രദേശത്തേയ്ക്ക് പോകണ്ടെന്ന് മനസ്സില്ലാമനസ്സോടെ തീരുമാനിച്ചു.

അവിടെ അടുത്തുതന്നെയുള്ള ഒരു കമ്മ്യൂണിസ്റ്റ് ഏകോപനസമിതി അനുഭാവിയുടെ വീട്ടിൽ ഗായത്രിയെത്തി. മൊബൈൽ ഫോണിലൂടെയും ടെലിവിഷൻ ചാനലുകളിലൂടെയും പുഴക്കരപ്രദേശത്ത് നടക്കുന്ന

സംഭവങ്ങൾ അറിഞ്ഞുകൊണ്ടിരുന്നു.

ടെലിവിഷനിലൂടെയാണ് കൊലപാതകത്തിന്റെ ആ വാർത്ത ഗായത്രി ഉൾപ്പെടെയുള്ളവർ അറിയുന്നത്. കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ പ്രവർത്തകർ ഭരണത്തിലിരിക്കുന്ന പാർട്ടിയുടെ ജില്ലാ ജോയിന്റ് സെക്രട്ടറിയും ലോക്കൽ സെക്രട്ടറിയുമുൾപ്പെടെ ആറു പേരെ വെട്ടിയും കുത്തിയും കൊന്നു. മുഖംമൂടി ധരിച്ച ഒരു സംഘം ആളുകൾ കൊലനടത്തുന്നതിന്റെ ദാരുണ ദൃശ്യങ്ങൾ ടെലിവിഷനിലൂടെ ആവർത്തിച്ചു കാണിച്ചുകൊണ്ടിരുന്നു.

ആ കൊലപാതകത്തിലെ ചതി ഗായത്രിക്കും കൂടെയുള്ളവർക്കും മനസ്സിലായി. പാർട്ടിക്കാർ തന്നെ കൊല നടത്തിയിട്ട് അതിന്റെ ഉത്തരവാദിത്വം കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ തലയിൽ കെട്ടിവയ്ക്കുകയാണ്. സത്യം സത്യസന്ധമായി തെളിയാത്തിടത്തോളം കാലം ഗായത്രി ഉൾപ്പെടെയുള്ളവർക്ക് കൊലകുറ്റത്തിന്റെ ഉത്തരവാദിത്വത്തിൽനിന്നും മാറി നിൽക്കാനുമാകില്ല.

മുഖ്യമന്ത്രിയുടെയും മങ്ങാട് ശിവന്റെയും പ്രതികരണവും ഉടൻതന്നെ ടെലിവിഷൻ ചാനലുകളിലൂടെ വന്നുകൊണ്ടിരുന്നു. ഗായത്രി നേതൃത്വം നൽകുന്ന കമ്മ്യൂണിസ്റ്റ് ഏകോപനസമിതി ഒരു ഭീകര സംഘടനയായി മാറിക്കൊണ്ടിരിക്കുകയാണ്. വികസനത്തെ എതിർക്കുക, മറ്റ് അഭിപ്രായമുള്ളവരെ കൊന്നൊടുക്കുക, ഇതെല്ലാമാണ് അവരുടെ പ്രവർത്തനങ്ങൾ. ഈ സംഘടനയെ ഉടൻതന്നെ നിരോധിക്കണമെന്ന് ഗവർണറോടും കേന്ദ്രമന്ത്രി സഭയോടും പ്രസിഡന്റിനോടും ആവശ്യപ്പെടും....

സഹപ്രവർത്തകരുടെ മുഴുവൻ എതിർപ്പിനെ അവഗണിച്ച് ഗായത്രി പുഴക്കരപ്രദേശത്തെത്തി. കൊലക്കുറ്റം ചുമത്തി അവിടെയുള്ള ഊർജ്ജസ്വലരായ പ്രവർത്തകരെ മുഴുവൻ പോലീസ് വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. പുഴക്കരപ്രദേശത്തെ ജനങ്ങൾ നെഞ്ചിൽ കൈവച്ച് പറഞ്ഞു. ഞങ്ങളോ കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ പ്രവർത്തകരേ ആരെയും കൊന്നിട്ടില്ല. സമരത്തെ തകർക്കുവാൻ ഭരിക്കുന്നവരും പോലീസും ചേർന്ന് നടത്തിയ ഹീനമായ കളിയാണ് ഈ കൊലപാതകങ്ങൾ. സത്യം എന്തെന്നറിയുവാൻ സി.ബി.ഐ.യെ കൊണ്ട് നിഷ്പക്ഷമായ അന്വേഷണം നടത്തിക്കണം....

നശീകരണ പ്രവർത്തനങ്ങൾ താണ്ഡവമാടിയ പുഴക്കരപ്രദേശത്തുകൂടി വല്ലായ്കയൊതുക്കി ഗായത്രി നടന്നു. അവിടെയുള്ള സ്ത്രീകളെയും കുട്ടികളെയും സാന്നിദ്ധ്യംകൊണ്ട് നിശബ്ദമായി ആശ്വസിപ്പിച്ചു.

വർഷാ സാമുവൽ മൊബൈലിൽ വിളിച്ച് ഗായത്രിയോട് പറഞ്ഞു.

ചേച്ചി ആദ്യമായിട്ട് എന്റെ വീട്ടിൽ വന്ന ദിവസം, അന്ന് നഗരത്തിൽ ബഹളം നടക്കുന്നതിനിടയിൽ അഞ്ചാറ് യുവാക്കൾ ചേർന്ന് ഒരു പെൺകുട്ടിയെ പീഡിപ്പിക്കുന്നത് ടെലിവിഷനിൽ കണ്ടത് ഓർമ്മിക്കുന്നില്ലേ. അവരെ തപ്പിയുള്ള പോലീസിന്റെ അന്വേഷണങ്ങൾ എങ്ങുമെത്താതെ നിൽക്കുകയുമാണല്ലോ.... പുഴക്കരപ്രദേശത്ത് കൊലപാതകങ്ങൾ നടത്തിയതിന്റെ ചാനൽ ദൃശ്യങ്ങളിൽ തെളിഞ്ഞത് ആ യുവാക്കളുടെ സംഘം തന്നെയാണ്.... ഈ രണ്ട് ദൃശ്യങ്ങളും ഞാൻ ഫെസ്ബുക്കിൽ കൊടുക്കുകയാണ്. ഇവരെ വളർത്തുന്നതും സംരക്ഷിക്കുന്നവരും ഭരിക്കുന്ന പാർട്ടിതന്നെയാണെന്നും എഴുതുകയാണ്....

വർഷ ഉചിതംപോലെ പ്രവർത്തിച്ചുകൊള്ളൂ. ഗായത്രി പറഞ്ഞു. നമ്മുടെ നിരപരാധിത്വം കൃത്യമായിട്ട് എഴുതുവാൻ മടിക്കേണ്ട....

രണ്ട് സംഭവങ്ങൾ ചാനലുകളും ആവർത്തിച്ച് കാണിച്ചുകൊണ്ടിരുന്നു.

ധാർമികത നഷ്ടപ്പെട്ട മാന്ത്രിസഭ രാജി വയ്ക്കണമെന്ന് ഗായത്രി ആവശ്യപ്പെട്ടു. സാധാരണ ജനങ്ങൾ മന്ത്രിസഭയിലുള്ളവർ പറയുന്നതിനേക്കാൾ വിശ്വാസത്തിലെടുത്ത് ഗായത്രിയുടെ വാക്കുകളെയാണ്. സർക്കാരിന്റെ രാജി ആവശ്യപ്പെട്ട് കേരളത്തിന്റെ പല ഭാഗത്തും പ്രകടനങ്ങളും യോഗങ്ങളും നടന്നു.

ഗായത്രിയുടെ പാർട്ടിയെ നിരോധിക്കണമെന്ന ആവശ്യവുമായി ഭരിക്കുന്ന പാർട്ടിയും പ്രകടനങ്ങൾ നടത്തി. പ്രതിപക്ഷവും ചില വർഗ്ഗീയ സംഘടനകളും അവർക്ക് നിശബ്ദ പിൻതുണ നൽകി.

പാർട്ടിക്കാരെ വെട്ടിക്കൊന്നതിൽ പ്രതിഷേധിച്ചും ഭീകരസംഘടനയായി പ്രഖ്യാപിച്ച് കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയെ നിരോധിക്കണമെന്ന് ആവശ്യപ്പെട്ടും ഭരണത്തിലുള്ളവർ എല്ലാം ചേർന്ന് കേരളത്തിൽ ഇരുപത്തിനാല് മണിക്കൂർ ഹർത്താലിന് ആഹ്വാനം ചെയ്തു.

അസത്യത്തെ സത്യമായി ചിത്രീകരിക്കാൻ ഭരണകക്ഷികൾ തന്നെ ഹർത്താലിന് ആഹ്വാനം ചെയ്തതിനെ ഗായത്രി നിശിതമായി വിമർശിച്ചു. മുഖംമൂടി ധരിച്ച കുറ്റവാളികളുടെ ചിത്രങ്ങൾ ലഭിച്ചിട്ടും അവരെ പിടിക്കാൻ കഴിയാത്തതിന്റെ കാരണം വിശദീകരിച്ചുകൊണ്ടുപറഞ്ഞു: ആഭ്യന്തരമന്ത്രി സംരക്ഷിച്ച് നിയന്ത്രിക്കുന്ന ഗുണ്ടകളെ പിടിച്ച് നിരത്തി നിറുത്തിയാൽ കുറ്റവാളികളെ കണ്ടെത്താവുന്നതെയുള്ളൂ.

ഫെസ്ബുക്കിലൂടെയും കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ വെബ്സൈറ്റിലൂടെയും ഹർത്താലിനെതിരെ ശക്തമായി ഗായത്രിയെഴുതി.... ഹർത്താൽ ഭീരുക്കളുടെ ഉത്സവമാണ്... മടിയന്മാരുടെയും

തീറ്റക്കൊതിയന്മാരുടെയും ദിവസമാണ്..... പ്രവർത്തിക്കുന്നവർക്കും ചിന്തിക്കുന്നവർക്കും എന്തിനാണ് ഹർത്താൽ. ഹർത്താൽ ദിനത്തിൽ ദുരിതങ്ങൾ അനുഭവിക്കുന്നത് സാധാരണക്കാരിൽ സാധാരണക്കാർ മാത്രമാണ്....നിങ്ങൾ ചിന്തിച്ച് നോക്ക്. ലോകത്ത് ഹർത്താലിനെ ഇഷ്ട പ്പെടുന്ന ജനവിഭാഗം കേരളത്തിൽ മാത്രമല്ലെയുള്ളത്?.... ഇനി ഹർത്താ ലുകൾ വേണമോ? നിങ്ങൾ തീരുമാനിക്ക്.... ഈ ഹർത്താലിനെ നമ്മൾക്ക് എതിർക്കാം..... യുവജനങ്ങളെ, നിങ്ങളാണ് ഹർത്താലിനെതിരെ പ്രതി കരിക്കേണ്ടവർ... നിരത്തിലിറങ്ങണം. വാഹനങ്ങൾ ഓടിക്കണം. സാധാ രണ പോലെ പ്രവർത്തിക്കണം. വിദ്യാർത്ഥികളും യുവജനങ്ങളുമാണ് പല ശ്രദ്ധേയമായ മാറ്റങ്ങൾക്കും തുടക്കമിട്ടിട്ടുള്ളത്. കേരളത്തിലെ ഹർത്താലുൾക്കെതിരെയും ഇനി നിങ്ങളുടെ ശക്തമായ പ്രതികരണം ആവശ്യമാണ്.... എന്റെയും എന്റെ പാർട്ടിയുടെയും എല്ലാ പിന്തുണയും നിങ്ങൾക്കുണ്ടാകും. ഹർത്താലിന്റെ മറവിൽ ഒരു ആക്രമണവും ഭീകര പ്രവർത്തനവും മതനിന്ദയും മരണവും കൊലപാതകവും ഈ സംസ്ഥാ നത്തുണ്ടാകാൻ പാടില്ല... വികനസനങ്ങൾ മരവിക്കാൻ അനുവദിക്കരു ത്... അപരിഷ്കൃത സമരമുറകളല്ല പരിഷ്കൃതമായ പ്രതികരണരീതി കളാണ് നമ്മൾക്കുണ്ടാകേണ്ടത്...

# 17

# സൗധങ്ങൾ തകർന്ന് വീഴുന്നു

രാവിലെ ആറുമണിക്ക് തുടങ്ങേണ്ട ഹർത്താൽ തലേദിവസം വൈകുന്നേരത്തോടെതന്നെ തുടങ്ങിയതുപോലെയായി. ഭരണത്തിലിരിക്കുന്ന പാർട്ടിയുടെ ഹർത്താലിനെ സാധാരണ ജനത്തിന് അത്ര അധികം ഭയമാണ്.

ബസുകൾ സർവ്വീസുകൾ നിറുത്തുന്നു. കടകൾ നേരത്തെ അടയ്ക്കുന്നു. നിയമപാലകർ നോക്കുകുത്തികളെപോലെ നിൽക്കുന്നു. ഹർത്താലിന്റെ നടത്തിപ്പുകാർ അതിന്റെ വിജയത്തിനായി നിർബന്ധിതപിരിവ് നടത്തുന്നു. പിരിവ് നൽകാത്തവരെ ആക്ഷേപിക്കുകയും മർദ്ദിക്കുകയും ചെയ്യുന്നു. സ്ത്രീകളെ കാമകൗതുകത്തോടെ നോക്കുന്ന വിഭാഗം ഹർത്താൽ അടുത്തുവരും തോറും സജീവമാകുന്നു. അമ്മമാരെ, ഭാര്യമാരെ, സഹോദരിമാരെ, മക്കളെ....യെല്ലാം സംരക്ഷിക്കാൻ പെടാപ്പാട് പെടുന്നവരുടെ ദൈന്യമുഖങ്ങൾ.....

ഹർത്താൽ വരുന്നേ.... ഹർത്താൽ വരുന്നേ എന്ന് വിളിച്ചുപറഞ്ഞ് ജനങ്ങളെ അസ്വസ്ഥപ്പെടുത്താൻ ടെലിവിഷൻ ചാനലുകളും സായാഹ്നപത്രങ്ങളും മത്സരിക്കുന്നതുപോലെയുള്ള അവസ്ഥ. മുമ്പുനടന്ന ഹർത്താലുകളിലെ ജനദ്രോഹപ്രവർത്തനങ്ങൾ ആവർത്തിച്ച് ടെലിവിഷൻ ചാനലുകൾ പ്രദർശിപ്പിക്കുന്നു. ഹർത്താൽദിന പത്രങ്ങൾ നൽകി പത്രങ്ങളും മത്സരിക്കുന്നു. ഹർത്താൽ ആശംസകളുമായി എസ്.എം. എസുകളും ഈ-മെയിലുകളും സജീവമാകുന്നു... മദ്യഷാപ്പുകളിലെ തിരക്കിന്റെ അനുപാതം ഹർത്താലിന്റെ തീവ്രതയെയാണ് വ്യക്തമാക്കുന്നതെന്ന അറിവുമായി അതിന്റെ ചിലവ് കണക്കുകൾ പലരും അവതരിപ്പിക്കുന്നു.

ഹർത്താൽ വേണമോ? വേണ്ടയോ? എന്ന വിഷയത്തിൽ ഒരു സംവാദം ഹർത്താൽ ദിവസംതന്നെ ഓണം ചാനൽ സംഘടിപ്പിച്ചു. കമ്മ്യൂണിസ്റ്റ് ഏകോപന സമിതിയെ പ്രതിനിധീകരിച്ച് സംവാദത്തിനെത്തിയത് ഗോപീകൃഷ്ണനാണ്. ലൈവ് പ്രോഗ്രാമിനിടയിൽ ഗോപീകൃഷ്ണൻ ഹർത്താലിനെ ശക്തമായി എതിർക്കുകയും ഭരണത്തിലിരിക്കുന്നവരുടെ ജനദ്രോഹ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

സംവാദത്തിനിടയിൽ ശ്രദ്ധേയമായ ഒരു വെളിപ്പെടുത്തൽ കൂടി ഗോപീകൃഷ്ണൻ നടത്തി... ... മുമ്പ് നഗരത്തിൽ ബഹളം നടന്നപ്പോൾ ജന

ശ്രദ്ധ തിരിക്കാനും ഞങ്ങളുടെ പ്രസ്ഥാനത്തെ മോശമായി ചിത്രീകരിക്കുവാനുംവേണ്ടി ഒരു സംഭവം നടന്നത് നിങ്ങൾ ഓർമ്മിക്കുന്നുണ്ടാവും. മുഖംമൂടി ധരിച്ചെത്തിയ കുറെ ആൾക്കാർ ചേർന്ന് ഒരു പെൺകുട്ടിയെ മാനഭംഗപ്പെടുത്തിയത്. കഴിഞ്ഞ ദിവസം ഭരണത്തിലിരിക്കുന്ന പാർട്ടി പ്രവർത്തകരെ വെട്ടിക്കൊന്നതും മുഖംമൂടി ധരിച്ചവരാണ്. രണ്ട് സംഭവങ്ങളും ടെലിവിഷൻ ചാനലുകളിലൂടെ ആവർത്തിച്ച് പ്രദർശിപ്പിക്കുകയും പെയ്തുകൊണ്ടിരുന്നു. ഇവരുടെ മുഖംമൂടി അഴിച്ചുമാറ്റിയാൽ ഇവർ ആരെല്ലാമാണെന്ന് മസ്സിലാകും.

ഇതേസമയം ഗായത്രി കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ വെബ്സൈറ്റിലും ഫേസ്ബുക്കിലും മുഖംമൂടി ധരിച്ച് എത്തി ആക്രമണം നടത്തുന്ന ദൃശ്യവും തുടർന്ന് അവരുടെ മുഖംമൂടി അഴിച്ചുമാറ്റിയ ചിത്രവും കൊടുത്തു. ഐ.ജി. ശിവശങ്കറുടെ ഗുണ്ടകളാണ് അവരെന്ന് സ്ഥാപിച്ചു. ഈ ഗുണ്ടകൾ സ്വസ്ഥമായി കഴിയുന്നത് ശിവശങ്കറുടെ എറണാകുളത്തുള്ള ഒരു വില്ലയിലാണെന്നും വ്യക്തമാക്കി.

ഗുണ്ടകളെപ്പറ്റിയുള്ള അറിവുകൾ ഗായത്രിക്ക് കൈമാറിയത് ഐ. ജി. ശിവശങ്കറുടെ എതിരാളിയായ രാമചന്ദ്രൻ എന്ന പോലീസ് ഓഫീസറാണ്.

ഹർത്താൽ ദിനത്തിൽ നടക്കുന്ന പ്രകടനങ്ങളും ആക്രമങ്ങളും വിവിധ ടെലിവിഷൻ ചാനലുകളിലൂടെ കാണിച്ചുകൊണ്ടിരുന്നു. ചിലയിടങ്ങളിൽ ഹർത്താൽ അനുകൂലികളും കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ പ്രവർത്തകരും തമ്മിൽ വഴക്കുകൾ നടന്നു.

വെബ്സൈറ്റിലൂടെയും ഫേസ്ബുക്കിലൂടെയും ഗായത്രി എഴുതിക്കൊണ്ടിരുന്നു. ... ഐ.ജി. ശിവശങ്കറെയും അയാളുടെ ഗുണ്ടകളെയും ഉടൻതന്നെ അറസ്റ്റ് ചെയ്യണം. ഐ.ജി. ശിവശങ്കറിന് ആഭ്യന്തരമന്ത്രിയുമായുള്ള അവിഹിത ബന്ധങ്ങളെക്കുറിച്ച് അന്വേഷിച്ച് സത്യം പുറത്തുകൊണ്ടുവരണം..... യഥാർത്ഥത്തിൽ ഈ ഹർത്താൽ എന്തിനുവേണ്ടിയായിരുന്നു.... അസത്യത്തിന്റെ ചുവരെഴുത്തായ ഈ ഹർത്താലിന്റെ അനുകരണങ്ങളാണ് ഓരോ ഹർത്താലുകളും.... സാധാരണ ജനങ്ങളെ വിഢികളും നിശ്ശബ്ദരും പീഡിതരുമാക്കി വീടുകളിലിരുത്തുന്നവരോട് നമ്മൾക്കും പ്രതികരിക്കേണ്ടെ....? ഹർത്താൽ ദിവസം ഒരു മുൻ. എം. പി.യുടെ മകളുടെ വിവാഹം എത്ര ആർഭാടത്തോടെ നടന്നു.... എത്ര മന്ത്രിമാർ.... എം.എൽ.എ.മാർ.....എം.പി.മാർ.... പാർട്ടി പ്രവർത്തകർ പങ്കെ

ടുത്തു.... ആർക്കും പ്രശ്നമില്ല. കാരണം ഹർത്താൽ നടത്തുന്നവർക്ക് എന്തുമാകാമല്ലോ.... ഈ ഹർത്താലിന് ശേഷം അതിന് ആഹ്വാനം നൽകിയ ഒരു മന്ത്രിയേയും നിരത്തിലിറങ്ങാൻ നമ്മൾ അനുവദിക്കാതിരുന്നാൽ.... പൊതുജനത്തെ ഒന്നാകെ വെല്ലുവിളിച്ച് ഒരധികാരവർഗ്ഗത്തിനും ഒരു ദിവസംപോലും അധികാര മന്ദിരങ്ങളിൽ വാഴാനാവില്ല.... പൊതുജനത്തിന്റ ശക്തി.... പ്രതികരണ ശേഷി.... അധികാരവർഗ്ഗവും അറിയണം.....

ചില പത്രങ്ങൾ ഹർത്താൽ ദിവസം നടന്ന നേതാവിന്റെ മകളുടെ വിവാഹ വിശേഷങ്ങൾ പ്രാധാന്യത്തോടെ എഴുതി. മറ്റുചില പത്രങ്ങൾ ഗായത്രിയുടെ ഹർത്താലിനെതിരെയുള്ള വെബ്സൈറ്റിലെ പ്രതികരണങ്ങൾ കൊടുത്തു.... ആശുപത്രിയിൽ ചികിത്സ കിട്ടാതെ പ്രസവത്തിനിടയിൽ മരിച്ച ലക്ഷ്മി..... ഹർത്താൽ നടത്തിപ്പുകാരുടെ ഏറുകൊണ്ട് മരിച്ച ഡ്രൈവർ വിജയൻ....ഹർത്താലിൽ അസ്വസ്ഥരായിരിക്കുന്ന സായിപ്പും മദാമ്മയും... അങ്ങനെ ഹർത്താൽ വാർത്തകൾ പലതായിരുന്നു.

തിരുവനന്തപുരത്തുനിന്നുതന്നെയാണ് ഞെട്ടിക്കുന്ന ആ വാർത്ത ആദ്യം പുറത്തുവന്നത്. ആഭ്യന്തരമന്ത്രിയെ ഒരുപറ്റം ആളുകൾ വഴിയിൽ തടഞ്ഞു. പോലീസ് ജനങ്ങളെ ലാത്തി വീശി ഓടിക്കുന്നതിനിടയിൽ മുന്നിലും പിന്നിലും വശങ്ങളിലും വാഹനങ്ങൾ നിരത്തി മന്ത്രിയെ കാറിനുള്ളിൽ ഇരുത്തി. മന്ത്രിയെ കാറിനുള്ളിൽനിന്നും ഇറക്കാനുള്ള ശ്രമങ്ങൾ ടെലിവിഷൻ ചാനലുകൾ ലൈവായി കാണിച്ചുകൊണ്ടിരുന്നു.

ജനം പിന്നീട് തടഞ്ഞ വാഹനം വിദ്യാഭ്യാസ മന്ത്രിയുടേതായിരുന്നു. അതും തിരുവനന്തപുരത്തുതന്നെ. ഒരുപറ്റം സ്കൂൾ വിദ്യാർത്ഥികളാണ് മന്ത്രിയുടെ കാറ് തടഞ്ഞത്. തുടർന്ന് മന്ത്രിക്ക് അവരുടെ കൈയ്യിലിരുന്ന ഉച്ചഭക്ഷണംകൊണ്ട് അഭിഷേകം. പോലീസ് ലാത്തി വീശിയപ്പോൾ ജനം ഇടപെട്ടു. കേരളത്തിന്റെ പല ഭാഗത്തും മന്ത്രിമാരെ പലരും പലരീതിയിൽ തടഞ്ഞു. കാസർകോട്ട് തടഞ്ഞവർക്കുനേരെ പോലീസ് നടത്തിയ വെടിവെയ്പിൽ ആറ് പേര് മരിച്ചു. ആക്രമാസക്തരായ ജനങ്ങൾ മന്ത്രിയെ മേൽവസ്ത്രങ്ങൾ അഴിച്ച് നിരത്തിലൂടെ ഓടിച്ചു.

അരുൺ ശങ്കറിന്റെ നിർദ്ദേശപ്രകാരം ലെഫ്റ്റ് സ്റ്റുഡന്റ്സ് കോർഡിനേഷൻ കമ്മിറ്റിയിലെ അംഗങ്ങൾ കേരളക്കരയിൽ അങ്ങോളമിങ്ങോളമുള്ള വിദ്യാർത്ഥികൾക്ക് എസ്.എം.എസ്സ്. അയച്ചുകൊണ്ടിരുന്നു. നിരത്തിലിറങ്ങി ജനകീയ സമരത്തെ വിജയിപ്പിക്കാൻ നിങ്ങൾക്കാവുന്നത് ചെയ്യൂ.... എല്ലാ പരിവർത്തനങ്ങളുടെയും ഈറ്റില്ലം കലാലയങ്ങളും അവിടുത്തെ ചിന്തിക്കുന്ന..., പ്രവർത്തിക്കുന്ന വിദ്യാർത്ഥികളുമാണ്....

യുവജനങ്ങളെ കഴിവതും നിരത്തിലിറക്കി സമരം വിജയിപ്പിക്കാൻ ഗോപീകൃഷ്ണനും ആത്മാർത്ഥമായി ശ്രമിച്ചുകൊണ്ടിരുന്നു. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ശക്തമായ പ്രകടനങ്ങൾ നടത്തുവാനുള്ള ഏർപ്പാടുകൾ ചെയ്ത് ആർ.എം. പവിത്രനും വിശ്രമമില്ലാതെ പ്രവർത്തിച്ചു കൊണ്ടിരുന്നു. കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ അനുഭാവികളും പ്രവർത്തകരായ സ്ത്രീകളും വീടുകൾ കയറിയിറങ്ങി കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന സമരത്തിന്റെ ആവശ്യകതയെപ്പറ്റി പറഞ്ഞു.

കേരളത്തിലെ ജനങ്ങളുടെ മനസ്സറിഞ്ഞതുപോലെ പ്രകൃതിയും പ്രതികരിച്ചു. കടലിൽ രൂപമെടുത്ത ന്യൂനമർദ്ദത്തിന്റെ ഫലമായി കാറ്റടിക്കുകയും തീവ്രതയോടെ മഴ പെയ്യുകയും ചെയ്തു. മരങ്ങൾ മറിഞ്ഞുവീണും വെള്ളപ്പൊക്കത്തിലും പല റോഡുകളും സഞ്ചാരയോഗ്യമല്ലാതായി തീർന്നു. ആകെക്കൂടി അരോചകമായ അന്തരീക്ഷം. ആ അരോചകത്വം കേരളത്തിലെ ജനങ്ങളിലേക്ക് സംക്രമിച്ചുകൊണ്ടിരുന്നു.

കേരളത്തിൽ ഏറ്റവും അധികം ആളുകൾ സന്ദർശിക്കുന്ന വെബ്സൈറ്റായി കമ്മ്യൂണിസ്റ്റ് ഏകോപന സമിതിയുടെ സൈറ്റ് മാറി. വെബ്സൈറ്റിന്റെ നിയന്ത്രണം എപ്പോഴും തന്നെ വർഷ സാമുവേലിന്റെ കൈകളിലായിരുന്നു. കേരളത്തിന്റെ ഓരോ ഭാഗത്തും നടക്കുന്ന സംഭവങ്ങൾ അപ്പപ്പോൾതന്നെ സൈറ്റിൽ കൊടുത്തുകൊണ്ടിരുന്നു.

സ്ത്രീയെന്ന വനിതാസംഘടനയുടെ പ്രസിഡന്റ് സീതാലക്ഷ്മി കമ്മ്യൂണിസ്റ്റ് ഏകോപന സമിതിയുടെ പ്രവർത്തനങ്ങൾക്ക് ശക്തമായ പിന്തുണയുമായി രംഗത്തുവന്നു. ടെലിവിഷൻ ചാനലുകളിലൂടെ ജനകീയ സമരത്തിന്റെ ആവശ്യകതയെപ്പറ്റി പറഞ്ഞു.

സർക്കാർ സ്ഥാപനങ്ങളിലെ ഹാജർ നിലവാരം ഓരോ ദിവസവും വർദ്ധിച്ച രീതിയിൽ കുറഞ്ഞുവന്നുകൊണ്ടിരുന്നു. സ്കൂളുകളും കോളേജുകളും പ്രതിഷേധചൂടിൽ പൂർണമായും മുഴുകി. ക്ലാസ്സുകൾക്കുപകരം സംവാദങ്ങളും സമരവും സജീവമായി. ഒന്നിലും താല്പര്യമില്ലാതെ പോലീസുകാർ സ്റ്റേഷനുകളിൽ ടെലിവിഷൻ കണ്ടും വാർത്തകൾ വിലയിരുത്തിയും സമയം കളഞ്ഞു.

പുറത്തിറങ്ങാൻ ഭയപ്പെട്ട് മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ ഔദ്യോഗിക വസതികളിൽ ഒതുങ്ങിക്കൂടി. ചാനലുകാരുടെയും പത്രക്കാരുടെയും ശല്യം സഹിക്കാതെ മുഖ്യമന്ത്രി അവർക്കുമുമ്പിൽ വന്നു.

മുഖ്യമന്ത്രിതന്നെ സംസാരിച്ചുതുടങ്ങി.... ജനങ്ങളെ അറിയാത്ത ഏതൊരു ഭരണകൂടത്തെയും അവർ എതിർക്കും..... മന്ത്രിസഭയിലുള്ള ചിലരുടെ പ്രവൃത്തികൾ ജനത്തിന് ഇഷ്ടമായില്ല... ആത്മാർത്ഥതയു

ണ്ടെങ്കിൽ കുറ്റവാളികളായ മന്ത്രിമാർ സ്വയം രാജിവെച്ചൊഴിയണം.... മുഖ്യമന്ത്രിയായ ഞാൻ ഒരുപാട് പരിമിതികൾക്കുള്ളിലാണ്.... പാർട്ടി പറയുന്നതുകേൾക്കണം.... പാർട്ടിയിലെ ശക്തന്മാർ പറയുന്നത് കേൾക്കണം....

നിങ്ങൾ രാജി വയ്ക്കുമോ? ജനശബ്ദത്തിലെ ലേഖകൻ ചോദിച്ചു.

മുഖ്യമന്ത്രി അതിന് നൽകിയ ഉത്തരം തത്വചിന്താപരമായ ഒരു കാവ്യമായിരുന്നു.

കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ

കണ്ടില്ലെന്ന് വരുത്തുന്നതും ഭവാൻ

മാളികമുകളേറിയ മന്നന്റെ തോളിൽ

മാറാപ്പ് കേറ്റുന്നതും ഭവാൻ-

കാരണമില്ലാതെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ച ഹർത്താലിന് എന്ത് പ്രായ്ശ്ചിത്തമാണ് നിങ്ങൾ ചെയ്യുന്നത്.? ഒരു പത്രലേഖകൻ ചോദിച്ചു.

പ്രായ്ശ്ചിത്തം ഇപ്പോൾ ജനങ്ങൾതന്നെ തന്നുകൊണ്ടിരിക്കുകയല്ലെ? മുഖ്യമന്ത്രി പ്രതികരിച്ചു.

ആഭ്യന്തരമന്ത്രിക്കും ഐ.ജി. ശിവശങ്കറിനുമെതിരെ മുഖ്യമന്ത്രി എന്ന നിലയിൽ നിങ്ങൾ എന്ത് നടപടിയാണ് എടുക്കുന്നത്? ഒരു ലേഖകൻ തിരക്കി.

പാർട്ടിയുമായി ആലോചിച്ച് ഉചിതമായ നടപടിയെടുക്കും. മുഖ്യമന്ത്രി തണുപ്പൻമട്ടിൽ പറഞ്ഞു.

ഗായത്രിയെപറ്റിയുള്ള നിങ്ങളുടെ അഭിപ്രായമെന്ത്? ഒരു ടെലിവിഷൻ ചാനലിലെ ലേഖിക തിരക്കി.

നല്ല അഭിപ്രായം. ഞങ്ങളുടെ സ്വന്തം സഖാവിന്റെ മോളല്ലെ.. ആ രക്തം തന്നെയാ അവരുടെ സിരകളിലൊഴുകുന്നത്.... മുഖ്യമന്ത്രി പറഞ്ഞു.

ഗായത്രിയോട് നിങ്ങൾക്ക് മനസ്സുകൊണ്ടെങ്കിലും ഒരനുഭവമുണ്ടോ? ലേഖിക വീണ്ടും ചോദിച്ചു.

നിയമം കൈയ്യിലെടുത്തുകൊണ്ടുള്ള ഈ കളിയോട് താല്പര്യമില്ല. മുഖ്യമന്ത്രി ചിരിച്ചുകൊണ്ട് പറഞ്ഞു.

മന്ത്രിമാർ പുറത്തിറങ്ങാതെയിരുന്നാൽ എങ്ങനെയാണ് ഭരണം നടക്കുക? ചന്ദ്രാചാനലിലെ ലേഖകൻ ചോദിച്ചു. ഈ അവസ്ഥ തുടർന്നാൽ നിങ്ങൾ എന്തുചെയ്യും?.

ഭരണം നടത്താൻ മന്ത്രിമാരുടെ നിരന്തരമായ സാന്നിദ്ധ്യം ആവശ്യമില്ല. മുഖ്യമന്ത്രി തുടർന്നു. പ്രശ്നങ്ങൾ ഉണ്ടാകുന്നത് സാധാരണമാണ്. ഒരു പ്രശ്നവും അനന്തകാലത്തോളം നീണ്ടുനിൽക്കുകയില്ല. ചർച്ചയിലൂടെ, നിയമ നടപടികളിലൂടെ എല്ലാം പ്രശ്നങ്ങൾ തീർക്കാവുന്നതേയുള്ളൂ.

യഥാർത്ഥത്തിൽ ഈ പ്രശ്നങ്ങൾക്കെല്ലാം കാരണം പാർട്ടി സെക്രട്ടറിയുടെ നിലപാടുകളല്ലെ? മറ്റൊരു ലേഖകൻ തിരക്കി.

പാർട്ടി സെക്രട്ടറിയെപ്പറ്റി എന്നോടൊന്നും ചോദിക്കരുതത് മുഖ്യമന്ത്രി തുടർന്നു. ചോദ്യങ്ങൾ അദ്ദേഹത്തോടാവാം.

മാധ്യമപ്രവർത്തകരുടെ പല ചോദ്യങ്ങൾക്കും എങ്ങും തൊടാതെയും നയപരമായുമാണ് മുഖ്യമന്ത്രി ഉത്തരം പറഞ്ഞത്.

അനുനിമിഷം അറിഞ്ഞുകൊണ്ടിരിക്കുന്ന ഹർത്താൽ വിരുദ്ധസമരത്തിന്റെ വാർത്തയും പ്രതികരണങ്ങളും സാധാരണ ജനത്തെ ഉത്സാഹഭരിതരാക്കി. പൊതുജനങ്ങൾക്കൊപ്പം ചില പ്രാദേശിക സംഘടനകൾക്കൂടി സമരത്തിൽ പങ്കെടുക്കുന്നെന്ന പ്രഖ്യാപനം ഏറെ ശ്രദ്ധേയമായി. ഗുണ്ടാപ്രവർത്തനങ്ങളിലും അഴിമതിയിലും നിഷ്ക്രിയത്വത്തിലും മുങ്ങിനിൽക്കുന്ന മന്ത്രിസഭ രാജിവയ്ക്കണമെന്ന വികാരം ക്രമത്തിൽ ശക്തമായിക്കൊണ്ടിരുന്നു... നടന്നുവരുന്ന സമരത്തിന് മനുഷ്യാവകാശ സംരക്ഷണ സമരമെന്ന് ആദ്യം പേരിട്ടത് ഗായത്രിയാണ്. തുടർന്ന് മാധ്യമങ്ങളും ജനങ്ങളും ആ പേര് ആരവങ്ങളോടെ സ്വീകരിച്ചു.

മനുഷ്യാവകാശ സംരക്ഷണ സമരത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കുമായി കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ വെബ്സൈറ്റിലൂടെയും ഫേസ്ബുക്കിലൂടെയും ഗായത്രി എഴുതി... കേരളത്തിലെ ജനങ്ങളുടെ പ്രതികരണശേഷി നഷ്ടപ്പെട്ടിട്ടില്ല.... നമുക്ക് നീതി നിഷേധിക്കുന്ന ഒരു വ്യവസ്ഥിതിയോടും നമ്മൾ സന്ധി ചെയ്യില്ല. ആഗോളവൽക്കരണത്തിന്റെയും നവമാധ്യമ സംസ്കാരത്തിന്റെയും തിരക്കുകൾ നിറഞ്ഞ ഈ കാലത്ത് നമ്മൾക്ക് ഏറെ ദൂരം മുന്നോട്ട് പോകാനുണ്ട്.... ഗുണ്ടകളും ബുദ്ധിഹീനരുമല്ല നമ്മൾക്ക് ഭരണാധികാരികളായിട്ടുവേണ്ടത്.... സമുദായങ്ങളും മതങ്ങളും എന്തിന് നമ്മുടെ ഭരണത്തിൽ ഇടപെടണം?... ആദ്ധ്യാ

ത്മികതയും ഭൗതികതയും സംഗമിക്കുന്ന സ്ഥലം ഭരണകേന്ദ്രങ്ങളാകാൻ പാടില്ല വികസനത്തിന്റെ മറവിൽ ഒരു കുടുംബവും അനാഥമാകാൻ പാടില്ല.

എറണാകുളത്തുനിന്നും ഒരു ലോറിയിൽ കോയമ്പത്തൂരിലേക്ക് രക്ഷ പെടാൻ ശ്രമിച്ച ഗുണ്ടകളെ ജനം പാലക്കാട്ട് വച്ച് പിടികൂടി. ഈ ഗുണ്ട കളാണ് മുമ്പ് ബഹളം നടന്നപ്പോൾ മുഖംമൂടി ധരിച്ച് പെൺകുട്ടിയെ മാനഭംഗപ്പെടുത്തിയതും പാർട്ടി പ്രവർത്തകരെ വെട്ടിക്കൊന്നതും.

ഗുണ്ടകളെ പോലീസിന് വിട്ടുകൊടുക്കാൻ ജനം കൂട്ടാക്കിയില്ല. അവരെ നല്ലതുപോലെ മർദ്ദിച്ച് കൈയും കാലും തല്ലി ഒടിച്ചതിനുശേഷം ജില്ലാ മജിസ്ട്രേറ്റിനുമുന്നിൽ ഹാജരാക്കി. ഗുണ്ടകളിൽനിന്നും ജനങ്ങൾ എടുത്ത മൊഴിയും ജഡ്ജിക്കു മുന്നിൽ വച്ചു.

ഐ.ജി. ശിവശങ്കറെ അന്വേഷണവിധേയമായി സർവ്വീസിൽനിന്നും മുഖ്യമന്ത്രി സസ്പെന്റ് ചെയ്തതിന് തൊട്ടുപിന്നാലെ ആഭ്യന്തരമന്ത്രി പേഴ്സണൽ സെക്രട്ടറി വഴി മുഖ്യമന്ത്രിക്കുമുന്നിൽ രാജി സമർപ്പിച്ചു. ആഭ്യന്തരമന്ത്രിയുടെ രാജി അപ്പോൾതന്നെ സ്വീകരിക്കുകയും അത് ടെലിവിഷൻ ചാനലുകളിലൂടെ ജനങ്ങളെ അറിയിക്കുകയും ചെയ്തു.

ഗായത്രി പ്രതികരണം ഫേസ്ബുക്കിലൂടെ എഴുതി.... മനുഷ്യാവ കാശ സംരക്ഷണ സമരം അതിന്റെ വിജയയാത്ര തുടരുകയാണ്..... നമ്മളുടെ സംസ്ഥാനത്തിലെ ദുർഭരണമെന്ന അർബുദത്തിന്റെ ഒരുഭാഗം മാത്രമാണ് ഇപ്പോൾ മുറിച്ചുമാറ്റിയിരിക്കുന്നത്.... ഈ ഭരണംതന്നെ മാറ ണം. അഴിമതിക്കാരായ ഇപ്പോഴത്തെ ഭരണാധികാരികളെ നിയമത്തി നുമുന്നിൽ നിറുത്തണം..... അവർക്ക് ജയ് വിളിക്കുന്ന ഉദ്യോഗസ്ഥ പ്രമാണിമാരെ നിലയ്ക്കുനിറുത്താനും നിയമത്തിനുമുന്നിൽ കൊണ്ടു വരാനും കഴിയുന്ന അവസ്ഥ സംജാതമാകണം.

മനുഷ്യാവകാശ സംരക്ഷണസമരം ഒരാഴ്ച പൂർത്തിയാകുന്ന ദിവസം മുഖ്യമന്ത്രി രാജി രാജ്ഭവനിലെത്തി മന്ത്രിസഭയുടെ രാജി ഗവർണർക്ക് നേരിട്ടു കൊടുത്തു. മുഖ്യമന്ത്രിയുടെ ഉചിതമായ തീരുമാ നത്തെ ഗവർണർ പ്രശംസിച്ചു. അടുത്ത ഇലക്ഷൻവരെ തുടരുവാൻ ഗവർണർ അഭ്യർത്ഥിച്ചെങ്കിലും മുഖ്യമന്ത്രി അത് സ്വീകരിച്ചില്ല.... കേര ളത്തിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തുന്നതിന് ഗവർണർ ശുപാർശ ചെയ്തു.

മന്ത്രിസഭയുടെ രാജി കേരളത്തിലെ ജനങ്ങൾ അടിച്ചുപൊളിച്ച് ആഘോഷിച്ചുതുടങ്ങി. വീടുകൾ വിട്ട് തെരുവിലേയ്ക്കിറങ്ങിയ ജനം

പ്രായവും അവസ്ഥയും മറന്ന് നൃത്തംവച്ചു. മധുരപലഹാര വിതരണം ആഘോഷത്തിന് മധുരപരിവേഷം നൽകി. സന്തോഷം സഹിക്കവയ്യാതെ ചില യുവതീയുവാക്കൾ ആലിംഗനം ചെയ്തും ചുംബിച്ചും ആഘോഷം സജീവമാക്കി. അവരാരും വൈകാരികതയെപ്പറ്റിയോ ശരീരത്തിന്റെ സാധ്യതകളെപ്പറ്റിയോ ചിന്തിച്ചില്ല.

മന്ത്രിസഭയുടെ രാജിയെപ്പറ്റിയുള്ള പ്രതിപക്ഷത്തിന്റെ പ്രതികരണം ദുർബലമായിരുന്നു..... കാലാവധി പൂർത്തിയാക്കാതെ ഭീരുക്കളെപ്പോലെ രാജിവെച്ച് ഒഴിഞ്ഞത് അപലനീയമാണ്. പ്രശ്നങ്ങളിൽനിന്നും ഓടിഒളിക്കുന്നതല്ല പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതാണ് യഥാർത്ഥ രാഷ്ട്രീയം....

ചില സാസംസ്കാരിക നായകന്മാരുടെയും സാമുദായിക പ്രമാണിമാരുടെയും പ്രതികരണവും രസകരമായിരുന്നു... വിമോചനസമരവുമായി ബന്ധപ്പെടുത്തി ഇപ്പോൾ നടന്ന മനുഷ്യാവകാശ സംരക്ഷണ സമരത്തെ കാണുന്നതിൽ അർത്ഥമില്ല. വിമോചനസമരം കമ്മ്യൂണിസത്തിൽനിന്നുള്ള മോചനത്തിനായിട്ടുള്ള സമരമായിരുന്നു..... ആ സമരത്തിനുശേഷം കേരളത്തിൽ യഥാർത്ഥ കമ്മ്യൂണിസ്റ്റ് ഭരണം നടന്നിട്ടുമില്ല... മനുഷ്യാവകാശ സംരക്ഷണ സമരത്തിന്റെ വക്താക്കൾ കേരളത്തെ വീണ്ടും കമ്മ്യൂണിസത്തിലേക്ക് വലിച്ചിഴയ്ക്കുമോയെന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു.....

മന്ത്രിസഭയുടെ പതനത്തിനുശേഷം ഗായത്രി ഫേസ്ബുക്കിലൂടെ നടത്തിയ പ്രതികരണം തികച്ചും ശാന്തവും പക്വതയുള്ളതുമായിരുന്നു. ..... ഒരു മന്ത്രിസഭ അധികാരത്തിൽനിന്നും പുറത്തുപോകുന്നത് അത്ര വലിയ സംഭവമൊന്നുമല്ല. ഇനി അധികാരത്തിലേക്ക് വരുവാൻ പോകുന്നവരുടെ മനസും മനോഭാവവുമാണ് പ്രധാനം. ഒരു മന്ത്രിസഭയെ പുറത്താക്കാൻ കാണിച്ച വിവേകവും പ്രവർത്തനകൗശലവും പുതിയ വ്യക്തികളെ തിരഞ്ഞെടുക്കുന്നതിലും പുലർത്തണം..... നമ്മൾക്ക് പുരോഗതി വേണം.... നല്ല സംസ്കാരം വേണം..... നല്ല കുടുംബ ബന്ധങ്ങൾ വേണം..... വളർന്നുവരുന്ന തലമുറയെ വിദ്യഭ്യാസപരമായും തൊഴിൽപരമായും മുന്നിൽ നിറുത്തുവാനുള്ള ദീർഘവീക്ഷണം വേണം.... ഇതിനെല്ലാം ഉതകുന്ന അന്തരീക്ഷം സൃഷ്ടിക്കാൻ കഴിയുന്നവരെ അംഗീകരിക്കണം.... തിരഞ്ഞെടുക്കണം.... തിരഞ്ഞെടുപ്പുകൾ ജനാധിപത്യപ്രക്രിയയിലെ സ്പന്ദനങ്ങളാണ്.... തിരഞ്ഞെടുപ്പുകളെ ശബ്ദമുഖരിതവും വിവാദപൂർണവുമാക്കരുത്. ചേരികൾ തിരിഞ്ഞ് അതിന്റെ യഥാർത്ഥ

സത്ത നശിപ്പിക്കരുത്.... ബുദ്ധിപൂർവ്വമുള്ള .... വിധിനിർണയമാണ് ഒരു തിരഞ്ഞെടുപ്പിനെ മഹത്വമുള്ളതാക്കുന്നത്.... രാഷ്ട്രീയവും..... രാഷ്ട്രീയബോധവും ആവശ്യമാണ്.... അത് മറ്റുള്ളവരുടെ ബുദ്ധിക്ക് വിധേയമായിക്കൊണ്ടായിരിക്കരുത്.... ചിന്തിക്കുക..... വിശകലനം ചെയ്യുക..... പ്രതികരിക്കുക..... പ്രതീക്ഷിക്കുക.

കേരളത്തിലെ എല്ലാ മാധ്യമങ്ങളുടെയും ഇഷ്ടവ്യക്തി ഇപ്പോൾ ഗായത്രിയാണ്. അവർ പറയുന്നതും പ്രവർത്തിക്കുന്നതും പ്രാധാന്യത്തോടെ പൊതുജനങ്ങൾക്ക്മുന്നിൽ അവതരിപ്പിച്ചു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങൾ ഗായത്രിക്ക് നൽകിയ സ്വീകരണം ഊഷ്മളമായിരുന്നു.

# 18

## പരീക്ഷണങ്ങൾക്കിടയിലൂടെ

ആറുമാസങ്ങൾക്കുശേഷം കേരളത്തിൽ ഇലക്ഷൻ നടത്തേണ്ട ദിവസം ഏതാണ്ട് നിശ്ചയിച്ചു. രാഷ്ട്രീയ പാർട്ടികൾ മത്സരിച്ച് ജനസമ്പർക്ക പരിപാടികൾ സംഘടിപ്പിച്ചു. ഗായത്രിയുടെ പാർട്ടിയെ കൂടെനിറുത്താൻ ഇരു മുന്നണികളും രഹസ്യമായി അണിയറയിൽ നീക്കങ്ങൾ നടത്തിക്കൊണ്ടിരുന്നു.

ഗായത്രി ഫേസ്ബുക്കിലൂടെ അവരുടെ നയം വ്യക്തമാക്കി. അധികാരം ലക്ഷ്യമല്ല. അതുകൊണ്ടുതന്നെ ഇലക്ഷനെപ്പറ്റിയോ അതിന്റെ വിധിയെപ്പറ്റിയോ ഓർത്ത് അസ്വസ്ഥതയുമില്ല. എല്ലാ സീറ്റുകളിലേക്കും കമ്മ്യൂണിസ്റ്റ് ഏകോപനസമിതി സ്ഥാനാർത്ഥികളെ നിറുത്തും. അവരെല്ലാം കമ്മ്യൂണിസ്റ്റ് ഏകോപന സമിതിയുടെ പ്രവർത്തകർ ആയിരിക്കണമെന്നില്ല... ജനങ്ങൾ അംഗീകരിക്കുന്നവരെ.... കഴിവുള്ളവരെ.... അഴിമതിരഹിതരായിട്ടുള്ളവരെ എല്ലാറ്റിനുമുപരി നല്ല സമൂഹജീവിയായിരിക്കുന്നവരെ നിറുത്തുവാനാണ് ആഗ്രഹിക്കുന്നത്.... സ്ഥാനാർത്ഥികളെ നിർണയിക്കുന്നതിൽ നിങ്ങൾക്കും അഭിപ്രായം പറയാം.... അധികാരം ലക്ഷ്യമല്ലാത്തതിനാൽ നിലവിലുള്ള ഒരു മുന്നണിയുമായി യാതൊരു വിധത്തിലുള്ള സഖ്യത്തിനോ നീക്കുപോക്കുകൾക്കോ പരിശ്രമിക്കുന്നില്ല. ഒരു മുന്നണിയിൽപ്പെട്ടവരും ഞങ്ങളുമായി സഖ്യത്തിന് ഒരു രീതിയിലും ശ്രമിക്കേണ്ടതില്ല. മറ്റുപാർട്ടികളിലുള്ള ആരും അധികാരമോഹവുമായി ഇവിടേയ്ക്ക് വരുകയും വേണ്ട....

ഗായത്രിയുടെ അദ്ധ്യക്ഷതയിൽ കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് യോഗം തിരുവനന്തപുരത്ത് വച്ചുനടന്നു. നൂറ്റിഅമ്പതിലധികം പ്രതിനിധികൾ ആ യോഗത്തിൽ ഉണ്ടായിരുന്നു. പല അംഗങ്ങളുടെയും നിലപാടുകളും മനോഭാവവും ഗായത്രിയെ അസ്വസ്ഥപ്പെടുത്തി. ഗായത്രി തന്റെ അസ്വസ്ഥതയും ദുഃഖവും തുറന്നുപറഞ്ഞത് സരോജിനിയമ്മയോട് മാത്രമാണ്.

എനിക്കൊരു സ്വപ്നമുണ്ടായിരുന്നു. കേരളത്തെപ്പറ്റി, അതിന്റെ

സമഗ്രവികസനത്തെപ്പറ്റി..... നിലവിലുള്ള രാഷ്ട്രീയ വ്യവസ്ഥിതി മാറുന്നതിനെപ്പറ്റി. അതെല്ലാം കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയിലൂടെ സംഭവിക്കുമെന്നായിരുന്നു എന്റെ വിശ്വാസം.... പക്ഷേ സഹപ്രവർത്തകർക്ക് എന്നെ മനസ്സിലാക്കാനായില്ല.... നാടിന്റെ സമഗ്രവികസനത്തെക്കാൾ ഭരണം നേടുകയെന്നതുമാത്രമാണ് ഏറെ പേരുടെയും ആഗ്രഹം. ഗായത്രി പറഞ്ഞുനിറുത്തി.

എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും നന്മ ആഗ്രഹിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുന്ന കുറെ ആൾക്കാരുണ്ട്. ഭൂരിപക്ഷവും സ്വാർത്ഥതയുള്ളവരും സ്വന്തംകാര്യം മാത്രം നന്നാകണമെന്ന് ആഗ്രഹിക്കുന്നവരുമാണ്..... ഭൂരിപക്ഷം അവരായതുകൊണ്ട് അവരുടെ കിരാതരീതിയാണ്, എപ്പോഴും വിജയിക്കുക . സരോജിനിയമ്മ അനുഭവസ്ഥയെപ്പോലെ തുടർന്നുപറഞ്ഞു: നന്മ ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ സാന്നിദ്ധ്യം കൊണ്ടാണ് ഓരോ പാർട്ടിയും നിലനിൽക്കുന്നത്. അടിസ്ഥാനപരമായി ഒന്നും ശാശ്വതമല്ല. കാലചക്രം കറങ്ങുന്നതനുസരിച്ച് എല്ലാം മാറിമറിഞ്ഞുകൊണ്ടിരിക്കും. എന്താണെങ്കിലും ഗായത്രിമോളെ നിഷേധിക്കാൻ എതിർക്കുന്നവർക്കുപോലും കഴിയില്ല... ഇവിടുത്തെ സാധാരണ ജനങ്ങളുടെ ഹൃദയത്തിൽ മോള് നേടിയെടുത്ത ഇടം അത്ര വലുതാണ്....

എന്നെ കുറ്റപ്പെടുത്തിയവരുടെകൂടെ ആർ.എം. പവിത്രനും ഗോപീകൃഷ്ണനും ഉണ്ടായിരുന്നു. എന്റെ അടുപ്പക്കാരാരും എന്നെ പിൻതുണച്ചില്ല. അത്ര സൗഹൃദമില്ലാത്ത ചിലർ മാത്രമാണ് എന്നെ അനുകൂലിച്ചത്. ഗായത്രി തെല്ല് വേദനയോടെ തുടർന്നു. എന്തെല്ലാം കാര്യങ്ങളിലാണ് കൂടെയുള്ളവർ വിമർശിച്ചതെന്നറിയുമോ? പാർട്ടിയുടെ വെബ്സൈറ്റിലും ഫേസ്ബുക്കിലും എനിക്ക് തോന്നുന്ന കാര്യങ്ങൾ എഴുതാൻ പാടില്ലത്രേ.... അധികാരം ലക്ഷ്യമല്ലെന്ന് ആവർത്തിച്ച് പറയാൻ പാടില്ല... കമ്മ്യൂമിസ്റ്റ് ഏകോപനസമിതിയുടെ പ്രവർത്തകരല്ലാത്തവരെ ഇലക്ഷന് നിറുത്തുമെന്നുള്ള പ്രസ്താവന പിൻവലിക്കണം. നിലവിലുള്ള മുന്നണികളുമായുള്ള ബന്ധത്തെപ്പറ്റി ഇനി അഭിപ്രായം പറയാൻ പാടില്ല. ഇലക്ഷനുശേഷം ആർക്കും ഭൂരിപക്ഷമില്ലാതെ വന്നാൽ ഉചിതമായ സഖ്യം ആവശ്യമായി വരുമത്രേ.... മറ്റ് രാഷ്ട്രീയ പാർട്ടികളിൽനിന്ന് വരുന്നവരെ സ്വീകരിക്കില്ലെന്ന എന്റെ പൊതുനിലപാട് പരസ്യമായിട്ട് മാറ്റണം. പാർട്ടിയുടെ മുഖ്യമന്ത്രി സ്ഥാനാർത്ഥി ആരെന്ന് ഇലക്ഷന് മുമ്പ് പ്രഖ്യാപിക്കണം. മുഖ്യമന്ത്രി സ്ഥാനാർത്ഥി ഞാനാകുന്നതിൽ ആർക്കും പ്രകടമായ എതിർപ്പില്ലായിരുന്നെന്ന്

തോന്നുന്നു. മറ്റ് മന്ത്രിസ്ഥാനങ്ങളിലേക്ക് വരുന്നവരെപ്പറ്റി ഒരു ധാരണ യിലെത്തണമെന്നും പറഞ്ഞു.... . ഒരു മൗനത്തിനുശേഷം ദീർഘനി ശ്വാസത്തോടെ ഗായത്രി തുടർന്നു. ഞാൻ ഒന്നും ആഗ്രഹിച്ചിട്ടില്ല. സരോജിനിയമ്മയ്ക്ക് എന്നെ അറിയാമല്ലോ? ആത്മഹത്യ ചെയ്യാൻ മന സ്സില്ലാത്തതുകൊണ്ട്.... ഈ സമൂഹത്തിൽ ജീവിക്കണമെന്ന കേവലമായ ആഗ്രഹംകൊണ്ട് ഓരോന്ന് പ്രവർത്തിച്ചു. ഒന്നും മുൻകൂട്ടി പ്ലാൻ ചെയ്തതോ നിശ്ചയിച്ചുറപ്പിച്ചതോ ഒന്നുമായിരുന്നില്ല... ഒന്നിനു പിന്നാലെ ഒന്നായി ഓരോന്നും സംഭവിക്കുകയായിരുന്നു. ഒരു പ്രകൃ തിനിയമം പോലെ.... ആ സംഭവങ്ങളുടെ കേന്ദ്രസ്ഥാനത്തേയ്ക്ക് ഞാൻ വന്നത് തികച്ചും യാദൃച്ഛികമായിട്ടാണ് അല്ലെങ്കിൽ ഒരു നിയോഗം പോലെയാണ്...

മനസ്സിൽ നന്മയുള്ളവർക്ക്.... മറ്റുള്ളവർക്ക് നന്മ വരണമെന്ന് ആഗ്രഹ മുള്ളവർക്ക് ഈ സമൂഹത്തിൽ നിലനിൽപ്പില്ല. ഒരു താത്ത്വികയെ പ്പോലെ സരോജിനിയമ്മ പറഞ്ഞു. എനിക്ക് പരിചയമുള്ള പല സംഭ വങ്ങളും എന്നെ പഠിപ്പിച്ച പാഠമതാണ്. മോളുടെ മനസ്സിൽ നന്മകൾ മാത്രമേയുള്ളൂ.... അല്പം സ്വാർത്ഥത എല്ലാക്കാര്യത്തിലുമാവാം. ഇത്രയും കഷ്ടപ്പെട്ടതല്ലേ... കുറച്ചുകാലത്തേയ്ക്ക് അപമാനിച്ചവരുടെ മുന്നിലൂടെ മുഖ്യമന്ത്രിയായി നടക്കാനുള്ള കരുക്കൾ നീക്കണമെന്നുത ന്നെയാണ് എന്റെ അഭിപ്രായം.

ഗായത്രി ചിരിച്ചു.

കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ എക്സിക്യൂട്ടിവ് യോഗത്തി നിടയിൽ ഞാൻ നടത്തിയ പത്രസമ്മേളനത്തെപ്പറ്റി അറിഞ്ഞില്ലേ? ഗായത്രി ചിരിച്ചുകൊണ്ട് പറഞ്ഞു. മുഖ്യമന്ത്രി സ്ഥാനാർത്ഥിയാകുന്നി ല്ലെന്നു മാത്രമല്ല ഇലക്ഷനിൽ മത്സരിക്കാൻ തന്നെ ഉദ്ദേശമില്ലെന്ന് തീർത്തുപറഞ്ഞു. അപ്പോൾ മാധ്യമപ്രവർത്തകർ ചോദിക്കുകയാ.... കേന്ദ്ര ത്തിൽ സോണിയാ ഗാന്ധി നടത്തുന്ന അതേ രാഷ്ട്രീയതന്ത്രമാണോ നിങ്ങളും ഇവിടെ പ്രയോഗിക്കാൻ പോകുന്നതെന്ന്... വിട്ടുകൊടുക്കാൻ ഉദ്ദേശമില്ലാതെ ഞാൻ പറഞ്ഞു....ഇതിൽ തന്ത്രവും കുതന്ത്രവുമൊന്നു മില്ല... ആര് ഭരിക്കുന്നെന്നുള്ളതല്ല.. എങ്ങനെ ഭരിക്കുന്നെന്നുള്ളതാണ് പ്രധാനം. ആവശ്യമെങ്കിൽ അവർക്കുള്ള നിർദ്ദേശങ്ങൾ നൽകി.... അവർക്കും ജനങ്ങൾക്കുമെല്ലാം ഒപ്പം ഞാനുമുണ്ട്....

വാക്കുകളും.... പ്രസ്താവനകളും അത്രവലിയ കാര്യമൊന്നുമല്ല... സരോജിനിയമ്മ പറഞ്ഞു. പാർട്ടിയുടെ നിർദ്ദേശത്തിനനുസരിച്ച് ഏതു തീരുമാനവും മാറ്റാവുന്നതേയുള്ളൂ.... ഇവിടുത്തെ സാധാരണ ജനങ്ങ

ളുടെ മനസ്സിൽ മോളുമാത്രമേയുള്ളൂ. കഴിയുമെങ്കിൽ അവരെ നിരാശപ്പെടുത്തരുത്.

ഭരണം കയ്യിലെത്തിയില്ല. എത്തുമെന്നൊരു തോന്നൽ. അപ്പോഴേയ്ക്കുംതന്നെ എന്തെല്ലാം പ്രശ്നങ്ങളാണ്. ഗായത്രി തുടർന്നു. ഞാൻ മുഖ്യമന്ത്രി സ്ഥാനമോ മറ്റ് സ്ഥാനമാനങ്ങളോ സ്വീകരിക്കുന്നില്ലെന്ന് പ്രഖ്യാപിച്ചതിൽ പിന്നെ കൂടെയുള്ള പലർക്കും ഭയങ്കര സ്നേഹമാ. എന്റെ വായിൽനിന്നും വീഴുന്ന പേരിന് അത്ര അധികം പ്രസക്തിയുണ്ട്.

അധികാരം... അധികാരം മാത്രമാണ്. അധികാരികൾ രാജാക്കന്മാരെപ്പോലെ തന്നെയാണ്. സരോജിനിയമ്മ ദീർഘനിശ്വാസത്തോടെ പറഞ്ഞു. ഇത്രയുംനാൾ മോളുടെ ശത്രുക്കൾ എതിർപാർട്ടിയിലുള്ളവർ മാത്രമായിരുന്നു... ഇനിയിപ്പോൾ സ്വന്തം പാർട്ടിയിലും ചിലപ്പോൾ അങ്ങനെയുള്ളവർ ഉണ്ടാവാം. ഉണ്ടായെങ്കിൽ അവരെയാണ് ഏറ്റവും കൂടുതൽ ഭയപ്പെടേണ്ടത്.

ഗായത്രിയുടെ പ്രകടമായ അസ്വസ്ഥത കണ്ട് സരോജിനിയമ്മ അവരെ ചേർത്തുപിടിച്ച് ആശ്വസിപ്പിച്ചു... ഒരു വിപ്ലവത്തിനുള്ള അവസ്ഥ സൃഷ്ടിക്കുകയും ആ വിപ്ലവത്തെ വിജയകരമായി പര്യവസാനിപ്പിക്കുകയും ചെയ്ത മോൾക്ക് ഇപ്പോൾ ഉയർന്നുവന്നിരിക്കുന്ന പ്രശ്നങ്ങൾ നിസ്സാരമാണ്. സരോജിനിയമ്മ തുടർന്നു. ചിലരെ സംബന്ധിച്ചിടത്തോളം ജീവിതം നിരന്തരമുള്ള സമരങ്ങളാണ്... സമരത്തിൽ പരാജയപ്പെടുന്നവർക്ക് പിന്നീട് ജീവിതം തന്നെയില്ല. എന്നാൽ നിരന്തരം വിജയിക്കുന്നവർക്ക് ജീവിതം ആഘോഷത്തിന്റെ ശൃംഖലയാണ്....

ജീവിതത്തിന്റെ ലക്ഷ്യം.... അർത്ഥം.... ദൗത്യം അതൊന്നും എന്താണെന്ന് എനിക്ക് ഇതുവരെയും മനസ്സിലായിട്ടില്ല. ഗായത്രി നിഷ്ക്കളതയോടെ പറഞ്ഞു.

സരോജിനിയമ്മ മന്ദഹസിച്ചുകൊണ്ട് പറഞ്ഞു. മോള് പറഞ്ഞ കാര്യങ്ങളെല്ലാം മനസ്സിലാക്കുന്നതോടെ ജീവിതം പൂർണ്ണമാകുന്നു. പൂർണ്ണമായി കഴിഞ്ഞ ജീവിതത്തിന് എന്തർത്ഥമാണുള്ളത്. പൂർണ്ണത തേടിയുള്ള അന്വേഷണമാണ് ഓരോരുത്തരുടെയും ജീവിതം.... പൂർണ്ണത നേടിക്കഴിഞ്ഞാൽ പിന്നെ മരണമാണ് അനിവാര്യം. അതിലൂടെ ഈശ്വരനിൽ ലയിക്കുന്നു അല്ലെങ്കിൽ പ്രകൃതിയിൽ , പഞ്ചഭൂതങ്ങളിൽ ലയിക്കുന്നു.... അതുകൊണ്ട് ജീവിതത്തിന്റെ ലക്ഷ്യം, അർത്ഥം, ദൗത്യം ഇവയെക്കുറിച്ചൊന്നും ചിന്തിക്കരുത്. നല്ലതെന്ന് തോന്നുന്ന കർമ്മങ്ങൾ ചെയ്യുക. അപ്പോൾ ക്രമത്തിൽ നമ്മൾ തേടുന്നത് നമ്മളെ തേടിയെ

ത്തും.....

എല്ലാം ഒരു വിശ്വാസം അല്ലെ? ഗായത്രി നെടുവീർപ്പോടെ പ്രതികരിച്ചു.

അതെയെന്ന അർത്ഥത്തിൽ സരോജിനിയമ്മ ചിരിച്ചു.

അവർ സംസാരിച്ചുനിൽക്കുന്നിടത്തേയ്ക്ക് മാളവിക ഓടിവന്നു. പിന്നാലെ മൂന്നുനാലുകുട്ടികളുമുണ്ട്. മാളവിക ഉത്സാഹത്തോടെ സരോജിനിയമ്മയോട് പറഞ്ഞു. വേലായുധൻ ചേട്ടൻ ഞങ്ങൾക്കെല്ലാം മിഠായി മേടിച്ചുതന്നു. വൈകുന്നേരം എനിക്ക് മായാവീടെ മുഖംമൂടി മേടിച്ചുതരാമെന്നും പറഞ്ഞു. ഗായത്രി മാളവികയുടെ സന്തോഷവും സംഭാഷണവും കൗതുകത്തോടെ ശ്രദ്ധിച്ചു.

ഞങ്ങൾ ചിന്നൂന്റെ വീട്ടിൽ സാറ്റ് കളിക്കാൻ പോവുകയാ. മാളവിക പറഞ്ഞു.

വേണ്ട മോളെ. മോളിപ്പോൾ തന്നെ ഒരുപാട് ഓടി മടുത്തില്ലേ?. ഗായത്രി പറഞ്ഞു.

മാളവിക അത് അത്ര ഗൗനിക്കാതെ കൂട്ടുകാർക്കൊപ്പം ഓടിപ്പോയി.

മാളുവിനിപ്പോൾ എന്നെ ഒരു മീച്ചവുമില്ല. ഗായത്രി പരിഭവത്തോടെ പറഞ്ഞു. മോളെ നോക്കുകയും സ്നേഹിക്കുകയും ചെയ്യേണ്ട സമയത്ത് എന്തിനൊക്കെയോ വേണ്ടി പെടാപ്പാട് പെടുകയാണ്.

അവൾക്കിവിടെ ഒന്നിനും ഒരു കുറവുമില്ല. എല്ലാവരുടെയും കണ്ണിലുണ്ണിയാ. സരോജിനിയമ്മ ഉത്സാഹത്തോടെ പറഞ്ഞു. കളിച്ചും ചിരിച്ചും നടക്കേണ്ട പ്രായത്തിൽ പിള്ളേര് അങ്ങനെതന്നെ നടക്കണം. പ്രത്യേകിച്ച് പെൺകുട്ടികൾ. കുറച്ചുകഴിയുമ്പോൾ അവരുടെ ജീവിതം മറ്റൊരാളുടെ ജീവിതവുമായി കൂടിക്കുഴഞ്ഞുള്ളതല്ലേ?. അത് എങ്ങനെ ആകുമെന്ന് മുൻകൂട്ടി പറയാനാവില്ലല്ലോ.

ഗായത്രി അതെയെന്ന അർത്ഥത്തിൽ തലയാട്ടി മൂളി.

സ്ത്രീ സ്വാതന്ത്ര്യം, സമത്വം എന്നെല്ലാമുള്ളത് ഇന്നും യാഥാർത്ഥ്യമാകാത്ത ഒന്നാണ് ഗായത്രി പറഞ്ഞു. വളർന്നുവരുന്ന മോളെപ്പറ്റി ഓർക്കുമ്പോഴും മനസ്സിൽ ഒരാധിയുണ്ട്.

മക്കളെപ്പറ്റിയുള്ള ആധി എല്ലാ നല്ല അമ്മമാരുടെയും കുടെപ്പിറപ്പാ. സരോജിനിയമ്മ ന്യായീകരണത്തോടെ പറഞ്ഞു.

മാളുവിനെയും കൂട്ടി റെഡ്റോസിലെത്തിയ ഗായത്രി അവർക്ക് ഇഷ്ട

മുള്ള ഐസ്ക്രീം ഉണ്ടാക്കിക്കൊടുത്തു. ഗായത്രിയും രുചിയോടെ ഐസ്ക്രീം കഴിച്ചു. കൂട്ടുകാരോടൊപ്പം കളിച്ചുതളർന്ന മാളു അധികം താമസിക്കാതെ ഉറങ്ങിപ്പോയി. അല്പസമയം വെറുതെയിരുന്നപ്പോൾ ഗായത്രിക്ക് എന്തെങ്കിലുമൊക്കെ ചെയ്യണമെന്ന് തോന്നി... മനസ്സിൽ ഉയർന്നുവന്ന ചെറുകവിത കടലാസിലേക്ക് കുറിച്ചു.

ചുവപ്പ്... അതിന് രക്തത്തന്റെ നിറമാണ്.

ചില കൊടികളുടെ നിറമാണ്

ചതി പ്രയോഗിക്കാത്തവരുടെ മനസ്സാണ്

പ്രതികരിക്കുന്നവരുടെ ഊർജ്ജമാണ്

ചുവപ്പ്.... ഇപ്പോൾ എന്താണ് ?.....

എഴുതിയ കവിതയോട് അത്ര താല്പര്യം പോരാഞ്ഞിട്ട് അത് ചുരുട്ടി മാറ്റിവച്ചു. ഒരു നല്ല പുസ്തകം വായിക്കണമെന്ന് ആഗ്രഹം തോന്നി. പുസ്തകങ്ങൾ തപ്പിക്കൊണ്ടിരുന്നപ്പോഴാണ് എം.ടി. വാസുദേവൻ നായർ തിരക്കഥയെഴുതി ലാൽ ജോസ് സംവിധാനം ചെയ്ത നീലത്താമര കാണുവാൻ തോന്നിയത്. സി.ഡി.കൾക്കിടയിൽനിന്നും നീലത്താമര തപ്പിയെടുത്തു. ലാപ്ടോപ്പ് ഓൺ ചെയ്ത് അതിലൂടെ നീലത്താമര കാണുവാൻ തുടങ്ങി. ഒരുകാലത്തെ കേരളീയ പ്രണയസങ്കല്പത്തിന്റെ നേർക്കാഴ്ചകളിലൂടെ അല്പദൂരം സഞ്ചരിച്ചു. സിനിമ കണ്ടുകൊണ്ടിരുന്നപ്പോൾ പല പ്രാവശ്യം മൊബൈൽ ഫോണിലേക്ക് കോളുകൾ വന്നു. അവരൊടെല്ലാം സംസാരിച്ചുകഴിഞ്ഞപ്പോൾ സിനിമ കാണാനുള്ള മൂഡ് പോയി. തുടർന്ന് സിനിമ കണ്ടപ്പോൾ വല്ലാത്തൊരസ്വസ്ഥത തോന്നി. യഥാർത്ഥത്തിൽ എന്നും പ്രണയസിനിമകൾ ഗായത്രിക്ക് ഇഷ്ടമായിരുന്നു. അടുക്കിവച്ചിരിക്കുന്ന സി.ഡി.കൾക്കിടയിലൂടെ നല്ല തമിഴ് , ഹിന്ദി പ്രണയ സിനിമകൾക്കായി തിരഞ്ഞു. എന്തോ.... പിന്നെ സിനിമ കാണേണ്ടെന്ന് തീരുമാനിച്ചു. ചരടറ്റ പട്ടംപോലെ മനസ്സ് എവിടെയ്ക്കെല്ലാമോ സംഞ്ചരിച്ചുകൊണ്ടിരുന്നു.

മാളവിക ഉണർന്ന് വിളിച്ചപ്പോഴാണ് ഗായത്രി ഉറക്കത്തിൽനിന്നും ഉണർന്നത്. കസേരയിൽ തന്നെയിരുന്നാണ് ഗായത്രി ഉറങ്ങിപ്പോയത്. മാളുവിന് പാല് തിളപ്പിച്ച് ആറിച്ചുകൊടുത്തു. അവൾക്കിഷ്ടമുള്ള പൂരിയും കറിയും ഉണ്ടാക്കി. ഇതിനിടയിലെല്ലാം വന്നുകൊണ്ടിരുന്ന ഫോൺ കോളുകൾക്ക് കാതുകൊടുക്കുകയും ചെയ്തു.

രാത്രിയിൽ യഹൂരയിലെ ചെറിയൊരാഘോഷത്തിന് ഗായത്രിയും

മാളുവും സരോജിനിയമ്മയുമെത്തി. സമൂഹവിവാഹം നടത്തിയവരെല്ലാവരും ഒന്നിച്ച് ചേർന്നിരിക്കുന്നു. അവരുടെ ജീവിതം ശാന്തവും സമാധാനപൂർണ്ണവുമായി മുന്നോട്ടുപോകുന്നതിന്റെ സന്തോഷത്തിനായി ഒരു കേക്ക് മുറിക്കണം. കേക്ക് മുറിക്കാൻ വേണ്ടി അവർ തിരഞ്ഞെടുത്തത് മാളുവിനെയാണ്. മാളു കേക്ക് മുറിക്കുകയും സരോജിനിയമ്മയും ഗായത്രിയും വിവാഹിതർക്ക് നല്ല ആശംസകൾ നേരുകയും ചെയ്തു.

രാത്രി നല്ലതുപോലെ കനത്തു. മാളു ഉറങ്ങിക്കഴിഞ്ഞ് ഗായത്രി ടെലിവിഷനിലൂടെ വാർത്തകൾ കണ്ടു. മനസ്സ് അകാരണമായി അസ്വസ്ഥമായിക്കൊണ്ടിരുന്നു. കമ്മ്യൂണിസ്റ്റ് ഏകോപന സമിതിയുടെ വെബ്സൈറ്റിൽ കയറുന്നതിനുമുമ്പ് ഇ–മെയിലുകൾ പരിശോധിച്ചു. ഗായത്രി തന്നെ മുഖ്യമന്ത്രിയാകണമെന്ന അഭ്യർത്ഥനയുമായി വന്നിരിക്കുന്ന നിരവധി മെയിലുകൾ.

ഗായത്രി ഫേസ്ബുക്കിലൂടെ വീണ്ടും എഴുതി.  അധികാരത്തിന്റെ ഒരു കസേരയിലേക്കും ഞാനില്ല. നിങ്ങൾ എനിക്ക് തരുന്ന എല്ലാ പിന്തുണകൾക്കും ഏറെ നന്ദിയുണ്ട്. നിലവിലുള്ള രാഷ്ട്രീയഭാഷയുടെ വ്യാകരണങ്ങൾക്ക് പുറത്തുവന്ന് പ്രവർത്തിക്കാൻ കഴിയുമോ എന്നാണ് ഞാൻ ചിന്തിക്കുന്നത്. രാഷ്ട്രീയപാർട്ടിയിൽ പ്രവർത്തിക്കുന്നവർതന്നെ അധികാരസ്ഥാനത്ത് വരണമെന്ന് എന്താണ് നിർബന്ധം. കഴിവുള്ളവരെ കണ്ടെത്തി അധികാരസ്ഥാനത്ത് ഇരുത്തണം. നമ്മൾക്ക് ഒരു പ്രസിഡന്റുണ്ടായിരുന്നു. സ്വപ്നം കാണാൻ നമ്മെ പ്രോത്സാഹിപ്പിച്ച ശാസ്ത്രജ്ഞൻ ഡോ. അബ്ദുൾ കലാം. അതുപോലെയുള്ള എത്ര  പ്രതിഭകളുണ്ട്. അവരെയാണ് നമ്മൾക്ക് ഭരണാധികാരികളായി ആവശ്യം. അല്പമൊക്കെ പ്രവർത്തിക്കുമെന്ന് പറഞ്ഞാലും ഒരുപാട് പരിമിതികളുള്ള ഒരു സ്ത്രീയാണ് ഞാൻ. എന്റെ സ്വാർത്ഥതകൾ ഞാൻ മാറ്റിവയ്ക്കുന്നു. മുമ്പ് അധികാരസ്ഥാനങ്ങളിലിരുന്ന് ദുഷിച്ച ഒരാളെയും എന്റെ പാർട്ടി അംഗീകരിക്കില്ല. പാർട്ടിപ്രവർത്തനത്തെയും ഭരണത്തെയും കൂട്ടിക്കുഴയ്ക്കാൻ ഒരു കാരണവശാലും ഞാൻ അനുവദിക്കില്ല....

ഗായത്രിയുടെ മൊബൈൽ ഫോണിലേക്ക് ഗോപീകൃഷ്ണന്റെ കോൾ വന്നു. ഗായത്രി മൊബൈലിന്റെ സ്വിച്ചമർത്തി. കോൾ സ്വീകരിച്ചു. അങ്ങേ തലയ്ക്കൽ നിന്നും ഗോപീകൃഷ്ണൻ സംസാരിച്ചുതുടങ്ങി. .... മാഡം ഇപ്പോൾ ഫേസ്ബുക്കിൽ രേഖപ്പെടുത്തിയത് കണ്ടു.... അങ്ങനെയൊക്കെ എഴുതണമോ? സമൂഹത്തിന്റെ പൊതുമന:സാക്ഷിയിൽ വിപ്ലവവിജയത്തിനുശേഷം ഭരണം സ്വീകരിക്കുകയെന്നുള്ളത് അനിവാര്യതയാണ്. ജനാധിപത്യസംവിധാനത്തിലും പ്രതികരണങ്ങളുടെയും

പ്രതിഷേധങ്ങളുടെയും വിജയകരമായ പരിസമാപ്തി ഭരണത്തിലെത്തുകയാണ്....

എന്റെ നയങ്ങളും തീരുമാനങ്ങളുമാണ് ഞാനെഴുതിയത്. ഗായത്രി ഉറച്ച ശബ്ദത്തിൽ പറഞ്ഞു. എന്റെ വിശ്വാസങ്ങളിൽ നിന്ന് എനിക്ക് ഒളിച്ചോടാനാവില്ല.

കൂടുതൽ സംസാരിക്കാൻ താല്പര്യമില്ലാതെ ഗായത്രി കോൾ കട്ടു ചെയ്തു. ചില നിമിഷങ്ങളിലെ ആലോചനയ്ക്കുശേഷം മൊബൈൽ ഫോൺ സ്വിച്ചോഫ് ചെയ്തു. ഓരോന്ന് ആലോചിച്ചുകൊണ്ടിരുന്നപ്പോൾ ഹെർമൻ ഹെസ്സെയുടെ സിദ്ധാർത്ഥ വീണ്ടും വായിക്കാൻ തോന്നി. ഷെൽഫിലെ പുസ്തകങ്ങൾക്കിടയിൽനിന്നും ആർ. രാമൻ നായർ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ സിദ്ധാർത്ഥ തപ്പിയെടുത്തു. മൂലകൃതിയുടെ ചൈതന്യവും വായനാസുഖവും ഒട്ടും ചോർന്നുപോകാതെയാണ് രാമൻ നായർ പരിഭാഷ നിർവ്വഹിച്ചിരിക്കുന്നത്. ഗായത്രി നോവൽ വായിച്ചുതുടങ്ങി. സിദ്ധാർത്ഥൻ എന്ന കോമളനായ ബ്രാഹ്മണകുമാരൻ വീടിന്റെ തണലിൽ, തോണികളുടെ സമീപത്ത് നദിക്കരയിലെ വെയിലിൽ, മുളങ്കാടുകളുടെയും അത്തിമരക്കൂട്ടങ്ങളുടെയും നിഴലിൽ വളർന്നു...

രാത്രികാറ്റ് മന്ദമായി വീശിക്കൊണ്ടിരുന്നു. ആ കാറ്റിന് രാത്രിപുഷ്പങ്ങളുടെ ഊഷ്മളമായ സുഗന്ധമുണ്ടായിരുന്നു. ചീവീടുകൾ രാത്രിക്ക് താളം പിടിച്ച് ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു. രാത്രിയുടെ ഓരോ യാമങ്ങൾ പിന്നിടുമ്പോഴും സമയപ്രവാഹത്തെ ഓർമ്മിപ്പിച്ചുകൊണ്ട് പക്ഷികൾ അനുയോജ്യമായ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരുന്നു. ഗായത്രി മറ്റൊന്നും അറിയാതെ നോവലിന്റെ അന്തർധാരകളിലേക്ക് മനസ്സിനെ പായിച്ചുകൊണ്ടിരുന്നു. താനൊരു ബ്രാഹ്മണനായിരുന്നപ്പോഴും താപസനായിരുന്നപ്പോഴും അഹന്തയോട് പൊരുതിയത് നിഷ്ഫലമായിപോയതിന്റെ കാരണം സിദ്ധാർത്ഥന് മനസ്സിലായി. അമിതമായ അറിവാണ് തന്റെ വിജയത്തെ തടഞ്ഞത്..

– ഇതൊരു കല്ലാണ്. ആ കല്ല് കയ്യിൽ വച്ചുകൊണ്ട് അവൻ പറഞ്ഞു. കുറെക്കാലം കഴിയുമ്പോൾ ഇത് മണ്ണായിത്തീരും. മണ്ണിൽനിന്നും ഇതൊരു മരമായിത്തീരും. അല്ലെങ്കിൽ മൃഗമോ മനുഷ്യനോ ആവും. മുമ്പാണെങ്കിൽ ഞാൻ പറഞ്ഞേനെ. ഈ കല്ല് വെറുമൊരു കല്ലാണെന്ന്, ഇതിന് ഒരു വിലയുമില്ലെന്ന്. ഇത് മായികപ്രപഞ്ചത്തിന്റെ ഭാഗമാണെന്ന്, എന്നാൽ പരിണാമ ചക്രത്തിനുള്ളിൽ ഇത് മനുഷ്യനോ ആത്മാവോ ആയിത്തീരാമെന്നതുകൊണ്ട് ഇതിനും പ്രാധാന്യമുണ്ടെന്ന്

ഒക്കെ....

.... കാലം യാഥാർത്ഥ്യമാണോ എന്നറിയാതെ.... അയാളുടെ മുഖത്ത് കണ്ണുനീർ യിയന്ത്രണമില്ലാതെ ഒഴുകിയിറങ്ങി. അത്യഗാധമായ പ്രേമവും ഭക്ത്യാദരവുകളും അയാളെ കീഴടക്കി. താൻ ജീവിതത്തിൽ എപ്പോഴെങ്കിലും സ്നേഹിച്ചിട്ടുള്ള എല്ലാത്തിനെയും, താൻ അമൂല്യവും വിശുദ്ധവുമായി കരുതിയിട്ടുള്ള എല്ലാറ്റിനെയും ഓർമ്മിപ്പിക്കുന്ന മന്ദഹാസവുമായി....

നോവൽ വായിച്ചുതീർത്ത ഗായത്രി അങ്ങനെതന്നെ കണ്ണുകൾ അടച്ചു. അപ്പോൾ തെളിഞ്ഞ ഇരുട്ടിലൂടെ സഞ്ചരിച്ച് ഉറക്കത്തിലേക്ക് പ്രവേശിച്ചു.

# 19

## പുഴ ശാന്തമായി ഒഴുകുന്നു

ചിലര് ജീവിതത്തോട് വെറുതെ പ്രതിഷേധിച്ചുകൊണ്ടിരിക്കും. അവർക്ക് അതിന് പ്രത്യേകിച്ച് കാരണമൊന്നും വേണ്ട. യഥാർത്ഥത്തിൽ ജീവിതമെന്ന് പറയുന്നത് ആസ്വദിച്ചു തീരാത്ത സൗന്ദര്യമാണ്. ഈ സൗന്ദര്യത്തെ നമുക്ക് ഏറ്റവും ഇഷ്ടമുള്ള എന്തിനോടും ഉപമിക്കാവുന്നതാണ്.

ഗായത്രി സ്വയം ചിന്തിച്ചുനോക്കി. തന്നെ സംബന്ധിച്ചിടത്തോളം ജീവിതം എങ്ങനെയാണ് ?.... പ്രകൃതിപോലെ.... സാഗരം പോല.... കവിത പോലെ..... ചിന്തകൾക്കൊടുവിൽ ഗായത്രി ഡോ. ജയിംസ് മാത്യുവിന്റെ അടുത്തെത്തി. അവർക്കൊപ്പം മാളവികയുമുണ്ടായിരുന്നു.

ഡോ. ജെയിംസ് വർദ്ധിച്ച ഉത്സാഹത്തോടെയാണ് അവരെ സ്വീകരിച്ചത്. ആമുഖമില്ലാതെ തന്നെ ഗായത്രിയോട് പറഞ്ഞു: അവസരം കിട്ടിയാൽ മുഖ്യമന്ത്രി പദം സ്വീകരിക്കുകതന്നെ ചെയ്യണം. ആഗ്രഹമുള്ളവർക്കല്ല അർഹതയുള്ളവർക്കാണ് അങ്ങനെയുള്ള ഉന്നതസ്ഥാനങ്ങൾ ലഭിക്കേണ്ടത്. പാർട്ടിയുടെ വെബ്സൈറ്റിലൂടെയും ഫേസ്ബുക്കിലൂടെയും എഴുതുന്നതെല്ലാം വായിക്കാറുണ്ട്. അതെല്ലാം പ്രവൃത്തിപഥത്തിൽ എത്തിക്കാൻ കഴിഞ്ഞാൽ ഒരത്ഭുതംതന്നെ ആയിരിക്കും. ജനാധിപത്യത്തിന്റെ സാധ്യതകളും ശക്തിയും ജനങ്ങൾ തിരിച്ചറിയുന്നില്ലെന്നുള്ളതാണ് സത്യം. അത് അവൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ ഗായത്രിയുടെ പ്രവർത്തനങ്ങൾ ഉപകരിക്കും.

നിങ്ങളൊക്കെ പറയുന്ന നല്ല വാക്കുകളും മനസ്സുകൊണ്ട് നൽകുന്ന പിന്തുണയുമാണ് എന്റെ ശക്തി ഗായത്രി ആത്മാർത്ഥമായി പറഞ്ഞു.

ഏതെങ്കിലുമൊരു മതത്തിൽ, അല്ലെങ്കിൽ രാഷ്ട്രീയപ്രസ്ഥാനത്തിൽ സംഘടനയിൽ ബുദ്ധിയെ പണയപ്പെടുത്തിയിരിക്കുന്നവരാണ് ഏറെ

കേരളീയരും. അവരെ അതിൽനിന്നെല്ലാം മോചിപ്പിച്ച് ശരിയായ തീരുമാനങ്ങൾ എടുക്കാൻ കഴിവു ഉള്ളവരാക്കണം....

ഡോക്ടർ ചിരിച്ചുകൊണ്ട് ഗായത്രിയുടെ അഭിപ്രായത്തെ പിൻതുണച്ചു.

ഞാൻ മുമ്പുപറഞ്ഞ കാര്യത്തിൽ നിങ്ങൾ ഒരു തീരുമാനത്തിലെത്തിയോ? ഡോ. ജയിംസ് കൗതുകത്തോടെ തിരക്കി.

എന്താണ് കാര്യമെന്നറിയാൻ ഗായത്രി അല്പം ചെരിഞ്ഞ് സതീശനെ നോക്കി. സതീശനും ഡോക്ടർ ഉദ്ദേശിച്ച കാര്യം മനസ്സിലായില്ല.

നിങ്ങൾ രണ്ടാൾക്കും വലിയ പ്രായമൊന്നും ആയിട്ടില്ല. സ്നേഹത്തോടെയുള്ള ഈ കൂടിച്ചേരലിന് മധുരം കൂട്ടാൻ ഒരു കുട്ടികൂടി ആവാം. ഡോക്ടർ പറഞ്ഞു. ജീവിതത്തിലെ മറ്റുജോലികളും തിരക്കുമെല്ലാമായി ഇതിനെ കൂട്ടിക്കുഴയ്ക്കേണ്ട കാര്യമില്ല. ചില നിമിഷത്തെ മൗനത്തിനുശേഷം തുടർന്നു. മാളുവിനും ഒരു കൂട്ട് ആവശ്യമാണ്.

മാളു അടക്കിപ്പിടിച്ച് ചിരിച്ചു. അവളുടെ ചിരികേട്ട് എല്ലാവരും കൗതുകത്തോടെ അവളെത്തന്നെ ശ്രദ്ധിച്ചു.

മാളുവിന് ഒരു കുഞ്ഞനുജനേ വേണോ? അനുജത്തിയെ വേണോ? ഡോക്ടർ ആകാംക്ഷയോടെ തിരക്കി.

മാളു സതീശന്റെയും ഗായത്രിയുടെയും മുഖത്തേയ്ക്ക് മാറിമാറി നോക്കിയതിനുശേഷം ഡോക്ടറോട് പറഞ്ഞു. കുഞ്ഞനുജത്തിയെ മതി.

അതെന്താ മാളു അനുജത്തിയെ മതിയെന്ന് പറഞ്ഞത്? ഡോക്ടർ ചോദിച്ചു.

ഒരനുജനുണ്ടായാൽ അച്ഛനും അമ്മയ്ക്കും അവനോടാകും കൂടുതൽ സ്നേഹം. മാളു ന്യായീകരണത്തോടെ തുടർന്നു. അനുജനാണെങ്കിൽ എന്നെ ഒത്തിരി പോരുകുത്തുകയും ചെയ്യും.

മാളുവിന്റെ സംസാരം കേട്ട് എല്ലാവരും ചിരിച്ചു.

ഗായത്രിയുടെ മൊബൈലിലേക്ക് ഒരു കോളുവന്നു. ഗായത്രി കോളെടുത്തു. പാലക്കാട്ടുനിന്നും ജില്ലാസെക്രട്ടറി സുരേന്ദ്രനാണ് വിളിച്ചത്.

പാർട്ടിയുടെ ആൾക്കാർ നമ്മളുടെ മൂന്ന് പ്രവർത്തകരെ മർദ്ദിച്ച്

അവശരാക്കി. സുരേന്ദ്രൻ തുടർന്നുപറഞ്ഞു. അവരിപ്പോൾ ജില്ലാശുപത്രിയിലാണ്. നമ്മൾ എന്ത് നിലപാടാണ് സ്വീകരിക്കേണ്ടത്.

തിരിച്ചൊരാക്രമണം വേണ്ട. ഗായത്രി കാര്യവിവരങ്ങൾ ഗ്രഹിച്ച് തുടർന്നു: ഉടൻതന്നെ ഒരു പ്രതിഷേധ യോഗം നടത്താനുള്ള ഏർപ്പാടുകൾ ചെയ്യണം. അടുത്തുള്ള നേതാക്കളെയും പ്രവർത്തകരെയും അവിടെയെത്തിക്കാനുള്ള മുഴുവൻ സംവിധാനവും ഞാൻ ചെയ്തുകൊള്ളാം.

സുരേന്ദ്രന്റെ കോൾ കട്ടുചെയ്തതിനുശേഷം ഗായത്രി വേഗം പവിത്രനെ വിളിച്ചു. സുരേന്ദ്രൻ അറിയിച്ച കാര്യം വിശദീകരിച്ചു. അവിടെ നടക്കുന്ന പ്രതിഷേധയോഗത്തിൽ പങ്കെടുക്കണമെന്ന് നിർദ്ദേശിച്ചു.

ഡോ. ജെയിംസും സതീശും ഗായത്രിയുടെ സംഭാഷണം ശ്രദ്ധിച്ചുകൊണ്ടിരുന്നു. നിമിഷനേരംകൊണ്ട് കാര്യങ്ങൾ ഗ്രഹിക്കാനും തീരുമാനമെടുക്കാനുമുള്ള ഗായത്രിയുടെ കഴിവിനെ ഡോക്ടർ പ്രശംസിച്ചു. അതൊന്നും വലിയകാര്യമല്ലെന്ന മട്ടിലാണ് ഗായത്രി പ്രതികരിച്ചത്.

ഡോക്ടറുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ചതിനുശേഷം ഗായത്രിയും സതീശനും മാളവികയും കാറിൽ യഹൂരയിലേക്ക് തിരിച്ചു. യാത്രയ്ക്കിടയിൽ ഗായത്രിയും സതീശനും അവരുടെ ഭാവിജീവിതത്തെപ്പറ്റി പലതും ആസൂത്രണം ചെയ്തുകൊണ്ടിരുന്നു. ഗായത്രി രാഷ്ട്രീയത്തിൽതന്നെ സജീവമായി തുടരണമെന്ന് സതീശൻ അഭിപ്രായപ്പെട്ടു. താനിനി രാഷ്ട്രീയത്തിലേക്കില്ലെന്നും ഗായത്രിയുടെ ഒരു പ്രവർത്തനങ്ങളിലും ഇടപെടുകയില്ലെന്നും സതീശൻ ഉറപ്പിച്ചുപറഞ്ഞു. രാഷ്ട്രീയപ്രവർത്തനത്തിൽനിന്നും ഗായത്രി ഒരു തരത്തിലുള്ള പണവും സമ്പാദിക്കണ്ടെന്നും സതീശൻ പറഞ്ഞു. സ്വന്തമായി ഒരു തൊഴിൽ കണ്ടെത്തി ചെയ്യണമെന്ന സതീശന്റെ ആഗ്രഹത്തെ ഗായത്രി പിൻതുണയ്ക്കുകയും ചെയ്തു.

യഹൂരയിലെത്തിയ ഗായത്രി ഉടൻതന്നെ സരോജിനിയമ്മയെ കാണുവാൻ തീരുമാനിച്ചു. ഗായത്രി എടുക്കുന്ന ഏതു തീരുമാനവും ആദ്യം പറയുന്നത് സരോജിനിയമ്മയോടാണ്. സരോജിനിയമ്മയുടെ അടുത്തേയ്ക്ക് പോകുന്നതിനുമുമ്പ് സതീശനേയും മാളവികയേയും റെഡ് റോസിലെത്തിച്ചു. അവർക്ക് കുടിക്കാനുള്ളത് എടുത്തുകൊടുത്തു. വീട്ടിലെ ജോലികൾ പെട്ടെന്ന് ചെയ്തുതുടങ്ങി. അപ്പോഴെല്ലാം ഗായത്രിയുടെ മനസ്സിൽ വല്ലായ്കയുടെ ഒരു പുഴ പെയ്തടങ്ങിയ മഴയ്ക്കുശേഷമെന്നതുപോലെ ഒഴുകിക്കൊണ്ടിരുന്നു.

സരോജിനിയമ്മ ഗായത്രിയുടെ ആഗ്രഹത്തെ പിൻതുണച്ചുകൊണ്ട് പറഞ്ഞു. ജീവിതം.... ജീവിതം മാത്രമാണ്. ജീവിക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരെ സംബന്ധിച്ചിടത്തോളമേ അതിന് പ്രസക്തിയും സൗന്ദര്യവുമുള്ളൂ. സാമൂഹ്യപ്രവർത്തനങ്ങളും അതിന്റെ സംഘർഷങ്ങളും ഒരു വശത്തുകൂടെ പോകുമ്പോൾ മറുവശത്തുകൂടെ വ്യക്തിജീവിതം ശാന്തവും ഉന്മേഷകരവുമായി പോയിക്കൊണ്ടിരിക്കണം. ഇതിനെ രണ്ടിനെയും സമന്വയിപ്പിച്ചുകൊണ്ടുപോകുന്നവരുടെ ജീവിതം പൊതുവേ വിജയമാണ്. ഡോക്ടർ നിർദ്ദേശിച്ച അഭിപ്രായം തന്നെയാ എനിക്കുമുള്ളത്. ഈ കൂടിച്ചേരലിന് മധുരം പകരാൻ ഒരു കുട്ടികൂടി വേണം. വരുവാൻ പോകുന്ന ഇലക്ഷനെപ്പറ്റിയോ പാർട്ടിയുടെ പ്രവർത്തനങ്ങളെപ്പറ്റിയോ അധികം ചിന്തിച്ച് മനസ് അസ്വസ്ഥമാക്കണ്ട. എല്ലാം ശുഭമായി നടന്നുകൊള്ളും.

സമാധാനമായി. ഗായത്രി സന്തോഷത്തോടെ പറഞ്ഞു. പ്രതിസന്ധികൾ വരുമ്പോഴും തീരുമാനത്തിലെത്താൻ ബുദ്ധിമുട്ടുമ്പോഴും സരോജിനിയമ്മ നൽകുന്ന നിർദ്ദേശങ്ങൾ എന്നെ സംബന്ധിച്ചിടത്തോളം ആശ്വാസകരമാണ്.

തല്ക്കാലത്തേയ്ക്ക് ഈ പരിസരത്തുനിന്നുള്ള മാറിത്താമസവും അനിവാര്യമാണ്. സരോജിനിയമ്മ ന്യായീകരണത്തോടെ തുടർന്നു. കഴിഞ്ഞകാലം അത്ര നല്ലതല്ലെങ്കിൽ അതിനെ മറക്കുന്നതാണ് നല്ലത്. ഗായത്രിയെ സംബന്ധിച്ചിടത്തോളം ഈ യഹൂര ഒരുപാട് അനുഭവങ്ങൾ നൽകിയിട്ടുണ്ട്. അത് നല്ലതാണോ ചീത്തയാണോയെന്ന് വിലയിരുത്തുന്നതിൽ അർത്ഥമില്ല. പുതിയൊരു തീരുമാനം.... പുതിയൊരു ജീവിതം അതിന് പുതിയൊരു സ്ഥലമാണ് നല്ലത്.

ഒരു മാറിത്താമസത്തെപ്പറ്റിയൊന്നും ഞാൻ ചിന്തിച്ചിട്ടില്ല. ഗായത്രി പറഞ്ഞു. അതിനുപറ്റിയ അവസ്ഥയോ അന്തരീക്ഷമോ ഇപ്പോഴെനിക്കില്ല. യഥാർത്ഥത്തിൽ എന്നെ സഹായിച്ച് ഇത്രയുംവരെ എത്തിച്ചത് ഈ യഹൂരയിലെ സ്നേഹമുള്ള ആൾക്കാരാണ്.

സരോജിനിയമ്മ ചിരിച്ചു.

ഇവിടെനിന്നുള്ള പൂർണമായ മാറ്റത്തെപ്പറ്റിയല്ല പറഞ്ഞത്. സരോജിനിയമ്മ കാര്യഗൗരവത്തോടെ പറഞ്ഞു. മനസ്സിന് ഉല്ലാസം കിട്ടുന്ന ചെറിയൊരു മാറ്റം. നഗരത്തിലെ പുഴയോടുചേർന്ന് എനിക്കൊരു നല്ല വീടുള്ള വിവരം അറിയാമല്ലോ. അതിപ്പോൾ വെറുതെ കിടക്കുകയാ. ഗായത്രി എതിരൊന്നും പറയാതെ അവിടെപോയി താമസിക്കണം. ജീവി

തത്തിന്റെ സുരക്ഷിതത്വത്തിനും പൊതുപ്രവർത്തനത്തിനുമെല്ലാം ഉചിതം അതാണ്.

എനിക്കൊരു അമ്മയില്ലാത്തതിന്റെ, സ്വന്തക്കാരില്ലാത്തതിന്റെ ബുദ്ധിമുട്ട് ഞാൻ മറക്കുന്നത് സരോജിനിയമ്മയുടെ സ്നേഹത്തിനുമുന്നിലാ. ഗായത്രി നിറഞ്ഞുതുടങ്ങിയ കണ്ണുകൾ തുടച്ചുകൊണ്ട് പറഞ്ഞു. സരോജിനിയമ്മകൂടി ഞങ്ങൾക്കൊപ്പം അവിടേയ്ക്ക് വരണം. അതൊരു ശക്തിയാ....

സരോജിനിയമ്മ ചിരിച്ചുകൊണ്ടു പറഞ്ഞു. അത് എന്റെ വീടല്ലേ. അവിടേയ്ക്ക് ഞാൻ തീർച്ചയായും വരും. ഗായത്രിമോൾക്ക് ഒരു കുട്ടിയുണ്ടാകുമ്പോൾ ഒരു മുത്തശ്ശിയുടെ സ്നേഹം കൊടുത്ത് ആ കുട്ടിയെ വളർത്താൻ....

സന്തോഷമാണോ സരോജിനിയമ്മയോടുള്ള സ്നേഹമാണോ എന്ന് തിരിച്ചറിയാനാവാത്ത ഒരു വികാരത്തിന്റെ ശക്തിയിൽ ഗായത്രി കരഞ്ഞുപോയി. ആ കരച്ചിൽ നിയന്ത്രിക്കാനാവാതെ സരോജിനിയമ്മയെ കെട്ടിപ്പിടിച്ചു. സരോജിനിയമ്മ പുറത്തുതട്ടിയും ഓരോന്ന് പറഞ്ഞും ഗായത്രിയെ ആശ്വസിപ്പിച്ചുകൊണ്ടിരുന്നു.

അധികമാരോടും പറയാതെയാണ് ഗായത്രി നഗരത്തിലുള്ള വീട്ടിലെത്തുന്നത്. എല്ലാ സൗകര്യങ്ങളുമുള്ള മനോഹരമായ വീട്. അതിന്റെ ഒരു വശത്തുകൂടി പുഴ സജീവമായി ഒഴുകിക്കൊണ്ടിരുന്നു. ഗായത്രിയുടെ ഫോണിലേയ്ക്ക് വിളിച്ച് പലരും പുതിയ വീട്ടിലേക്ക് മാറിയതിലുള്ള ആശംസയും സന്തോഷവും അറിയിച്ചു. ഒരു സാമൂഹ്യപ്രവർത്തകയുടെ ജീവിതത്തിലെ സ്വകാര്യതകൾ മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം ആഘോഷം മാത്രമാണെന്ന് ഗായത്രിക്ക് മനസ്സിലായി.

അരുൺശങ്കറുമായി ബന്ധപ്പെടാൻ മൊബൈലിലൂടെ രണ്ടുമൂന്ന് പ്രാവശ്യം ശ്രമിച്ചിട്ടും നടന്നില്ല. ഫോൺ റിങ് ചെയ്തിട്ടും അവൻ എടുത്തില്ല. തുടർന്ന് ഗായത്രി മൊബൈലിൽ വർഷ സാമുവേലിനെ വിളിച്ചു. നഗരത്തിൽ തന്നെയുള്ള വർഷയോട് ഗായത്രിയുടെ വീട്ടിലേക്ക് വരുവാൻ പറഞ്ഞു.

വർഷ ഒരു ഓട്ടോയിലാണ് ഗായത്രി താമസിക്കുന്ന വീട്ടിലെത്തിയത്. ഗായത്രി മൊബൈൽ ഫോൺ വർഷയെ ഏല്പിച്ചുകൊണ്ടുപറഞ്ഞു. ആര് വിളിച്ചാലും ഞാനുമായി ഇപ്പോൾ ബന്ധപ്പെടാൻ പറ്റില്ലെന്ന് പറഞ്ഞാൽ മതി. മൂന്നുനാലുദിവസത്തേയ്ക്ക് ഞാൻ തിരക്കിലാണെന്നും പറയണം. അത്യാവശ്യമെന്തെങ്കിലുമുണ്ടെങ്കിൽ പവിത്രനോ

ഗോപീകൃഷ്ണനോ മറ്റുമായി ബന്ധപ്പെടാൻ പറഞ്ഞുകൊള്ളൂ. അരുണിനെ രണ്ടുമൂന്നുവട്ടം വിളിച്ചിട്ടും ഫോണെടുത്തില്ല. വർഷ അവനെ ഫോൺ ഏല്പിച്ചാലും മതി. അവനാകുമ്പോൾ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഒരു പ്രത്യേക കഴിവുണ്ട്.

ചേച്ചി എവിടെയെങ്കിലും പോകുകയാണോ? വർഷ സ്വാതന്ത്ര്യത്തോടെ തിരക്കി.

ഗായത്രി കണ്ണിറുക്കി ചിരിച്ചുകൊണ്ട് വർഷയുടെ കണ്ണുകളിലേക്ക് നോക്കി. ശബ്ദം താഴ്ത്തി പറഞ്ഞു. കുടുംബജീവിതത്തിന്റെ.... ഭാര്യ ഭർത്തൃബന്ധത്തിന്റെ ഊഷ്മളമായ അന്തരീക്ഷം തിരക്കുകളില്ലാതെ ആഘോഷിക്കാമെന്നുവച്ചു. ഈ കാര്യം വർഷമാത്രം അറിയാൻ വേണ്ടി പറഞ്ഞതാ. മറ്റാരോടും ഒന്നും പറയേണ്ട.

വർഷയുടെ ചുണ്ടുകളിൽ ഒരു ചിരി വിടർന്നു. നിഗമനങ്ങളുടെ ആഘോഷകരമായ കുസൃതി ചിരി.

ഗൗതം ജയിലിൽനിന്നും പുറത്തുവന്നതിനുശേഷം നടത്തിയ വെളിപ്പെടുത്തലുകളെപ്പറ്റി ചേച്ചി അറിഞ്ഞോ? വർഷ ചോദിച്ചു.

ഇല്ല, ഒന്നും അറിഞ്ഞില്ല. ഗായത്രി ആകാംക്ഷയോടെ തിരക്കി. എന്ത് വെളിപ്പെടുത്തലുകളാണ്?.

ഒരു പത്രത്തിന് നൽകിയ അഭിമുഖത്തിലാണ് വെളിപ്പെടുത്തൽ നടത്തിയത്. വർഷ തുടർന്നു. പാർട്ടി പറഞ്ഞതനുസരിച്ചാണ് അന്ന് യഹൂരയിലെത്തിയതും ഗായത്രിചേച്ചിയെ പീഡിപ്പിക്കാൻ ശ്രമിച്ചതും.... ആ സംഭവം അയാളെ മാനസാന്തരപ്പെടുത്തിയെന്നാ പറഞ്ഞത്.... പരാജയപ്പെട്ടുപോയ ജീവിതത്തെപ്പറ്റിയോർത്ത് അയാൾ വിലപിച്ചു. ഗായത്രിച്ചേച്ചിയെ എപ്പോഴെങ്കിലും മുന്നിൽ കണ്ടാൽ കാലിൽ വീണു ക്ഷമ ചോദിക്കാനായിട്ടിരിക്കുകയാ....

ഗായത്രി ഒരു നെടുവീർപ്പോടെ നിന്നു. മനസിലൂടെ പെയ്തടങ്ങിയ മഴയ്ക്കുശേഷമുള്ള ചെറുകാറ്റ് വീശി. ആ കാറ്റിന് ശക്തിയേറുകയും ഭൂതകാലത്തിലെ സുഖകരമല്ലാത്ത സംഭവങ്ങൾ ഓർമ്മയിലേയ്ക്ക് കടന്നുവരുകയും ചെയ്തു. ശക്തി കൂടിക്കൂടിവന്ന കാറ്റ് ഓർമ്മയ്ക്കുമേൽ ആഞ്ഞടിച്ചു. അനുനിമിഷം അസ്വസ്ഥത പെരുകിക്കൊണ്ടിരുന്ന ഗായത്രിയെ സമാധാനിപ്പിച്ചുകൊണ്ട് വർഷ പറഞ്ഞു. കഴിഞ്ഞതെല്ലാം ഒരു കഥപോലെ കരുതിയാൽ മതി.

ഗായത്രി അതിന് സമാധാനമൊന്നും പറഞ്ഞില്ല. വർഷയെ യാത്രയാ

ക്കിയതിനുശേഷം വീടിനുള്ളിലേക്ക് കയറി. മനസിനെ ശാന്തമാക്കാനും ഉന്മേഷത്തോടെ നിറുത്താനും പുസ്തകം വായിക്കണമോ സിനിമ കാണ മോയെന്ന് ചിന്തിച്ചുകൊണ്ടിരുന്നു. അപ്പോൾ മാളു അവിടേയ്ക്കുവന്നു. ഗായത്രിയെ കൂടെ ഓടിക്കളിക്കാൻ ക്ഷണിച്ചു. അല്പസമയത്തെ കളി കൾക്കുശേഷം അവർ വീടിനടുത്തുള്ള പുഴയിൽ കുളിക്കാൻ പോയി.

ശാന്തമായി ഒഴുകുന്ന പുഴയിൽ ഗായത്രി നീന്തി നടന്നു. മാളുവിനെ നീന്തൽ പഠിപ്പിക്കാൻ ശ്രമിച്ചു. പുഴയുടെ ചെറുതണുപ്പും ശാന്തതയും ഗായത്രിയിലേക്കും പ്രവേശിച്ചു.

# 20

## ചരിത്രം ആവർത്തിക്കുന്നു

ഗായത്രി ഭർത്താവിനും മകൾക്കുമൊപ്പം നഗത്തിൽ താമസമാക്കിയത് വാർത്തയായി. ഭർത്താവിന്റെ മാനസിക വിഭ്രാന്തി മാറാൻ ശാന്തമായ ജീവിതം ആവശ്യമാണ്. ഒരു കുട്ടിയുടെകൂടി ജനനത്തിനായി തയ്യാറെടുക്കുന്നു. ജീവിതത്തെ ലൈംഗികസാദ്ധ്യതകളിലൂടെ ആഘോഷിക്കുകയാണ്. തിരക്കുകൾക്ക് അല്പകാലത്തേയ്ക്ക് വിടനൽകിയിരിക്കുന്നു. . ഇങ്ങനെയെല്ലാമുള്ള വാർത്തകളാണ് പ്രചരിച്ചത്.

വേണുഗോപാലിന്റെ കൈവെട്ടിയെന്നുള്ള വാർത്ത അക്ഷരാർത്ഥത്തിൽ ഗായത്രിയെ ഞെട്ടിച്ചു. ഗായത്രിയുടെ ആൾക്കാരാണ് അതുചെയ്തതെന്ന് വരുത്തി തീർക്കാൻ പാർട്ടിക്കാരും എതിർചേരികളിലുള്ളവരും ഒരേ മനസ്സോടെ ഒരേ ശബ്ദത്തിൽ പ്രതികരിച്ചു.

ആ സംഭവത്തോട് ഗായത്രി നടത്തിയ പ്രതികരണം ശ്രദ്ധേയമായി. ഞാനോ എന്റെ പാർട്ടിയോ രാഷ്ട്രീയകുതന്ത്രങ്ങളിൽ വിശ്വസിക്കുന്നില്ല. എന്നെ ഉപദ്രവിച്ചതിന്റെ പേരിൽ എനിക്ക് വേണുഗോപാലിനോട് പ്രതിഷേധമുണ്ട്. യഥാർത്ഥത്തിൽ വേണുഗോപാൽ പാർട്ടിയുടെ ജില്ലാ സെക്രട്ടറിയായിരുന്ന പ്രതാപന്റെ കരുമാത്രമാണ്. കൈവെട്ടലിന്റെ സത്യം അറിയാൻ പ്രതാപനെ ചോദ്യം ചെയ്താൽ മാത്രം മതി.... ആവശ്യമെങ്കിൽ വേണുഗോപാലിന്റെ ആശുപത്രി ചിലവ് മുഴുവൻ ഞാനും എന്റെ പ്രസ്ഥാനവും ചേർന്ന് നൽകുവാൻ തയ്യാറാണ്. എന്തു ത്യാഗം സഹിച്ചും വേണുഗോപാലിന്റെ കൈവെട്ടിയവരെ കണ്ടെത്തണം....

ഗായത്രിയുടെ നിർദ്ദേശപ്രകാരം ശ്രീലാൽ വീട്ടിലെത്തി. വേണുഗോപാലിന്റെ കൈവെട്ടിയത് ആരാണെന്ന് അറിയുവാൻ കഴിയുമോയെന്ന് തിരക്കി. ശ്രീലാൽ ചില നിഗമനങ്ങൾ ഗായത്രിയുടെ മുന്നിൽ നിരത്തി. സാഹചര്യത്തെളിവുകൾ വിരൽ ചൂണ്ടുന്നത് ചില തീവ്രവാദി സംഘടനകളുടെ സാന്നിദ്ധ്യമാണ്. കൈവെട്ടുന്നതിനുമുമ്പ് നടത്തിയ സ്ഫോട

നത്തിനുപയോഗിച്ച ബോംബ്, കൈവെട്ടുവാൻ ഉപയോഗിച്ച നീളമുള്ള കത്തി തുടങ്ങിയവയും ഉപേക്ഷിച്ചുപോയ വാഹനത്തിലെ ചില തെളിവുകളും അവരിലേയ്ക്കാണ് നയിക്കുന്നത്. എന്റെ അറിവ് ശരിയാണെങ്കിൽ ഇതിനുപിന്നിൽ സസ്പെൻഷനിൽ നിൽക്കുന്ന ഐ.ജി. ശിവശങ്കറാണ്. ഒന്നിലധികം തീവ്രവാദി സംഘടനകളുമായി അദ്ദേഹത്തിന് ബന്ധമുണ്ട്.

ഗായത്രി ദീർഘമായൊന്ന് നിശ്വസിച്ചു.

ശിവശങ്കർ ആർക്കുവേണ്ടി ചെയ്തു എന്നതാണ് തെളിയിക്കേണ്ടത്. ശ്രീലാൽ പറഞ്ഞു. ഭരണസംവിധാനം മാറിയാലും ഇവർക്കൊക്കെയുള്ള ബന്ധങ്ങൾ മുറിയുന്നില്ലല്ലോ.

ഒരു മൗനത്തിനുശേഷം ഗായത്രി പറഞ്ഞുതുടങ്ങി. ശ്രീലാൽ.... എനിക്ക് താനുമായിട്ടുള്ള ബന്ധം ഏറെ വിവാദങ്ങൾ ഉണ്ടാക്കുന്നതാണല്ലോ. ഗുണ്ടകളുടെ സഹായം ഞാനും സ്വീകരിക്കുന്നെന്ന് പലരും പറയുന്നതിന് കാരണവും ഈ ബന്ധമാണ്... ഈ ഗുണ്ടാപണി താനും മടുത്തില്ലേ....

ഇപ്പോൾ ഗുണ്ടാപ്രവർത്തനങ്ങളൊന്നുമില്ല. ശ്രീലാൽ ആത്മാർത്ഥതയോടെ പറഞ്ഞു. മാഡം പറയുന്ന കാര്യങ്ങൾ ചെയ്യുന്നു എന്നുമാത്രം. അതൊക്കെ നല്ല കാര്യങ്ങൾക്കുവേണ്ടിയാണെന്നുള്ള ബോധ്യവുമുണ്ട്. അധികാരമൊക്കെ കിട്ടിക്കഴിയുമ്പോൾ ഞങ്ങളെപോലെയുള്ളവരെ മറക്കാതിരുന്നാൽ മതി...

ഞാൻ അധികാരസ്ഥാനത്തെയ്ക്കൊന്നും പോകാൻ ഉദ്ദേശിക്കുന്നില്ല. ഗായത്രി തുടർന്നു. ഈ സമൂഹത്തിന് കുറെ നല്ല കാര്യങ്ങൾകൂടി ചെയ്യാനുണ്ട്.

അരുതാത്തതൊന്നും പറയരുത്. ശ്രീലാൽ തുടർന്നു. അധികാരമില്ലെങ്കിൽ കൂടെ നിൽക്കുന്നവർ വരെ ഗൗനിക്കില്ല. അതാ കേരളീയരുടെ സ്വഭാവം. ചിലപ്പോൾ അധികാരം കിട്ടുന്നവർ നിങ്ങളെതന്നെ നിസാരവൽക്കരിച്ചുകളയും. ജനത്തിന്റെ മനസ്സ് അടിയുറച്ചതല്ല. വാർത്തകൾക്കും ആവേശങ്ങൾക്കുമൊപ്പം അവരുടെ ചിന്തകളും മനോഭാവവും മാറിക്കൊണ്ടിരിക്കും.

ഗായത്രി ചിരിച്ചുകൊണ്ട് മറ്റൊരു വിഷയത്തിലേക്ക് കടന്നു. ഷാഫിയും വിജയകുമാറുമൊക്കെ എന്നെ ഒരുപാട് സഹായിച്ചിട്ടുണ്ട്. ഗായത്രി കരുതലോടെ തുടർന്നു. നിങ്ങളെയൊക്കെ ഞാൻ എങ്ങനെയാണ് സഹായിക്കുക?.

ഞങ്ങളൊക്കെ ഗുണ്ടകളായത് സാഹചര്യംകൊണ്ടാണ്. ആദ്യം പാർട്ടിയോടുള്ള അതിരറ്റ സ്നേഹം. പിന്നീട് പാർട്ടിക്കാർ ആദർശത്തിന്റെ പേരിൽ പറയുന്നത് ചെയ്യാനുള്ള ആവേശം. ശ്രീലാൽ തുടർന്നു: സ്നേഹം നടിച്ച് പലരും ഞങ്ങളെ ചതിക്കുകയായിരുന്നു. ക്രമത്തിൽ ക്രിമിനലുകളായി തീർന്ന ഞങ്ങൾക്ക് പിന്നെ ഒന്നിൽനിന്നും മോചനമില്ലയിരുന്നു. അടിസ്ഥാനപരമായി ഞങ്ങളും ആഗ്രഹിക്കുന്നത് ശാന്തമായ ജീവിതമാണ്. ഒരു മൗനത്തിനുശേഷം ശ്രീലാൽ തുടർന്നു പറഞ്ഞു: ഇപ്പോൾ മാഡത്തെ സഹായിക്കുന്നതുപോലും സമൂഹത്തിന് നല്ലത് ചെയ്യണമെന്ന വിശ്വാസത്തിലാണ് .

അല്പസമയത്തെ സംഭാഷണത്തിനുശേഷം ശ്രീലാൽ അവിടെനിന്നും പോയി. ഗായത്രി വീണ്ടും തിരക്കുകളും ആകുലതകളും മനപൂർവ്വം മറക്കാൻ ശ്രമിച്ചു. ഒരു നല്ല കുട്ടി ജനിക്കണമെന്നും ആ കുട്ടി ആണായിരിക്കണമെന്നും ഗായത്രിയുടെ മനസ്സ് ആഗ്രഹിച്ചു. ബുദ്ധിയും സൗന്ദര്യവും സൽസ്വഭാവവുമുള്ള കുട്ടികൾ ഉണ്ടാകുന്നതാണ് ലോകത്തിലെ ഏറ്റവും വലിയ ഭാഗ്യമെന്ന് ഗായത്രിക്ക് അറിയാമായിരുന്നു.

ശാന്തമായ ജീവിതം ഗായത്രിക്ക് പുത്തൻ അനുഭവമായിരുന്നു. ശ്വസിക്കുന്ന വായുവിന് ഉന്മേഷം പകർന്നുതരുന്ന ഗന്ധമാണെന്ന് ഗായത്രി അനുഭവിച്ചറിഞ്ഞത് ഇപ്പോഴാണ്. പകലിന്റെ പ്രകാശം രചിക്കപ്പെടാൻ പോകുന്ന ഒരുപാട് കവിതകളുടെ പുത്തൻഊഷ്മളതയാണെന്ന് ബോധ്യമായി. വീടിന്റെ ഒരു വശത്തുകൂടി ഒഴുകുന്ന പുഴ ഗായത്രിക്ക് ജീവിതത്തെയും മനോഭാവത്തെയുംപറ്റി പലതും പഠിപ്പിച്ചുകൊടുത്തു. ജീവിതംപോലെതന്നെ പുഴയും കാലത്തിലൂടെ മുന്നോട്ട് സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. ഒരിക്കൽ ഒഴുകിപ്പോയ ജലം പോലെയാണ് ജീവിതം. ആ ജലം വീണ്ടും കോരിയെടുക്കുവാൻ കഴിയാത്തതുപോലെ പിന്നിട്ട ജീവിതവും തിരുത്തിയെഴുതാനാവില്ല. പ്രകൃതിയുടെ ഭാവചലനങ്ങൾ പുഴയിൽ പ്രതിഫലിക്കയായിരുന്നു. അടിസ്ഥാനപരമായി പുഴ പോലെയാണ് ജീവിതവും....

ഭക്ഷണം കഴിച്ചും ഇണചേർന്നും പാർപ്പിടത്തിനുള്ളിൽ കഴിയുന്ന മനുഷ്യൻ സമൂഹത്തെ രൂപപ്പെടുത്തുന്നതും നിലനിറുത്തുന്നതും അവർതന്നെ സൃഷ്ടിച്ച നിയമത്തിന്റെയും അധികാര ഘടനയുടെയും പിൻബലത്തിലാണ്. കലയും സാഹിത്യവും സൗന്ദര്യവും ജീവിതത്തിന് പുത്തൻ അനുഭവങ്ങൾ പ്രദാനം ചെയ്യുന്നു. ശാസ്ത്രവും സാങ്കേതികതയും ജീവിതവളർച്ചയെ ത്വരിതപ്പെടുത്തുന്നു. ഇതെല്ലാം യാഥാർത്ഥ്യമായിരിക്കുമ്പോഴും ഒരു വ്യക്തി ഏകനായിരിക്കുമ്പോൾ അവന് എന്ത്

പ്രസക്തിയാണുള്ളത്?. ഗായത്രിയുടെ ചിന്തകൾ പല രീതിയിൽ പുരോഗമിച്ചുകൊണ്ടിരുന്നു.

വീടിനുമുന്നിൽ ഒരു കാർ വന്നുനിൽക്കുന്ന ശബ്ദം കേട്ടപ്പോഴാണ് ഗായത്രി ചിന്തകളിൽനിന്നും ഉണർന്നത്. വാതിൽ തുറന്ന് നോക്കുമ്പോൾ കാറിൽനിന്നും സരോജിനിയമ്മയാണ് ഇറങ്ങുന്നത്. ഗായത്രി വർദ്ധിച്ച ഉത്സാഹത്തോടെ സരോജിനിയമ്മയെ സ്വീകരിച്ച് വീടിനുള്ളിലേക്ക് കൂട്ടി. സരോജിനിയമ്മയെ കണ്ട മാളവികയുടെയും സന്തോഷം അണപൊട്ടി. അവൾ ഓടിച്ചെന്ന് സരോജിനിയമ്മയെ കെട്ടിപ്പിടിച്ചു. സരോജിനിയമ്മ മാളവികയുടെ കവിളുകളിൽ വാത്സല്യത്തോടെ മാറിമാറി ഉമ്മവച്ചു. ഉൾമുറിയിൽനിന്ന് സതീശനും അവിടേയ്ക്കെത്തി . ഇഴയടുപ്പമുള്ള ബന്ധത്തിന്റെ ഊഷ്മളതയോടെ അവൾ കുശലങ്ങൾ പറഞ്ഞിരുന്നു. ഒരുമിച്ച് കാപ്പിയും പലഹാരങ്ങളും കഴിച്ചു. സംസാരത്തിനിടയിൽ അല്പം രാഷ്ട്രീയവും കടന്നുവന്നു.

പാർട്ടിക്കാർ പ്രകടനം നടത്തുന്ന ഈ ദിവസംതന്നെ നമ്മളുടെ ആൾക്കാർ കൈവെട്ട് സംസ്കാരത്തിനെതിരെ വിശദീകരണയോഗം നടത്താൻ തീരുമാനിച്ചത് നന്നായില്ല. സരോജിനിയമ്മ തുടർന്നു. ആവശ്യമില്ലാതെ പ്രശ്നങ്ങൾ ഉണ്ടാക്കാനേ ഇതൊക്കെ ഉപകരിക്കൂ.

ഏറിയാൽ ഒരാഴ്ച. അതിനുശേഷം ഞാൻ സജീവമായി രംഗത്തിറങ്ങും. ഗായത്രി ഉറച്ച മനസ്സോടെ പറഞ്ഞു. അതിനുള്ള ഒരു മാനസിക തയ്യാറെടുപ്പ് കൂടിയാണ് ഇപ്പോൾ നടത്തുന്നത്. ഒരു നിശബ്ദതയ്ക്കുശേഷം തുടർന്നു. അധികാരം ആത്യന്തികലക്ഷ്യമല്ലാത്ത പ്രവർത്തനങ്ങളായിരിക്കും ഇനി നടത്തുന്നത്. ഭരണം കിട്ടിയാൽ ചെയ്യുന്ന കാര്യങ്ങൾ വ്യക്തമായി ജനത്തിനുമുന്നിൽ വയ്ക്കും. അവരുടെകൂടി മനസ്സും മനോഭാവവും അറിഞ്ഞേ പ്രവർത്തനങ്ങൾ നടത്തൂ.... ആദ്യം ചെയ്യേണ്ടത് ദുർബ്ബലമായ നമ്മളുടെ നിയമവ്യവസ്ഥയെ ശക്തമാക്കുകയാണ്.... ജനം കോമാളികളായി കരുതുന്ന നിയമപാലകരെ ശരിയായ ദിശയിൽ കൊണ്ടുവന്ന് അവരിൽ ജനത്തിന് വിശ്വാസമുണ്ടാക്കണം.... അധികാരം മോഹിക്കുന്നവരല്ല അർഹതയുള്ളവരാണ് ഭരണാധികാരികളായി വരേണ്ടത്. ജനാധിപത്യത്തിന്റെ ശക്തി ജനങ്ങൾ തിരിച്ചറിയണം....

ഇതെല്ലാം നടപ്പാക്കാനുള്ള ശക്തിയും കരളുറപ്പും ഗായത്രിമോൾക്കുണ്ട്. സരോജിനിയമ്മ ആത്മവിശ്വാസത്തോടെ പറഞ്ഞു.

അല്പസമയത്തെ സഹൃദസംസാരത്തിനുശേഷം കൊണ്ടുവന്ന

പണം ഗായത്രിയെ ഏല്പിച്ചുകൊണ്ട് പറഞ്ഞു. ഈ പണം മോളുടെ കൈയ്യിൽ തരാനാണ് ഞാൻ വന്നത്. പണത്തിന് ഇനിയും കൂടുതൽ ആവശ്യമുണ്ടെങ്കിൽ എന്നോടുപറയാൻ മടിക്കേണ്ട. എനിക്കുള്ളതെല്ലാം മോൾക്കുള്ളതാണ്.

ഗായത്രി നന്ദിപൂർവ്വം ചിരിച്ചു.

സരോജിനിയമ്മ പോകുവാൻ തുടങ്ങിയപ്പോൾ മാളവികയുംകൂടെ പോകണമെന്ന് പറഞ്ഞ് കരഞ്ഞു. അവസാനം മാളവികയുടെ ശാഠ്യത്തിനുവഴങ്ങി അവളെ സരോജിനിയമ്മയ്ക്കൊപ്പം അയച്ചു. സരോജിനിയമ്മ മാളവികയേയും കൂട്ടി പോയിക്കഴിഞ്ഞപ്പോൾ ഗായത്രി അടുക്കളയിലേക്കു നടന്നു. അപ്പോൾ മാളവികയ്ക്ക് സരോജിനിയമ്മയോടും സരോജിനിയമ്മയ്ക്ക് മാളവികയോടുമുള്ള ഇഷ്ടത്തെപറ്റി ചിന്തിച്ചു.

സതീശന് ഇഷ്ടമുള്ള കഞ്ഞിയും പയറുകറിയും ഉണ്ടാക്കുവാൻ തുടങ്ങി. ഗായത്രിയോട് ഓരോ വർത്തമാനങ്ങൾ പറഞ്ഞ് സതീശനും അവിടേയ്ക്ക് വന്നു. അവരുടെ വർത്തമാനത്തിൽ ഭാവിജീവിതം രാഷ്ട്രീയം തുടങ്ങിയുള്ളതെല്ലാം കടന്നുവന്നു.

കുളികഴിഞ്ഞ് മനോഹരമായ വസ്ത്രങ്ങൾ ധരിച്ച് അവർ ഡോയിങ്ങ് റൂമിലെത്തി. സതീശൻ ടെലിവിഷനിലെ മ്യൂസിക് ചാനലിൽനിന്നും പ്രണയഗാനങ്ങൾ സെലക്റ്റ് ചെയ്തു. വീടിനുള്ളിൽ കരുതിയിരുന്ന പുഷ്പങ്ങളുടെ പരിമളം മെല്ലെ പരന്നുകൊണ്ടിരുന്നു.

ഗായത്രി പ്രണയപൂർവ്വം സതീശനെ നോക്കി കണ്ണിറുക്കി. സതീശന്റെ ചുണ്ടുകളിലും ഒരു കുസൃതിച്ചിരി വിടർന്നു. കാലം അവർക്കിടയിൽ ചെറുതായി. പ്രണയത്തിന്റെ ഊഷ്മളത അവർക്കുള്ളിൽ പുനർജ്ജീവിച്ചു. ദീർഘമായ യാത്രയ്ക്കൊടുവിൽ സാഗരത്തിലേക്ക് ചേരുന്ന നദിയുടെ ആഹ്ലാദശബ്ദം കേട്ട് അവർ തുള്ളിച്ചാടി.

ഗായത്രി പ്രേമപൂർവ്വം സതീശനോട് ചേർന്നുനിന്നു. സീതശൻ അവളുടെ കവിളുകളിൽ മൃതുവായി ചുംബിച്ചു. അവരുടെ സ്നേഹപ്രകടനം ക്രമത്തിൽ തീവ്രമായ വൈകാരികതയ്ക്ക് വഴിമാറി. പുരുഷന്റെയും സ്ത്രീയുടെയും വൈകാരികഭാവങ്ങൾ. ശക്തമായ ചുഴലിക്കാറ്റിനെയും ഇടിനാദത്തെയും പേമാരിയെയും അനുസ്മരിപ്പിക്കുന്ന വൈകാരിക ഉത്സവം. അത് അങ്ങനെ ആഘോഷകരമായി തുടരുകയാണ്. ഇരുട്ട് അവർക്ക് ആത്മവിശ്വാസത്തിന്റെ മറപിടിച്ചുനിന്നു.

ശബ്ദംകേട്ടാണ് സതീശനും ഗായത്രിയും കിടക്കയിൽനിന്നും ഞെട്ടിയുണർന്നത്. നഗ്നതയെപ്പറ്റി ഓർമ്മിച്ച അവർ വസ്ത്രങ്ങൾ ഇരുട്ടിൽ

തപ്പിത്തടഞ്ഞെടുത്ത് ധരിച്ചുതുടങ്ങി. അടക്കിപ്പിടിച്ച ഒരു നെടുവീർപ്പ്. കാലടികൾ വയ്ക്കുന്നതിന്റെ പതുങ്ങിയ ശബ്ദം. സതീശൻ ശബ്ദമുയർത്തി ചോദിച്ചു. ആരാ.... എന്തുവേണം?. വേഗം തന്നെ തപ്പിത്തടഞ്ഞ് മുറിയിലെ ലൈറ്റിട്ടു.

ഭിത്തിയോട് ചേർന്നുനിൽക്കുന്ന ഒരുവൻ. കറുത്ത വസ്ത്രങ്ങളും മുഖംമൂടിയും അണിഞ്ഞിട്ടുണ്ട്. അയാളുടെ കൈയ്യിൽ നീട്ടിപ്പിടിച്ചിരിക്കുന്ന ഒരു റിവോൾവറുമുണ്ട്. മരണത്തിന്റെ ദൃശ്യസൂചനയെന്നപോലെ അവർക്കിടിയിലൂടെ ഒരു കറുത്ത വവ്വാൽ ചിറകടിച്ച് പറന്നു.

അടുത്തക്ഷണം അയാൾ നിറയൊഴിച്ചു. സതീശന്റെ വലതുകൈയ്യുടെ തോളിൽനിന്നും രക്തം ചാലിട്ടൊഴുകി. ഗായത്രി ഭീതിയോടെ അലറി. സ്ഥലകാലബോധം വീണ്ടെടുത്ത് സതീശൻ പെട്ടെന്നുതന്നെ ഗായത്രിക്ക് മറ സൃഷ്ടിച്ചുനിന്നു. അടുത്ത വെടി ലക്ഷ്യംതെറ്റി അവർക്കുപിന്നിലെ ഭിത്തിയിലെ ഫോട്ടോയിലാണ് കൊണ്ടത്. മനോഹരമായ ചിത്രങ്ങളുള്ള ആ ഫോട്ടോയുടെ ചില്ലുപൊട്ടി തറയിലേക്ക് ചിതറിവീണു... സതീശൻ ഗായത്രിയെ പിടിച്ച് പിന്നിലെ മുറിയിലേക്ക് തള്ളിക്കൊണ്ട് പറഞ്ഞു. നീ അകത്തുനിന്നും കുറ്റിയിട്ട് രക്ഷപെട്ടുകൊള്ളൂ.

സതീശൻ തോക്കുമായി നിൽക്കുന്ന അപരിചിതനുനേരെ കുതിച്ചു. അവനെ കയറിപ്പിടിക്കുന്നതിനുമുമ്പ് അടുത്ത വെടിയുംപൊട്ടി. അത് സതീശന്റെ നെഞ്ചിലാണ് കൊണ്ടത്. ഗായത്രി മുറിയിൽനിന്നും പുറത്തേയ്ക്കിറങ്ങി സതീശന്റെ അടുത്തേയ്ക്ക് വരുവാൻ തുടങ്ങി. സതീശൻ സർവ്വശക്തിയുമെടുത്ത് ആക്രോശിച്ചു. ഇങ്ങോട്ടുവരരുത്. നീ എങ്ങനെയും രക്ഷപെട്....

ആക്രമി റിവോൾവറുമായി ഗായത്രിക്കുനേരെ അടുത്തു. അവൾ മുറിയിൽ കയറി വാതിലടച്ച് കൊളുത്തിട്ടു. പിന്നീട് കതകിൽ ചാരി ഭീതിയോടെ നിന്നു.

സതീശൻ അലറിപ്പറയുന്നത് കേട്ടു. ഗായത്രി... നീ പുറത്തേയ്ക്ക് വരരുത്. എങ്ങനെയും രക്ഷപെടാൻ ശ്രമിക്ക്. ഫോണിൽ ആരെങ്കിലുമായി ഉടൻ ബന്ധപ്പെട്.

വീണ്ടും വെടിപൊട്ടുന്ന ശബ്ദം ഗായത്രി കേട്ടു. മരണം മുന്നിൽ ഫണം വിടർത്തിനിന്ന് ആടുകയാണ്. ഭർത്താവിന്റെ ജീവൻ എടുത്തുകഴിഞ്ഞു. പലവട്ടം ഗായത്രിക്കുമുന്നിൽ പരാജയപ്പെട്ട മരണം കൂടുതൽ കരുത്തോടെ റിവോൾവറുമായി മുഖംമൂടി ധരിച്ചവന്റെ രൂപത്തിൽ എത്തിയിരിക്കുന്നു. രക്ഷയ്ക്കായി പുറത്തേയ്ക്ക് മൊബൈ ഫോണിൽ വിളി

ക്കാൻ നിശ്ചയിച്ചു. മേശമേലിരുന്ന മൊബൈൽ ഫോൺ ഓടിച്ചെന്നെടുത്തു. അപ്പോഴാണ് അതിൽ സിംകാർഡില്ലെന്നുള്ളത് ഓർമ്മിച്ചത്. അക്രമി വാതിലിൽ ആഞ്ഞു ചവിട്ടുന്നതിന്റെ ശബ്ദം. രക്ഷയ്ക്കായി മറ്റുവഴികളൊന്നും കാണാത്ത ഗായത്രിയുടെ മുന്നിൽ ഇരുട്ട് വളർന്നു. ഇരുട്ടിൽനിന്നും വരുവാൻപോകുന്ന മരണം അദൃശ്യഭാവത്തോടെ താണ്ഡവമാടിക്കൊണ്ടിരുന്നു.

അപരിചിതൻ അടഞ്ഞുകിടന്ന വാതിലിൽ പലവട്ടം ആഞ്ഞുചവിട്ടി. വാതിൽ പാളി തകർന്ന് നിലത്തേയ്ക്ക് വീണു. മുഖംമൂടി ധരിച്ച അപരിചിതൻ നീട്ടിപ്പിടിച്ച റിവോൾവറുമായി മുറിയിലേക്ക് ചാടിക്കയറി. ഗായത്രി രക്ഷയ്ക്കായി അവസാനശ്രമവും നടത്താൻ തയ്യാറെടുത്തു. കൈയ്യിൽ കരുതിയിരുന്ന കസേരകൊണ്ട് അപരിചിതനെ അടിച്ചു. അപരിചിതന്റെ കൈയ്യിൽനിന്നും റിവോൾവർ തെറിച്ച് കട്ടിലിനടിയിലേക്ക് വീണു. തെറിച്ചുവീണ റിവോൾവർ എടുക്കാൻ കുനിഞ്ഞ അപരിചിതനെ ഗായത്രി പിന്നെയും അടിച്ചു. ഇതിനിടയിൽ അപരിചിതന്റെ മുഖംമൂടി താഴെ വീണു. ഗായത്രി പകച്ചുപോയി. അരുൺ ശങ്കർ! ഗായത്രി ഏറെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്തവ്യക്തി.

അരുൺ.... നിനക്ക് എങ്ങനെ കഴിഞ്ഞു? വികാരക്ഷോഭത്തോടെ ഗായത്രി ചോദിച്ചു.

തെല്ല് സമയം പതറിനിന്ന അരുൺ ന്യായീകരണത്തോടെ പറഞ്ഞു. കൂടെനിൽക്കുന്നവരെ തിരസ്കരിക്കുകയോ പാർശ്വൽക്കരിക്കുകയോ ചെയ്യുന്നവർക്ക് നമ്മുടെ വിശ്വാസസംഹിതയിൽ സ്ഥാനമില്ല. ചിലമ്പിച്ച ശബ്ദത്തിൽ തുടർന്നു. ഏല്പിച്ച ഒരു നിയോഗം ഞാൻ നിർവ്വഹിച്ചെന്നുമാത്രം... ക്ഷമിക്കണം....

അരയിൽനിന്നും കഠാര വലിച്ചൂരി. ശബ്ദത്തിന്റെ വേഗതയിൽ ഗായത്രിക്കു നേരെ അടുത്തു. അടിവയറിന്റെ ആഴങ്ങളിലേക്ക് കഠാര പായിച്ചു.

ചില നിമിഷങ്ങൾ ഗായത്രി സ്തബ്ധയായിനിന്നു. അരുൺ മെല്ലെ കഠാര വലിച്ചൂരി. അടിവയറ്റിൽനിന്നും കട്ടച്ചോര പുറത്തേയ്ക്കൊഴുകി,

നീ....നീ..... എന്തിനിത് ചെയ്തു... ഗായത്രി പതറിയ ശബ്ദത്തിൽ ചോദിച്ചു. വേണമെങ്കിൽ മറ്റാരെക്കൊണ്ടെങ്കിലും ചെയ്യിച്ചാൽ പോരായിരുന്നോ?

അവർക്കിടയിൽ സംഘർഷഭരിതമായ മൗനം വളർന്നു.

.....നിന്നെക്കൊണ്ട് ആരെങ്കിലും ചെയ്യിച്ചതാണെങ്കിൽ അവർ നിന്നെ ചതിക്കും. അല്ലെങ്കിൽ കൊല്ലും.... ഗായത്രി വേദന ഉള്ളിലൊതുക്കി

യാഥാർത്ഥ്യബോധത്തോടെ പറഞ്ഞു.

ആരാണ് എന്നെ കൊല്ലുവാൻ നിന്നെ പറഞ്ഞുവിട്ടത്? ഗായത്രി തിരക്കി.

ഒരു കൂട്ടായ തീരുമാനമാണെന്ന് അറിഞ്ഞാൽ മതി. അരുൺ തുടർന്നുപറഞ്ഞു. അധികാരത്തിലേക്ക് ചവിട്ടിക്കയറാൻ കാത്തു നിൽക്കുന്ന ഗായത്രിച്ചേച്ചി കൂടെനിൽക്കുന്നവരെയും അദ്ധ്വാനിക്കുന്ന വരെയും വിസ്മരിക്കുന്നു. ഇഷ്ടക്കാരെ തിരുകിക്കയറ്റാനുള്ള തന്ത്രത്തിന്റെ ഭാഗമായിട്ടല്ലെ കഴിവുള്ളവർ മത്സരിക്കുകയും ഭരണാധി കാരികളാക്കുകയും ചെയ്യണമെന്ന് ആവർത്തിച്ച് പ്രസ്താവനകൾ ഇറ ക്കുന്നത്.

നിങ്ങൾക്കാർക്കും എന്നെ മനസ്സിലാക്കാൻ കഴിഞ്ഞില്ലല്ലോ? ഗായത്രി ഗദ്ഗദത്തോടെ പറഞ്ഞു. ഞാൻ ഒന്നുംതന്നെ ആഗ്രഹിച്ചിരു ന്നില്ല. എല്ലാവർക്കും നല്ലതുവരണമെന്നേ കരുതിയിരുന്നുള്ളൂ. ഒരു മൗനത്തിനുശേഷം വേദന കടിച്ചമർത്തിക്കൊണ്ട് പറഞ്ഞു. നീയെന്നെ ചതിച്ചുകളഞ്ഞല്ലോടാ.... ഗായത്രി കുഴഞ്ഞ് നിലത്തേയ്ക്ക് വീണു.

അപ്പോൾ പുറത്തുനിന്നും ഉശിരുള്ള വിപ്ലവ മുദ്രാവാക്യങ്ങൾ കേട്ടു. അത് തന്റെതന്നെ പ്രസ്ഥാനത്തിലെ പ്രവർത്തകരുടെതാണെന്ന് തിരി ച്ചറിഞ്ഞു. ആ മുദ്രാവാക്യംവിളി വേഗത്തിൽ അടുത്തുവരികയാണ്. സിന്ദാബാ.... സിന്ദാബാ... ഗായത്രി സിന്ദാബാ

രക്തക്കടലുകൾ നീന്തിക്കടന്ന വിപ്ലവസഖാവ് .... ആ വിളി കേട്ട പ്പോൾ മരണത്തിന് മുന്നിൽനിന്നും ഗായത്രി ചിരിച്ചുപോയി. ഗായത്രി യുടെ ഭാവമാറ്റംകണ്ട് അരുൺ പകച്ചുനിന്നു.

അരുൺ ഗായത്രി വിളിച്ചു. പിന്നെ മെല്ലെ പറഞ്ഞു. നീ എനിക്ക് സമ്മാനിച്ച മരണം ഞാൻ മുന്നിൽ കാണുന്നു. ഒപ്പം നിന്റെ അന്ത്യവും. ആ ജനാവലി ഇവിടേയ്ക്ക് വരുന്നതിനുമുമ്പ് എവിടെയെങ്കിലും പോയി രക്ഷപ്പെട്ടുകൊള്ളൂ. . ചെറിയ ആലോചനയോടെ പറഞ്ഞു. പിൻവാ തിൽ തുറന്ന് വീടിന് പുറത്തേയ്ക്കിറങ്ങിയാൽ പുഴയിൽ ചാടി രക്ഷ പ്പെടാം.... ഗായത്രി നിയന്ത്രിക്കാനാവാത്ത വേദനകൊണ്ട് പുളഞ്ഞു. തൊട്ടടുത്ത മുറിയിൽ മരിച്ചുകിടക്കുന്ന ഭർത്താവിനെ കണ്ടു. ഹൃദയ ത്തിലൂടെ മരണത്തിന്റെ കറുത്തവാൾ പാഞ്ഞുപോയി.

പതറിനിന്ന അരുണിനോട് ഗായത്രി ശബ്ദമുയർത്തി പറഞ്ഞു: പിൻവാതിലിലൂടെ രക്ഷപെടാൻ നോക്ക്. യാന്ത്രികമായി അരുൺ മുന്നോട്ട് നീങ്ങിത്തുടങ്ങിയപ്പോൾ ഗായത്രി പറഞ്ഞു. രക്ഷപ്പെട്ടതിനു

ശേഷം എല്ലാ കാര്യങ്ങളെപ്പറ്റിയും ശാന്തമായൊന്ന് ചിന്തിക്കണം....

ഗായത്രി കണ്ണുയർത്തി വീണ്ടും ഭർത്താവിനെ നോക്കി. അടുത്തേയ്ക്ക് നിരങ്ങിനീങ്ങാൻ ശ്രമിച്ചപ്പോൾ വേദന അസഹനീയമായി. ശരീരത്തിന്റെ ശക്തി പൂർണ്ണമായും ക്ഷയിച്ചിരിക്കുന്നെന്ന് മനസ്സിലായി. വീടിനുള്ളിലേക്ക് ആരോ ഓടിക്കയറുന്ന ശബ്ദം കേട്ടു. എപ്പോഴോ നോക്കിയപ്പോൾ അവിടെ കൂടി നിൽക്കുന്നവരുടെ കൈകളിലിരിക്കുന്ന ചുമന്ന കൊടികൾ മാത്രമാണ് കണ്ടത്. ചുമന്ന കൊടികളെ വെളുത്ത മേഘങ്ങൾ വന്നു പൊതിഞ്ഞുതുടങ്ങി. കാഹളധ്വനിയുടെ ശബ്ദം മുഴങ്ങി. കാറ്റിലും മഴയിലുംപെട്ട് ചതുപ്പിൽ ഒരു പുഷ്പം അങ്ങനെതന്നെ കിടക്കുകയാണ്. തൊട്ടടുത്തുകൂടി വിപ്ലവ മുദ്രാവാക്യങ്ങൾ മുഴക്കി ഒരു ജാഥ കടന്നുപോകുകയാണ്. അവർ പിടിച്ചിരിക്കുന്നു കൊടികളും വിളിക്കുന്ന മുദ്രാവാക്യങ്ങളും ഏറെ സുപരിചിതമാണ്. ഒരു ചെറുകാറ്റിൽ ചതുപ്പിൽ കിടക്കുന്ന പൂവ് ഒന്ന് ചലിച്ചു. മുദ്രാവാക്യം വിളിക്കുന്നവരുടെ ശബ്ദം ഉച്ചൈസ്തരത്തിലായി. അവർ മറ്റൊന്നും കാണുന്നോ കേൾക്കുന്നോയില്ല. അങ്ങനെ വിളിച്ചുകൊണ്ട് നടക്കുകയാണ്. അതിനിടയിൽ പൂവിനെ ചവിട്ടി ചതുപ്പിലേക്ക് താഴ്ത്തി... എല്ലായിടത്തും ചുവപ്പ്. ആ ചുവപ്പിന് നിറം കൂടിക്കൂടി വരുന്നു.. അതു മെല്ലെ കറുപ്പാകുന്നു...

# 21

## വെളിപ്പെടാത്ത സത്യങ്ങൾ

ഗായത്രിയുടെ കൊലപാതകം അക്ഷരാർത്ഥത്തിൽ ഒരു ഞെട്ട ലായിരുന്നു.രണ്ട് മൂന്ന് ദിവസം ലഹള നീണ്ടുനിന്നു. നശീകരണ പ്രവർത്തനങ്ങളും എട്ടൊമ്പത് കൊലപാതകങ്ങളും നടന്നു. ആഴ്ചക ളോളം ടെലിവിഷൻ ചാനലുകളും പത്രമാധ്യമങ്ങളും ആ കൊലപാ തകത്തെപറ്റി വിശകലനങ്ങളും പ്രതികരണങ്ങളും നടത്തി. വിവാ ദങ്ങൾ അവസാനിക്കാത്ത ആ കൊലപാതകത്തിന്റെ ഉത്തരവാദിത്വം ബംഗാളിൽ നിന്നും എത്തിയ തൊഴിലാളികളിൽ എത്തിനിൽക്കുക യാണ് .

ഗായത്രിയുടെ കൊലപാതകത്തെപറ്റി പുറംലോകം അറിഞ്ഞത് തികച്ചും അസത്യമായിരുന്നു. ഗായത്രി കൊലപ്പെട്ട ദിവസം. അന്ന് കമ്മ്യൂണിസ്റ്റ് ഏകോപന സമതിയുടെ യോഗം കഴിഞ്ഞ് പ്രവർത്തക ർ ഗായത്രിയെ കാണുവാൻ തീരുമാനിച്ചു. അവർ ഉത്സാഹപൂർവ്വമായ പ്രകടനത്തോടെ ഗായത്രിയുടെ വീടിനു മുന്നിലെത്തി . മുദ്രവാക്യ ങ്ങൾ മുഴക്കി. ആരെയും കാണാത്തതുകൊണ്ട് തുറന്നു കിടക്കുന്ന വാ തിലിലൂടെ അകത്തേയ്ക്കുകയറി . വീടിനുള്ളിലെ ലൈറ്റുകൾ പ്രകാ ശിപ്പിച്ചു. അപ്പോൾ കണ്ടത് ഞെട്ടിക്കുന്ന കാഴ്ചയാണ് . ഗായ ത്രിയുടെയും ഭർത്താവിന്റെയും ചേതനയറ്റ ശരീരം തറയിൽ കിടക്കു ന്നു. കൊലപാതകം നടന്നതേയുള്ളുവെന്ന് മനസിലായി. ചിലർ ചേർന്ന് അവരെ ആശുപത്രിയിലേക്ക് കൊണ്ടുപോകുകയും മറ്റുള്ള വർ അവിടെയെല്ലാം പരിശോധിക്കുകയും ചെയ്തു.

കൊലയ്ക്കുപയോഗിച്ച തോക്കും കഠാരയും കണ്ടു. കൂടുതൽ അന്വേ ഷിച്ചപ്പൾ വീടിനുപുറത്ത് ആക്രികൾ വാരിയിട്ടിരുന്ന പഴയൊരു മുറി യിൽനിന്നു രണ്ട് തൊഴിലാളികളെ കിട്ടി . അവർ ബംഗാളിൽനിന്നും

ഇവിടേയ്ക്ക് ജോലിചെയ്യാൻ എത്തിയവരായിരുന്നു. ജനം അവരെ ശരിക്കും കൈകാര്യം ചെയ്തു. ബംഗാളിഭാഷ അറിയാവുന്ന വരെക്കൊണ്ട് ചോദിപ്പിച്ചപ്പോൾ അവർ പറഞ്ഞത് ഇങ്ങനെയാണ് .

വീടിനു പുറത്തു കിടക്കുന്ന ആക്രികൾ മോഷ്ടിക്കാനാണ് വന്നത്. വീടിന്റെ വാതിൽ തുറന്നുകിടക്കുന്നതുകണ്ടാണ് അകത്തുകയറിയത് . അവിടെ കൊലപ്പെട്ടുകിടക്കുന്ന പുരുഷനേയും മരണവുമായി മല്ല ടിക്കുന്ന സ്ത്രിയേയും കണ്ടു. ഭയന്ന് നിൽക്കുമ്പോൾ പുറത്തു നിന്നും മുദ്രവാക്യം വിളികേട്ടു. ഒരുവിധത്തിൽ ഓടി ആക്രികൾ വച്ചിരിക്കുന്ന മുറിയിൽ കയറുകയായിരുന്നു.

ആ തൊഴിലാളികളെ ബംഗാളിൽ നിന്നു കേരളത്തിലേയ്ക്ക് കൊണ്ടു വന്നത് പാർട്ടിയുടെ മുൻ ജില്ലാസെക്രട്ടറി പ്രതാപനായിരുന്നു. പോലിസ് കസ്റ്റഡിയിലിൽ ഏല്പിച്ച പ്രതികളുടെ നിലഗുരുതരമായിരുന്നു. പ്രവർത്തകർ അവരെ അത്രമാത്രം കൈകാര്യം ചേയ്തിരുന്നു. ആശു പത്രിയിലെ ചികിത്സയ്ക്കിടയിൽ ആ ബംഗാളി തൊഴിലാളികൾ മരി ച്ചു.മുൻ വൈരാഗ്യം കൊണ്ട് പ്രതാപൻ തൊഴിലാളികളെക്കൊണ്ട് ഗായത്രിയെ കൊല്ലിച്ചെന്ന വാർത്തയ്ക്കാണ് പ്രചാരം ലഭിച്ചത്. കൊല കുറ്റത്തിന്റെ സംശയം പ്രതാപനുനേരെ ഉയർന്നപ്പോൾ തന്നെ അയാളെ പാർട്ടിയിൽനിന്നു പുറത്താക്കി. ഗായത്രിയുടെ കൊല പാതകത്തിന്റെ സംശയകരമായ ഉത്തരവാദിത്വവും പേറി പ്രതാപനി പ്പോൾ ജയിലിലാണ്.

കേരളത്തിൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് ഏകോപനസമിതി ഭൂരിപക്ഷം നേടി . ഗോപികൃഷ്ണൻ പാർട്ടിയിലെ ഭൂരിപക്ഷത്തിന്റെ പിൻബലത്തോടെ മുഖ്യ മന്ത്രിയായി . ആഭ്യന്തരവ കുപ്പിന്റെ ചുമതലും ഗോപികൃഷ്ണനായിരുന്നു. ആർ. എം. പവിത്രന് ലഭിച്ചത് ധനകാര്യ മന്ത്രിസ്ഥാനമാണ്.

ഗായത്രിയുടെ ഓർമ്മനിലനിറുത്തിക്കൊണ്ടാണ് കമ്മ്യൂണിസ്റ്റ് ഏകോ പനസമിതിയുടെ പ്രവർത്തനങ്ങൾ തുടർന്ന് പുരോഗമിച്ചത് . അവർ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗായത്രിയുടെ പ്രതിമകൾ സ്ഥാപി ച്ചു. അതിനുചുറ്റും ചുവന്ന കൊടികൾ കുത്തി രക്തസാക്ഷിത്വത്തെ മഹത്വവൽക്കരിക്കുന്ന വാചകങ്ങൾ എഴുതിവെച്ചു.

ഗായത്രിയുടെ കൊലപാതകത്തെ പറ്റി അറിയാവുന്നവരാരും അത് പുറത്തുപറഞ്ഞില്ല. അവരിലെറെ പേരും അതിൽ പങ്കാളികളായിരു ന്നു. പലതും വർഷാസാമുവേലിന് അറിയാമായിരുന്നു. അവൾ

ആരൊടും ഒന്നും പറഞ്ഞില്ല. കൊലയാളികൾ കുശാഗ്രബുദ്ധിക്കാരും ഭരണത്തിലിരിക്കുന്നവരുമാകുമ്പോൾ എന്തുംനടത്താൻ കഴിവുള്ളവ രാണ്.

ഗായത്രി കൊല്ലപ്പെട്ടവീട് സ്മാരകമാക്കുന്നു. ചടങ്ങിനെത്തുന്നത് മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയുമടങ്ങുന്ന കമ്മ്യൂണിസ്റ്റ് ഏകോപന സമിതിയുടെ വൻനിരയാണ്. ആ ചടങ്ങിന് സരോജിനിയമ്മയെ വിളി ക്കാത്തതിലുള്ള പ്രതിഷേധം പലരും ഒളിഞ്ഞും തെളിഞ്ഞും പ്രകടി പ്പിച്ചു. യഹൂരകരയിലെ ജനങ്ങളും ജനപ്രതിനിധികളും ഈ വസ്തുത മുഖ്യമന്ത്രിയെ നേരിട്ടുതന്നെ അറിയിച്ചു. അതിന്റെ മറു പടി പ്രതികരണമില്ലായ്മയായിരുന്നു.

ഗായത്രി കൊല്ലപ്പെട്ടവീട് സ്മാരകമാക്കുന്ന ദിവസം രാവിലെ ഓണം ചാനലുകർ ഗായത്രിയെപറ്റിയുള്ള ചെറിയൊരു ഡൊക്യൂമെന്ററി പ്രദർശിപ്പിച്ചു. മുഖ്യമന്ത്രി ഗോപീകൃഷ്ണൻ ഗായത്രിയുടെ പ്രതിമ തലസ്ഥാന നഗരിയിൽ അനാച്ഛാദം ചെയ്യുന്ന ചിത്രം കണ്ട വർഷ ടെലി വിഷനു മുന്നിൽ നിന്നും. എഴുന്നേറ്റ് പുറത്തേയ്ക്കുനടന്നു.

സരോജിനിയമ്മയ്ക്കും മളവികയ്ക്കുമൊപ്പം നഗരത്തിലുള്ള ഒരു വാടകവീട്ടിലാണ് വർഷ താമസ്ക്കുന്നത്. ഉടൻ വിവാഹം വെണ്ടെ ന്ന നിലപാടും സരോജിനിയമ്മയോടും മളവികയോടുമുള്ള അടുപ്പവും വീട്ടുകാരുമായി പിണങ്ങിപ്പിരിയാൻ കാരണമായി. ഇതിനിടയിൽ പി. എസ്. സി. വഴി നഗരത്തിലുള്ള ഗവൺമെന്റ് കോളജിൽ അസ്റ്റന്റ് പ്രൊഫസറായി വർഷയ്ക്ക് നിയമനം കിട്ടി.

അസ്വസ്ഥത ഉള്ളിലൊതുക്കി നിൽക്കുന്ന വർഷയുടെ അരികിലേക്ക് സരോജിനിയമ്മയെത്തി. അവളുടെ കണ്ണുകളിലേയ്ക്ക് ആഴത്തിൽ നോക്കിക്കൊണ്ട് ചോദിച്ചു. ഞാൻ പലപ്പോഴായി ശ്രദ്ധിക്കുന്നു. ഗായ ത്രിമോളെ പറയുമ്പോഴെല്ലാം വർഷമൊള് അസ്വസ്ഥയാകുന്നു.ആ കൊലപാതകത്തെപറ്റി കൂടുതൽ എന്തെങ്കിലും അറിയാമോ?

ഷോക്കടിച്ചതുപോലെ വർഷനിന്നു. എന്തുപറയണമെന്നറി യാതെ തപ്പിതടഞ്ഞു. പിന്നെ നിർവികാരതയോടെ സരോജിനിയ മ്മയേ നോക്കി.

ഗായത്രിമൊളുടെ കൊലപാതകം ആരേ കരുതിക്കൂട്ടി ചെയ്ത താ. അവളുടെ പേരും പറഞ്ഞ് അധികാരത്തിലിരിക്കുന്നവർവരെ ആ കൊലപാതകത്തെ പറ്റി ഒന്നും പറയുന്നില്ല. എന്തിന് ജീവിച്ചി രിക്കുന്ന അവരുടെ മകളെപറ്റിപോലും ചിന്തിക്കുന്നില്ല . സരോജിനി യമ്മ തുടർന്നു പറഞ്ഞു. എല്ലാവർക്കും അവരവരുടെ കാര്യം മാത്രം.

അധികാരവും പണവുമാണല്ലൊ എല്ലാവർക്കും വേണ്ടത് .

നിറയാൻ തുടങ്ങിയ കണ്ണുകൾ തുടച്ചുകൊണ്ട് വർഷമെല്ലെ പറഞ്ഞു. മാളുവിന് ഒരു കുറവും വരില്ല. ആരുണ്ടെങ്കിലും ഇല്ലെങ്കിലും ഞാന വളെ പൊന്നുപോലെ നോക്കും. ഒരു വിവാഹം പോലും വെണ്ടെന്നു വച്ചത് അവളുടെ കാര്യമോർത്തിട്ടാ.... ഗായത്രിചേച്ചിക്ക് അമ്മയെപ്പോ ലെയായിരുന്നു നിങ്ങൾ . എനിക്കും അങ്ങനെ തന്നെയാ.

അവർക്കിടയിൽ സ്നേഹത്തിന്റെ ഒരു കടൽ ഇരമ്പിക്കൊണ്ടിരുന്നു.

വർഷ കോളേജിലേക്ക് പോകുവാൻ തയ്യാറായി . മാളവികയെ എടു ത്തുയർത്തി ഉമ്മവെച്ചു. മിഠായിവാങ്ങി കൊണ്ടുവാരാമെന്നു പറഞ്ഞു. സരോജിനിയമ്മയെ ചേർത്തുപിടിച്ച് നിശ്ശബ്ദം യാത്രപറഞ്ഞ് പടി കളിറങ്ങി നടന്നു. വർഷയുടെ മനസ് അനുനിമിഷം പ്രക്ഷുബ്ധ മായിക്കൊണ്ടിരുന്നു. അവിടേയ്ക്ക് സുഖകരമല്ലാത്ത ഭൂതകാല ചിന്ത കൾ അലയടിച്ചുകൊണ്ടിരുന്നു. റോഡിന്റെ ഒരുവശം ചേർന്ന് നടക്കു മ്പോൾ വാഹനങ്ങൾ ചീറിപാഞ്ഞ് പോകുന്നതൊന്നും ശ്രദ്ധിച്ചില്ല.

പ്രാണനുവേണ്ടി യാചിക്കുന്ന ഗായത്രിയുടെ രക്തം പൊടിഞ്ഞ മുഖം വർഷയുടെ ഉള്ളിൽ തെളിഞ്ഞു. അരുണിനെ തിരിച്ചറിഞ്ഞ ഗായത്രിയുടെ വല്യായ്കയെപറ്റിയും ഓർത്തു.

പുഴനീന്തിക്കടന്നതിനുശേഷം അരുൺ ആദ്യം മൊബൈയിൽ ഫോണിൽ ബന്ധപ്പെട്ടത് വർഷയേയാണ്. നഗരത്തിലുള്ള ക്ഷേത്ര ത്തിലെ ആൽമരച്ചുവട്ടിൽ വച്ച് അത്യവശ്യമായി കാണണമെന്നുപറ ഞ്ഞു. അവിടെ വെച്ചാണ് ഗായത്രിയേയും ഭർത്താവിനെയും കൊന്ന കാര്യം പറഞ്ഞത് . ഇരുമ്പ് കടിച്ചതുപോലെ വർഷ തരിച്ചു നിന്നു അവന്റെ കണ്ണുകളിലേക്ക് വന്യമായി നോക്കിക്കൊണ്ട് കരണത്തിനിട്ട് ഒന്നുപൊട്ടിച്ചു. വല്യായ്ക അവർക്കിടയിൽ മെരുങ്ങാത്ത കാണ്ടാമൃ ഗത്തെ പോലെ നിന്നു.

അരുൺ പറഞ്ഞു തുടങ്ങി വ്യക്തിയല്ല പ്രസ്ഥാനമാണ് വലുത് . ഒരാൾ പ്രസ്ഥാനത്തെക്കാൾ വലുതാകുകയും പ്രസ്ഥാനത്തിനുള്ളിൽ അയാളുടെ പ്രവർത്തനങ്ങൾ അടിച്ചേല്പ്പിക്കുകയും ചെയ്യുന്നത് അംഗീകരിക്കാനാവില്ല.... ഗായത്രിയെച്ചിയുടെ ഇപ്പോഴത്തെ പല പ്രവർത്തനങ്ങളും പ്രസ്ഥാനത്തെവച്ച് സ്വയം വലുതാകാനുള്ളതാണ്..... രക്തം വിയർപ്പിച്ചും ശരീരവും ബുദ്ധിയും നൽകിയും പ്രസ്ഥാനത്തി നുവേണ്ടി പ്രവർത്തിക്കുന്നവരെ വിസ്മരിച്ച് മറ്റുള്ളവരെ അധികാരസ്ഥാ നങ്ങളിലേക്ക് കൊണ്ടുവരുവാനുള്ള നടപടികൾ ശരിയല്ല.... എല്ലാ വർക്കുംവേണ്ടി ഞാനത് ചെയ്തു....

ആദർശത്തിന്റെ പേരുപറഞ്ഞ് നിന്നെ ഇതിന് പറഞ്ഞുവിട്ടതാരാ? വർഷ ഒരു അലർച്ചയോടെ ചോദിച്ചു.

ഗോപീകൃഷ്ണൻ. അദ്ദേഹത്തിന്റെ വാക്കുകൾക്കും പ്രവർത്തികൾക്കും ആത്മാർത്ഥതയുണ്ടെന്ന് എനിക്ക് തോന്നി. കിതപ്പോടെ അരുൺ പറഞ്ഞു.

നീയൊരു കൊലയാളിയാണ്.... ക്രൂരനായ കൊലയാളി. എനിക്ക് നിന്നെ കാണേണ്ട. സ്നേഹിക്കുന്നവരുടെ രക്തത്തിനുവേണ്ടി ദാഹിക്കുന്ന രക്ഷസാണ് നീ... പോ.... എന്റെ മുന്നിൽ ഇനി വന്നുപോകരുത്. വർഷ വർദ്ധിച്ച പ്രതിഷേധത്തോടെ പറഞ്ഞു.

നിയമത്തിനുമുന്നിൽ കീഴടങ്ങാൻ തന്നെയാണ് പോകുന്നത്. ഒരു ഭീരുവിനെപ്പോലെ ഒളിച്ചിരിക്കാൻ എനിക്കാവില്ല. അരുൺ തുടർന്ന് പറഞ്ഞു. ഗായത്രിയേച്ചി എന്നെ തിരിച്ചറിഞ്ഞു. അതിലെനിക്ക് വല്ലായ്കയുണ്ട്.

അവർക്കിടയിൽ സംഘർഷഭരിതമായ മൗനം വളർന്നു.

അവരുടെ ചതിയിൽപ്പെടാതെ എവിടെയെങ്കിലും രക്ഷപെടാൻ പറഞ്ഞു. അരുൺ തുടർന്നു. പുഴ നീന്തിക്കടന്നാൽ രക്ഷപെടാമെന്ന് പറഞ്ഞതും ഗായത്രിച്ചേച്ചി തന്നെയാ... എനിക്ക് ഒന്നും മനസ്സിലാകുന്നില്ല വർഷേ.

അവനെ കാണാൻ മനസ്സില്ലാതെ വർഷ അവിടെനിന്നും തിരിഞ്ഞു നടന്നു. പനിയും വിറയലും പിടിച്ച് കുറെ ദിവസം കിടന്നു. കാരണം ഓരോ ദിവസവും അറിയുന്ന വാർത്തകൾ ഞെട്ടിക്കുന്നവയായിരുന്നു. ഗായത്രിയുടെ കൊല നടന്ന ഉടൻതന്നെ കേരളത്തിൽ ലഹള പൊട്ടിപ്പുറപ്പെട്ടു. ലഹളക്കാർ ബൈക്കിൽ സഞ്ചരിച്ച അരുണിനെ അടിച്ചും ഇടിച്ചും കൊന്നതായി തുടർന്ന് അറിയാൻ കഴിഞ്ഞു. ഗായത്രിയുടെ ജഡവുമായി നടത്തിയ വിലാപയാത്രയ്ക്ക് നേതൃത്വം കൊടുത്തത് ഗോപീകൃഷ്ണനായിരുന്നു. കമ്മ്യൂണിസ്റ്റ് ഏകോപനസമിതിയുടെ വെബ്സൈറ്റിൽ തനിക്കറിയാവുന്ന വാർത്തകൾ കൊടുക്കുവാൻ വർഷ തീരുമാനിച്ചു. കമ്പ്യൂട്ടറിനുമുന്നിലെത്തിയപ്പോഴാണ് പാസ്വേർഡ് മാറ്റി അതിന്റെ ചുമതലയിൽനിന്നും ഒഴിവാക്കിയ വിവരം അറിയുന്നത്.

പിന്നിൽനിന്നും വാഹനം ഹോണടിച്ചതു കേട്ടപ്പോഴാണ് വർഷ ചിന്തകളിൽനിന്നും ഉണർന്നത്. കോളജിൽ പഠിപ്പിക്കുന്ന ശിവപ്രസാദായിരുന്നു. ശിവപ്രസാദ് നൽകാമെന്നുപറഞ്ഞ ലിഫ്റ്റ് വർഷ നിരസിച്ചു. ശിവപ്രസാദ് കാറോടിച്ച് പോകുന്നത് നോക്കിനിന്നു. ചിന്തകൾ വീണ്ടും ഭൂതകാലത്തേയ്ക്ക് സഞ്ചരിച്ചു.

ഗോപീകൃഷ്ണനും ആർ.എം. പിവത്രനും ജനപ്രിയനേതാക്കളായി വളരുന്നതാണ് തുടർന്ന് കാണുവാൻ കഴിഞ്ഞത്. ഇതിനിടയിൽ ശ്രീലാൽ ശിവശങ്കറിനുനേരെ ബോംബോറിഞ്ഞു. രണ്ടുകാലുകളും നഷ്ടപ്പെട്ട ശിവശങ്കറിപ്പോൾ ചികിത്സയിലാണ്. എത്ര ആലോചിച്ചിട്ടും ശ്രീലാൽ ശിവശങ്കറിനെ അക്രമിച്ചതിനെപ്പറ്റി മനസ്സിലാക്കാൻ കഴിയാതിരുന്ന ദിവസങ്ങൾ.

ഒരു ദിവസം പരിചയമില്ലാത്ത ഒരു വ്യക്തി വർഷയുടെ കൈയ്യിൽ ഒരു ലെറ്റർ കൊടുത്തുകൊണ്ട് പറഞ്ഞു: ജയിലിൽ കിടക്കുന്ന ശ്രീലാൽ നിങ്ങളെ ഏല്പിക്കാൻ തന്നതാ... ഈ കത്ത് മറ്റാരെയും കാണിക്കരുതെന്നും പറഞ്ഞു.

വർഷ കത്ത് തുറന്ന് വായിച്ചു. അതിന്റെ ഉള്ളടക്കം ഇങ്ങനെയാണ്. ഗായത്രി മാഡത്തിന്റെ കൊലപാതകത്തിൽ കുറെ ദുരൂഹതയുണ്ട്. ഇപ്പോൾ അറിഞ്ഞതു മുഴുവൻ കെട്ടിച്ചമച്ച കഥകളാണ്. നമ്മളുടെ ആൾക്കാരു തന്നെയാ അവരെ കൊന്നത്. സഹതാപത്തിലൂടെ ഭരണം നേടുവാനുള്ള ഏറ്റവും ഹീനമായ പ്രവൃത്തി. കൊലയാളി അരുണാണ്. എല്ലാം ആസൂത്രണം ചെയ്തതിനുശേഷം അരുണിലെ വിപ്ലവവീര്യത്തെ ഉണർത്തിയത് ശ്രീലാലാണ്. കൂടെ നിൽക്കുന്നവരെ ഗായത്രി ചതിക്കുന്നതായി അവനെ പറഞ്ഞു ധരിപ്പിച്ചു. ഗായത്രിയുടെ കൊല നടന്നതിനുശേഷം ലഹളയുടെ മറവിൽ അരുണിനെ കൊന്നത് ശിവശങ്കറിന്റെ ഗുണ്ടകളാണ്. മുഖ്യമന്ത്രിയാകാനുള്ള ആഗ്രഹം ഗോപീകൃഷ്ണനിൽ വളർത്തിയതും അതിനുവേണ്ട കരുക്കൾ നീക്കിയതും ശിവശങ്കറാണ്. ഞാൻ ബോംബെറിഞ്ഞത് ശിവശങ്കറെ കൊല്ലാനല്ല. രണ്ടുകാലും നശിപ്പിക്കാനാണ്. എന്നെ ചോദ്യം ചെയ്യുമ്പോൾ സത്യം തുറന്നുപറയണമെന്ന് ആഗ്രഹിച്ചു. പക്ഷെ എന്നോടാരും ഒന്നും ചോദിക്കുന്നില്ല. ഇനി എന്തു സംഭവിക്കുമെന്നും അറിയില്ല. ഒന്നറിയാം ഗായത്രി മാഡം ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റായിരുന്നു. സൂക്ഷിക്കണം. ഈ രഹസ്യങ്ങൾ അറിയാവുന്നവരെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകും. കാരണം ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയുമെല്ലാം വിലയ്ക്കെടുക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നവരാ ഇപ്പോൾ കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്നത്. തീവ്രവാദ ബന്ധമുള്ള അവരുടെ വേരുകൾ ഭാരതത്തിന് പുറത്താണ് .

ആ കത്ത് ആരെയെങ്കിലും കാണിക്കണമോ കീറിക്കളയണമോ എന്ന് ശങ്കിച്ച് നിന്ന ദിവസങ്ങളെപ്പറ്റി വർഷ ഓർമ്മിച്ചു. ആ ദിവസങ്ങളിൽതന്നെ ശ്രീലാലിന്റെ ആത്മഹത്യയെപ്പറ്റി അറിഞ്ഞു. ജയിലിനുള്ളിൽ

ശ്രീലാൽ തൂങ്ങിമരിക്കുകയായിരുന്നത്രേ!

വർഷ യാദൃച്ഛികമായിട്ടാണ് ഒരു ദിവസം ഷാഫിയെ കാണുന്നത്. സരോജിനിയമ്മയേയും മാളവികയേയും പരിചരിച്ച് അവർക്കൊപ്പമാണ് വർഷ താമസിക്കുന്നതെന്ന് ഷാഫിക്കറിയാമായിരുന്നു. ശ്രീലാലിൽനിന്നും അറിയാൻ കഴിഞ്ഞ ചില സത്യങ്ങൾ ഷാഫി രഹസ്യമായി വർഷയോടു പറഞ്ഞു. ശ്രീലാലിന് പലതും അറിയാമായിരുന്നു. ഗായത്രി മാഡത്തെ കൊന്നത് നമ്മളുടെ ആൾക്കാരുതന്നെയാണെന്നാണ് ശ്രീലാൽ രഹസ്യമായി എന്നോട് പറഞ്ഞത്. അരുണാണെന്ന് പറഞ്ഞത് ഇപ്പോഴും വിശ്വസിക്കാൻ കഴിയുന്നില്ല. അരുണിന്റെ കൊല നടത്തിയത് ശിവശങ്കറിന്റെ ഗുണ്ടകളാ. ലഹളയുടെ മറവിൽ ആ കൊലപാതകം എഴുതിത്തള്ളുകയായിരുന്നല്ലോ.... ശ്രീലാൽ ഒരു അടിയുറച്ച കമ്മ്യൂണിസ്റ്റാ. എന്തുചെയ്താലും അതിലൊരു സത്യമുണ്ടായിരിക്കണമെന്ന് നിർബന്ധമുണ്ട്. ജയിലിൽവച്ച് എല്ലാം തുറന്ന് ഈ സമൂഹത്തോട് പറയുമെന്നാ എന്നോട് പറഞ്ഞത്... പക്ഷേ ഇപ്പോൾ... ഇതെല്ലാം സത്യമാണെങ്കിൽ അതൊന്നും പുറത്തുവരുമെന്ന് എനിക്കിപ്പോൾ വിശ്വാസമില്ല...

ഷാഫിയുടെ വെളിപ്പെടുത്തലിനോട് അനുകൂലമായോ പ്രതികൂലമായോ പ്രതികരിക്കാൻ വർഷയ്ക്ക് കഴിഞ്ഞില്ല.

സൈറൺ മുഴക്കി വാഹനങ്ങൾ ചീറിപ്പായുന്ന ശബ്ദംകേട്ടപ്പോൾ വർഷ ചിന്തകളിൽ നിന്നും ഉണർന്നു. ചുറ്റുവട്ടം നിരീക്ഷിച്ചു. ഏറെ പോലീസ് വാഹനങ്ങളുടെ അകമ്പടിയോടെ മുഖ്യമന്ത്രിയുടെ കാർ ചീറിപ്പാഞ്ഞ് പോകുന്നു. റോഡ്സൈഡിൽക്കൂടി നടക്കുന്ന കാൽനടയാത്രക്കാരുടെ ദേഹത്തേയ്ക്ക് ചെളിവെള്ളം തെറിക്കുന്നതൊന്നും വാഹനത്തിലുള്ളവർ അറിയുന്നില്ല. അഥവാ അറിഞ്ഞാൽ തന്നെ അറിഞ്ഞില്ലെന്ന് നടിക്കുന്നു.

വർഷയുടെ മനസ്സിൽ രോഷത്തിന്റെ ചുഴലിക്കാറ്റിരമ്പി. ആരോടെല്ലാമോ എങ്ങനെയെല്ലാമോ പ്രതിഷേധിക്കണമെന്ന തോന്നൽ ശക്തമായി. ആ തോന്നലുകളെ അങ്ങനെതന്നെ മനസ്സിലൊതുക്കി നടന്നു. കോളജിന് മുന്നിലെത്തിയപ്പോഴാണ് വിദ്യാർത്ഥിസമരം നടക്കുന്നത് കണ്ടത്. യൂണിവേഴ്സിറ്റി പരീക്ഷ മാറ്റിവയ്ക്കണമെന്നതാണ് സമരക്കാരുടെ ആവശ്യം. സമരത്തിന് നേതൃത്വം കൊടുക്കുന്നത് ഇടതുപക്ഷ ഏകോപനസമിതിയുടെ വിദ്യാർത്ഥി സംഘടനയായ ലെഫ്റ്റ് സ്റ്റുഡന്റ്സ് കോർഡിനേഷനാണ്. സമരത്തിന്റെ യഥാർത്ഥ കാരണത്തെപ്പറ്റി പലരും അടക്കം പറയുന്നത് വർഷ കേട്ടു. മുഖ്യമന്ത്രിയുടെ പരിപാടിക്ക് ആളു

കൂട്ടാൻ നടത്തിയ സമരമാണ്. സമരത്തെ എതിർത്ത ഗായത്രിയുടെ പേരിൽ സ്മാരകം തുടങ്ങുന്നതിനും സമരം.

റോഡിന് എതിർവശത്തുള്ള ചുവരുകളിൽ ഭരണത്തിലിരിക്കുന്നവർക്കെതിരെ മൂന്നുനാലു തൊഴിലാളികൾ ചേർന്ന് പോസ്റ്റർ ഒട്ടിക്കുന്നു. അഴിമതിയിൽ കുളിച്ച ഭരണം അവസാനിപ്പിക്കുക, മുഖ്യമന്ത്രിയുടെ ഗുണ്ടാ-അധോലോകബന്ധങ്ങളെപ്പറ്റി അന്വേഷിക്കുക, ലോക്കപ്പ് മരണങ്ങളെപ്പറ്റി സി.ബി.ഐ.യെ ക്കൊണ്ട് അന്വേഷിപ്പിക്കുക. അവർ ഒട്ടിക്കുന്ന പോസ്റ്ററുകൾ വർഷ വായിച്ചു.പോസ്റ്ററുകൾ ഒട്ടിക്കുന്നതിനിടയിൽ അവർ ചുവരിൽനിന്നും വലിച്ചുപറിച്ചെറിഞ്ഞ ഒരു പോസ്റ്റർ. അത് കാറ്റിൽ പറന്നും ഉരുണ്ടും ലക്ഷ്യമില്ലാതെ പോകുകയാണ്. അതിനിടയിൽ വർഷ ആ പോസ്റ്ററിൽ എഴുതിയിരിക്കുന്നത് വായിച്ചു. കഥ തുടരുകയാണ് . ഒരു ചലച്ചിത്രത്തിന്റെ പോസ്റ്റർ. വർഷ ആ പോസ്റ്ററിൽ നോക്കിനിൽക്കുമ്പോൾ കൊടിപിടിച്ച് പ്രകടനമായി പോകുന്ന വിദ്യാർത്ഥികളും പൊതുജനങ്ങളുമടങ്ങുന്ന ഒരു സംഘം. ആഗ്രഹങ്ങളുള്ള മനുഷ്യരുടെ സംഘം. അവരുടെ ബുദ്ധിയേയും പ്രവർത്തനങ്ങളെയും ആരാണ് നിയന്ത്രിക്കുന്നതെന്ന ചിന്ത വളർന്നുകൊണ്ടിരുന്നു. അതിന്റെ ഉത്തരത്തിനായി ബഹുദിശകളിലേക്ക് പോകുന്ന വഴികളിലൂടെ സഞ്ചരിച്ചു. ആ വഴികൾ കാടുകളും പുഴകളും നഗരങ്ങളും മരുഭൂമികളും പർവ്വതങ്ങളും താണ്ടി മുന്നോട്ട് പോയിക്കൊണ്ടിരുന്നു.

# നോവലിൽനിന്നും

കാലം തുടർച്ചയാണ്, ഒപ്പം നോവലും.

ഗായത്രിയുടെ സ്ഥാനത്തേയ്ക്ക് വർഷ സാമുവേൽ കടന്നുവരുന്നു.

യഹൂരയ്ക്കുപകരം വികസനമെത്താത്ത മറ്റൊരു പ്രദേശം വർഷയുടെ പ്രവർത്തനങ്ങൾക്ക് കേന്ദ്രമാകുന്നു.

ഭരണത്തിലിരിക്കുന്നവരുടെ ജനദ്രോഹപ്രവർത്തനങ്ങൾക്കും നിയമനിഷേധത്തിനുമെതിരെ ശക്തമായി പ്രതിഷേധിക്കുന്നു.

അവൾക്ക് അഭിമുഖീകരിക്കേണ്ട പ്രശ്നങ്ങൾ ഏറെയാണ്....

അപ്പോൾ നിങ്ങൾക്കുമുന്നിൽ ആവർത്തിക്കപ്പെടുന്ന ഒരു വിപ്ലവ ചരിത്രം ഇതൾ വിരിയും.

മേലേടത്ത് കൃഷ്ണ കൈമൾ... മകൾ ഗായത്രി... വർഷ സാമുവേൽ.... പിന്നെ ചിലപ്പോൾ മാളവിക... ഇതൊരു തുടർച്ചയാണ്.

ഭാവനയിലൂടെ ഇതിനെ സത്യമായും ചരിത്രമായും നോവലായും കല്പിച്ചെടുക്കാം.

വേണമെങ്കിൽ ഇഷ്ടമുള്ള മാധ്യമത്തിലേക്ക് പകർത്താം. അതെല്ലാം




# യഹൂര

## ഒരു കമ്മ്യൂണിസ്റ്റിന്റെ കഥ

ജോസ് കെ. മാനുവൽ

കമ്മ്യുണിസ്റ്റ് പ്രത്യയശാസ്ത്രതത്വങ്ങളിൽ അടിയുറച്ചുനിന്ന്
ഒരു സമൂഹത്തിന്റെയും ജനതയുടെയും രക്ഷയ്ക്കായി
ആത്മാർത്ഥതയോടെ പ്രവർത്തിച്ച യുവതി.
സമൂഹവും ജനതയും ആവേശത്തോടെ അംഗീകരിച്ചപ്പോൾ
രാഷ്ട്രീയ -മാഫിയ കൂട്ടുകെട്ട് അവരെ തച്ചുടയ്ക്കാൻ തക്കംപാർത്തു.
വിധിയുടെയും ചതിയുടെയും ഇടയിലൂടെ അവർ
ശക്തമായ പ്രവർത്തനം തുടർന്നു.
കേരളീയാന്തരീക്ഷത്തിൽനിന്നും തീക്ഷ്ണതയോടെ
ചീന്തിയെടുത്ത യഥാർത്ഥ കമ്മ്യുണിസ്റ്റിന്റെ ധീരോദാത്തമായ ജീവിതം.
ഇതിലെ സംഭവങ്ങളും കഥാപാത്രങ്ങളും
വർത്തമാനകാലഘട്ടത്തിന്റെ പ്രതിഫലനങ്ങളും പ്രതിനിധികളുമാണ്.
ആഖ്യാനത്തിലും ശൈലിയിലും കാലത്തിന്റെ സ്പന്ദനങ്ങൾ
ഉൾച്ചേർന്ന ഈ നോവൽ വായനയിലെ വിപ്ലവോത്സവമാണ്.



കൈരളി ബുക്

നോവൽ വില: 115.00

ISBN 93-80696-39-3

9789380696393